
ബാപു



വില 1-ക 2-ണ.

ബാപ്പു

DEFINITORIUM O.C.D. LIBRARY No. 3468 CANCELLED

ഗ്രന്ഥകർത്താ:

ഘനശ്യാമദാസ് ബിർള

പ്രസാധകൻ:

എ. ചന്ദ്രഹാസൻ

പരിഭാഷിക:

പി. സുഭദ്ര അമ്മ

DHARMARAM COLLEGE LIBRARY 3864 BANGALORE

പ്രകാശകൻ:

പി. കെ. നാരായണൻ നായർ

"ഗോകുലം", രവിപുരം റോഡ്,

എറണാകുളം.

ഒന്നാം പതിപ്പ്

1945

രണ്ടാം പതിപ്പ്

1950

മൂന്നാം പതിപ്പ്

1950

വില 1—2—0

പകർപ്പവകാശം

പരിഭാഷികയ്ക്കു്.

ദീനബന്ധു പ്രസ്സ്,

എറണാകുളം.

ആമുഖം

1948 ജനുവരി 30.

സൂര്യാസ്തമയത്തിന്നു് സപ്തം മുമ്പായി നാടെങ്ങും ആകാശവാണി കരുണ കരുണമായി മുഴങ്ങി—ഗാന്ധിസൂര്യൻ അസ്തമിച്ചു! ലോകം സ്തബ്ധമായി. ആ മഹച്ചരമത്തെക്കുറിച്ചു് എന്തു പറയാനാണു്? ഇങ്ങിനെ ഒരു സംഭവം ലോകചരിത്രത്തിൽ കാണുകയില്ല. ഗാന്ധിജിയെ സ്നേഹിക്കാതേയും ആദരിക്കാതേയും ആരെങ്കിലും ലോകത്തിൽ ബാക്കി ഉണ്ടായിരുന്നെങ്കിൽ അവരും ഈ അവസരത്തിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. യേശുദേവനെ അതിശയിച്ച കരുണാശാലി! ബുദ്ധനെ അതിശയിച്ച അഹിംസാരാധകൻ! ഗീതാകാരനെ അതിശയിച്ച കർമ്മയോഗി! സികന്തരേയും നെപ്പോളിയനേയും വഴിപിഴച്ചവരാക്കിത്തീർക്കുന്ന യുദ്ധവീരൻ! "ഇൻകിലാബ്" വിളിയെ ലജ്ജിപ്പിക്കുന്ന മഹാ വിപ്ലവകാരി!

ഒരു മഹാനായ പുരുഷൻ എന്ന നിലയിൽ ഇന്നു് ലോകം ഗാന്ധിയെ ആരാധിക്കുന്ന നാളത്തെലോകം അദ്ദേഹത്തെ ഒരവതാരപുരുഷനായി പൂജിക്കുമെന്നതിനു് സംശയമില്ല. പുരാണങ്ങളിൽ, "സുദർശനം"തുടങ്ങിയ ദിവ്യശസ്ത്രങ്ങളുടെ അപദാനങ്ങളെ ഘോഷിക്കുന്നു. ഗാന്ധിയുടെ "ചർക്ക" തുടങ്ങിയ ശസ്ത്രങ്ങളുടെ അത്ഭുതവൈഭവത്തേയും ചരിത്രം ഘോഷിക്കാതിരിക്കയില്ല. അവതാരപുരുഷന്മാർ ദുഷ്ടന്മാരെ "ഹിംസി"ച്ചു് ധർമ്മത്തെരക്ഷിച്ചു. ഗാന്ധിയാകട്ടെ, തിന്മയെ നന്മയാക്കി "ശത്രു"ക്കളെ പ്രേമംകൊണ്ടു് ജയിച്ചു് ഭൂമിയെ സ്വർഗ്ഗമാക്കാനുള്ള വഴികാണിച്ചു.

"ഈശ്വരൻ എന്നെക്കൊണ്ടു് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തീർച്ചയായും എന്റെ ജീവിതകാലത്തിൽ ഭാരതം സ്വതന്ത്രമാകും" എന്നു് ഒരു ചീനക്കാരനോടു് ഗാന്ധി ഒരിക്കൽ

പറയുകയുണ്ടായി. അതുപോലെതന്നെ സംഭവിച്ചു. ഈശ്വരൻ ചെയ്യിക്കാനുണ്ടായിരുന്ന ലീലകൾ അവസാനിച്ചപ്പോൾ അദ്ദേഹം ഇഹലോകം വെടിഞ്ഞു—യേശുവിനെപ്പോലെ "രക്തസാക്ഷി" യായിത്തന്നെ. "ഗാന്ധ്യായന" ത്തിലെ അവസാന കാണ്ഡം ബിർള ആശിച്ചതുപോലെ "പാരതന്ത്ര്യവിനാശം" തന്നെ ആയി.

ഗാന്ധി അസ്തമിച്ചു. പക്ഷെ ആ സൂര്യന്റെ പ്രകാശം ഇന്നും നമുക്കുലഭിക്കുന്നുണ്ട്. അതു് ശരിയായി നാം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്നതിലേ സംശയമുള്ളൂ. ഇന്നു് ലോകത്തിൽ അശാന്തി വ്യാപിച്ചിരിക്കുന്നു. അണുബോംബിനു് ശത്രുക്കളെ നശിപ്പിക്കാനേ സാദ്ധ്യതയുള്ളൂ. ഐകൃരാഷ്ട്രസംഘടന രാജ്യങ്ങൾ തമ്മിലുള്ള കലഹങ്ങൾക്കും മത്സരങ്ങൾക്കും വലിയ ഒച്ചപ്പാടു് നൽകാനുള്ള മഞ്ചം മാത്രമായിത്തീർന്നിരിക്കുന്നു. ഇന്ത്യയിൽ കോൺഗ്രസു് "പൂർണ്ണസ്വരാജി" നു് വാദിച്ചപ്പോൾ ഗാന്ധി "രാമരാജ്യ" ത്തിനുവേണ്ടി നിലകൊണ്ടു. "പൂർണ്ണസ്വരാജു്" ജർമ്മനിയിലും ജപ്പാനിലുമുണ്ടായിരുന്നു, റഷ്യയിലും അമേരിക്കയിലും ഉണ്ടു്. ഈ തരത്തിലുള്ള "സ്വരാജു്" ഗാന്ധിക്കു് കാമ്യമായിരുന്നില്ല. അദ്ദേഹം വിവക്ഷിച്ച "രാമരാജ്യം" ഹിന്ദുവിന്റെ രാജ്യമല്ല, രാജാവിന്റെ രാജ്യമല്ല, പൊതുജനാഭിപ്രായത്തിനു് ഏറ്റവും പ്രാധാന്യം നൽകുന്ന ഒരു ധാർമ്മിക ഭരണവ്യവസ്ഥയാണു്, സത്യവും അഹിംസയും ഈശ്വരനും ഒരേ പീഠത്തിൽ പ്രശോഭിക്കുന്ന ഒരു രാജ്യം. ലോകം മുഴുവൻ "രാമരാജ്യം" സ്ഥാപിക്കാൻ ഗാന്ധി ആഗ്രഹിച്ചു. ഇന്നു് ലോകശാന്തിക്കുള്ള ഏകമാർഗ്ഗം ഗാന്ധിയുടെ ആദർശങ്ങളേയും പ്രവർത്തനമാർഗ്ഗങ്ങളേയും ലോകപ്രിയമാക്കുകയും ആചരിക്കുകയും ആണു്. "സത്യ" അത്മങ്ങളെ മറന്നു് സകല പ്രാണികളും ഒരു പിതാവിന്റെ സന്താനങ്ങളെന്ന ബോധത്തോടുകൂടി ജീവിച്ചാൽ ഗാന്ധി സങ്കല്പിച്ച "രാമരാജ്യം" സ്വയം ആവിർഭവിക്കും.

ഗാന്ധിക്കു് ലോകത്തിലാസകലം ആരാധകന്മാരും അനുഗാമികളും ഉണ്ടു്. എന്നാൽ ആ മഹാപുരുഷന്റെ ഭാരതീയാ

യായികളിൽത്തന്നെ വലിയ ഭ്രരിപക്ഷത്തിനും ഗാന്ധിയെ ശരിയായി ഗ്രഹിക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ പല പ്രവൃത്തികളും ഇനിയും ദുർഗ്രഹമായിട്ടാണിരിക്കുന്നതു്. റൊമാ റോളായെപ്പോലെയുള്ള അനേകം മഹാശയന്മാർ ആ നേതാവിനെക്കുറിച്ചു് ഗ്രന്ഥങ്ങളും ലേഖനങ്ങളും രചിച്ചിട്ടുണ്ടു്. എന്നാൽ അവയ്ക്കൊ ഗാന്ധിയുടെ "ആത്മകഥ"യ്ക്കു തന്നെയോ അദ്ദേഹത്തിന്റെ യഥാർത്ഥ സ്വഭാവം പൂർണ്ണമായി ചിത്രണം ചെയ്യാനോ തത്വസംഹിത വിശദമായി വ്യാഖ്യാനിക്കാനോ കഴിഞ്ഞിട്ടില്ല. ശ്രീ. ഘനശ്യാമദാസ് ബിർള തന്റെ അമൂല്യകൃതിയായ "ബാപു" ('ബാപ്പു' എന്നുച്ചരിക്കണം) എന്ന ഗ്രന്ഥംകൊണ്ടു് അതു സാധിച്ചിരിക്കുന്നു. ഗാന്ധിയുടെ അന്യാദൃശമായ വ്യക്തിത്വഭാവം, ആദർശം, മനുഷ്യരെ അഭിമുഖീകരിക്കുന്ന വിവിധപ്രശ്നങ്ങളെക്കുറിച്ചുള്ള അഭിപ്രായം ഇതെല്ലാം വിശദമായി പ്രതിബിംബിച്ചിട്ടുള്ള വിമല ദൃഷ്ടാന്തമാണു് ഈ ചെറിയ പുസ്തകം.

ജി. ഡി. ബിർളാ ധനികനായ ഒരു മാർവാറിയാണു്. എങ്കിലും അദ്ദേഹത്തിന്റെ ഉടുപ്പിലും, നടപ്പിലും, നോക്കിലും, വാക്കിലും "മുതലാളിത്തം" നിഴലിച്ചിട്ടേ ഇല്ല. ബിർളയെപ്പോലെ സൌമ്യതയുള്ള മനുഷ്യർ ദുർല്ലഭം. താൻ ഉപാർജ്ജിക്കുന്ന ധനം സ്വസുഖാനുഭവത്തിനുള്ള ഒന്നായിട്ടല്ല ആ മഹാമനസ്കൻ ഗണിച്ചുവരുന്നതു്, രാജ്യക്ഷേമത്തിനു വിനിയോഗിക്കുവാൻവേണ്ടി വിശ്വാസപൂർവ്വം തന്നെ ഏല്പിച്ചിട്ടുള്ള മുതലായിട്ടു് അദ്ദേഹം അതിനെ കണക്കാക്കുന്നു. ആ സങ്കല്പത്തിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നു. ബിർള ഒരു രാഷ്ട്രീയപ്രവർത്തകനല്ല. ധീരനായ ഒരു ദേശഭക്തൻ, ഏതു പ്രശ്നത്തേയും സധൈര്യം നേരിടുന്ന ഒരു ഉത്തമ ദേശാഭിമാനിയാണു് അദ്ദേഹം. മുപ്പതു മുപ്പത്തഞ്ചു സംവത്സരത്തോളം ഗാന്ധിയുടെ ജീവിതത്തെ അദ്ധ്യയനം ചെയ്യുവാൻ ലഭിച്ചിട്ടുള്ള സൌകര്യവും സന്ദർഭവും ബിർള യഥാർത്ഥം വിനിയോഗിച്ചിട്ടുണ്ടു്. ഗാന്ധിയുടെ കുറവും കുറവും കണ്ടുപിടിക്കാൻ പഴ

തു നോക്കുന്ന ഒരു നിരൂപകന്റെ നിലയിലാണ് ആദ്യം ഈ ഗ്രന്ഥത്തിന്റെ നിർമ്മാതാവ് അദ്ദേഹത്തെ സമീപിച്ചതു്. പരിചയവും അറിവും കൂടിക്കൂടിവന്നപ്പോൾ ആ മനോഭാവം തീരെ മാറി. ഭോഷാന്വേഷകനായ വിമർശകൻ സ്നേഹാദരങ്ങൾ നിറഞ്ഞ ആരാധകനായിത്തീർന്നു. ഇന്നു ഗാന്ധിയുടെ ജീവിതഗീതക്കു് യാഥാർത്ഥ്യ പ്രകാശകമായ ഒരു വ്യാഖ്യാനം നല്കുവാൻ ആരെങ്കിലും ശക്തനായിട്ടുണ്ടെങ്കിൽ അതു "ബാപു" വിന്റെ രചയിതാവു തന്നെയാണു്. പ്രസ്തുത കൃതി ഹിന്ദിയിലെ ഒരു ഉത്തമ ഗദ്യകാവ്യമാണു."

ശ്രീ. ബിർളാ 1940—ലാണു് "ബാപു" രചിച്ചതു്. അതിൽ പിന്നീടു് ഗാന്ധിജിയുടെ ജീവിതത്തിലുണ്ടായ ഏറ്റവും പ്രധാനകാര്യം ഹിന്ദു—മുസ്ലിം മൈത്രിക്കുവേണ്ടി അനന്യാദൃശമായ പരിശ്രമം നടത്തിയതും ആ സംരംഭത്തിൽത്തന്നെ ജീവനെ ത്യാഗവേദിയിൽ സമർപ്പിച്ചതുമാണു്. ഈ അവസാനകാലത്തെക്കുറിച്ചു് ഒരധ്യായവുംകൂടി "ബാപു"വിൽ എഴുതിച്ചേർക്കാൻ ഞാൻ ശ്രീ. ബിർളയോടു് അഭ്യർത്ഥിക്കുകയുണ്ടായി. എന്നാൽ എഴുതുവാൻ തോന്നുമ്പോൾ അല്ലാതെ എഴുതുക സാദ്ധ്യമല്ലെന്നായിരുന്ന ആ സഹൃദയന്റെ മറുപടി.

ഈ പ്രശസ്ത ഗ്രന്ഥത്തിന്റെ സരളമായ മലയാള വിവർത്തനമാണു് ഞാൻ കേരളീയഹൃദയാലുക്കളുടെ മുമ്പിൽ ആ നിലയ്ക്കുതന്നെ അവതരിപ്പിക്കുന്നതു്. തനിക്കു ഹിന്ദിയിലുള്ള പരിചയം ഈ ഗ്രന്ഥം പരിഭാഷപ്പെടുത്തുവാൻ ഉപയോഗപ്പെടുത്തിയ മിസ്സിസ് ജി. ശങ്കരക്കുറുപ്പിനെ സഹൃദയന്മാർ സ്മരിക്കാതിരിക്കയില്ല.

"ബാപു" മലയാളത്തിലേക്കു് പരിഭാഷപ്പെടുത്തുവാനുള്ള അനുവാദം ഔദാര്യപൂർവം തന്നതിനു ശ്രീ. ബിർളയോടും "സസ്താ സാഹിത്യമണ്ഡലം" അധികാരികളോടും എനിക്കുള്ള കൃതജ്ഞതയും ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഏ. ചന്ദ്രഹാസൻ

ബാപു

ഗാന്ധിജി ജനിച്ചതു് 1869-ാമാണ്ടു് ഒക്ടോബർമാസത്തിലാണു്. അദ്ദേഹത്തിനു് ഇപ്പോൾ എഴുപത്തൊന്നു് കഴിഞ്ഞിരിക്കുന്നു. അനന്തമായ കാലത്തിന്റെ അപരിമേയമായ ഗർത്തത്തിൽ എഴുപത്തൊന്നു് എന്തു്! എഴായിരത്തൊരുന്നൂറു് എന്തു്! അഗാധമായ സാഗരത്തിലെ ജലത്തിൽ ഒരു ബിന്ദുവിനുള്ള നില നമുക്കു പരിഗണിക്കാൻകഴിയും; എന്നാൽ അനാദ്യന്തമായ കാലത്തിൽ ഈ എഴുപത്തൊന്നു കൊല്ലത്തിനുള്ള സ്ഥാനമോ? എന്നാലും ഇതു പരമാർത്ഥമാകുന്നു. ഭാരതത്തിന്റെ നവയുഗചരിത്രത്തിൽ ഈ എഴുപത്തൊന്നു സംവത്സരങ്ങൾക്കു് അന്യാദൃശമായ മഹത്വംതന്നെയുണ്ടു്.

അത്രതന്നെപൂർവ്വമായ ഒരു മാനസികവിപ്ലവത്തിനു് ഇന്നു ഭാരതവർഷം അധീനമായിരിക്കുന്നു. നൂതനമായ ഒരുൽബുദ്ധത ഉൽഭൂതമായിട്ടുണ്ടു്. ഇങ്ങനെ ഒരു അനുഭവം ഇതിനുമുമ്പു നാം തരണംചെയ്തിട്ടില്ല. ധാർമ്മികമായ പരിവർത്തനം ഇവിടെ ധാരാളം ഉണ്ടായിട്ടുണ്ടു്. എന്നാൽ, രാജനീതിയുടെ ശ്രുപമെടുത്തു് മതം സ്വാധികാരംപ്രതിഷ്ഠിക്കുവാൻ ആഗ്രഹിക്കുന്നതു് ഈ രാജ്യത്തു് ഇദംപ്രഥമമായിട്ടാണു്. ഇതിന്റെ അവസാനം എന്തായിരിക്കും? ഭാവിതന്നെ അതു വെളിപ്പെടുത്തും.

ലോകമാസകലം സംഹാരപരമായ അസ്ത്രശസ്ത്രങ്ങളുടെ അട്ടഹാസത്താൽ നടുങ്ങുകയാണു്; ഒരു നിമിഷം മുമ്പു സസ്യശ്യാമളമായി പരിലസിച്ചിരുന്ന പുഷ്പവാടി ഭസ്മീകരിച്ച ശ്മശാനപ്രായമാക്കിത്തീർക്കുന്ന "നശീകരണസാമഗ്രി"കളുടെ ആവിഷ്കാരത്തിനു ശാസ്ത്രം വെമ്പുകയാണു്; സ്വദേശത്തിന്റെയും സ്വദേശഭക്തിയുടേയും പേരിൽ ഘോരപ്രഴകടം ഘലിപ്പിക്കുന്നതു് മഹത്പുണ്ണ്യമായ ഒരു സംഗതിയായി ധരിച്ചു വരുന്നു

രിക്കുകയാണ്; സർവ്വധ്വംസകമായ വ്യാപാരത്താൽ മാനവ ധർമ്മത്തിന്റെ സിംഹാസനസ്ഥാപനം സ്വപ്നംകണ്ടുകൊണ്ടിരിക്കുകയുമാണ്. അന്ധകാരമയമായ ഈ അന്തരീക്ഷത്തിൽ ഗാന്ധിജിയുടെ പ്രവേശം ആശയുടെ ഒരു ശീതളകിരണംപോലെയാകുന്നു. ദൈവം അനുകൂലമാണെങ്കിൽ, പ്രസ്തുത രശ്മി തീഷ്ണവും ചൈതന്യദായകവുമായ ഒരു തേജസ്സായിപരിണമിച്ചിട്ട് ലോകത്തിൽ ഇനിയും ശാന്തിപ്രതിഷ്ഠാപിക്കുവാൻ ശക്തമായിത്തീരുകതന്നെചെയ്യും.

പക്ഷേ, ഞാൻ ആശയുടെ പ്രവാഹത്തിൽ ഒഴുകിക്കൊണ്ടിരിക്കുകയാണ്. എന്നാലും ഗാന്ധിജിയുടെ ആവിർഭാവം ഈ ദേശത്തിൽ ഒരു ആശ, ഒരു ഉത്സാഹം, ഒരുന്മേഷം, ജീവിതത്തിൽ ഒരു പുതിയ സമ്പ്രദായം, ജനിപ്പിച്ചിട്ടുണ്ട്. അനേകസഹസ്രം സംവത്സരങ്ങളിലെ പ്രമാദത്തിനുശേഷം കേവലം നൂതനമായനുഭവപ്പെട്ട ഒരു സംഗതിയാണിതെന്നു പ്രസ്താവിക്കുന്നതിൽ അതിശയോക്തി സ്പർശംപോലുമില്ല.

ഏതെങ്കിലും ഒരു മഹാപുരുഷനെ മറെറാരു മഹാപുരുഷനോടു താരതമ്യപ്പെടുത്തുവാൻ പ്രയാസംതന്നെ. പിന്നെ, ഗാന്ധി എല്ലായുഗത്തിലും എവിടെയാണു ജനിച്ചിട്ടുള്ളതു? എത്ര വർഷസഹസ്രങ്ങൾക്കിടയ്ക്കു എത്ര ഗാന്ധി ജനിച്ചിട്ടുണ്ടെന്നു കണക്കാക്കുവാൻ ശരിക്കു ഒരു ചരിത്രമെന്നു പറയാവുന്ന പ്രാചീനേതിഹാസം നമ്മുടെ പക്കൽ ഇല്ലല്ലൊ. ശ്രീരാമനും ശ്രീകൃഷ്ണനും ദേഹധാരികളായ ആത്മാക്കളായിരുന്നു. എന്നാൽ കവിമനുഷ്യജീവിതത്തിന്റെ പരിധിയിൽനിന്നു വിമോചിപ്പിച്ചിട്ട് അവക്കു ഒരു അലൌകികരൂപം കൊടുത്തിട്ടുണ്ട്. കവി കവിതന്നെയാണല്ലൊ. അതുകൊണ്ടു കവികല്പിതമായ അലൌകികരൂപവും അപൂർണ്ണമാകുന്നു. ഈ സ്വരൂപത്തെ വിവരിക്കുവാൻ അലൌകികനായിരിക്കണം കവി; അലൌകികമായിരിക്കണം തൂലിക; അലൌകികമായിരിക്കണം ഭാഷയും. എങ്കിലും കവിയുടെ ഈ കലാശില്പം നിമിത്തം രാമകൃഷ്ണന്മാരെ മാനവമായ മാപകദണ്ഡംകൊണ്ടു അളക്കുവാൻ പ്രയാസമായിത്തീർന്നിട്ടുണ്ട്.

ഇതിനു വിപരീതമായി, കവിയുടെ പൂർണ്ണമായ കൌശലത്തിനുപോലും, ബുദ്ധജീവിതത്തിന്റെയൊതിഹാസികതയോ മാനുഷികതയോ മറയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു ലോകത്തിലെ ചരിത്രപുരുഷന്മാരിൽ അത്യുന്നതമായ ഒരു സ്ഥാനമാണു് അദ്ദേഹത്തിനു് സിദ്ധിച്ചിട്ടുള്ളതു്. എന്നാൽ, കലിയുഗത്തിൽ ബുദ്ധൻ ഒന്നേ ഉണ്ടായിട്ടില്ല; ഗാന്ധിയും ഒന്നുമാത്രം. തന്റെ ജീവിതകാലത്തിൽ തഥാഗതൻ ജ്വലിപ്പിച്ച ദീപം, അദ്ദേഹത്തിന്റെ നിർവ്വാണത്തിനുശേഷം അതിന്റെ ഉജ്വലമായ തേജസ്സുകൊണ്ടു് ഏഷ്യ മുഴുവൻ പ്രകാശിപ്പിച്ചു. ഗാന്ധിജി സ്വജീവിതദശയിൽ അതിലും ദീപ്തിമത്തായ അഗ്നിശിഖയാണു് ഉദ്ദീപിപ്പിച്ചിട്ടുള്ളതു്. അവസരമാകുമ്പോൾ അതു ലോകമാസകലം പ്രകാശിക്കയും ചെയ്യേക്കാം.

ജീവിച്ചിരിക്കുമ്പോൾതന്നെ ഗാന്ധിജിയെപ്പോലെ അത്രഖ്യാതിയും അത്ര ലോകപ്രീതിയും ഏതെങ്കിലും ഒരു ഐതിഹാസികപുരുഷൻ സമ്പാദിച്ചിട്ടുണ്ടോ എന്നു സംശയമത്രെ. ഇങ്ങനെയുള്ള ഒരു വ്യക്തിയെസ്സംബന്ധിച്ചു് ഒരുവനു് എത്രത്തോളം എഴുതുവാൻ സാധിക്കും? ഈ എഴുപത്തൊന്നുകൊല്ലത്തെ ക്രമബദ്ധമായജീവിതം സഫലമായി രേഖപ്പെടുത്തുവാൻ പക്ഷേ, കഴിഞ്ഞെക്കാമെന്നേയുള്ളൂ. ഗാന്ധിജിയെക്കുറിച്ചു പൂർണ്ണമായ അറിവു് ആർക്കാണുള്ളതു്?

"സമ്യഗ ജാനാതി വൈ കൃഷ്ണഃ
കിംചിൽ പാർത്ഥോ ധനഞ്ജയഃ"

ഇങ്ങനെ ഗീതയെക്കുറിച്ചു് പറഞ്ഞിട്ടുണ്ടല്ലൊ. അതുപോലെ ഗാന്ധിജിയെപ്പറ്റിയും "അദ്ദേഹത്തിനുമാത്രമേ നല്ലപോലെ അറിയാവൂ; കുറച്ചൊക്കെ മഹാദേവദേശായിക്കും" എന്നു പ്രസ്താവിക്കാവുന്നതാണു്.

2

ഞാൻ ഇടംപ്രഥമമായി ഗാന്ധിജിയെ കണ്ടത് 1914-ന്റെ അവസാനത്തിലോ 15-ന്റെ ആരംഭത്തിലോ ആണ്. ദൈത്യകാലമായിരുന്ന അന്ന്. ലണ്ടനിൽനിന്ന സ ദേശത്തേക്ക് മടങ്ങിയെത്തിയിരുന്ന അദ്ദേഹം കല്ക്കത്തയ്ക്കു വരു വാൻ ഒരുങ്ങുകയായിരുന്നു. ആ കർമ്മവീരന്റെ ആഗമനവൃത്താ ന്തം രാഷ്ട്രീയപ്രവർത്തകന്മാർക്ക് ഒരു പുതിയ ഉത്സാഹം ഉ ണ്ടാക്കി. ഇന്നത്തേതിൽനിന്ന വ്യത്യസ്തമായിരുന്ന അന്നത്തെ രാഷ്ട്രീയജീവിതം. പത്രങ്ങളിൽ ലേഖനം എഴുതുക, സമാജ ങ്ങളിൽ പ്രസംഗിക്കുക, നേതാക്കന്മാരെ സല്ക്കാരപൂർവ്വം സ്വീ കരിക്കുക, സ്വയം സല്ക്കാരസ്വീകാരങ്ങൾക്കുവേണ്ട സന്നാഹ ങ്ങൾചെയ്യുക, ഇത്രത്തോളംമാത്രമായിരുന്ന അതിന്റെപരിധി.

അക്കാലത്തു ഞാൻ യൗവനത്തിലേയ്ക്കു കാലെടുത്തുവെ ച്ചിട്ടേ ഉണ്ടായിരുന്നുള്ളൂ. ഇരുപതു വയസ്സുകഴിഞ്ഞിരുന്നു. സ്വ ത എന്റെ പേർ എഴുതിക്കാണണമെന്ന മോഹത്താൽ ഓരോ സംരംഭങ്ങളിൽ അന്ന ഞാൻ ഏർപ്പെട്ടുവന്നു. ഉത്സവകാലങ്ങ ളിൽ സേവാഭടരായിട്ട തിരക്കിൽപ്പെട്ട ജനങ്ങളെ രക്ഷിക്കുക, വെള്ളപ്പൊക്കമോ ക്ഷാമമോകൊണ്ട് പീഡിതരായ ആളുക ളെ സഹായിക്കുവാൻ സേവാകേന്ദ്രങ്ങൾ തുറക്കുക, സംഭാവന വാങ്ങുക, കൊടുക്കുക, നേതാക്കന്മാരെ സ്വാഗതമരുളി സ്വീകരിക്കുക, അവരുടെ പ്രസംഗങ്ങൾ കേൾക്കുവാൻ സന്നിഹിതരാ വുക, ഇതൊക്കെയായിരുന്ന അന്ന രാഷ്ട്രീയജീവിതത്തിൽ ഉത്സാഹംപ്രദർശിപ്പിച്ചിരുന്ന ചെറുപ്പക്കാരുടെ കർത്തവ്യം. ഇതിലധികം അവർക്ക് പരിശീലനമോ ഉപദേശമോ ലഭിച്ചി രുന്നില്ല. എന്റെ സ്ഥിതിയും ഇതിൽനിന്ന ഭിന്നമല്ലായിരുന്ന.

ഈ പരിധിക്ക് പുറത്തായിരുന്ന നേതാക്കന്മാർ. അവർക്ക് ഒരു നിയമമോ, നിയന്ത്രണമോ, വ്യവസ്ഥയോ ഉണ്ടായിരുന്നില്ല. ഉത്സാഹജനകമായ പ്രസംഗം നടത്തുക, സംഭാവനകൾ പിരി

ക്കുക, ഇതായിരുന്നു അവരുടെ കൃത്യം. സ്വാഗതം അവരുടെ ഒരു അവകാശമായിരുന്നു. അവർ കർമ്മവിമുഖന്മാരോ കർത്തവ്യാനഭിജ്ഞന്മാരോ ആയിരുന്നു എന്നല്ല വിവക്ഷ. ഇതല്ലാതെ അവക്ക് മറെറാരു കാര്യപരിപാടിയോ, സങ്കല്പമോ ഉണ്ടായിരുന്നില്ലെന്നേയുള്ളൂ. ജനത അവരിൽനിന്നു അതിലധികം പ്രതീക്ഷിക്കയും ചെയ്തിരുന്നില്ല. നേതാക്കന്മാർ അധികം ഇല്ലായിരുന്നു. തന്മൂലം നല്ല വിലയുണ്ടായിരുന്നു അവക്ക്". അനായാസികമീ കേരിഭാവത്തോടുകൂടിചെയ്യുന്ന ആരാധന ഒരു സങ്കോചവും കൂടാതെയാണ് അവർ സ്വീകരിച്ചിരുന്നതു".

അക്കാലത്തെ നേതാക്കന്മാരുടെ ദോഷദോഗുണങ്ങളെ പരാമർശിച്ചുകൊണ്ട് അക്ബർ സാഹിബ് ഇങ്ങനെ എഴുതിയിരിക്കുന്നു:

"ജനത ദുഃഖത്തിൽക്കിടന്നുഴലുന്നു;
നേതാക്കന്മാർ സൈരമായി പുകവലിച്ചും
ആനാസം ഭക്ഷിച്ചും കഴിഞ്ഞുകൂട്ടുന്നു.
വേണം, അവക്കു വിശ്രമം വേണം;
അതുവളരെ ക്ലേശമുണ്ടവക്ക്"!"

ആ കവി കുതിരയേയും കുതയേയും ഒരേ ചാട്ടകൊണ്ടുതന്നെ അടിക്കുകയാണ് ചെയ്തതു". എന്നാൽ ഇതു മുഴുവൻ അതൃപ്തിയായിരുന്നു എന്നു പറയുവാൻ വയ്യ. ഏതാനും നേതാക്കന്മാരെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ഈ അവഹേളനം അന്യായമാണ്. എന്നാൽ മിക്കവരും ഇതു അർഹിക്കുന്നവർ തന്നെയായിരുന്നു.

ഗാന്ധിവാദത്തിന്റെ ആവിർഭാവത്തിനുശേഷം അളവുകോലൊന്നു മാറിയിട്ടുണ്ട്. നേതാക്കന്മാരെ ജനങ്ങൾ ഭൂതദൂരദർശിനിയിലും സൂക്ഷ്മദർശിനിയിലും കൂടി നോക്കാൻതുടങ്ങി. ഒരു ഭാഗത്തു ജീവിതസ്വഭാവത്തെക്കുറിച്ചു നേഷണം വർദ്ധിച്ചു; മറുവശത്തു് അതോടൊപ്പംതന്നെ നീരസതയും കൂടിക്കൂടി വന്നു. ദുഷ്പാത്രം അധികമായി. എന്നാൽ ത്യാഗവും അർപ്പണബുദ്ധിയും പ്രകാശിക്കാതിരുന്നില്ല. രാഗമായ ജലാശയത്തെ ഗാന്ധിവാദംകൊണ്ടു മഥനം ചെയ്യുകയും അതു കലങ്ങുകയും ചെയ്തു

പ്പോൾ അതിൽനിന്നു് അമൃതവും വിഷവും ഉത്ഭവിച്ചു. അതിൽനിന്നു ദേവാസുരയുദ്ധം പുറപ്പെട്ടു. എന്തു പ്രാവശ്യം ഗാന്ധിജി ആ വിഷത്തിന്റെ കട്ടംതുള്ളികളും കുടിക്കുകയും ശിവനെപ്പോലെ നീലകണ്ഠനാകുകയും ചെയ്തിട്ടുണ്ടെന്നു അറിഞ്ഞുകൂടാ. യുദ്ധമാകട്ടെ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. അവസാനത്തിൽ, ദേവന്മാർ ജയിക്കണം, ജയിച്ചേ കഴിയൂ എന്നാണു് ജനങ്ങൾ പ്രതീക്ഷിക്കുന്നതു്, വിശ്വസിക്കുന്നതു്.

ഞാൻ പ്രസ്താവിച്ച ആ കാലഘട്ടത്തിൽ ഇതൊന്നും ഉണ്ടായിരുന്നില്ല. ജലാശയം ഒച്ചയും അനക്കവും ഇല്ലാതെയാണു് കിടന്നിരുന്നതു്. പ്രഭാതത്തിന്റെ അരുണിമ ശാന്തമായ ആകാശത്തിൽ പ്രത്യക്ഷമായിരുന്നു; സൂര്യോദയം ആയിക്കഴിഞ്ഞിരുന്നില്ല. ഒരു പുനരുജ്ജീവനത്തിനുവേണ്ട ഒരുക്കം തുടങ്ങിയിരുന്നു. എന്നാൽ പുതിയ ജന്മത്തിനു മുമ്പുള്ള മരണത്തിന്റെ നിഗ്ഗൂഢതയോ പ്രസവവേദനയ്ക്കുശേഷമുള്ള നിദ്രയുടെ പ്രശാന്തതയോ ആയിരുന്നു അതു്. നേതാക്കന്മാർക്കു കപടാചരണത്തെക്കുറിച്ചു വ്യാകുലത തോന്നിയിരുന്നില്ല. അന്യായികൾ പ്രസ്തുത ദോഷത്തെ ദോഷഭാവനയോടുകൂടി നോക്കിയിരുന്നുമില്ല.

ഗാന്ധിജി ആഫ്രിക്കയിൽനിന്നു ലണ്ടനിലേയ്ക്കു പോയി അവിടെനിന്നു സ്വദേശത്തേയ്ക്കു മടങ്ങിയെത്തി, ഹിന്ദുസ്ഥാനം മുഴുവൻ ചുറ്റിനടന്നതു് ഈ കാലഘട്ടത്തിലാണു്. അദ്ദേഹത്തിന്റെ കായ്പരിപാടി അനുസരിച്ചു കല്ക്കത്തയിലും ആഗമനത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്തിരുന്നു.

ഗാന്ധിജിയെ ആദ്യമായി കണ്ടപ്പോൾ എനിക്കു് എന്തെന്നില്ലാത്ത കൌതുകമാണു് ജനിച്ചതു്. ഒരു നിരാഡംബരമായ വെളുത്ത കോട്ടു്, ധോത്തി, കത്തിയവാറിലെ ആളുകൾ ധരിക്കുന്ന രീതിയിലുള്ള തലപ്പാവു് ഇതായിരുന്നു അദ്ദേഹത്തിന്റെ വേഷഭൂഷ. കാലിൽചെരിപ്പുപോലും ഉണ്ടായിരുന്നില്ല. ഞങ്ങൾ വലിയ സന്നാഹത്തോടുകൂടി അദ്ദേഹത്തെ സ്വാഗതം

ചെയ്യ്. അദ്ദേഹം കയറിയിരുന്ന വാഹനം ഞങ്ങൾതന്നെവലിച്ചുകൊണ്ടാണ് ഘോഷയാത്ര പുറപ്പെട്ടതു". എന്നാൽ സ്വാഗതസമ്പ്രദായത്തിലും ഗാന്ധിജിയുടെ സമ്പ്രദായം അസാധാരണമായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ വണ്ടിയുടെ പിന്നിൽ കുതിരക്കാരനു നില്ക്കുവാനുള്ള സ്ഥലത്തുനിന്നുകൊണ്ടു് "കമ്മ്വീരനായ ഗാന്ധിജി ജയിക്കട്ടെ" എന്നു ഉറക്കെ വിളിച്ചുപറഞ്ഞു. ഗാന്ധിജിയുടെ അടുത്തു് ഇരുന്നിരുന്ന കൂട്ടുകാരൻ എന്നോടു പറഞ്ഞു: "ഉത്തിഷ്ഠത! ജാഗ്രത! പ്രാപ്യവരാന്നിബോധത: ഇങ്ങിനെ വിളിച്ചു പറയൂ. ഗാന്ധിജി അതുകൊണ്ടു് സന്തോഷിക്കും." ഞാനും എന്റെ രാഗം മാറ്റി.

എന്നാൽ ഗാന്ധിജിക്കു് ഇതിലൊന്നും യാതൊരു രസവും ഉണ്ടായിരുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്. അദ്ദേഹത്തിന്റെ പ്രസംഗത്തിലും ഏതാണ്ടൊരു നീരസം സ്ഫുരിച്ചിരുന്നു. ഉത്സാഹമോ, ഏതെങ്കിലും അസാധാരണതയോ ഉപദേശിക്കുന്നതിനുള്ള "വ്യാസവൃത്തി"യോ ഉദ്ദ്യമായിരുന്നില്ല. ഒരേസ്വരത്തിൽ ഒരേ രീതിയിലായിരുന്ന പ്രസംഗം. എങ്കിലും ശ്രോതാക്കളുടെ ശ്രവണപുടത്തിൽനിന്നു് മാഞ്ഞുപോകാത്ത ഒരു പ്രഭാവം അതിന്റെ അടിയിൽ ഉണ്ടായിരുന്നു.

കൽക്കത്തയിൽ അദ്ദേഹം അഞ്ചു പ്രസംഗമാണു ചെയ്തതെന്നു തോന്നുന്നു. ഹിന്ദിഭാഷയിൽതന്നെയായിരുന്നു അവ എല്ലാം. ആ പ്രസംഗങ്ങളിലൊക്കെ അദ്ദേഹം ഗോഖലെയെക്കുറിച്ചു ഹാർദ്ദമായി പ്രശംസിക്കയുണ്ടായി. അദ്ദേഹത്തെ രാജനൈതിക ഗുരുവായിട്ടാണു് ഗാന്ധിജി സങ്കല്പിച്ചിരുന്നതു്. "ഞാൻ ഒരു കൊല്ലം നാടുമുഴുവൻ ചുറ്റിനടന്നു കാണണമെന്നും എല്ലാം നേരിട്ടറിയണമെന്നും ഗോഖലെ ആജ്ഞാപിച്ചിരിക്കയാണു്. അതുകൊണ്ടു് എനിക്കു വേണ്ടപോലെ അനുഭവം വരുന്നതുവരെ ഞാൻ ഒരു വിഷയത്തിലും ശുദ്ധമായ അഭിപ്രായം പ്രകടിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല" എന്നാണു് ഗാന്ധിജി പ്രസ്താവിച്ചിരുന്നതു്. യുവാക്കന്മാർക്കു ഗോഖലെയുടെ സമ്പ്രദായം ഇഷ്ടമായിരു

ന്നില്ല; ആ മഹാരായൻ ഉൽബോധനത്തിനാണ് പ്രവർത്തിച്ചിരുന്നത്: ഉത്സാഹലഹരി പിടിപ്പിക്കുവാനല്ല. അതു് അന്നത്തെക്കൊവുപ്പുക്കാരുടെ ഉപദേശത്തിനും ആചരണത്തിനും അനുരൂപമായിരുന്നില്ലെന്നതന്നെ പറയാം. ലോകമാന്യൻ ജനങ്ങളുടെ ആരാധനാപാത്രവും ഗോഖലെ പരിഹാസലക്ഷ്യവും ആയിരുന്നു. അതുകൊണ്ടു യുവാക്കളായ ഞങ്ങൾക്കു് ഗോഖലെയാണു തന്റെ രാഷ്ട്രീയഗുരു എന്നു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞതു് അഹിതമായിത്തോന്നി.

എന്നാൽ ഗാന്ധിജിയുടെ ഇരുപ്പിലും നടപ്പിലും, കേവലം സാധാരണമായ രീതിയിലുള്ള ഭക്ഷണത്തിലും, ജീവിതസമ്പ്രദായത്തിലും, വിനയത്തിലും, മിതഭാഷിതത്വത്തിലും ജനങ്ങളെ ആകർഷിക്കുന്ന എന്തോ ഒന്നുണ്ടായിരുന്നു. ആ തന്ത്രനേതാവിനെ പൂർണ്ണമായി മനസ്സിലാക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല.

"എന്തെങ്കിലും രാഷ്ട്രീയമായ വിഷയത്തെക്കുറിച്ചു താങ്കളുമായി കത്തിടപാടു ചെയ്യുകൊണ്ടിരിക്കുവാൻ എന്നെ അനുവദിക്കുമോ?" എന്നു ഞാൻ ചോദിച്ചു: "തീർച്ചയായും" എന്നായിരുന്നു അദ്ദേഹത്തിന്റെ സമാധാനം. ഇങ്ങനെയുള്ള ഏതെങ്കിലും ഒരു ചോദ്യത്തിനു് ഒരു നേതാവു് ഇത്ര വേഗത്തിൽ ഉത്തരം തരുമെന്നു എനിക്കു വിശ്വാസമുണ്ടായിരുന്നില്ല—അതും എന്നെപ്പോലെയുള്ള ഒരു അപരിചിതനായ സാധാരണ യുവാവിനു്. എന്നാൽ കുറച്ചുദിവസത്തിനുള്ളിൽ തന്നെ ഞാൻ അതു പരീക്ഷിച്ചു. മറുപടിയായിട്ടു് ഉടനെ ഒരു പോസ്റ്റ്കാർഡു് വന്നു. ധനത്തിന്റേയും വാക്കിന്റേയും മിതവ്യയത്തിനു് ഒരു നിദർശനംതന്നെയായിരുന്നു അതു്.

ഏതു യുവാക്കന്മാരിലാണു ഗാന്ധിജി ഈടുറ്റമായ സ്വഭാവഗുണം പതിപ്പിച്ചിട്ടുള്ളതു്, ഏതുപേരെയാണു് ഇങ്ങിനെ കെട്ടുപാടിൽപ്പെടുത്തിയിട്ടുള്ളതു്, ഏതുപേക്കാണു് കൈതുകകാരിയായിത്തീർന്നിട്ടുള്ളതു് എന്നു ആരറിയാം? എന്നാൽ 1915—ൽ

പ്പോലെ തന്നെ ആ മഹാ പുരുഷന്റെ സ്വഭാവം ഇന്നും ജനങ്ങൾക്കു് ഒരു "പ്രഹേളിക"യായിട്ടാണിരിക്കുന്നതു്.

3

1932—ലെ സത്യാഗ്രഹം സമാപിച്ചതിനുശേഷം ഞാൻ ഒരിക്കൽ—പക്ഷേ 1934—ൽ ആയിരിക്കണം—വൈസ്രോയിങ്ടൺ പ്രഭുവിനോടു് നിർബന്ധപൂർവ്വം പറഞ്ഞു: "താങ്കൾ ഇങ്ങനെ ഗാന്ധിജിയിൽ നിന്നും അകന്നുപോകരുതു്"; അദ്ദേഹത്തെ കാണുക, അദ്ദേഹത്തെ മനസ്സിലാക്കുവാൻ ശ്രമിക്കുക; ഇതിൽനിന്നു് ഭാരതത്തിനും ഇംഗ്ലണ്ടിനും മംഗളമുണ്ടാകും." എന്നാൽ എന്റെ ഈ ഉപദേശം വൈസ്രോയിയുടെ അടുക്കൽ വനരോദനമായിട്ടാണു് തീർന്നതു്. ഗാന്ധി എങ്ങനെയെങ്കിലും തന്നെ വലയിൽപ്പെടുത്തും എന്ന അദ്ദേഹത്തിനു് ഭയമായിരുന്നു. ഗാന്ധിയെ വിശ്വസിക്കുവാൻ വയ്യ എന്നായിരുന്നു പ്രഭുവിന്റെ വിചാരം. ഗാന്ധിജിയുമായി സഹകരിക്കുന്നതിനു് ഭാരതമന്ത്രിയും വൈസ്രോയിയെ നിർബന്ധിച്ചിരുന്നെങ്കിലും, അതും നിഷ്ഫലമാവുകയാണു് ചെയ്തതു്. എർവിൻ പ്രഭു പോയതോടുകൂടി അസ്തമിച്ച സഹകരണത്തെ തന്നും ലിൻലിത്ഗോ വരുന്നതുവരെ ആവിഷ്കരിക്കുവാൻ കഴിഞ്ഞില്ല.

നിർഭയം വിശ്വസിക്കാമെന്നു് ഞാൻ ഗ്രഹിച്ചിരുന്ന ഗാന്ധിജിയിൽ വൈസ്രോയി വെല്ലിങ്ടനു് വിശ്വാസം ഉണ്ടായിരുന്നില്ല. പ്രഭു പറഞ്ഞു: "അദ്ദേഹത്തിനു് അത്ര സാമർത്ഥ്യമുണ്ടു്, അത്ര സംഭാഷണമാധുര്യമുണ്ടു്; ഞാൻ പൂർണ്ണമായി അദ്ദേഹത്തിന്റെ വാക്പാടവത്തിൽ കുടുങ്ങുന്നതുവരെ ആ വലയിൽപ്പെട്ടിരിക്കുന്നു എന്നു് എനിക്കു ഗ്രഹിക്കാൻ സാധിക്കാതിരിക്കത്തക്കവണ്ണം ഭയാർത്ഥത്തോടുകൂടിയതാണു് അദ്ദേഹത്തിന്റെ വാക്കു്. അതിനാൽ എനിക്കുള്ള നിർഭയമായതും അദ്ദേഹത്തെ സന്ദർശിക്കാതിരിക്കുകയാണു്; അദ്ദേഹത്തിൽനിന്നു് അകന്നു നിൽക്കുകയാണു്." ഗാന്ധിജിയെക്കുറിച്ചു്

ആക്കെങ്കിലും ഇങ്ങിനെ വിചാരിക്കുവാൻ കഴിയുമോ എന്നായിരുന്നു എന്റെ അത്ഭുതം. എന്നാൽ ഈ പംക്തിയിൽ വൈസ്രോയി മാത്രമല്ല, വേറെ പലരും ഇങ്ങനെ ശങ്കിക്കുന്നവരായിട്ടുണ്ടെന്നു പിന്നീട് എനിക്കു മനസ്സിലായി.

അമേരിക്കയിലെ ഒരു പ്രശസ്തഗ്രന്ഥകാരനായ ശ്രീ ഗുന്തർ ഗാന്ധിജിയെക്കുറിച്ച് എഴുതിയിരിക്കുന്നു:

"മഹാത്മാഗാന്ധിയിൽ യേശുക്രിസ്തുവിന്റേയും ചാണക്യന്റേയും ബാപുവിന്റേയും അത്ഭുതാവഹമായ സമ്മിശ്രമാണ് ഉള്ളതു്. ബുദ്ധനുശേഷം ഇദ്ദേഹമാണ് എല്ലാവരേക്കാളും മഹാനായ വ്യക്തി. ഇദ്ദേഹത്തെക്കാൾ വൈഷമ്യം പിടിച്ച ഒരു പുരുഷനെക്കുറിച്ചു സങ്കല്പിക്കുവാൻതന്നെ വയ്യ. ഒരു തരത്തിലും പിടിയിൽപെടാത്ത ഒരു വ്യക്തിയാണ് ഗാന്ധി. ഇതു ഞാൻ ഒട്ടും അനാദരഭാവത്തോടുകൂടി പറയുന്നതല്ല. ഒരേ സമയത്തു് ഒരു മഹാത്മാവും അവതാരപുരുഷനും രാജനീതിജ്ഞനും പ്രതാപിയായ അവസരവാദിയും ആയിത്തീരുക, മാനുഷനിയമത്തിനു് അപവാദമോ അവഹേളനമോ ആണു്. ഇദ്ദേഹത്തിന്റെ ജീവിതത്തിൽ കാണുന്ന അസാംഗത്യങ്ങളെക്കുറിച്ചൊന്നു് ആലോചിക്കുക. ഒരുവശത്തു് അഹിംസയിലും അസഹയോഗത്തിലും ഉള്ള ദൃഢവിശ്വാസം; മറെറാരു ഭാഗത്തു് ഇംഗ്ലീഷുകാർക്കു യുദ്ധത്തിൽ സഹായദാനം. ഇദ്ദേഹം നൈതികമായ ദൃഷ്ടിയോടുകൂടി ജയിലിൽ ഉപവസിച്ചു; എന്നാൽ ഗാന്ധി ആഗ്രഹിച്ചിരുന്നില്ലെങ്കിലും അതു് കാരാഗൃഹമോചനത്തിനുള്ള ഒരു ഉപായമായും പരിണമിച്ചു. നിസ്സാരങ്ങളായ സംഗതികളിൽ അങ്ങുമിങ്ങും അല്പം മാറിപ്പോയേക്കാമെങ്കിലും, ഒരിക്കലും ഗാന്ധി തന്റെ സിദ്ധാന്തത്തിൽ നിന്നു് വ്യതിചലിക്കുന്നില്ല എന്നു് അറിയുന്നതുവരെ നിങ്ങൾക്കു് ആ അസാംഗത്യങ്ങൾ അയുക്തങ്ങളായി തോന്നും. ആംഗലഭരണത്തോടു നിസ്സഹകരിക്കുന്നുണ്ടെങ്കിലും ഇംഗ്ലണ്ടിനു് ഗാന്ധിയെ അതിശയിക്കുന്ന ഒരു മിത്രമില്ല. ആധുനിക വിജ്ഞാനത്തോടു

വൈമുഖ്യമാണു"; എന്നാൽ ഉപ്പുമാപിനി ഉപയോഗിക്കുന്നുണ്ടു", കണ്ണട വെയ്ക്കുന്നുണ്ടു". ഹിന്ദുമുസ്ലിം ഐക്യം ആഗ്രഹിക്കുന്നു, എന്നാൽ പുരുൻ ഏതാനും ദിവസത്തിനിടയ്ക്കു" മതപരിവർത്തനം ചെയ്ത മുസൽമാനായതു" ഇദ്ദേഹത്തിനു ഒരു ക്ഷതമായിട്ടാണു" തീർന്നതു". കോൺഗ്രസ്സിന്റെ ജീവനാണു", അവലംബമായ സ്തംഭമാണു", കണ്ണാണു", പാദമാണു"—എങ്കിലും നാലണ കൊടുക്കുന്ന ഒരംഗംപോലും അല്ല. എല്ലാ സംഗതിയും ഇദ്ദേഹം ധാർമ്മികമായ ദൃഷ്ടിയോടുകൂടിയാണു" നിരീക്ഷിക്കുന്നതു". പക്ഷെ ഇദ്ദേഹത്തിന്റെ ധർമ്മം എന്താണെന്നു" നിശ്ചയിക്കുവാൻ എളുപ്പമല്ല. ഇതിലധികം കുഴപ്പംപിടിച്ച ഒരു സംഗതി ഉണ്ടാകുമോ? എന്നാലും ഇതാണു സത്യം: ഗാന്ധി ഒരു മഹാപുരുഷനാകുന്നു. അദ്ദേഹത്തിന്റെ ജീവിതം കേവലമായ ശ്രേയസ്സിന്റെ പ്രതിച്ഛായയാണു".”

ഗാന്ധിജി പരസ്പരവിരുദ്ധങ്ങളായ ഗുണങ്ങളുടെ ഒരു സവിശേഷസങ്കലനമാണു", സംശയമില്ല. അദ്ദേഹം വജ്രത്തേക്കാൾ കഠിനനും കുസുമത്തേക്കാൾ മൃദുലനും ആണു". (വജ്രാദപി കഠോരാണി മൃദൂനി കുസുമാദപി) അത്യന്തം സരളൻ, എന്നാലും അത്യന്തം സുദ്ധൻ; തികഞ്ഞ പിള്ളക്കൻ, പക്ഷെ വലിയ ഉദാരൻ. അദ്ദേഹത്തിന്റെ വിശ്വാസത്തിനു് ഒരു അതിരും ഇല്ല; എന്നാൽ ഞാൻ അസംഗതമായവിധത്തിൽ സംശയിക്കുന്ന ഒരാളായും അദ്ദേഹത്തെ കണ്ടിട്ടുണ്ടു്. ഗാന്ധിജി സുന്ദരനല്ല; അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും നേത്രത്തിൽനിന്നും ഓരോ അവയവങ്ങളിൽനിന്നും ദൈവീകമായ സൌന്ദര്യത്തിന്റെയും തേജസ്സിന്റേയും ശോഭാവിശേഷം പ്രവഹിക്കുന്നുണ്ടതാനും. അദ്ദേഹത്തിന്റെ സ്മിതം എത്രപേരെയാണു" മോഹിപ്പിച്ചിട്ടുള്ളതു" എന്നു് എനിക്കു അറിഞ്ഞുകൂടാ. സംഭാഷണരീതി അനാകർഷകമാണു"; എന്നാൽ അതിൽ മോഹനമായ എന്തോ ഒന്നു് ഉണ്ടു". അതു് ആസ്വദിച്ചിട്ടു് അനേകായിരം പേർ ആഹ്ലാദപ്രമത്തരായിത്തീർന്നിട്ടുണ്ടു".

ഗാന്ധിജിയെ വാഗ്രൂപമായി ചിത്രണം ചെയ്യുക ദുഷ്കരം തന്നെ. ആ നേതാവിനെ മഹാത്മാവാക്കിത്തീർത്തു എതൊരു സംഗതിയാണെന്നു ആരെങ്കിലും ചോദിക്കയാണെങ്കിൽ, അതിന്റെ വിസ്തൃതമായ ഒരു വിവരണംകൊണ്ടും സാഫല്യമുണ്ടാകുമെന്നു തോന്നുന്നില്ല. പൂർണ്ണമായി വിശ്ലേഷിച്ചിക്കുവാൻ ദുഷ്കരമായ വിധത്തിൽ പരസ്പരവിരുദ്ധവും സങ്കീർണ്ണവും ആയ ഒരു ഗുണസമ്മിശ്രണത്തിന്റെ ഫലമായ വിഗ്രഹമാണ അദ്ദേഹം. ഈ എല്ലാ സംഗതികളുടേയും സമഗ്രരേഖയാണു ഗാന്ധിജിയെ മഹാനാക്കിത്തീർത്തതു എന്നു പറഞ്ഞാൽ മതിയാകും. ഗാന്ധിജിയുടെ വ്യക്തിവൈശിഷ്ട്യം അദ്ദേഹത്തെ സംബന്ധിക്കുന്ന സാഹിത്യത്തിന്റെ പാരായണംകൊണ്ടു ഗ്രഹിക്കുവാൻ കഴികയില്ല. പാർശ്വവത്തിയായാൽപ്പോലും വഴിപോലെ അറിയുവാൻ പ്രയാസമാകുന്നു.

ഗാന്ധിജിയുടെ ജീവിതം ഒരു വലിയ ദൈവിക ഘോഷയാത്രയാണു. അതു അദ്ദേഹത്തിനു ബോധമുണ്ടായതോടുകൂടി മുന്നോട്ടു നീങ്ങിത്തുടങ്ങി. അതു ഇപ്പോഴും അതിവേഗത്തിൽ തുടർന്നുകൊണ്ടിരിക്കുകയാണു; മരണംവരെ അനസ്യൂതമായിത്തുടരുകയും ചെയ്യും. ഈ ഘോഷയാത്രയിൽ എത്ര രംഗമുണ്ടു, എത്ര അംഗമുണ്ടു എന്നു അറിഞ്ഞുകൂടാ. എന്നാൽ ഈ എല്ലാ രംഗങ്ങൾക്കും അംഗങ്ങൾക്കും ഒരേ ലക്ഷ്യം ആണു. ആ ഘോഷയാത്ര ഒരേ ദിക്കിലേയ്ക്കുതന്നെ ഏകാഗ്രതയോടുകൂടി നീങ്ങിക്കൊണ്ടിരിക്കുന്നു. സ്വന്തം ലക്ഷ്യത്തെക്കുറിച്ചു ഓരോ നിമിഷത്തിലും അതിനു ബോധമുണ്ടു. ഓരോ നിമിഷവും തീവ്രമായ പ്രയത്നം തുടർന്നുകൊണ്ടിരിക്കുന്നു. ഓരോ നിമിഷവും അതു ലക്ഷ്യത്തോടു അടുത്തുകൊണ്ടിരിക്കുകയുംചെയ്യുന്നു.

ചിലർ ഗാന്ധിജിയെ കേവലം ബാപുവായി ഭർത്സിക്കുന്നു; മറെ ചിലർ മഹാത്മാവായിട്ടാണു കാണുന്നതു; വേറെ ചിലർ രാഷ്ട്രീയനേതാവിന്റെ രൂപത്തിലും മറെ ചിലർ രാജദ്രോഹിയുടെ നിലയിലും അദ്ദേഹത്തെ നിരീക്ഷിക്കുന്നു.

ഗാന്ധിജി സത്യവ്രതം പരിശീലിച്ചിട്ടുണ്ട്", അഹിംസ ആചരിച്ചിട്ടുണ്ട്", ബ്രഹ്മചര്യം സംരക്ഷിച്ചിട്ടുണ്ട്"; അദ്ദേഹം ഗോവൽക്ഷേനാണ്, ഹരിജനങ്ങളുടെ ഹിതസാധകനാണ്", ദരിദ്രനാരായണന്മാരുടെ പൂജകനാണ്". ഖാദിപ്രക്ഷോഭണം അദ്ദേഹത്തിന്റേതാണ്". ഹിന്ദുമുസ്ലിം ഐകൃത്തിനു" അവണ്ണനീയവും ആശ്ചര്യവുമായ പ്രയത്നമാണ ഗാന്ധിജി ചെയ്തിട്ടുള്ളതു". പ്രാകൃതിക ചികിത്സാപ്രയോഗങ്ങളും നടത്തിയിട്ടുണ്ട്"; ഗോവംശോദ്ധാരണത്തിനു" വേണ്ട വ്യവസ്ഥകളും ഏർപ്പെടുത്തിയിട്ടുണ്ട്"; സ്വാസ്ഥ്യത്തെയും ആദ്ധ്യാത്മികതയെയും പുരസ്കരിച്ചുകൊണ്ടു" ആഹാരവിഷയകങ്ങളായ അനേകം അന്വേഷണങ്ങളും ചെയ്തിരിക്കുന്നു. ഗാന്ധിജിയുടെ ജീവിതം ത്രുപവല്ക്കരിച്ചിട്ടുള്ളതു" ഇതെല്ലാമാണ്". ഇതിന്റെയെല്ലാം ഏകീകരണമാണു" ഗാന്ധിജി.

"എന്റെ ജീവിതം എന്താണ്"—സത്യത്തിന്റെ പ്രയോഗശാലയാകുന്നു. എന്റെ ജീവിതത്തിലെല്ലാം ഒരേ ഒരു പ്രയത്നലക്ഷ്യം മാത്രമേയുള്ളൂ—അതു" മോക്ഷപ്രാപ്തിയാണ്". ഈശ്വരസാക്ഷാൽക്കാരമാണ്". ഞാൻ ഉറങ്ങുമ്പോഴും ഉണരുമ്പോഴും നിൽക്കുമ്പോഴും ഇരിക്കുമ്പോഴും ഭക്ഷിക്കുമ്പോഴും കുടിക്കുമ്പോഴും, എന്റെ മുമ്പിൽ ഏകലക്ഷ്യമേ ഉള്ളൂ. അതിനെ അവലംബിച്ചുകൊണ്ടാണു" ഞാൻ ജീവിക്കുന്നതു". എന്റെ പ്രസംഗങ്ങളും, ലേഖനങ്ങളും രാഷ്ട്രീയ പ്രക്ഷോഭണങ്ങളും എല്ലായ്പോഴും ഈ സങ്കല്പത്തെ ലക്ഷ്യമാക്കിക്കൊണ്ടാണു". എനിയ്ക്കു തെറ്റു പറ്റാറില്ല എന്നു ഞാൻ അവകാശപ്പെടുന്നില്ല. ഞാൻ ചെയ്തതൊക്കെ നിർദ്ദോഷമാണെന്നു" എനിക്കു അഭിപ്രായമില്ല. ചെയ്യുന്ന സമയത്തു ശരിയാണെന്നു തോന്നിയതു് മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ എന്നു" അവകാശപ്പെടുകയുമാത്രമേ ചെയ്യൂ. ഏതൊരു സമയത്തു" യാതൊന്നു" എനിക്കു" ധർമ്മമായിത്തോന്നിയോ അതിൽനിന്നു ഞാൻ ഒരിക്കലും വ്യതിചലിച്ചിട്ടില്ല. ലോകസേവനമാണു" ധർമ്മമെന്നും ലോകസേവയിൽത്തന്നെയാണു് ഈശ്വരസാക്ഷാൽക്കാരം എന്നുമാണു" എന്റെ പൂർണ്ണവിശ്വാസം."

ഗാന്ധിജിയുടെ ജീവിതം എന്താകുന്നു? ഈ ചോദ്യത്തിനു് മുകളിൽ ഉല്ലേരിച്ച വാക്യങ്ങൾ വേണ്ടുവോളം വെളിച്ചം തരുന്നുണ്ടു്. ഈ ഉദാത്തമായ ഒരു ഉദ്ഘോഷവചനം മുഖത്തുനിന്നു് പുറപ്പെട്ട അദ്ദേഹം തേജോമയനായ ഒരു വ്യക്തിതന്നെ.

ന ത്വഹം കാമയേ രാജ്യം
ന സ്വർഗ്ഗം നാപുനർഭവം
കാമയേ ദുഃഖതപ്താനാം
പ്രാണിനാമാർത്തിനാശനം.

ഈ മഹദ്വചനത്തേക്കാൾ അല്പമെങ്കിലും മാഹാത്മ്യം കുറഞ്ഞതാണോ അതു"?

4

"എന്റെ പ്രവൃത്തികളിൽ സർവ്വോന്നതമായ സ്ഥാനം അഹിംസയ്ക്കുള്ളതു് ഇതാണെ"ന്നു് ഏതെങ്കിലും ഒന്നിനെ സംബന്ധിച്ചു" അങ്ങയ്ക്കു പറയുവാൻ സാധിക്കുമോ എന്നു് ഒരിക്കൽ കൌതുകപൂർവ്വം ഞാൻ ഗാന്ധിജിയോടു ചോദിച്ചു.

അദ്ദേഹത്തിനു് പെട്ടെന്നു് ഒരു മറുപടി നല്കുവാൻ കഴിഞ്ഞില്ല. ഒരു നിമിഷം—ഒരുനിമിഷം മാത്രം— അദ്ദേഹത്തിനു താമസിക്കേണ്ടതായി വന്നു. പെട്ടെന്നു് ഉത്തരം തരുവാൻ നിവൃത്തിയുണ്ടായിരുന്നില്ല. അങ്ങയെ സാഗരമാക്കിപ്പരിണമിപ്പിച്ചതു് ഏതുവിശേഷജലമാണെന്നു സമുദ്രത്തോടു് ചോദിച്ചാൽ അതു് "എന്തു" ഉത്തരം പറയും? ഗാന്ധിജി പറഞ്ഞു: "എല്ലാറ്റിലും വലിയ പ്രവൃത്തി ഖാദിയും ഹരിജനോദ്ധാരവുമാണു്". എനിക്കു് അതു ഒട്ടും രസിച്ചില്ല. അതുകൊണ്ടു് എനിക്കു തോന്നിയതു ഞാൻ പറഞ്ഞു: "അഹിംസയോ? സർവ്വോപരിയായി ഗണിക്കേണ്ടതു അഹിംസയേ അല്ല?" "ശരി, ആവട്ടെ എന്നാൽ എന്റെ ഓരോ പ്രവൃത്തിയിലും അഹിംസ ഉണ്ടു് പാവം പോ

ലെയാണ്. പക്ഷേ ഇങ്ങനെ സമഷ്ടിയായ അഹിംസയിൽനിന്നു പ്രത്യേകമായകായ്ത്തെ വേർതിരിക്കയാണെങ്കിൽ, ഞാൻ പറയും, ഖാദിയും ഹരിജനകായ്വുമാണ് എന്റെ ശ്രമങ്ങളിൽവെച്ച് മുഖ്യം എന്ന്. അഹിംസയാകട്ടെ എന്റെ ജീവിതമാലയുടെ മണികൾ കോത്തിരിക്കുന്ന ചരടുപോലെയാണ്. അതുകൊണ്ടു മെടഞ്ഞെടുത്തതാണ് എന്റെ എല്ലാ പ്രവൃത്തികളും."

ഹരിജനകായ്വും അത്യന്തം മഹത്തരംതന്നെ, സംശയമില്ല. എപ്പോഴാണ് അദ്ദേഹത്തെ ഈ വിഷയം വേദനിപ്പിക്കാൻ തുടങ്ങിയതു് എന്നു പറയുവാൻ പ്രയാസമാകുന്നു. പന്ത്രണ്ടു വയസ്സായപ്പോൾതന്നെ ഹരിജനങ്ങളുടെ സ്ഥിതി അദ്ദേഹത്തിന്റെ ഹൃദയത്തെ മഥിച്ചുകൊണ്ടാണ് ഇരുന്നതു്. അദ്ദേഹത്തിന്റെതോട്ടിയുടെപേർ ഉകാ എന്നായിരുന്നു. അവൻ കക്കൂസു് വൃത്തിയാക്കാൻ ദിവസവും വരാറുണ്ടു്. അവനെ തൊടരുതു് എന്നു് അമ്മ ഒരിക്കൽ പറഞ്ഞു. ഗാന്ധിജി ഈ അസ്പൃശ്യതക്കു് യാതൊരു അർത്ഥവും കണ്ടില്ല. ഇതു് അധർമ്മമാണെന്നുള്ള അദ്ദേഹത്തിന്റെ വിശ്വാസം വളർന്നുവന്നു. അസ്പൃശ്യത ഹിന്ദുമതത്തിനു് ഒരു അസഹ്യമായ കളങ്കമാണു് എന്നു് അദ്ദേഹത്തിനു ബാല്യകാലത്തിൽതന്നെ തോന്നിയിരുന്നു. ഹിന്ദുമതത്തിൽ പൂർണ്ണമായ ശുദ്ധി ഇല്ലാതിരുന്ന കാലത്തും ഈ പ്രമേയം അദ്ദേഹത്തെ വല്ലാതെ വേദനിപ്പിച്ചുകൊണ്ടാണിരുന്നതു്. ഏകദേശം നാല്പതു കൊല്ലം മുമ്പു് രാജകോട്ടിൽ പ്ലേഗു് ബാധിക്കുകയും ജനത്രസ്തരായിരം ഗാന്ധിജി ഏറെറടുക്കുകയും ചെയ്തപ്പോൾ അധഃകൃതവർഗ്ഗക്കാർ താമസിച്ചിരുന്ന പ്രദേശം ഉടനെ ചെന്നു കാണുന്നതിനു് ഈ സംസ്കാരംതന്നെയായിരുന്നു അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. അക്കാലത്തു് അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാർക്കു് ഈ കായ്വം അത്ഭുതകരമായി തോന്നി. എന്നാൽ കാലാന്തരത്തിൽ തഴച്ചുവളർന്നുവന്ന ഹരിജനസേവാബീജം അന്നുതന്നെ അങ്കുരിച്ചു കഴിഞ്ഞിരുന്നു. ആ സേവാവൃക്ഷത്തിന്റെ ശക്തിയാകട്ടെ ഹരിജനോപവാസകാലത്താണ് പൂർണ്ണമായി പ്രത്യക്ഷപ്പെട്ടതു്. ഹരിജ

നോപവാസം എന്തായിരുന്നു? ഹിന്ദുസമുദായത്തെ ക്ഷിണിച്ചിരിക്കുന്നതിൽനിന്നു രക്ഷിക്കാനുള്ള ഒരു ശക്തിമത്തായ പ്രയത്നം മാത്രം. അതിൽ അദ്ദേഹം പൂർണ്ണമായ വിജയം നേടുകയും ചെയ്തു.

അഞ്ചുകോടി ഹരിജനങ്ങളെ ഹൈന്ദവസമുദായത്തിൽനിന്നു വേർതിരിച്ചു നിർത്തിയിരുന്നതു് ഭയങ്കരമായ ഒരു ശ്രുദ്ധന്ത്രമായിരുന്നു. വലിയ വലിയ ആളുകൾപോലും കൊണ്ടിരുന്നതിൽ. കുറച്ചു ആളുകൾക്കുമാത്രമേ ഇതു് അറിയാമായിരുന്നുള്ളു. ഗാന്ധിജിക്കു് ഇതു് വിദിതമായിരുന്നു. അദ്ദേഹം രണ്ടാമത്തെ വട്ടമേശസമ്മേളനത്തിൽ ഹരിജനങ്ങൾക്കുവേണ്ടി ജീവത്യാഗം ചെയ്യാൻപോലും സന്നദ്ധനാണെന്നു് വ്യക്തമാക്കുകയുണ്ടായി. ഈ മർമ്മസ്പർശകമായ വെല്ലുവിളിക്കു് അത്ര ഗംഭീരമായ അർത്ഥമുണ്ടെന്നു് അക്കാലത്തു് ആരും കരുതിയിരുന്നില്ല. എന്നാൽ ഗാന്ധിജിയാവട്ടെ ആ സമയത്തുതന്നെ തന്റെ ദൃഢമായ നിശ്ചയം ചെയ്തുകഴിഞ്ഞിരുന്നു. അതുകൊണ്ടു പ്രധാനമന്ത്രി ഹരിജനങ്ങളെ സംബന്ധിക്കുന്ന തീരുമാനം വെളിപ്പെടുത്തിയപ്പോൾ, ഗാന്ധിജി അവരെ രക്ഷിക്കുന്നതിനുവേണ്ടി തന്റെ ജീവിതംകൊണ്ടുതന്നെ പോരാടുവാൻ ഒരുങ്ങി. ഇപ്രകാരം ഗാന്ധിജി ആമരണം ഉപവസിക്കുവാൻ നിശ്ചയിച്ചിട്ടു് ഹിന്ദുസമുദായത്തേയും ഹരിജനങ്ങളേയും മോചിപ്പിച്ചു. അഹിംസാപരമായ ശസ്ത്രത്തിന്റെ ഈ പ്രയോഗം സഫലമായി. ഇതിൽ അദ്ദേഹത്തിനു് രാജനൈതികമായ യാതൊരു ഗ്രൂഢോദ്ദേശവും ഉണ്ടായിരുന്നില്ല. എന്നാലും ഇതിന്റെ രാഷ്ട്രീയമായ ഫലം അദ്ദേഹത്തിന്റെ ദൃഷ്ടിക്കു് അവിഷയമായിരുന്നു എന്നു പറഞ്ഞുകൂടാ. അദ്ദേഹത്തിന്റെ അഭിലാഷം കേവലം ധാർമ്മികമായിരുന്നു എന്നു മാത്രം.

"ഹരിജനങ്ങളെ നാം വളരെ ഉപദ്രവിച്ചിട്ടുണ്ടു്. നാം നമ്മുടെ പാപങ്ങൾക്കു് പ്രായശ്ചിത്തം ചെയ്താൽ അവരോടുള്ള കടപ്പാടു് തീരും"— ഈ മനോവൃത്തിയിൽ ധർമ്മവും അർത്ഥവും രണ്ടും വരുന്നുണ്ടു്. എന്നാൽ ധർമ്മമാണു് മുഖ്യം, അർത്ഥം ഗൗണവും. വ്യാപകമായിരുന്ന ഇതിന്റെ ശക്തി. ഹിന്ദുസമുദായം

ഖണ്ഡമായിത്തീരുന്നതിൽനിന്നു് രക്ഷപ്പെട്ടു; ശ്രദ്ധതന്നും വ്യ
ത്മായി. അതിന്റെ സ്വഭാവത്തെക്കുറിച്ചു് അറിവില്ലാത്തവ
ക്കു ഹരിജനകാര്യത്തിന്റെ ഗൗരവം ചിന്തിക്കുവാൻ പ്രയാസം
തന്നെ. ഗാന്ധിജി ഹരിജനകാര്യത്തിനെന്നതുപോലെതന്നെ
ഖാദിക്കും വലിയ പ്രാധാന്യം നൽകി. അതിന്റെ മഹിമ മ
നസ്സിലാക്കുവാൻ പ്രയാസമാണു്. ക്രമത്തിൽ അതു് സ്പഷ്ടമാ
യേക്കാം.

അഹിംസയോടു് അതുകൊണ്ടു് അനന്യസ്വതമായി നെയ്തെടു
ത്തതാണു് അദ്ദേഹത്തിന്റെ ഹൃദയം. സ്വജീവിതമാദ്ധ്യത്തി
ന്റെ ചുടുകൊണ്ട അതു് എന്നു മുമ്പുതന്നെപ്രസ്താവിച്ചിട്ടുണ്ടല്ലോ.
ഗാന്ധിജിയുടെ ജീവിതത്തിന്റെ സംക്ഷിപ്തചരിത്രത്തിലുള്ള വി
വരണമാണു് ഇതു്. സത്യം, അഹിംസ, രണ്ടും പര്യായ ശബ്ദങ്ങ
ളാണു് ഗാന്ധിജിക്കു്. ഇതുപോലെതന്നെ ഈശ്വരൻ, സത്യം,
രണ്ടും അദ്ദേഹത്തിനു സമാനാർത്ഥകങ്ങളായ ശബ്ദങ്ങളാകുന്നു.
ഈശ്വരൻ സത്യമാണു് എന്നു് ആദ്യം അദ്ദേഹം പറഞ്ഞിരുന്നു.
ഇപ്പോഴും പറയുന്നു സത്യമാണു് ഈശ്വരൻ എന്നു്. അഹിംസ
സത്യമാണെങ്കിൽ, സത്യം അഹിംസയാണെങ്കിൽ, സത്യം ഈ
ശ്വരനാണെങ്കിൽ, ഈശ്വരൻ സത്യമാണെങ്കിൽ, ഈശ്വരനും
അഹിംസയും ഒന്നുതന്നെ. സത്യം, അഹിംസ, ഈശ്വരൻ, ഈ
മൂന്നിനേയും പരിപൂർണ്ണമായ സാക്ഷാൽക്കാരം മാനവജീവിത
ത്തിൽ പക്ഷേ അസംഭവമായിരിക്കാം. അതുകൊണ്ടു ഗാന്ധിജി
ആ മൂന്നു തത്വത്തേയും ഏകപീഠത്തിൽ പ്രതിഷ്ഠിച്ചു് ഒരുമി
ച്ചു് പൂജിക്കുന്നു.

പ്രാണവായു ശരീരികങ്ങളായ സകല ചേഷ്ടകൾക്കും
ചൈതന്യം നൽകുന്നതുപോലെ അഹിംസ ഗാന്ധിജിയുടെ സ
ർവ്വ വ്യാപാരങ്ങൾക്കും ശക്തി നൽകുന്നു. ഗാന്ധിജി ഈ വിഷ
യത്തെക്കുറിച്ചു എത്ര പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടാവും! എന്നാൽ
എത്ര ആളുകളാണു് അതിന്റെതാല്പര്യം പൂർണ്ണമായി ഗ്രഹിച്ചി
ട്ടുള്ളതു്? എത്രപേരാണു് അതിനെ സ്വഹൃദയത്തിന്റെ അംശ
മാക്കിത്തീർത്തിട്ടുള്ളതു്? എത്രപേരാണു് അതിനെ പ്രവൃത്തിക്ര
മത്തിൽ കൊണ്ടുവരുവാൻ ശ്രമിച്ചിട്ടുള്ളതു്? എത്രപേരുടെ

യത്നം സഫലമായിട്ടുണ്ട്? നേരേമറിച്ച് ഗാന്ധിജിയുടെ അഹിംസാനീതി പരിഹാസത്തിനു ലക്ഷ്യമാകാതേയും ഇരുന്നിട്ടില്ല. ഒറ്റപ്പെടങ്ങളും കുറച്ചൊന്നും അല്ല. എന്നാൽ ഇതിനെല്ലാം ഇടയ്ക്കു നിഷ്കൃഷ്ടമായ ഭാവത്തോടുകൂടി കേവലം ഒരു സമാധാനം ലഭിക്കുവാൻ മാത്രം സംശയാകുലരായ ആളുകൾ പുറപ്പെടുവിക്കുന്ന ചോദ്യങ്ങളും കാണാം.

"അഹിംസയാകട്ടെ സന്യാസിയുടെ ധർമ്മമാണ്. രാജധർമ്മത്തിൽ അഹിംസക്കു് എന്താണു കാര്യം? നമുക്കു് നമ്മുടെ സമ്പത്തിനെ രക്ഷിക്കാൻ അഹിംസാവഴിക്കു് എങ്ങനെയാണു് സാധിക്കുക? സമുദായത്തെ ഒന്നിച്ചു് അഹിംസാത്മകമാക്കുവാൻ കഴിയുമോ? ഇല്ലെങ്കിൽ പിന്നെ കുറച്ചാളുകൾ മാത്രം അഹിംസാപ്രതികർ ആയിരിക്കുന്നതുകൊണ്ടു് അതിന്റെ ഉപയോഗത്തിനു് എന്തൊരു മഹത്വമാണുള്ളതു്? അഹിംസോപദേശംകൊണ്ടു് ഭീരുത്വത്തെ വർദ്ധിപ്പിക്കുകയല്ലേ? മാത്രമല്ല ഗാന്ധിജിക്കുശേഷം അഹിംസയ്ക്കു് എന്തൊരു പുരോഗതിയാണു് ഉണ്ടാവുക?"

ഇങ്ങനെയുള്ള ഓരോ പ്രശ്നം ദിവസേന ഉണ്ടാകുന്നുണ്ടു്, ഗാന്ധിജി ഉത്തരവും കൊടുക്കുന്നുണ്ടു്. എന്നാൽ ആ സംശയങ്ങളൊക്കെ പിന്നേയും അവസാനിക്കുന്നില്ല. നാം കേവലം ജിജ്ഞാസയോടുകൂടി വർത്തിക്കുകയും പ്രയോഗരൂപത്തിൽ വരുത്തുവാൻ പ്രയത്നിക്കാതിരിക്കുകയും ചെയ്താൽ, പിന്നെ ശങ്കയ്ക്കു് എങ്ങനെ സമാധാനമുണ്ടാകും? ശക്കരയുടെ സ്വാദു് ഒടുവിൽ് അതു തിന്നുന്നതുകൊണ്ടു് മാത്രമേ ബോദ്ധ്യമാവുകയുള്ളു.

"അതെ, അഹിംസ സന്യാസിയുടെ ധർമ്മം തന്നെ. രാജധർമ്മത്തിലാവട്ടെ ഹിംസയും, വ്യാജവും, വഞ്ചനയും ഒക്കെ വിഹിതമാകുന്നു. നാം നിരായുധന്മാരായിട്ടു് വധോദ്യതനോടു് എതിരിട്ടുകയാണെങ്കിൽ അവൻ നമ്മെ അമർത്തും, നാം തോൽക്കും, അവൻ ജയിക്കും. ഇതാണു് ശാസ്ത്രോക്തം "ആതതായിനമായാന്തം ഹന്യാദേവാവിചാരയൻ" (എതിർത്തുവരുന്ന വധോദ്യതനെ ഒന്നും ആലോചിക്കാതെ കൊല്ലുകതന്നെയാണു് വേണ്ടതു്).

അഗ്നിദോ ഗരദശ്ചൈവ ശസ്ത്രപാണിർധനാപഹഃ
ക്ഷേത്രദാരഹരശ്ചൈവ ഷഡേതേ ആതതായിനഃ

ഇവരെല്ലാവരും നിന്ദ്യകർമ്മാക്കളായ ആതതായികളാണ്". ഇവരെ കൊല്ലുന്നതാണ് വിഹിതം. നാം ആതതായികളെ ശിക്ഷിക്കുന്നില്ലെങ്കിൽ, പ്രപഞ്ചത്തിൽ അപരാധം വർദ്ധിക്കും; സജ്ജനങ്ങളുടെ കഷ്ടപ്പാട് കൂടിക്കൂടിവരും, അധർമ്മം വളരും, ധർമ്മം ചുരുങ്ങും."

ഇങ്ങനെയുള്ള യുക്തിവാദങ്ങൾ ദിവസംപ്രതി വന്നുചേരുന്നുണ്ട്. എന്നാൽ ഇതാണ് ആശ്ചര്യം! ഈ വിവാദപരന്മാർ രാജാക്കന്മാരോ, മഹാരാജാക്കന്മാരോ, രാജധർമ്മത്തോടുകൂടിയ മനുഷ്യരോ അല്ല. ന്യായാധിപന്റെ ധർമ്മം എന്താണ്? വഴിയിൽക്കൂടി പോകുന്ന ആളുകൾ ചിലപ്പോൾ അതിനെപ്പറ്റി വിമർശനം ചെയ്യുന്നതുകേൾക്കാറുണ്ട്. എന്നാൽ പഥികന്മാർ സ്വയം രാജധർമ്മാധികാരികളാണെന്ന് എന്തുകൊണ്ട് ചിന്തിക്കുന്നില്ല? ന്യായാധിപനു് ആക്കേങ്കിലും വധശിക്ഷവിധിക്കുവാൻ ശക്തിയുണ്ടെങ്കിൽ, വഴിപോക്കരായ ആളുകളെല്ലാം അങ്ങനെചെയ്യുവാൻ അധികാരികളാകുമോ? വാദത്തിനു പുറപ്പെടുന്നവർ വിവാദത്തിനുമുമ്പു് തന്നെത്താൻ ഇങ്ങനെ ചോദിക്കുന്നില്ല. നമ്മുടെ വിപക്ഷിതനെ ആതതായിയാണ്. അതുകൊണ്ട് നമുക്കു ദണ്ഡനത്തിനുള്ള അധികാരം ഉണ്ടു്. ഇതു് നമുക്കു് എളുപ്പത്തിൽ വിശ്വസിക്കുവാൻ സാധിക്കുമോ? ആതതായി നമ്മിലൊരുതനെ ആണെങ്കിലോ?

ഹിറ്റ്ലർ പറയുന്നു ചർച്ചിൽ ആതതായി ആണെന്നു; ചർച്ചിൽ പറയുന്നു ഹിറ്റ്ലർ ആതതായിയാണെന്നു. രണ്ടുപേരും ഈ ആരോപം അത്യാവേശത്തോടുകൂടി തുടരുന്നു. ഇപ്പോൾ രണ്ടുപേരും സ്വയം ദണ്ഡനത്തിനു് അധികാരികളാണെന്നു ഭാവിക്കുന്നു. ഈ സ്ഥിതിയിൽ മൂന്നാമതൊരാൾക്കേ നിഷ്പക്ഷ

ക്കാൻ കഴികയുള്ളൂ. എന്നാൽ മദ്ധ്യസ്ഥന്റെ വചനം രണ്ടു പേക്ഷം സ്വീകാര്യമാണെങ്കിൽ പിന്നെ ശിക്ഷ നൽകുന്നതിനേയോ വാങ്ങിക്കുന്നതിനേയോപറ്റി ചോദ്യം ഉണ്ടാകുന്നില്ല.

സാധാരണമായി നാം നമ്മുടെ ഹിംസാവൃത്തിയെ പരിപോഷിപ്പിക്കുന്നതിനുവേണ്ടിയാണ് പ്രമാണത്തിന്റെ സാഹായ്യം അന്വേഷിക്കുന്നത്. "ആതതായിനമായാന്തം ഹന്യാദേവാ വിചാരയൻ" എന്ന പ്രമാണം നാം ഉപയോഗിക്കുന്നതു നമ്മുടെ ശത്രുക്കളെ സംബന്ധിച്ചിടത്തോളം മാത്രമാണ്. ഞാൻ ആതതായിയായാണ്, അതുകൊണ്ട് ഞാൻ വധ്യനാണ് എന്നു് ആരും പറയുന്നില്ല. ഇങ്ങനെ ആരെങ്കിലും പറഞ്ഞാൽ പ്രസ്തുതവാദത്തിനു് ഒരു ബലമുണ്ടാകുമായിരുന്നു. എന്നാൽ "എന്നെപ്പോലെ ആരാണ് കുടിലനും ദുഷ്ടനും കാമിയും"—ഇങ്ങനെ സൂരദാസൻ പറഞ്ഞിട്ടുണ്ട്. വിവക്ഷികളുടെ ഗുണങ്ങളെ അവഗണിച്ചിട്ട നാം നമ്മുടെ ദോഷത്തെ സ്വയം നിരീക്ഷിക്കുന്നതിൽ അധികം ഉൽസുകരായിരിക്കുന്നപക്ഷം പ്രപഞ്ചത്തിലെ സർവ്വ പാപങ്ങളും അസ്തമിക്കും.

ധനം സമ്പാദിക്ക, സംരക്ഷിക്ക സാമാനങ്ങൾ ശേഖരിക്കുക ഇതെല്ലാം അഹിംസകൊണ്ട സാദ്ധ്യമാകുമോ? സാദ്ധ്യമാവട്ടെ, സാദ്ധ്യമാവാതിരിക്കട്ടെ; സ്വാർത്ഥത്തിനുവേണ്ടി ധനം ശേഖരിച്ചുകൊണ്ടിരിക്കുന്നവർ അഹിംസാനീതിക്കു് അർഹന്മാരാവുകയില്ല. അഹിംസ ജീവതത്വത്തിന്റെ മറെറാരു പേരല്ലെങ്കിൽ പിന്നെ യഥാർത്ഥമായ അഹിംസ സ്വാർത്ഥത്തിനുവേണ്ടി ധനം സംഭരിക്കുവാൻ പഠിപ്പിക്കുന്നതായിരിക്കയില്ല. അഹിംസകനു ലോഭം എവിടെ? ഈ സ്ഥിതിയിൽ അഹിംസകനു തനിക്കുവേണ്ടി സംഗ്രഹിക്കുകയോ രക്ഷിക്കുകയോ ചെയ്യേണ്ട ആവശ്യം വരുന്നില്ല. യോഗക്ഷേമത്തിനുവേണ്ടിയുള്ള വഴക്കുകളിൽ പക്ഷേ അഹിംസാപൂജകൻ പെട്ടുപോകാം. "നിർയ്യോഗക്ഷേമ ആത്മവാൻ"—ഗീത ഈ ധർമ്മം അജ്ഞനെപ്പോലെയുള്ള ഗൃഹസ്ഥ വ്യക്തികൾക്കാണ് ഉപദേശിച്ചിട്ടുള്ളത്. ഇതു് സന്ന്യാസി

യുടെ ധർമ്മമാണെന്ന് ഗീത പറയുന്നില്ല. ഗീത സന്ന്യാസമല്ല. കർമ്മമാണ പാടിപ്പുകഴ്ത്തുന്നത്—ഗൃഹസ്ഥന്റെ ധർമ്മമായ കർമ്മം. അഹിംസാവാദിയുടേയും ശ്രേഷ്ഠമായ ധർമ്മം ഈ യോഗക്ഷേമത്തിന്റെ കഴക്കിൽനിന്ന് അകന്ന നില്ക്കുവാനാണ് ഉപദേശിക്കുന്നത്. സംഗ്രഹിക്കുന്നതും രക്ഷിക്കുന്നതും തനിക്കോ അന്യനോ വേണ്ടി ആവാം. സ്വാർത്ഥത്തോടുകൂടി സമ്പാദിക്കുന്നവൻ അഹിംസാധർമ്മത്തിന് അനഹ്നാകുന്നു. എന്നാൽ പരാർത്ഥമായി സംഗ്രഹിച്ചിരിക്കുന്നവർ ഗാന്ധിജിയുടെ വാക്കിൽ പറയുകയാണെങ്കിൽ "ട്രസ്റ്റികൾ" (സൂക്ഷിപ്പുകാർ) ആണ്. അവർക്ക് അനാസക്തരായിട്ട് യോഗക്ഷേമത്തിനു് അനുസരണമായി പ്രവർത്തിക്കുവാൻ കഴിയും. അവർ സംഗ്രഹിച്ചുവെച്ചാലും അഹിംസാവാദികളാണു്; എന്തെന്നാൽ അവർക്ക സമ്പാദനത്തിൽ യാതൊരു താല്പര്യവും ഇല്ല. ധർമ്മത്തിനുവേണ്ടിയുള്ള സംഗ്രഹം, ധർമ്മത്തിനുവേണ്ടി അനായാസമായി ഉപേക്ഷിക്കുവാൻ കഴിയും. അതിന്റെ രക്ഷ ധർമ്മം കൊണ്ടുതന്നെ സാദ്ധ്യമാകും; പാപംകൊണ്ടു സാദ്ധ്യമാവില്ല. ഇതിനു വിപരീതമായിട്ട് സംഗ്രഹത്തിൽ ആസക്തിയോടുകൂടിയിരിക്കുന്ന ജനങ്ങൾ അഹിംസാത്മകരായിത്തീരുവാൻ ശക്തരല്ല; മാത്രമല്ല അവരെ സംബന്ധിച്ചിടത്തോളം അഹിംസകൊണ്ടു ധനം രക്ഷിക്കുക സാദ്ധ്യമാണോ എന്ന പ്രശ്നംതന്നെ ഉപയോഗശൂന്യമാകുന്നു. എന്നാൽ യാതൊരു ലോകം പൂർണ്ണമായി അഹിംസാത്മകമായിരിക്കുന്നു, യാതൊരു ലോകം സർവ്വഥാ അഹിംസാപാത്രമായിരിക്കുന്നു, ആ ലോകത്തിനു് ആത്മശക്തികൊണ്ടു്, ധർമ്മനാശമാണെങ്കിൽ ഏതു സമ്പാല്യത്തേയും രക്ഷിക്കുവാൻ കഴിയും.

അഹിംസകന്റേയും ഹിംസകന്റേയും മാഗ്ഗത്തിനു യാതൊരു താരതമ്യവും ഇല്ലെന്നുള്ളതു് ഒരിക്കലും മറക്കരുതു്. രണ്ടു പേരുടേയും ലക്ഷ്യം വ്യത്യസ്ഥമാണു്. ഹിംസകൊണ്ടു ക്ഷണികമായിട്ടാണെങ്കിലും സഫലമാക്കാവുന്ന പ്രവൃത്തി അഹിംസകൊണ്ടു് ചെയ്യാൻ സാദ്ധ്യമല്ല. ഉദാഹരണമായിട്ട്, നമുക്ക്

അഹിംസാത്മകമായ ഉപായംകൊണ്ട് സാമ്രാജ്യത്തെ വിസ്തൃതമാക്കുവാൻ കഴികയില്ല, ആരുടേയും ദേശത്തെ കൊള്ളയിടുവാൻ സജ്ജമാവില്ല. ഇറലി അബ്സീനിയയിൽ തന്റെ സാമ്രാജ്യം സ്ഥാപിച്ചു. ഹിംസാത്മകമായ ഉപായംകൊണ്ടായിരുന്നു അതു് സാധിച്ചതു്.

സാരം ഇതാണു്: അഹിംസകൊണ്ടു് നമുക്കു ധർമ്മത്തെ രക്ഷിക്കാം, പാപത്തെ വയ്യ. സംഗ്രഹം പാപത്തിന്റെ മറ്റൊരു പേരാണെങ്കിൽ അതിനെയും രക്ഷിക്കുവാൻ സാധിക്കയില്ല. അഹിംസയിൽ അഭിരുചിയുള്ളവർ പാപത്തെ രക്ഷിക്കുന്നതിനു് എങ്ങിനെ ആഗ്രഹിക്കും? ഈ പരിമിതിയോടുകൂടി അഹിംസയുടെ സ്വഭാവം ഹൃദിസ്ഥമാക്കിയാൽ അനേകം ശങ്കകൾക്കു് സമാധാനം തന്നെത്താൻ ഉണ്ടാകും. നാം രക്ഷിക്കാൻ ആഗ്രഹിക്കുന്ന കാര്യം ധർമ്മമാണെങ്കിൽ, അഹിംസാരൂപമായ ഉപായംകൊണ്ടതന്നെ നമുക്കു ശത്രുപക്ഷത്തോടു് സഫലമായി എതിർക്കുവാൻ സാധിക്കും. അതു പാപമാണെങ്കിൽ നാം സ്വയം അതിനെ ത്യജിക്കണം. ഈ സ്ഥിതിയിൽ പ്രതികാരത്തിന്റെ പ്രശ്നംതന്നെ ഉണ്ടാകുന്നില്ല.

ഇനിയും ധർമ്മം ഏതാണു്? അധർമ്മം ഏതാണു്? എന്ന ചോദ്യം അനിർണ്ണീതമായിത്തന്നെ ഇരിക്കുന്നു. എന്നാൽ ധർമ്മാധർമ്മങ്ങളെ നിർണ്ണയിക്കുന്നതിൽ സത്യാനുയായികൾക്കു് എവിടെയാണു് ബുദ്ധിമുട്ടു്?

"അഗാധമായ ജലാശയത്തിന്റെ അടിയിൽ മുങ്ങിത്തപ്പിയവർക്കു കിട്ടി; ഞാനും അന്വേഷിച്ചുപോയി; പക്ഷേ അതിന്റെ കരയിൽ ഇരുന്നതേയുള്ളൂ."

ഇതാണു് പരമാർത്ഥം: നാം ധർമ്മത്തെയല്ലാതെ പാപത്തെ രക്ഷിക്കാൻ ആഗ്രഹിക്കുകയും അഹിംസകൊണ്ടു് പാപത്തെ

രക്ഷിക്കാൻ സാധിക്കാതെവരികയും ചെയ്യുമ്പോൾ, അഹിംസയുടെ ഗുണപ്രഭാവത്തെ സംബന്ധിച്ചു നമുക്കു ശങ്ക ഉണ്ടാകുകയും അനേകം വാദപ്രതിവാദങ്ങൾ ആവിർഭവിക്കുകയും ചെയ്യുന്നു.

നാം കാണുന്ന യൂറോപ്പിന്റെ രാജനീതിയെത്തന്നെ നമ്മുടെ രാജനീതിയായി ചിത്രണം ചെയ്യുന്നതിൽനിന്നാണ്, രാഷ്ട്രീയകാര്യങ്ങളിൽ അഹിംസയുടെ പ്രവേശംകൊണ്ടു് ഈ കുഴപ്പം വരുത്തിവച്ചിട്ടുള്ളതു്. ദേശീയാഭിമാനം, ജാതികളുടെ പരസ്പരവൈരം, അന്യദേശങ്ങളെ അടക്കുവാനുള്ള മോഹം, നമ്മുടെ അഭ്യുദയം അന്യരാഷ്ട്രങ്ങളുടെ നാശംകൊണ്ടേ ഉണ്ടാകൂ എന്ന ഭ്രമം—ഇതിന്റെയെല്ലാം പ്രേരണയ്ക്കു് വശംവദരായിട്ടു് എല്ലാ രാജ്യക്കാരും രാജ്യസീമകളെ സുരക്ഷിതമാക്കുന്നതിനു് നാനാപ്രകാരത്തിലുള്ള നശീകരണായുധങ്ങളുടെ ഉല്പാദനം വർദ്ധിപ്പിച്ചിട്ടുണ്ടു്. പുറമേയുള്ളവരോടു് കാണിക്കുന്ന മനോഭാവംതന്നെയാണു് പുരത്തിലുള്ളവരോടും. ഈ സ്ഥിതിയിൽ നമ്മുടെ ശസ്ത്രം ഹിംസയോ, അഹിംസയോ ആകട്ടെ. ഇതു നിർണ്ണയിക്കുന്നതിനുമുമ്പു് മറ്റൊന്നു തീരുമാനിക്കേണ്ടതുണ്ടു്. വ്യക്തികളും സമുദായങ്ങളും, ശുദ്ധമായ ധർമ്മത്തിന്റെ മാർഗ്ഗത്തെ അനുസരിക്കേണമോ, അതോ പാപത്തിന്റെ സരണിയെ സ്വീകരിക്കേണമോ? നമ്മുടെ രാജനീതി മനുഷ്യത്വത്തിന്റെ വിസ്തൃതമായ അടിസ്ഥാനത്തിന്മേൽ രചിക്കണമോ, അതോ ഏതാനും ജനങ്ങളുടെ സ്വാർത്ഥത്തിന്റെ സങ്കുചിതഭിത്തിമേൽ വരയ്ക്കണമോ? ആ ചെറിയ ജനവിഭാഗം നമ്മുടെ കുടുംബമോ, നമ്മുടെ വർഗ്ഗമോ, സംസ്ഥാനമോ, രാഷ്ട്രമോ ഏതെങ്കിലും ആയിരിക്കട്ടെ.

യൂറോപ്പിൽ ഇങ്ങനെയുള്ള യഥാർത്ഥ്യാഗികൾ ധാരാളമുണ്ടു്. അവർ സ്വജീവിതത്തിൽ കേവലം സത്യനിഷ്ഠയോടുകൂടിതന്നെ വർത്തിക്കുന്നു; എന്നാൽ സ്വദേശത്തിന്റെ ലാഭത്തേയോ നഷ്ടത്തേയോ സംബന്ധിക്കുന്ന പ്രശ്നം വരുമ്പോൾ സത്യത്തിനും വിശ്വാസ്യതയ്ക്കും സുജനതയ്ക്കുംഒക്കെ തിലാഞ്ജലി നല്കു

വാൻ മടിക്കുന്നില്ല. അഹിംസ സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നവെങ്കിൽ അവർക്ക് ഒരു മാർഗം മാത്രമാണ് ഉള്ളതു്. തങ്ങൾക്കുവേണ്ടിയായാലും പാപം ചെയ്യാതിരിക്കുക. അവരുടെ സ്വഭാവത്തിനു് ഒരു സീമവയ്ക്കുക.

"അയം നിജഃ പരോ വേതി
ഗണനാ ലഘുചേതസാം
ഉദാരചരിതാനാം തു
വസുധൈവ കുടുംബകം."

അഹിംസാവ്രതികൾക്കു് ഇശ്വരസൃഷ്ടമായ ലോകം മുഴുവൻതന്നെ സ്വദേശം. ദൈവികമായ സമ്പത്തിനെ സ്ഥാപിക്കുക, ആസുരമായതിനെ സങ്കോചിപ്പിക്കുക ഇതാണു് അവരുടെ ലക്ഷ്യം.

ഗാന്ധിജി ഇതുകൊണ്ടാണു് ആത്മശുദ്ധിയെക്കുറിച്ചു് വീണ്ടും വീണ്ടും ഉദ്ഘോഷിച്ചുറയുന്നതു്. അഹിംസാശസ്ത്രത്തിന്റെ പ്രയോഗം ബാഹ്യവസ്തുക്കളെയല്ല; ആന്തരങ്ങളായ വൃത്തികളെ ആവലംബിച്ചുകൊണ്ടാണു്; വാസ്തവംതന്നെ. തകർന്ന തോക്കിൽ ഉണ്ട നിറച്ചുവിട്ടാൽ അതിനു് ഉന്നത്തിൽ കൊള്ളുവാൻ കഴിയുമോ? അതുപോലെ ശുദ്ധഹൃദയനല്ലാത്തവനും ദൈവികമായ സമ്പത്തോടുകൂടാത്തവനും ആയ മനുഷ്യൻ എങ്ങിനെ അഹിംസാശസ്ത്രത്തെ ഉയർത്തും? വാസ്തവത്തിൽ ശുദ്ധനായ മനുഷ്യൻ സ്വയം ശസ്ത്രവും സ്വയം അതിന്റെ പ്രയോക്താവും ആകുന്നു. ആത്മശുദ്ധിയില്ലാതെ ആസുരമായ സമ്പത്തോടുകൂടിയിരിക്കുന്നവർ തകർന്ന തോക്കിന്റെ നിലയിലാണു്. അവരെ സംബന്ധിച്ചേടത്തോളം അഹിംസയ്ക്കു് യാതൊരു അർത്ഥവും ഇല്ല. അഹിംസകനിലേ അഹിംസ ഇരിക്കൂ. അഹിംസാവ്രതം സ്വീകരിക്കുന്നതിനു മുമ്പു് മനുഷ്യൻ അഹിംസകനായിത്തീരണം. "അഹിംസകന്റെ" സങ്കുചിതമായ അർത്ഥം പറയുകയാണെങ്കിൽ അതു് ഇതാണു്:— ന്യായപൂർവകമായി നടക്കുന്ന ഒരു നാഗരികൻ.

"സമുദായത്തെമുഴുവൻ അഹിംസാത്മകമാക്കുവാൻ കഴിയുമോ? ഇല്ലെങ്കിൽ പിന്നെ പ്രായോഗികമായി ഇതിനു് എന്തു മഹത്വമാണുള്ളതു്? ഇതും ശ്രേയമായ ഒരു ചോദ്യം തന്നെ. സമുദായം മുഴുവൻ ഹിംസയെ പൂർണ്ണമായി ത്യജിക്കുമെന്നു് ഗാന്ധിജി എവിടെയാണു് ആശിക്കുന്നതു്? മാനവസമുദായം മുഴുവൻ അഹിംസാധർമ്മം പാലിക്കാൻ ഒരുങ്ങുന്നു എന്ന അടിസ്ഥാനത്തിന്മേലല്ല അദ്ദേഹത്തിന്റെ ഈ സന്നാഹം. അദ്ദേഹത്തിനു് ഇതിനേക്കാളും ആശ തീച്ചയായും ഉണ്ടു്: സമുദായത്തിന്റെ ഒരു വലിയഭാഗമെങ്കിലും, ആചരണത്തിൽ പൂർണ്ണമായ അഹിംസാശീലം അസാദ്ധ്യമായാലും, ഹിംസാരാധനം ഉപേക്ഷിക്കയെങ്കിലും ചെയ്യും.

രാഷ്ട്രത്തിലെ ഓരോ മനുഷ്യനും പൂർണ്ണമായി അഹിംസാരാധകനായിത്തീരും എന്നു് ആഗ്രഹം ഇല്ല. എന്നാൽ ഹിംസാത്മകമായ സൈന്യത്തിന്റെ ശക്തിയിൽ സാമ്രാജ്യത്തേയും സമാധാനത്തേയും പ്രതിഷ്ഠിക്കുന്നേടത്തും രാഷ്ട്രത്തിലെ ഓരോ വ്യക്തിയും യുദ്ധകലയിൽ സമർത്ഥനായിത്തീരും എന്നു് ആഗ്രഹിക്കുവാൻ വയ്യല്ലോ. അനേകം കോടി ജനങ്ങൾ അടങ്ങിയ ഒരു ദേശത്തിന്റെ രക്ഷയ്ക്കു് എത്രനാം ലക്ഷം ആളുകൾ മതിയാകുമെന്നു കരുതപ്പെട്ടുന്നു. ഒരു ശതമാനം ആളുകൾ സൈന്യവൃത്തി സ്വീകരിച്ചാൽ അതിനു മതിയാകായ്കയില്ല. ആ പടയാളികളുടെ നായകത്വം വഹിക്കുന്ന സേനാപതിയുടെ സാമർത്ഥ്യത്തിലാണു് എല്ലാ പ്രവൃത്തിയും നടക്കുന്നതു്.

ഇന്നു സൈന്യത്തെ നയിക്കുന്നതിനു ശക്തന്മാരാണെന്നു കരുതപ്പെട്ടുന്നവരായിട്ടു് ഇംഗ്ലണ്ടിൽ എത്ര നേതാക്കന്മാർ ഉണ്ടായിരിക്കും? പത്തോ ഇരുപതോ. എന്നാൽ ബാക്കിയുള്ള അനേകം സൈനികന്മാരിൽനിന്നു് ഇത്രത്തോളം ആശിക്കാം. സൈനികോദ്യോഗസ്ഥന്മാർ ആജ്ഞാപിച്ചാൽ മരിക്കുവാനുള്ള ശക്തി അവർക്കുണ്ടാകും. ഈ ഉദാഹരണത്തെ ആസ്പദമാക്കി നമുക്കു് അഹിംസാത്മകമായ ഒരു സൈന്യത്തേയും സങ്കല്പിക്കാം.

അഹിംസാത്മകസൈന്യത്തിന്റെ നായകനു പൂർണ്ണമായ ആത്മശുദ്ധി വേണം; അനുയായികൾ ശുദ്ധാത്മാക്കളായിരിക്കണം; ഇതുതന്നെ തീഷ്ണമായ വിവേകം ഇല്ലെങ്കിലും സത്യമായ അഹിംസയ്ക്കുവേണ്ടി പ്രാണത്യാഗം ചെയ്യാൻ സന്നദ്ധരായിരിക്കണം. ഇതുത്തോളമായാൽ ധാരാളം മതി. ഇങ്ങനെ നോക്കുമ്പോൾ അഹിംസകസൈന്യത്തിന്റെ ശുഷ്കവല്ക്കരണം തീരെ അപ്രായോഗികമായ കാര്യമാണെന്നുവരുന്നില്ല.

നമ്മുടെ മഹത്വാകാംക്ഷാസാമ്രാജ്യത്തെ വിസ്താരപ്പെട്ടത്താനാണെങ്കിൽ, നമ്മുടെ കണ്ണുകടം ഇതരന്മാരുടെ സമ്പത്തിൽ ഖദമാണെങ്കിൽ, ക്ഷുത്തുകൊണ്ടു പാരവശരായ സമീപവാസികളോട് നമുക്കു യാതൊരു സഹാനുഭൂതിയും ഇല്ലെങ്കിൽ, നാം സ്വാർത്ഥംകൊണ്ടു ഭോഗാസക്തരായിരിക്കുകയാണെങ്കിൽ, നമ്മുടെ സുഖാനുഭോഗങ്ങളെ സുരക്ഷിതമാക്കി വെക്കുവാൻ ഇച്ഛിക്കുകയാണെങ്കിൽ, അഹിംസയ്ക്കു യാതൊരു സ്ഥാനവും ഇല്ല; വാസ്തവംതന്നെ.

മലിനവസ്തുത്തിന്റെ മാലിന്യത്തെ കളയണമെന്നു വിചാരിക്കുന്നില്ലെങ്കിൽ പിന്നെ വെള്ളവും സോപ്പും എന്തിനാണ്? അവിടെ ചെളിയാണാവശ്യം. മലിനത രോഗകാരണമാണ്; മൃത്യുവിനെ ക്ഷണിച്ചുകൊണ്ടുവരുന്നു. ഇതു നമുക്കറിയാം. അതുകൊണ്ടു മലിനത രക്ഷിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ നാം അനുകമ്പനീയർ തന്നെ. സ്വദേശവാസിയെയാകട്ടെ, സ്വസന്താനത്തെത്തന്നെയാകട്ടെ, അഹിംസാപോഷകൻ തെറ്റിൽനിന്നു മോചിപ്പിക്കുവാൻ പ്രയത്നിക്കും; അല്ലാതെ മാലിന്യങ്ങളെ പോഷിപ്പിക്കുവാൻ ശ്രമിക്കുകയില്ല.

അഹിംസയെ രാജനീതിയിൽ ഗാന്ധിജി മനഃപൂർവ്വം പ്രവേശിപ്പിച്ചു; എന്തുകൊണ്ടെന്നാൽ രാജനീതിയിൽ അധർമ്മം വിഹിതമാണ് എന്നു വിചാരിച്ചിട്ടു നാം ആത്മവഞ്ചന ചെയ്യരുതു. ഇതുകൊണ്ടുതന്നെയാണു നാം കൂഴപ്പത്തിൽ ആയിട്ടുള്ളതു.

എവിടെ നാം അഴുക്ക് പോഷിപ്പിക്കുവാൻ ആഗ്രഹിച്ചിരുന്നു, അവിടെ ഗാന്ധിജി നമുക്കു വെള്ളവും സോപ്പും തന്നിട്ടുണ്ട്. "സോപ്പും വെള്ളവുംകൊണ്ട്" എങ്ങനെയാണ് മാലിന്യത്തെ രക്ഷിക്കുക എന്നു നാം അത്ഭുപ്പെടുന്നു. ഈ ആശ്ചര്യം സത്യമാണ്; എന്തുകൊണ്ടെന്നാൽ മാലിന്യം സംരക്ഷിക്കുവാൻ ഏതു നിലയിലായാലും ഉണ്ടാവില്ല. ഇതു് ഒരു വലിയ കുഴപ്പംതന്നെ. ഈ പ്രഹേളികയുടെ ജ്ഞാനത്തിലാണു ശങ്കയ്ക്കുള്ള സമാധാനം.

അഹിംസയെന്നോ, സത്യമെന്നോ, മോക്ഷമെന്നതന്നെയോ പറയൂ. സമ്പൂർണ്ണമായിട്ട് പ്രാപിക്കാതിരിക്കുന്നതുവരെ അവ നിരുപയോഗങ്ങളാണു്; അഹിംസയോ, സത്യമോ,, മോക്ഷമോ ആകുന്നില്ല. ജീവിതത്തിൽ ഈ കായ്ങ്ങളുടെ സമ്പൂർണ്ണമായ പ്രാപ്തി സംഭവിക്കാവുന്നതല്ല, വാസ്തവം തന്നെ. ഇതുയും പറയാം. "അധികസ്യാധികം ഫലം" "സ്വല്പമപ്യസ്യ ധർമ്മസ്യത്രായതേ മഹതോ ഭയാൽ"—അതുകൊണ്ട് ശത്രുവിന്റെ ശരീരത്തിൽ ഉണ്ട കൊണ്ടാൽ സഫലമായി, ഇല്ലെങ്കിൽ വെറുതെ; എന്നു പറയുവാൻവയ്യ. ഇവിടെ ഒരു പരാജയവും ഇല്ല. എത്രത്തോളം ആത്മശുദ്ധി ഉണ്ടാകുന്നു, അത്രത്തോളമാണ് സാഫല്യം.

ഗാന്ധിജി സത്യവും അഹിംസയും ഉപദേശിച്ചിട്ട മറെറാരു പ്രകാരത്തിൽ ജനതയെ ശുദ്ധമായ നാഗരീകതയോടടുക്കിയെടുക്കുവാൻ പഠിപ്പിക്കയാണു്. അദ്ദേഹം പറയുന്നു: "വലിയ ആഗ്രഹത്തെ ത്യജിക്കുക." എന്തെന്നാൽ സ്വാർത്ഥലംഘനമായിത്തീർന്നിട്ട് വലിയ സംഗ്രഹത്തെ രക്ഷിക്കാൻ അഹിംസാധർമ്മംകൊണ്ടു സാദ്ധ്യമല്ല. അധർമ്മംകൊണ്ടു രക്ഷാപരിപാടി ശുഷ്കമല്ലെങ്കിലും പക്ഷം അധർമ്മം തന്നെ വർദ്ധിക്കും. അതുകൊണ്ടു പറയുന്നു, അതിതുച്ഛ ഉപേക്ഷിക്കുക, അയൽവാസിയെ ശുശ്രൂഷിക്കുവാൻ അഭ്യസിക്കുക. പെരുമാറ്റത്തിൽ സത്യവാനായിരിക്കാൻ പഠിക്കുക, സഹിഷ്ണുത ശീലിക്കുക, ഈശ്വരനിൽ വിശ്വസിക്കുക. ലോഭം നിമിത്തം ആരുടെമേലും ആക്രമണം ചെയ്യരുതു്. ആരെങ്കിലും ദുഷ്ടതകൊണ്ട് ആക്രമിക്കയാണെങ്കിൽ

സ്വയം ഘാതകനായിത്തീരാതെ മരിക്കുവാൻ പഠിക്കുക. ഭീരുത്വവും അഹിംസയും ഒരേ വസ്തുവല്ല. പരമകാഷ്ഠയിലുള്ള ധൈര്യത്തിന്റെ പര്യായമാണ് അഹിംസ. ബലവാനായ മാതൃമേ ക്ഷമാവാനായിരിക്കുവാൻ കഴിയൂ. അതുകൊണ്ട് അത്യന്തം ശൂരനായിത്തീരുവാൻ ഏതേതു ഗുണങ്ങൾ അപരിഹാര്യമാണോ അവയെ വളർത്തിക്കൊണ്ടു വരിക, ശൂരനായി പരിണമിച്ചു ക്ഷമാവാനായിരിക്കുക. ഇതുപോലെ സാദ്ധ്യമായാൽ ഈശ്വരവിശ്വാസത്തോടുകൂടി നിർഭയനായി ജീവിക്കുക."

ഗാന്ധിജിയുടെ കാലത്തിനുശേഷം അഹിംസ തഴച്ചു വളരുമോ? അതിന്റെ ഗതി മുന്നോട്ടോ പിന്നോട്ടോ ആവുക?

ബുദ്ധന്റേയും ക്രിസ്തുവിന്റേയും ജീവിതകാലത്തിൽ അവരുടെ ഉപദേശങ്ങൾക്കുണ്ടായിരുന്നതിനേക്കാൾ അധികംപ്രചാരം മരണത്തിനുശേഷമാണുണ്ടായത്. ജീവിതാനന്തരം അവരുടെ ഉപദേശങ്ങളുടെ ഗതികമായ രൂപം പുഷ്ടി പ്രാപിച്ചിട്ടുണ്ട്. പക്ഷെ ആധ്യാത്മികഭാവത്തിനു് ഔജ്ജ്വല്യവും സംഭവിക്കാതിരുന്നിട്ടില്ല. എങ്കിലും ബുദ്ധന്റെ ഉപദേശം ഇന്നു് നഷ്ടമായെന്നോ ക്രിസ്തുവിന്റെ ചൈതന്യം അസ്തമായെന്നോ പറയാമോ? വർഷകാലത്തു് സർവ്വത്ര വെള്ളം, വെള്ളം തന്നെ. ശരത്തിലാവട്ടെ അതു വറ്റിപ്പോകുന്നു. അതുകൊണ്ടു വർഷത്തിന്റെ പ്രഭാവം നഷ്ടമായി എന്നു നമുക്കു പറയാമോ? ശരത്തിൽ ധാന്യങ്ങൾ വിളഞ്ഞുകിടക്കുന്ന നിറഞ്ഞ വയൽ വർഷത്തിന്റെ മഹാത്മ്യത്തെ വിളംബരം ചെയ്യുന്നു. വർഷജലം കേരളങ്ങളിലെ മണ്ണിൽ വറ്റകതന്നെ ചെയ്തു; എന്നാൽ ആ ജലം ധാന്യകണങ്ങളിൽ പ്രവേശിച്ചിട്ടു ജീവിക്കുന്നു. വയലിൽ വെള്ളം കെട്ടിക്കിടക്കുകയാണെങ്കിൽ മാലിന്യം വ്യാപിക്കുന്നു; പങ്കിലവും ദുർഗ്ഗന്ധമയവും വിഷപൂർണ്ണവും ആയിത്തീരുന്നു. അന്നത്തിൽ പ്രവേശിച്ചിട്ടു് അതു് അമൃതം നിർമ്മിക്കുകയാണു ചെയ്യുന്നതു്.

മഹാപുരുഷന്മാരുടെ ഉപദേശവും ഇങ്ങിനെ യോഗ്യന്മാരായ ആളുകളുടെ ഹൃദയത്തിൽ പ്രവേശിച്ചിട്ടു് സ്ഥിരമായ ഒരു

മൃതമായി പരിണമിക്കുകയാണ് ചെയ്യുന്നത്. വഞ്ചനയും എവിടെയാണ് എന്നു ശോതമ്പിന്റെ ധാന്യകണികയോട് ചോദിക്കുക? അതു പറയും, അതു് എന്റെ ശരീരത്തിൽ ജീവിക്കുന്നുണ്ടെന്നു്. ഇങ്ങനെതന്നെ മഹാപുരുഷന്മാരുടെ ജീവനഫലവും അഹ്മാരായവരുടെ ഹൃദയത്തിൽ അനശ്വരമായി വർത്തിക്കുന്നു. ഗാന്ധിജിയുടെ ജീവിതം രാപ്പകൽ പ്രവർത്തിച്ചുകൊണ്ടുതന്നെ കഴിഞ്ഞുപോകുന്നു, മാത്രമല്ല അദ്ദേഹത്തിന്റെ മരണത്തിനുശേഷം അതു് അത്ഭുതരമായിരിക്കുകയും ചെയ്യും. പ്രാസംഗികമായിട്ട് ഒരിക്കൽ അദ്ദേഹം പറഞ്ഞു: "എന്റെ മരണശേഷം അഹിംസയുടെ നാശം സംഭവിക്കുകയാണെങ്കിൽ, എന്നിൽ അഹിംസ ഉണ്ടായിരുന്നില്ലെന്നു തന്നെ കരുതിക്കൊള്ളുക." പരമാർത്ഥമാണ് ഇതു്, എന്തുകൊണ്ടെന്നാൽ ധർമ്മത്തിന്റെ നാശം എങ്ങനെ സംഭവിക്കും?

എന്നാൽ ഇക്കാലത്തു് ഹിംസാതല്പരന്മാർ കൂടി കണ്ണുതുറന്നിട്ടുണ്ട്. ആദ്യം അബിസീനിയയാണ് പതിച്ചതു്, അതിനുശേഷം ഒന്നിനുപിന്നെ ഒന്നായിട്ട് പല രാജ്യങ്ങളും വീണു. എന്നാൽ ജർമ്മനി യുദ്ധം പ്രഖ്യാപിച്ച മുതൽക്കു് വലിയ ഹിംസയുടെമുമ്പെ ചെറിയ ഹിംസ ഇരുമ്പുണ്ടയുടെ നേരെ സ്റ്റടിക പാത്രം എന്നപോലെ ഈ ബലഹീനത പ്രത്യക്ഷമാക്കി. പോളണ്ട്, ഫിൻലണ്ട്, നോർവേ, ബൽജിയം, ഹോളണ്ട് പിന്നെ ഫ്രാൻസ് — എല്ലാം പറഞ്ഞിരിക്കുന്നതിനിടയ്ക്കു് നശിച്ചു! നശിക്കുന്നതിനുമുമ്പു് ശ്മശാനമായിപ്പോയി! ഒരു ഡന്മാർക്കു് മാത്രം, ശ്മശാനമായിത്തീർന്നില്ല; അതും നശിച്ചു.

ഈ ദേശങ്ങളിലെ ജനങ്ങൾ ശത്രുവിനെ നിഗ്രഹിക്കാതെ സ്വയം മരിക്കുവാൻ സന്നദ്ധരായിരുന്നെങ്കിൽ അവരുടെ സ്ഥിതി ഇന്നത്തേതിൽനിന്നു് നന്നായിരിക്കുമായിരുന്നില്ലേ എന്ന ചോദ്യം ആവിർഭവിക്കുന്നു. ഇന്നാകട്ടെ അവരുടെ ശരീരവും ആത്മാവും മൃതമായി. അവർ ശത്രുവിനെ നിഗ്രഹിക്കാതെ സ്വയം മരിച്ചിരുന്നെങ്കിൽ അവരുടെ ദേശം അവരുടെ കയ്യിൽ നിന്നുപക്ഷെ അപഹൃതമായി എന്നുവരാം, എന്നാലും അവരുടെ

ആത്മാവു" ഇന്നത്തേക്കാൾ അധികമായ സ്വാതന്ത്ര്യത്തോടുകൂടിയതായിത്തീരും. ദേശം അപഹൃതമായെന്നോ ഇല്ലെന്നോ വരികയും ചെയ്യുമായിരുന്നു. ഇന്നാകട്ടെ അപഹൃതമായിക്കഴിഞ്ഞു. ഈ ജനങ്ങൾ അഹിംസകൊണ്ടു പൊരുതുകയായിരുന്നെങ്കിൽ ഇവരുടെ -ഈ അനുപമമായ അഹിംസയ്ക്കു" ജർമ്മനിയേക്കാൾ നൂറിരട്ടി നിർമ്മലശക്തി ഉണ്ടാകുമായിരുന്നു.

"അക്രോധേന ജയേൽ ക്രോധം" ഈ വാക്യം നിരർത്ഥകമല്ല. യൂറോപ്പിലെ ഈ യാദവയുദ്ധത്തിന്റെ (സജാതീയകലഹം) അവസാനം എന്താണു"? പ്രവൃദ്ധമായ ലോഭമാകുന്ന ആഗ്നേയഗിരി കത്തിക്കാളി പുറപ്പെട്ടന്ന അഗ്നികൊണ്ടു" യൂറോപ്പിലെ സകല ദേശങ്ങളേയും ഭസ്മീകരിക്കുവാൻ തുടങ്ങുകയാണു". ഈ അഗ്നിജ്വാലകളെ ഉപശമിപ്പിക്കുവാൻ അഹിംസ വഷ്മംപോലെ പരിണമിക്കുമായിരുന്നു. എന്നാൽ ഹിംസ സ്വാതന്ത്ര്യത്തിന്റെ രക്ഷണത്തിനു ശക്തമാവില്ല എന്നു" ഓരോ സന്ദർഭത്തിലും തെളിഞ്ഞിട്ടുണ്ടു". ബൽജിയത്തിന്റെയും ഫ്രാൻസിന്റെയും ഇംഗ്ലണ്ടിന്റെയും സമ്മിളിതമായ ശക്തിക്കു" ബൽജിയത്തെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഈ സംഭവത്തിനുശേഷം ആരെങ്കിലും "ഭ്രാതാവേ, ഹിംസയുടെ പരീക്ഷണംകഴിഞ്ഞു, ഇപ്പോൾ പരമോന്നതമായ ശൌര്യത്തിന്റെ പര്യായമായ അഹിംസയിൽ ശ്രദ്ധ പതിപ്പിക്കു, അഹിംസകൊണ്ടു യുദ്ധം ചെയ്യുവാൻ ശീലിക്കു" എന്നു പറഞ്ഞാൽ അവൻ ഭ്രാന്തനാണെന്നു പറയുവാൻ ആർക്കു കഴിയും? എന്തുകൊണ്ടെന്നാൽ അഹിംസോപദേശകൻ മറെറാരുപ്രകാരത്തിൽ ഇത്രമാത്രമാണു" പറയുന്നതു": "പാപം പരിവർജ്ജിക്കു, യാതൊരു വസ്തു യാതൊരുവന്റേതാണോ അതു" അവനുതന്നെ കൊടുക്കു."

"തേനത്യക്തേന ഭുഞ്ജീഥാഃ; മാ ഗൃധഃ കസ്യസ്വിദ്ധനം." ധർമ്മത്തോടുകൂടി നടക്കുക, എന്നാൽ പാപം പോകും. ധർമ്മംതന്നെ രക്ഷിക്കുവാൻ ശക്തമാകുന്നു. പേടിക്കരുതു" പേടിപ്പിക്കയുമരുതു".

ഇന്നത്തെ ഭയങ്കരമായ യുദ്ധത്തിന്റെ പ്രവാഹം സ്വാ
ർത്ഥത്തിൽ നിന്നാണല്ലൊ. സ്വാർത്ഥസംയമനമാണ് ധർമ്മ
സ്വീകാരത്തിന്റെ അർത്ഥംതന്നെ. ധർമ്മത്തെ അംഗീകരിച്ച
തിനുശേഷം യുദ്ധം എവിടെ? ഹിംസ എവിടെ?

ജനങ്ങൾ ചോദിക്കുന്നു, "എന്നാൽ ഇതു ആർക്കാണു സ
മ്മതിക്കുവാൻ കഴിയുക" എന്നു. വേണ്ട എന്നാൽ ഇതുകൊണ്ടു
പാപം ചെയ്യു, കളവുനടത്തു, അസത്യം പറയു, വ്യഭിചരിക്കു
എന്നു പറയാമോ? ഗീതാകാരനെക്കുറിച്ചും ഇതേ ആക്ഷേപം
ഈ വിവാദതല്പരന്മാർക്കു കൊണ്ടുവരാവുന്നതാണു.

ഔദ്ധത്യത്തിന്റെ പരമകാഷ്ഠയാണു അഹിംസ. അതു
ഒരിക്കലും ഭീരുത്വത്തിന്റെ പേരല്ല. സംപൂർണ്ണമായ ഭയരാ
ഹിത്യത്തിൽനിന്നു മാത്രമാണു അഹിംസ ഉല്പാദിക്കാവുന്നതു.
ആരാണു് അത്യന്തം ശൂരൻ അവനേ അത്യന്തം നിർഭയനും
ആയിരിക്കുവാൻ കഴിയു. പ്രമാദവും നിർഭയത്വവും രണ്ടും
രണ്ടാകുന്നു. ഭയത്തിന്റെ ജ്ഞാനംതന്നെ ഇല്ലാതാക്കുന്ന ല
ഹരി എങ്ങിനെയാണു നിർഭയത്വമായിത്തീരുക? ഭയം അ
സന്നമായിരിക്കുമ്പോഴും നിർഭയനായിരിക്കുന്നവനാണു പരമ
ശൂരൻ, അവൻ തന്നെയാണു അഹിംസാവാദി.

ശത്രുവും ആരോഗ്യവാനും ആയ ഒരു പിതാവിനെ
അറിവില്ലാത്ത ഒരു പുത്രൻ ക്രോധംകൊണ്ടു അടിക്കുന്നു എ
ങ്കിൽ, ആ പിതാവു കോപിക്കുന്നില്ല. പകരം അടിക്കുന്ന
തിനു അദ്ദേഹത്തിന്റെ ഹിംസാവൃത്തി ഉണരുന്നുമില്ല. എ
ന്നാൽ ശത്രുതനായ ഒരു മനുഷ്യനാണു അടിക്കുന്നതെങ്കിൽ
ക്രോധം വരുകയും ഹിംസാശീലം ഉണരുകയും ചെയ്യുന്നു
ബാലൻ അടിച്ചപ്പോഴും പിതാവു നിർഭയനായിരുന്നു.
പക്ഷെ, സമവയസ്സന്റെ പ്രഹരം ഭയം ഉളവാക്കി. അതു
കൊണ്ടാണു ഇങ്ങനെ സംഭവിക്കുന്നതു.

അഹിംസയും ഭയവും വേർപിരിയാത്ത ചങ്ങാതിക
ളാണു. ഭയത്തിൽനിന്നു ഹിംസ, ഭയാഭാവത്തിൽനിന്നു
അഹിംസ. ഹിറ്റ്ലറും ചർച്ചിലും അന്യോന്യം ഭയപ്പെ

ട്ടുന്നു. ഈ വീക്ഷണഗതി അവലംബിക്കുമ്പോൾ രണ്ടുപേക്ഷ മില്ല ശ്രേയസ്സും. രണ്ടുപേരും അതുകൊണ്ട് ഹിംസയുടെ സാമ്രാജ്യവും ആകുന്നു. ശ്രേയസ്സിന്റെ അങ്ങേ അറ്റത്തെ അവസ്ഥയാണ് പാരവശ്യം.

ഒരു സംഗതികൂടി. ഒരു പ്രാണിയുടെ നിഗ്രഹംകൊണ്ടു മാത്രം ഹിംസയാകുന്നില്ല. നമുക്ക് ഇങ്ങനെയുള്ള ഒരു ഭ്രാന്തനെ പ്പറ്റി സങ്കല്പിക്കാം. അവന്റെ കയ്യിൽ ഒരു യന്ത്രത്തോക്ക് പെടുകയും അവൻ ഭ്രാന്തനായിത്തന്നെയിരിക്കുകയും ആണെങ്കിൽ അനേകായിരം മനുഷ്യരുടെ രക്തം ചൊരിയും. ഇങ്ങനെയുള്ള വ്യാപാരം ഹിംസയാണെന്നു പറയാൻവയ്യ. ദ്വേഷം ഇല്ലാതെ സമബുദ്ധിയോടുകൂടി ലോകമംഗളത്തിനുവേണ്ടി ചെയ്യുന്ന നിഗ്രഹവും ഹിംസയാകുന്നില്ല. പോളണ്ടിന്റെ സ്വദേശരക്ഷയ്ക്കുവേണ്ടിയുള്ള യുദ്ധത്തെക്കുറിച്ചെഴുതിയ സമയത്തു ഗാന്ധിജി പറഞ്ഞു: "പോളണ്ടിൽ സ്വാതന്ത്ര്യാഗ്രഹത്തിന്റെയും ശ്രേയസ്സിന്റെയും പരമാവസ്ഥയുണ്ടെങ്കിൽ ആ രാജ്യം ഹിംസവഴിക്കാണു് ആത്മരക്ഷ ചെയ്തതെന്നു ലോകം വിസ്മരിക്കും. പോളണ്ടിന്റെ ഹിംസ ഏകദേശം അഹിംസയായിത്തന്നെ ഗണിക്കാം."

എന്തുകൊണ്ടാണ് അതു? ഗാന്ധിജി ഏതാനുംദിവസം മുമ്പു ചില ജിജ്ഞാസുക്കളുടെ മുമ്പിൽ ഒരു മൗലികമായ രീതിയിൽ ഈ വിവേചനം സുഷ്ഠമാക്കിയിട്ടുണ്ട്. അതും സംപൂർണ്ണമല്ലെന്നാണ് എന്റെ വിചാരം; ആവാനും നിവൃത്തിയില്ല. ഒരേ തരത്തിലുള്ള കർമ്മം ഒരു സമയത്തു ധർമ്മം, മറ്റൊരു സമയത്തു അധർമ്മം, ഇങ്ങനെ വരാം. ഒരു കർമ്മം ധർമ്മമാണോ എന്നുള്ളതിന്റെ നിർണ്ണയമാകട്ടെ സ്വയം ചെയ്യുന്നതാകുന്നു. എന്നാൽ പോളണ്ടിന്റെ ഹിംസ മിക്കവാറും അഹിംസയാണെന്ന വാദം കുഴപ്പമുണ്ടാക്കുവാൻ മതി. എങ്കിലും ഇതിൽ അസാംഗത്യം ഇല്ല.

ഈ വിശകലനങ്ങളെല്ലാംകൊണ്ട് അഹിംസയുടെ ശുദ്ധമായ സ്വരൂപവും അതിന്റെ പ്രായോഗികതയും നമുക്ക് സുഗ്രഹമായിരിക്കുമല്ലൊ.

5

ഗാന്ധിജിയിൽ എപ്പോഴാണ് അഹിംസാശീലം ഉന്മിഷിതമായത്, രാജ്യതന്ത്രത്തിലും സാമൂഹ്യനീതിയിലും പരസ്പരവ്യവഹാരത്തിലും ഇതിന്റെ പ്രയോഗം എങ്ങനെ ആരംഭിച്ചു, ഇതിന്റെ ഗുണങ്ങളിൽ എപ്പോഴാണ് ശ്രദ്ധ ഭവിച്ചത് എന്നു പറയുവാൻ വളരെ പ്രയാസമാണ്. യാദൃച്ഛികമായി കടന്നുകൂടിയതെന്നു നമുക്കു തോന്നുന്നപല വിഷയങ്ങളും, വാസ്തവത്തിൽ കാലംകൊണ്ടു പതുക്കെപ്പതുക്കെതഴച്ചു വളർന്നിട്ടുള്ളതാണെന്നു നമുക്കു കാണാം. ഗുണങ്ങളുടെ ബീജം നമ്മുടെ ഹൃദയത്തിൽ കിടക്കുന്നു. അതു ക്രമത്തിൽ മുളക്കുന്നു. പൊട്ടിത്തഴച്ചു വളരുന്നു. ഇങ്ങനെതന്നെയാണ് ഓരോ ഗുണങ്ങളുടെ കഥ.

ബാല്യം മുതൽക്കുതന്നെ ഗാന്ധിജിയുടെ മനസ്സിൽ സത്യത്തിനേറെയും അഹിംസയുടേയും ചിത്രത്തിന്റെ ഒരു മായാത്ത സ്ഫുലരൂപം പതിഞ്ഞിരുന്നു എന്നു കാണാം. അതിബാല്യത്തിൽ ഗാന്ധിജി ഒരു സ്നേഹിതന്റെ സഹവാസംകൊണ്ടു അധർമ്മം ധർമ്മമാണെന്നും മാംസാഹാരം സമുദായത്തിനു ലാഭമാണെന്നും കരുതി സ്വയം മാംസം ഭക്ഷിക്കുവാൻ തുടങ്ങി. മാംസാഹാരം ചെയ്തിരുന്നതു് ശ്രദ്ധയായിട്ടായിരുന്നതിനാൽ അതു് ദേഹത്തിനു് അത്ര മർമ്മഭേദകമായിട്ടാണ് തോന്നിയതു്. അതിൽ അസത്യമുണ്ടായിരുന്നു. മാംസം അദ്ദേഹത്തിനു ആസ്വാദ്യമായും തോന്നിയില്ല. എന്നാൽ ഒരു ദോഷത്തിൽ നിന്നു് മറെറാരു ദോഷം വന്നുകൂടുന്നു. അതോടുകൂടി ഒളികവലിയും ആരംഭിച്ചു. അതിനു കാശു വേണം, വീട്ടിൽ നിന്നു കട്ടുതുടങ്ങി. അപ്പോഠം ഈ കായ്യം അസഹ്യമായിത്തീർന്നു. അവസാനം സകല സംഗതിയും പിതാവിനെ ബോധിപ്പിച്ചു ക്ഷമായാചനം ചെയ്യണമെന്നു തീരുമാനിച്ചു. അതു പിതാവിനു എത്ര വലിയ ഒരു ആഘാതം ആയിരിക്കും എന്നു അറിഞ്ഞുകൂടാ. അതായിരുന്നു ഗാന്ധിജിയുടെ ഭയം. എന്നാൽ അദ്ദേഹം എല്ലാം എഴുതി പിതാവിന്റെ കയ്യിൽ സമർപ്പിച്ചു. പിതാവു് അതു വായിച്ചിട്ടു് തേങ്ങിത്തേങ്ങിക്കരഞ്ഞു. ഗാന്ധിജിക്കും

കരച്ചിൽ വന്നു. പിതാവിന്റെ ഈ കണ്ണുനീർ ഹൃദയവേദന കൊണ്ടുണ്ടായ ദുഃഖത്തിന്റെ പരിണതഫലമോ, പുത്രൻ സത്യത്തെ ആശ്രയിച്ചതുകൊണ്ടുള്ള ആനന്ദത്തിന്റെ ഫലമോ എന്നു് ആർക്കു പറയാം? "എനിക്കറിഞ്ഞുകൂടാ ഇതു് അഹിംസയുടെ പ്രാഭാവമായിരുന്നു. ആ സമയത്തു് എനിക്കു് അഹിംസയെക്കുറിച്ചു യാതൊരു അറിവും ഉണ്ടായിരുന്നില്ല. എന്നാൽ ഇതു എന്റെ ഒരു കേവലമായ അഹിംസയായിരുന്നു എന്നു് ഇന്നു ഞാൻ അറിയുന്നു." പിതാവു ക്ഷമിച്ചു, ഗാന്ധിജി ഈ ദുർമ്മാർഗ്ഗങ്ങളെ ഉപേക്ഷിക്കയും ചെയ്തു. പിതാവിന്റെയും പുത്രന്റെയും ഹൃദയഭാരം ചുരുങ്ങി.

ഈ സംഭവംകൊണ്ടു് ഗാന്ധിജിയുടെ വിചാരങ്ങളിൽ എന്തെല്ലാം പരിവർത്തനങ്ങളാണു് ഉണ്ടായതെന്നു വിവരിക്കുക വിഷമമാണു്. എന്നാൽ ഇവിടെനിന്നാണു് അഹിംസയുടെ ബീജം മുളയെടുത്തതെന്നു തോന്നുന്നു. ഗാന്ധിജി വെറും ഒരു കുട്ടിയായിരുന്ന അക്കാലത്തു്. ഇംഗ്ലണ്ടിലേക്കു പുറപ്പെട്ട മോഹാകട്ടെ അദ്ദേഹത്തിനു പ്രായപൂർത്തി വന്നിരുന്നു. പിതാവു് അന്നു ജീവിച്ചിരുന്നില്ല. അന്യരാജ്യത്തു്, എന്തു ക്ലേശം സംഭവിച്ചാലും മാംസവും മദ്യവും ഉപയോഗിക്കുകയില്ല എന്നു് മാതാവിനോടു പ്രതിജ്ഞ ചെയ്തിട്ടാണു് യൂറോപ്പിലേക്കു പുറപ്പെട്ടതു്. എന്നാൽ ഇതുകൊണ്ടു മാത്രം സജാതീയരായ ബന്ധുക്കൾക്കു് എങ്ങനെ സന്തോഷമാവും? അവർ അദ്ദേഹത്തിന്റെ യാത്ര മുടക്കുവാൻ ശ്രമിച്ചു. അവിടെ ധർമ്മഭ്രഷ്ടനായി ഭവിച്ചേക്കാം എന്നു അവർ ഭയം പ്രദർശിപ്പിച്ചു. "എന്നാൽ ഭക്ഷിക്കരുതാത്തതു ഭക്ഷിക്കുകയില്ല എന്നു ഞാൻ സത്യം ചെയ്തിട്ടുണ്ടു്" എന്നായിരുന്ന ഗാന്ധിജിയുടെ വാക്കു്. സ്വജനം അതുകൊണ്ടു സന്തുഷ്ടരായില്ല. അദ്ദേഹത്തെ അവർ കൂട്ടത്തിൽ നിന്നും പുറത്താക്കി.

ഗാന്ധിജി ഇംഗ്ലണ്ടിലേയ്ക്കു പോയി. തന്റെ പ്രതിജ്ഞയിൽ അചഞ്ചലമായ നിഷ്ഠയോടുകൂടിയാണു് അദ്ദേഹം വർത്തിച്ചിരുന്നതു്. മടങ്ങിയപ്പോൾ ജാതിബഹിഷ്കാരം അദ്ദേഹത്തിന്റെ മുമ്പിൽ മുഖം കാണിക്കാതിരുന്നില്ല. "വീണ്ടും

ജാതിയിലേയ്ക്ക പ്രവേശിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ടായിരുന്നില്ല. ആ വിധികർത്താക്കളോട് ദ്വേഷവും തോന്നിയില്ല. അവക്ക് എന്നോട് വിരോധമായിരുന്നു. എന്നാൽ ഞാൻ അവരുടെ മനസ്സിനെ ഒരിക്കലും ക്ലേശിപ്പിച്ചില്ല. ഇതുമാത്രമല്ല ജാതിഭ്രംശത്തിന്റെ സകല നിയമങ്ങളേയും തീവ്രമായ ശ്രുതത്തിൽ തന്നെ ഞാൻ പാലിച്ചു, അതായത് ഞാൻ എന്റെ ബന്ധുക്കളോടൊരുമിച്ചുള്ള പന്തിഭോജനം സ്വയം വേണ്ടെന്നുവെച്ചു. എന്റെ ശത്രുരൂഹക്കാക്കും സ്വാലനും എന്നോട്കൂടി ക്ഷേണപാനാദികളും ചെയ്യണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല, എന്നാൽ ആരുംകാണാതെ അങ്ങിനെ ചെയ്യുന്നതിന് എനിക്ക് ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് ഞാൻ അടുത്ത ബന്ധുക്കളൊരുമിച്ച് വെള്ളം കുടിക്കുന്നതുപോലും നിർത്തി. ഈ പെരുമാറ്റം കൊണ്ട് ജാതിവാദികളും എന്നെ പുറംതള്ളിയെങ്കിലും അവക്ക് എന്നോട് സ്നേഹം വർദ്ധിക്കയാണ ചെയ്തത്. മറ്റു കാര്യങ്ങളിൽ എനിക്ക് വേണ്ടുവോളം അവർ സഹായം നൽകി. എന്റെ അഹിംസ കൊണ്ടാണ് ഇങ്ങനെ ശുഭമായി പരിണമിച്ചത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്."

ആഫ്രിക്കയിൽ ഗാന്ധിജി ഏകദേശം ഇരുപതു സംവത്സരം കഴിച്ചുകൂട്ടി. ഒരു സാധാരണമായ കാര്യത്തിനുവേണ്ടി വക്കീലിന്റെ നിലയിലാണ് പോയിരുന്നത്; എന്നാൽ അവിടെ കുടിയേറ്റക്കാരോട് വെള്ളക്കാർക്കുണ്ടായിരുന്ന വെറുപ്പ് അത്ര ദുസ്സഹമായി തോന്നിയതുകൊണ്ട് ഗാന്ധിജിക്ക് കേവലം സേവനത്തിനുവേണ്ടി കുറെക്കാലം അവിടെതന്നെ താമസിക്കേണ്ടിവന്നു. പിന്നെയും തന്റെ നാട്ടുകാർ അദ്ദേഹത്തെ അവിടെ നിന്നു പോകുവാൻ അനുവദിച്ചില്ല. ഓരോന്നു ചെയ്തുകൊണ്ട് ഇരുപതൊന്നു സംവത്സരം അവിടെത്തന്നെ ഗാന്ധിജി കൂടി. ഈ അവസരത്തിൽ അദ്ദേഹത്തിനു ധാരാളം പൊരുതേണ്ടിവന്നു. എന്നാൽ അഹിംസയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ശ്രദ്ധ അനന്യസാധാരണമായിത്തീരുകയാണ ചെയ്തത്. അഹിംസയെ വലിയ തോതിൽ പ്രയോഗിച്ചു. അതു സഫലമായിട്ടാണ് തീർന്നത്. അദ്ദേഹത്തിന്റെ വിപക്ഷികൾക്ക് ഹൃദയപരിവർത്തനം വന്നു. ജനറൽ സ്മട്സുമായി ഇട

യേണ്ടിവന്നു. അവസാനത്തിൽ അദ്ദേഹം മിത്രമായിത്തീർന്നു. രണ്ടാമത്തെ വട്ടമേശസമ്മേളനത്തിനു് ഗാന്ധിജി ഇംഗ്ലണ്ടിൽ പോയിരുന്നപ്പോൾ സൂട്ട്സ് അവിടെയുണ്ടായിരുന്നു. "എന്നെക്കൊണ്ടു് എന്തെങ്കിലും ഉപയോഗമുണ്ടെങ്കിൽ താങ്കൾക്കു് അതു് എന്നിൽനിന്നു നിസ്സങ്കോചം പ്രതീക്ഷിക്കാം" എന്നു് അദ്ദേഹം അറിയിച്ചു. ഗാന്ധിജി ആ സഹായം കുറച്ചൊക്കെ ഉപയോഗപ്പെടുത്തുകയും ചെയ്തു.

അഹിംസാത്മകമായ ഉപായം കൊണ്ടു് എങ്ങനെയാണു് ശത്രുവിനെ മിത്രമാക്കിത്തീർക്കുന്നതു" എന്നുള്ളതിനു് ഉജ്വലമായ ഉദാഹരണം ഗാന്ധിജിയുടെ ഇരുപത്തൊന്നു സംവത്സരത്തെ ആഫ്രിക്കയിലെ തപശ്ചര്യ നൽകുന്നുണ്ടു്. ഗാന്ധിജി അവിടെ സൂക്ഷ്മതയോടുകൂടി അഹിംസാവ്രതം രക്ഷിച്ചു. പ്രഹരം, ശകാരം, കാരാഗൃഹവാസം—എല്ലാ തരത്തിലുള്ള കഷ്ടപ്പാടുകളും അനുഭവിച്ചു. എന്നാലും ശത്രുക്കളോടു് ഒരിക്കലും കോപിച്ചില്ല. ധൈര്യം ഉപേക്ഷിച്ചില്ല, സ്ഥൈര്യം വെടിഞ്ഞില്ല. എന്നാൽ ക്രോധം ഉപേക്ഷിച്ചു. പൊരുതിക്കൊണ്ടേ ഇരുന്നു. അവസാനം ഫലമുണ്ടായി. "അഹിംസാ പ്രതിഷ്ഠായാം തൽ സന്നിധൌ വൈരത്യാഗഃ" എന്നുണ്ടല്ലൊ.

ആഫ്രിക്കയിൽ കറുത്തവർക്കാരും വെള്ളക്കാരും തമ്മിലുള്ള ഭേദം ഇത്രത്തോളം ഗൌരവമുള്ളതായിരുന്നു. കൃഷ്ണവർണ്ണനാക്കു"—ഈ കൂട്ടത്തിലാണു് ഭാരതീയരെ ഉൾപ്പെടുത്തിയിരുന്നതു"—പാതയിൽകൂടി നടക്കുവാൻപോലും വിഷമമായിരുന്നു. രാത്രിയിൽ നിശ്ചിതസമയത്തിനുശേഷം ഗൃഹത്തിൽനിന്നു പുറത്തിറങ്ങുവാൻ അനുവാദമുണ്ടായിരുന്നില്ല. ഗാന്ധിജി ലാത്തുവാൻ പോവുക പതിവുണ്ടു്. സമയം നോക്കാതെ ചുറ്റിനടക്കും. ഒരുദിവസം പ്രസിഡണ്ടു ക്രൂഗരുടെ വസതിയുടെ മുമ്പിൽകൂടി പോകുമ്പോൾ പാറാവുകാരൻ പെട്ടെന്നു് ഇദ്ദേഹത്തെ പ്രഹരിച്ചു പാതച്ചാലിൽ വീഴിച്ചു. മുകളിൽ നിന്നു പിന്നേയും ചവിട്ടി. ഗാന്ധിജി മിണ്ടാതെ അതെല്ലാം കൊണ്ടതേയുള്ളു. അല്പം പോലും ക്രോധം ഉണ്ടായില്ല.

അദ്ദേഹത്തിന്റെ മിത്രമായ ഒരു വെള്ളക്കാരൻ സമീപത്തുകൂടി പോകുമ്പോൾ ഈ സംഭവം കണ്ടു. ആ മനുഷ്യനു ദേഷ്യം വന്നു. അയാൾ പറഞ്ഞു: "ഗാന്ധിജീ അതൊക്കെ ഞാൻ കണ്ടു. അങ്ങു് ഇവന്റെ പേരിൽ കോടതിയിൽ കേസ്സു കൊടുക്കു. ഞാൻ സാക്ഷിയായി നിങ്ങൾക്കു വേണ്ട സഹായം ചെയ്യാം. അങ്ങയോടുള്ള ഈ നിന്ദ്യമായ പെരുമാറ്റത്തെക്കുറിച്ചു എനിക്കു ദുഃഖം തോന്നുന്നു." ഗാന്ധിജി പറഞ്ഞു: "നിങ്ങൾ വ്യസനിക്കരുതു്. വ്യക്തിഗതമായ അന്യായത്തിനു് പ്രതികാരംചെയ്യാൻവേണ്ടി കോടതിയെ ശരണം പ്രാപിക്കയില്ലെന്നാണു് എന്റെ വ്രതം. ഈ സാധുവായ മൂഢൻ എന്തു ചെയ്യട്ടെ? ഇവിടത്തെ അന്തരീക്ഷം ഈദൃശമാണു്. ഞാൻ ഇവന്റെ മേൽ കേസ്സു് നടത്തണമെന്നു വിചാരിക്കുന്നില്ല." അതിനുശേഷം ആ പാറാവുകാരൻ ഗാന്ധിജിയോടു ക്ഷമായാചനം ചെയ്തു.

പിന്നെയും ഇങ്ങനെ അനവധി സംഭവങ്ങൾ ഉണ്ടായി. ഇടയ്ക്കു കുറച്ചുദിവസം സ്വദേശത്തുവന്നു താമസിച്ചിട്ടു ഗാന്ധിജി ആഫ്രിക്കയിലേയ്ക്കു മടങ്ങി. അപ്പോൾ അവിടത്തെ വെള്ളക്കാരായ പത്രപ്രവർത്തകന്മാർ അദ്ദേഹത്തെപ്പറ്റി പല അസത്യങ്ങളും പത്രങ്ങളിൽ പൊടിപ്പും തൊങ്ങലും ചേർത്തു എഴുതുകയും പാശ്ചാത്യജനതയെ പ്രക്ഷോഭിപ്പിക്കയും ചെയ്തിരുന്നു. കപ്പലിൽനിന്നു ഗാന്ധിജി ഇറങ്ങുവാനുള്ള സമയമായി. വെള്ളത്തൊലിക്കാർ ഇദ്ദേഹത്തോടുള്ള വിരോധം വേണ്ടുവോളം പ്രദർശിപ്പിച്ചു. ഇറങ്ങുന്നതു് ആപല്ക്കരമാണു്, രാത്രി പോവുകയായിരിക്കും നല്ലതു് എന്നു പോലീസുകാരും ചില സ്നേഹിതന്മാരും അദ്ദേഹത്തെ അറിയിക്കാതിരുന്നില്ല. "വെള്ളക്കാർ അങ്ങയെ അടിച്ചാൽ അങ്ങു് അഹിംസകൊണ്ടു് അവരെ എങ്ങനെ പ്രതിരോധിക്കും? എന്നു കുപ്പിത്താൻ ചോദിച്ചപ്പോൾ ഇങ്ങനെയാണു് സമാധാനം നൽകിയതു്: "ഈശ്വരൻ എനിക്കു് ക്ഷമിക്കുവാനുള്ള ബുദ്ധിയും ശക്തിയും തരും. എനിക്കു് അവരിൽ ക്രോധം ഉണ്ടാവില്ല. അവർ അജ്ഞാനത്തിന്റെ ഇരയാണല്ലൊ. ഞാൻ നിന്ദ്യനാണെന്നാണു്

അവർ ധരിച്ച വശായിരിക്കുന്നതു്. അവർ എന്തു ചെയ്യും? അവരോടു് എങ്ങനെ ഞാൻ കോപിക്കും?"

ഗാന്ധിജി ഒടുവിൽ കപ്പലിൽ നിന്നും ഇറങ്ങി. മിത്രമായ ഒരു പാശ്ചാത്യൻ ഗാന്ധിജിയെ രക്ഷിക്കാൻ അനുമതിച്ചിരുന്നു. യാതൊരു ഭീരുത്വവും ഇല്ലെന്നു സൃഷ്ടമാക്കുവാൻ വേണ്ടി അവർ കാൽനടയായി വീട്ടിലേയ്ക്കു പോകുവാൻ നിശ്ചയിച്ചു. വെള്ളക്കാർക്കു അവരെ കണ്ടപ്പോൾ ക്രോധം അങ്ങേ അറ്റത്തു എത്തുകയാണു ചെയ്തതു്. ജനങ്ങൾ തിക്കിത്തിരക്കുടി. മുമ്പോട്ടുപോകുവാൻ വിഷമമായി. ആൾക്കൂട്ടം ആ മിത്രമായ വെള്ളക്കാരനെ പിടിച്ചു ഗാന്ധിജിയിൽനിന്നും അകറ്റിനിർത്തി. അതിനുശേഷം കല്ലും കട്ടയും ചീഞ്ഞ മുട്ടയും വർഷിച്ചുതുടങ്ങി. ഗാന്ധിജിയുടെ തലപ്പാവു് വലിച്ചു ചീന്തിക്കളഞ്ഞു. ലാത്തികൊണ്ടു് അടിക്കാൻ തുടങ്ങി. ഗാന്ധിജി ബോധരഹിതനായിത്തീർന്നു. എന്നിട്ടും അടി നിർത്തിയില്ല! അദ്ദേഹം ജീവിച്ചിരിക്കണമെന്നായിരുന്നു ഈശ്വരേച്ഛ. അടുത്തുകൂടി പോയിരുന്ന പോലീസു് സൂപ്രണ്ടിന്റെ ഭാര്യ ആ സംഭവം കണ്ടു. ആ സ്ത്രീ ആൾത്തിരക്കിൽ എത്തികടന്നിവർത്തി അദ്ദേഹത്തെ രക്ഷിക്കാൻ നിന്നു. ജനസമൂഹം ഭയാക്രാന്തമായി. ഇതിനിടയിൽ പോലീസു് സൂപ്രണ്ടു് സ്വയം അവിടെ എത്തി. അദ്ദേഹത്തെ രക്ഷിച്ചുകൊണ്ടുപോയി. ഗാന്ധിജി രക്ഷപ്പെട്ടു.

സംരംഭം ശാന്തമായപ്പോൾ ജനങ്ങൾക്കു് പാശ്ചാത്താപം തോന്നിയിരിക്കാൻ ഇടയുണ്ടു്. ബ്രിട്ടീഷു് ഗവൺമെണ്ടു് ആഫ്രിക്കാ ഗവൺമെണ്ടിനോടു് ആ തെമ്മാടികളെപ്പിടിച്ചു ശിക്ഷിക്കണമെന്നു ഉപദേശിച്ചു. "എനിക്കു് ആരോടും വിരോധമില്ല. സത്യം പ്രത്യക്ഷമാകുമ്പോൾ എന്നെ ഉപദ്രവിച്ചവർ സ്വയം പാശ്ചാത്തപിക്കും. ആരേയും ശിക്ഷിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല." എന്നായിരുന്നു ഗാന്ധിജിയുടെ സമാധാനം. ഇന്നാകട്ടെ ഗാന്ധിജിയെ ആരെങ്കിലും പ്രഹരിച്ചുവെന്നോ ശകാരിച്ചുവെന്നോ സങ്കല്പിക്കുന്നതുപോലും നമുക്കു അസഹ്യമാകുന്നു.

ഒന്നര കൊല്ലം മുമ്പ് നടന്ന ഒരു സംഗതിയാണ്. ഇന്നി. ഗാന്ധിജി ബിൽഹിയിൽ ലക്ഷ്മീനാരായണക്ഷേത്രം ഉൽഘാടനം ചെയ്യുകയായിരുന്നു. ഏകദേശം ഒരു ലക്ഷം ജനങ്ങൾ തിങ്ങിക്കൂടി. എല്ലാ വീഴവാനുള്ള പഴുതുകൂടി ഉണ്ടായിരുന്നില്ല. വളരെ പ്രയാസപ്പെട്ടിട്ടാണ് ഉൽഘാടനം ചെയ്യുന്നതിനു് ക്ഷേത്രാന്തർഭാഗത്തു് എത്തിയതു്. ബഹിർഭാഗത്തു് ആളുകളുടെ തലയല്ലാതെ കാണ്മാനുണ്ടായിരുന്നില്ല. മരക്കൊമ്പുകളിൽപോലും ആളുകൾ തിക്കിക്കൂടിയിരുന്നതിനാൽ അവ ഒടിഞ്ഞുവീഴുമോ എന്നു തോന്നിയിരുന്നു. ജനസമൂഹം ആ മഹാപുരുഷന്റെ ദർശനം അതൃൽക്കണ്ഠയോടുകൂടി പ്രതീക്ഷിക്കയായിരുന്നു. ഗാന്ധിജി ക്ഷേത്രത്തിന്റെ മേൽത്തട്ടിൽ കയറി ജനങ്ങൾക്കു ദർശനം നല്കി. ഒരു നിമിഷം മുമ്പുകൂടി ജനങ്ങൾ അടക്കമില്ലാതെ കോലാഹലംകൂട്ടിയിരുന്നു. എന്നാൽ ഗാന്ധിജി മേൽത്തട്ടിൽ വന്നു കൈകൂപ്പി കേവലം മൌനമായിട്ടു നിന്നപ്പോൾ അവരുടെ എല്ലാ കോലാഹലങ്ങളും അടങ്ങി. അനേകസഹസ്രം കണ്ണുകളിൽനിന്നു് ഒരേ ഒരു സ്വരം ആകാശമണ്ഡലത്തെ ഭേദിച്ചുകൊണ്ടു് ഉയർന്നു— "മഹാത്മാ ഗാന്ധികീ ജയ്!" (മഹാത്മാ ഗാന്ധി ജയിക്കട്ടെ.)

ഈ കാഴ്ച ചിന്തകന്മാരായ സങ്കൽകന്മാർക്കു തൊണ്ട ഇടറിച്ച ഉണ്ടാക്കി. എനിക്കു മിണ്ടാൻ വയ്യാതായിപ്പോയി. ഞാൻ ചിന്താപ്രവാഹത്തിൽ ഒലിക്കുകയായിരുന്നു. ഏതൊരു മനുഷ്യനാണ് അദ്ദേഹം! കൃശശരീരൻ, അല്പനാണു്, ഇത്രവളരെ ആളുകളെ മോഹിപ്പിക്കുന്നു. ഏതു പോരെയാണു് ഉന്മത്തന്മാരെപ്പോലെയാക്കുന്നതു്! ആ ജനസമൂഹത്തിൽ പത്തുപേർ പോലും അദ്ദേഹത്തോടു് ഒരിക്കലെങ്കിലും സംസാരിച്ചിട്ടുള്ളവരായിട്ട ഒരു പക്ഷേ ഉണ്ടായിരിക്കയില്ല. എന്നാലും ദർശനമാത്രത്താൽ തന്നെ എല്ലാവരും ഉന്മത്തന്മാരെപ്പോലെയായി. മരക്കൊമ്പുകളിൽ കൂടിയിരുന്ന അനേകായിരം മനുഷ്യർ അവരുടെ രക്ഷയെക്കുറിച്ചുതന്നെ ചിന്തിച്ചിരുന്നോ എന്നു സംശയമാണു്. അവരും മഹാത്മാഗാന്ധി ജയിക്കട്ടെ എന്ന ഉൽഘോഷത്തിൽ മുഴകിയിരുന്നു. ഒരു മരത്തിന്റെ

ചില്ല തകർന്നു. അതിന്മേൽ അമ്പതു കണക്കിനാണ് ആളുകൾ ഉണ്ടായിരുന്നതു്. കട, കട, എന്ന ശബ്ദത്തോടുകൂടി കൊമ്പു നിലം പതിച്ചു. എന്നാൽ മുകളിലിരുന്നവരാകട്ടെ ആ ജയാരംസയിൽ തൽപരരായിട്ടാണ് വർത്തിച്ചിരുന്നതു്. ആക്രമം തന്നെ സജീവാപായത്തെപ്പറ്റി വിചാരമുണ്ടായിരുന്നില്ല. കൊമ്പു താഴെ വീണു; ആക്രമം പരുക്കുപറ്റിയില്ല. "ഗാന്ധിജി ജയിക്കട്ടെ" എന്നു വിളിച്ചുപറഞ്ഞിരുന്നവർ അദ്ദേഹത്തെക്കുറിച്ചു എത്രമാത്രം ഭ്രാന്തുപിടിച്ചിരുന്നു എന്നു ഈ ഒരു രംഗം സൂക്ഷ്മമാക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഓരോ രോമത്തിനും വേണ്ടി ജനസമൂഹം പ്രാണത്യാഗം ചെയ്യാൻ ഒരുങ്ങിയാണ് ഇരുന്നതു്. "ഗാന്ധിജിയെ കൊല്ലുക" എന്നു ആജ്ഞവിളിച്ചുകൊണ്ടു ഉന്മത്തരായി പാഞ്ഞിരുന്ന ആ വെള്ളക്കാരുടെ ആ രംഗമോ?

ഗാന്ധിജി രണ്ടാം വട്ടമേശസമ്മേളനത്തിനു് പോയപ്പോൾ അവിടെ ഏകദേശം മൂന്നുമാസം താമസിച്ചു. ചെല്ലുന്നേടത്തൊക്കെ ജനസമൂഹം അദ്ദേഹത്തിന്റെ സ്വഭാവത്താൽ മോഹിതരായതുപോലെയാണ് കാണപ്പെട്ടതു്. ആളുകൾ പ്രേമമൂർച്ഛിതരായിത്തീർന്നിരുന്നു. ഇപ്പോൾ അദ്ദേഹം ആഫ്രിക്കയിൽ പോകുകയാണെന്നിരിക്കട്ടെ. എന്നാലും ഈ പ്രേമംകൊണ്ടു തദ്ദേശവാസികളായ വെള്ളക്കാരും ഉന്മത്തന്മാരായിത്തീരും. പീഡകളും പ്രഹരങ്ങളും ഒക്കെ ഏറ്റിട്ടും ക്ഷമാധർമ്മത്തെ ഉപേക്ഷിക്കാതിരിക്കുന്നതുകൊണ്ടാണ് ഈ പ്രേമപ്രകടനങ്ങളൊക്കെ. ആഫ്രിക്കയിലെ വെള്ളക്കാരുടെ ഉന്മദപ്രകടനം നമ്മുടെ ദൃഷ്ടിയുടെ മുമ്പിൽ വരുമ്പോൾ നമുക്കു കോപം ജനിക്കുന്നു. എന്നാൽ ആ ദൃശ്യം, ആ സംഭവം, അങ്ങിനെയുള്ള അനേകം സംഗതികൾ ആണ് ഇന്നത്തെ ഗാന്ധിജിയുടെ ജീവിതത്തെ ശ്രുവവല്ലരിച്ചിട്ടുള്ളതു്. ക്രിസ്തുവിനെ ശൂലത്തിൽ തറച്ചിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ മാഹാത്മ്യം പ്രകടമാകുമായിരുന്നില്ലല്ലോ. ഗാന്ധിജി ക്ഷമാപൂർവ്വം പ്രഹരങ്ങളെ സ്വീകരിച്ചിരുന്നില്ലെങ്കിൽ, അദ്ദേഹത്തിന്റെ ക്ഷമയുടെ മാറ്റു സഫലമായി പരീക്ഷിക്കുന്നതെങ്ങിനെ?

അദ്ദേഹം മഹാത്മാവാണ്. തന്നെ ഉപദ്രവിച്ചവരെ സ്നേഹിക്കുവാൻ അല്ലെങ്കിൽ കഴിയുമോ? "എന്റെ ഈ ജീവിതസമ്പ്രദായം, എന്നോട് ഇടപെടുന്നവരോടൊക്കെ എനിക്കു മൈത്രി സമ്പാദിച്ചുതരുന്നു. എനിക്കു സാധാരണമായി ശത്രുക്കളുമായി കലഹിക്കേണ്ടിവന്നിട്ടുണ്ട്. തീവ്രമായ ഭാഷപ്രയോഗിക്കേണ്ടതായിട്ടും വന്നുകൂടിയിരുന്നു. എന്നാലും സക്കാരുദ്യോഗസ്ഥന്മാർ എന്നോട് എപ്പോഴും പ്രസന്നതയോടുകൂടിയാണ് വർത്തിച്ചിരുന്നതു്. എന്റെ ഈ പെരുമാറ്റം എന്റെ സ്വഭാവമായി പരിണമിച്ചുകഴിഞ്ഞിട്ടുണ്ടെന്നു അന്നു ഞാൻ അറിഞ്ഞിരുന്നില്ല. മനുഷ്യനും അവന്റെ പ്രവൃത്തിയും രണ്ടാണെന്ന വിവേകം സത്യാഗ്രഹത്തിന്റെ അംശമാണെന്നും അഹിംസയുടെ ധർമ്മമാണെന്നും എനിക്കു പിന്നീടാണ് മനസ്സിലായതു്. നാം ചീത്തപ്രവൃത്തികളെ നിന്ദിക്കണം, നല്ലതിനെ ശ്ലാഘിക്കണം. എന്നാൽ ദുർജ്ജനങ്ങളോട് ദയയോടും സൗമനസ്യത്തോടുംകൂടി അനുരഞ്ജനം വർത്തിക്കയാണ് വേണ്ടതു്. "പാപത്തെ നിന്ദിക്കു, പാപികളെ അരുതു്." എന്ന ഉപദേശം പലർക്കും പരീചിതമാണല്ലൊ. വളരെക്കുറച്ചുപേർ മാത്രമേ അതു പെരുമാറ്റത്തിൽ വീലിക്കുന്നുള്ളുവെന്നുമാത്രം. ഏതൽകാരണത്താലാണ് ലോകത്തിൽ വൈരം എന്ന പേരായ വിഷവൃക്ഷം ഇങ്ങിനെ തഴച്ചു തളിർത്തു പൂത്തുകായ്ച്ചുനിൽക്കുന്നതു്.

"അഹിംസയിലാണ് സത്യത്തിന്റെ അസ്ഥിവാരം. അഹിംസയുടെ ഭിത്തി ഇല്ലെങ്കിൽ സത്യത്തിന്റെ ചിത്രം എഴുതാവുന്നതല്ല എന്ന വിശ്വാസം എനിക്കു നാൾതോറും വർദ്ധിച്ചുവരികയത്രെ. ദുഷ്ടസമ്പ്രദായത്തെ ആക്രമിക്കണം, തകർക്കണം; എന്നാൽ ആ സമ്പ്രദായത്തിന്റെ നിർമ്മാതാക്കളോട് വിരോധം ഭാവിക്കുന്നതു് ആത്മവൈരത്തിനോടു് സദൃശംതന്നെ. നാം എല്ലാം ഒരു സർവ്വശക്തന്റെ സന്താനങ്ങൾ. പുണ്യവാനായാലും പാപിയായാലും നമ്മുടെ ഉള്ളിൽ വ്യാപിച്ചിരിക്കുന്നതു ഒരേ ഈശ്വരൻതന്നെ. അതിനാൽ ഒരു ജീവനെയെങ്കിലും ഉപദ്രവിക്കണമെന്നു വിചാരിക്കുന്നതു ഈശ്വരനിന്ദനമാണ്.

അതു സകല ജീവികളേയും കഷ്ടപ്പെടുത്തുന്നതിനു സദൃശവുമാകുന്നു."

ശ്രീയേശുവിന്റെ അഹിംസയെ സേവനം ചെയ്തിട്ടുള്ള ഒരു വ്യക്തിയുടെയാണ് ഈ വാക്യം.

കാമ ഏഷ ക്രോധ ഏഷ
രജോഗുണ സമുദ്ഭവ:
മഹാശനോ മഹാപാപ്മാ
വിദ്ധ്യേനമിഹവൈരിണം.

ഗീതയിൽ കാമവും ക്രോധവും ഇങ്ങനെ ശത്രുവാണെന്നും അവയെ അങ്ങനെതന്നെ കരുതണമെന്നുമാണ് ഉൽഘോഷിക്കുന്നതു". തിന്മയോടാണ്", തിന്മ ചെയ്യുന്നവരോടല്ല, അവഞ്ഞ വേണ്ടതു". തിന്മ ചെയ്യുന്നവരോടാകട്ടെ, മറെറാരു പ്രകാരത്തിലാകുന്ന ആദർശം.

"മൈത്രീകരുണാ മുദിതോപേക്ഷാണാം, സുഖദുഃഖപുണ്യാ പുണ്യ വിഷയാണാം ഭാവനാച്ചിത്തപ്രസാദനം" ചീത്ത ആളുകളോട്" അതായതു പാപ്പികളോട്" കരുണയും ഉപേക്ഷയുമാണ് ആദേശിച്ചിട്ടുള്ളതു".

6

ഗാന്ധിജി ആഫ്രിക്കയിൽ സ്ഥാപിച്ചിരുന്ന ആശ്രമത്തിന്റെ പേർ "ടാൾസ്റ്റോയ് ഫാറം" എന്നായിരുന്നു. സ്വദേശത്തെയ്ക്കു മടങ്ങിയിട്ട സബർമതിയിൽ സത്യാഗ്രഹാശ്രമം സ്ഥാപിച്ചു. ഇപ്പോൾ സേവാശ്രമത്തിലാണ് ആശ്രമം. ഈ എല്ലാ ആശ്രമങ്ങളിലും തേളിന്റേയും പാമ്പിന്റേയും ഉപദ്രവം ഉണ്ടായതു യാദൃച്ഛികമായ ഒരു സാദൃശ്യംതന്നെ. ഗാന്ധിജി സർപ്പത്തെപ്പോലും സ്വയം കൊല്ലാറില്ല. പാമ്പിനെ കൊ

ല്ലരുതെന്നു ഗാന്ധിജി ശാസിച്ചിട്ടില്ലെങ്കിലും, അദ്ദേഹത്തെ അനുകരിക്കുന്നവരാകയാൽ ആശ്രമവാസികളും അതിൽ വിമുഖന്മാരാണു്.

ഒരിക്കൽ രാത്രിസമയത്തു് സേവാഗ്രാമത്തിലെ ഒരു സഹോദരി തേളിനെ ചവിട്ടി. അതു തീവ്രമായി കൊത്തുകയും ചെയ്തു. ആ സഹോദരി അസഹ്യമായ വേദനയാൽ വിവശയായിട്ടാണു് രാത്രിമുഴുവൻ കഴിച്ചുകൂട്ടിയതു്. ആഫ്രിക്കയിലൊ ഹിന്ദുസ്ഥാനത്തിലൊ ഇന്നുവരെ ആശ്രമത്തിൽ സർപ്പം ആരേയും കടിച്ചിട്ടില്ല. എന്നാൽ ആശ്രമവാസികളുടെ കാലിന്റെ അടുക്കൽക്കൂടി സർപ്പം ഇഴയിടെയായിട്ടു ഇഴഞ്ഞു പോകാറുണ്ടു്. അവർ അവയെ പിടിച്ചു ദൂരെക്കളയുകയാണു് പതിവു്. തേൾ വളരെ പ്രാവശ്യം ആശ്രമവാസികളെ ഉപദ്രവിച്ചിട്ടുണ്ടു്. ഒരു ദിവസം മഹാദേവഭായ് പറഞ്ഞു: "ബാപ്പൂ, അങ്ങു, പാമ്പിനെ കൊല്ലാത്തതുകൊണ്ടു് എപ്പോഴെങ്കിലും അങ്ങയ്ക്കു പശ്ചാത്തപിക്കേണ്ടിവരും. ഇടയിടെയായിട്ടു പാമ്പുകൾ ആശ്രമവാസികളുടെ കാലിൽക്കൂടി ഇഴഞ്ഞുടങ്ങിയിട്ടുണ്ടു്. ഇതുവരെ ആരേയും കടിച്ചിട്ടില്ല; എന്നാൽ എന്തെങ്കിലും അനിഷ്ടസംഭവം പറ്റിയാൽ, ആരെങ്കിലും മരിച്ചാൽ, അങ്ങയ്ക്കു സന്തോഷകരമാവുകയില്ലല്ലോ". "എന്നാൽ, മഹാദേവ്" ഗാന്ധിജി പറഞ്ഞു: "ഞാൻ എപ്പോഴാണു് ആരെങ്കിലും കൊല്ലുന്നതിനു വിലക്കിയിട്ടുള്ളതു്? ഞാൻ കൊല്ലില്ല, അതു പരമാത്മാണു്; എന്തുകൊണ്ടെന്നാൽ എന്റെ ആത്മരക്ഷയ്ക്കുപോലും സർപ്പത്തെ നിഗ്രഹിക്കുന്നതു് ആശാസ്യമായി എനിക്കു തോന്നുന്നില്ല. എന്നാൽ അന്യന്മാരെ ആപത്തിൽപ്പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. അതുകൊണ്ടു് കൊല്ലണമെങ്കിൽ തീർച്ചയായും അങ്ങിനെ ചെയ്യാട്ടെ". എന്നാൽ ഗാന്ധിജി കൊല്ലുകയില്ല; പിന്നെ ആരാണു് കൊല്ലുക?

"നമ്മുടെ ഒരു ആശ്രമത്തിലും ഇന്നുവരെ ഈശ്വരകാരുണ്യത്താൽ ആരേയും വിഷം തീണ്ടിയിട്ടില്ല. എല്ലായിടത്തും പാമ്പുകൾ ധാരാളം ഇല്ലാഞ്ഞിട്ടല്ല. അനർത്ഥങ്ങളൊന്നും വന്നിട്ടില്ലെന്നമാത്രം. ഞാൻ ഇതിൽ കേവലം ഈശ്വരന്റെ

കയ്യാണ്" കാണുന്നതു്. ഈ ശ്രേഷ്ഠമായ കാര്യത്തിൽ തല ഇതു പണ്ണാക്കുവാൻ ഇശ്വരനു അങ്ങയുടെ ആശ്രമവാസികളോടു് വല്ലപ്രതിപത്തിയും ഉണ്ടോ എന്ന തർക്കം ആരും ഇതുവരെ കൊണ്ടുവന്നിട്ടില്ല. വാദിക്കുന്നവർ അങ്ങിനെ ചോദിച്ചോട്ടെ; എന്നാൽ എന്റെ അടുക്കൽ ഈമാതിരിയുള്ള അനുഭവത്തെ വ്യാഖ്യാനിക്കുവാൻ ഇതു് ഈശ്വരന്റെ കയ്യാണ്" എന്നതൊഴികെ മറ്റൊരു ശബ്ദമില്ല. മനുഷ്യന്റെ ഭാഷയ്ക്കു് ഈശ്വരന്റെ ലീലകളെ ബോധിപ്പിക്കുവാൻ കഴിയുമോ? ഈശ്വരന്റെ മായയാകട്ടെ അവർണ്ണനീയമാണു്. ബുദ്ധിക്കു അഗോചരവും ആകുന്നു. എന്നാൽ മനുഷ്യൻ ബോധിപ്പിക്കുവാൻ സാഹസപ്പെടുകയാണെങ്കിൽ, ഒടുവിൽ തന്റെ അസ്പഷ്ടമായ ഭാഷയെത്തന്നെ ശരണംപ്രാപിക്കേണ്ടിവരുന്നു. ആശ്രമത്തിൽ പാമ്പുകടിച്ചു ആരും മരിച്ചിട്ടില്ലെങ്കിൽ അതു കേവലം യാദൃച്ഛികമാണെന്നും അതു ഈശ്വരകാരുണ്യമാണെന്നു പറയുന്നതു ഒരുതരം ഭ്രമം മാത്രമാണെന്നും ആരെങ്കിലും പറയുകയാണെങ്കിൽ, പറഞ്ഞുകൊള്ളട്ടെ. പക്ഷെ ഈ ഭ്രമത്തിലാണു് ഞാൻ ഉറച്ചു നില്ക്കുന്നതു്."

ഗാന്ധിജിയുടെ അഹിംസ ഇപ്രകാരം അഗ്നിപരീക്ഷയിൽ സഫലമായി, ശ്രീരാമഘോഷണംകൊണ്ടു് ഉത്തേജനം ചെയ്യിട്ടുള്ളതാണു്.

7

അഹിംസ സത്യത്തിന്റെ അസ്ഥിവാരമാണെന്നു ഗാന്ധിജി അതിനെപ്പറ്റി സംസാരിക്കുമ്പോഴും, സത്യത്തിൽ ഉന്നിക്കൊണ്ടു മിക്കവാറും പറയുക പതിവാണു്. ആപദ്ധർമ്മമായിട്ടു നമ്മുടെ ശാസ്ത്രങ്ങളിൽ ചില അപവാദങ്ങളും വിധിച്ചിട്ടുണ്ടു്. പണ്ടു് 12 കൊല്ലം ഭയങ്കരമായ ക്ഷാമം ഉണ്ടായപ്പോൾ വിശ്വാമിത്രൻ വിശപ്പുകൊണ്ടു വ്യാകുലനായിട്ടു ഭക്ഷ്യപദാർത്ഥങ്ങൾ അന്വേഷിച്ചു പുറപ്പെട്ടു. ഒരിടത്തുനിന്നും കിട്ടാ

തെയായപ്പോൾ ഒരു ചണ്ഡാലഗ്രാമത്തിൽ ചെല്ലുകയും രാത്രി അവിടെനിന്നു ശുനകമാംസം മോഷ്ടിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. എന്നാൽ മോഷ്ടിക്കുമ്പോൾ ചണ്ഡാലൻ ഉണർന്നു മഹർഷിയോടു ചോദിച്ചു:— "അങ്ങു എന്തുകൊണ്ടാണു" ഈ അധർമ്മം ചെയ്യുന്നതു"?" ആപൽക്കാലത്തു ബ്രാഹ്മണനു മോഷണവും വിഹിതമാണെന്നായിരുന്നു വിശ്വാമിത്രന്റെ യുക്തി.

ആപൽസു വിഹിതം സ്തൈന്യം
വിശിഷ്ടം ച മഹീയസ ഃ
വിപ്രേണ പ്രാണരക്ഷാർത്ഥം
കർത്തവ്യമിതി നിശ്ചയ ഃ

ചണ്ഡാലൻ അദ്ദേഹത്തിനോടു വേണ്ടുവോളം ഉപദേശിച്ചു; അദ്ദേഹം പാപം ചെയ്യുകയാണെന്നു ബോധിപ്പിച്ചു. ഒടുവിൽ വിശ്വാമിത്രൻ കേട്ട കേട്ടു മുഷിഞ്ഞു. അദ്ദേഹം പറഞ്ഞു: "തവളയുടെ പരുഷശബ്ദംകൊണ്ടു പശുക്കൾ സരോവരത്തിലെ വെള്ളം കുടിക്കാതിരിക്കുമോ? നീ ധർമ്മം ഉപദേശിക്കുവാൻ അധികാരിയല്ല; അതുകൊണ്ടു വ്യർത്ഥമായിചിലച്ചതുമതി.

പിബന്ത്യോദകം ഗാവോ
മണ്ഡൂകേഷു രുദൽസ്വപി
ന തേധികാരോ ധർമ്മസ്യ
മാ ഭ്രരാത്മപ്രശംസക ഃ

എനിക്കു ധർമ്മം അറിഞ്ഞുകൂടേ? ജീവിതമുണ്ടെങ്കിൽ ധർമ്മാചരണത്തിനുള്ള ഉപകരണമുണ്ടാവും. ശരീരം ഇല്ലെങ്കിൽ പിന്നെ ധർമ്മം എവിടെ? ഇപ്പോൾ പ്രാണരക്ഷണംതന്നെ ധർമ്മം". ഗാന്ധിജി ഒരിക്കലും ഈ മാതിരി വാദിച്ചിട്ടില്ല. അദ്ദേഹത്തിനു ഈ വാദം ഇഷ്ടവുമല്ല.

ചില കാര്യങ്ങൾ അദ്ദേഹം തന്റെ മനസ്സിനു വിരുദ്ധമായി ചെയ്തിട്ടുണ്ട്. ഒരിക്കൽ പാൽ കുടിക്കുകയില്ല എന്നവ്രതം സ്വീ

കരിച്ചിരുന്നു. ചില വിചാരങ്ങളെ ആസ്പദമാക്കിയാണ് അങ്ങനെ ചെയ്തത്. ബ്രഹ്മചാരിക്കു ഉചിതമായ ഭക്ഷണമല്ല പാൽ. നമ്മുടെ പഴയ ശാസ്ത്രങ്ങളിലൊന്നും ഇല്ലെങ്കിലും ഇതായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. ആ വ്രതം സ്വീകരിച്ചതിനു ശേഷം കൽക്കത്തയിൽ പത്തുപാലന്മാർ കൃത്രിമമായ ഉപകരണംകൊണ്ടു ചുരത്തിച്ചു പത്തുവിനെ കറക്കുന്ന സമ്പ്രദായം പ്രചാരത്തിലിരുന്നതു അദ്ദേഹത്തിന്റെ ദൃഷ്ടിക്കു വിഷയമായി. കുറെക്കാലത്തോളം വ്രതം തുടർന്നു. പെട്ടെന്നു രോഗബാധിതനായി. പലരും പാൽ കുടിക്കണമെന്നു ഉപദേശിച്ചു. പക്ഷെ ഗാന്ധിജി നിരസിക്കുകയാണുണ്ടായതു്. ഗോഖലെ പറഞ്ഞു, ചികിത്സകന്മാർ ഉപദേശിച്ചു. എന്നാൽ ഒന്നുകൊണ്ടും ഇളകിയില്ല. പിന്നെ രണ്ടാമതും സുഖക്കേടിന്റെ ആക്രമണമായി; അധികം ഭയങ്കരമായിരുന്നു അതു്. പാലിനെസ്സംബന്ധിച്ചിടത്തോളം അദ്ദേഹം പഴയ ശാഠ്യംതന്നെ മുറുകിപ്പിടിച്ചു. ഒരു ദിവസം കസ്തൂരിബാ പറഞ്ഞു: "അങ്ങു പ്രതിജ്ഞ സ്വീകരിച്ചപ്പോൾ പത്തുവിന്റേയും എരുമയുടേയും പാലിന്റെ കാര്യം മാത്രമല്ലേ ശ്രദ്ധാവിഷയമായിരുന്നുള്ളൂ. ആടിനെപ്പറ്റി ഉദ്ദേശിച്ചിരുന്നില്ലല്ലൊ. എന്തുകൊണ്ടു് ആട്ടിൻപാൽ കുടിച്ചുകൂടാ?" ഗാന്ധിജി അതു സമ്മതിച്ചിട്ടു ആട്ടിൻപാൽ അന്നുമുതൽ കുടിക്കുവാൻതുടങ്ങി. എന്നാൽ ഗാന്ധിജിക്കു് അതും വ്രതഭംഗജന്യമായ ദോഷമുണ്ടാക്കിയില്ലേ എന്നാണു് സംശയം.

വാസ്തവത്തിൽ പ്രതിജ്ഞയോ വ്രതമോ സ്വീകരിച്ചാൽ അതിനു അധികമധികം വ്യാപകമായ അർത്ഥംകൊടുത്തു അതിൽ നിഷ്ഠയോടുകൂടി വർത്തിക്കുകയാണു് ഗാന്ധിജിയുടെ സ്വഭാവം. ചെയ്ത പ്രവൃത്തി അനീതിയായിപ്പോയെന്നു തോന്നിയാൽ വേഗം ആ മാർഗ്ഗത്തിൽനിന്നു ആരുടേയും ആഗ്രഹം കൂടാതെതന്നെ പിന്മാറുന്നു. എന്നാൽ തന്റെ മാർഗ്ഗം അനീതിബാധിതമല്ലെന്നു തോന്നുമ്പോഴാകട്ടെ നിസ്സാരങ്ങളായ കാര്യങ്ങളിൽപ്പോലും അദ്ദേഹം മാറ്റം വരുത്തുന്നില്ല. ലാത്താൻ

പോവുകയാണെങ്കിൽ, എന്നും ഒരേവഴിക്കു"; എന്നും ഒരിടത്തുതന്നെ ഉറക്കം, ഒരിടത്തുതന്നെ ഊണു", എന്നും അതേപാത്രങ്ങളും, അതേ സാധനങ്ങളും. ഞാൻ കണ്ടിട്ടുണ്ടു", ഒൽഹിയിൽ വരുമ്പോഴും നിസാമുദ്ദീൻസ്റ്റേഷനിൽ ഇറങ്ങും. പോകുമ്പോൾ ദില്ലി സ്റ്റേഷനിൽചെന്നു വണ്ടി കയറും. എന്റെ കൂടെ താമസിക്കുമ്പോൾ എന്നുവന്നാലും ഒരേ മുറിയിലാണു" താമസിക്കുക. മോട്ടോർകാർ മാറുന്നതുപോലും ഇഷ്ടമല്ല.വെറുതെ ശീലം മാറുകപതിവില്ല. നിസ്സാരങ്ങളായ കാര്യങ്ങളിൽപോലും ഒരുതരം സിദ്ധാന്തമാണു".

"എന്റെ സത്യോത്തമമായ ധർമ്മം സത്യമാണു", ഇതിൽ എല്ലാ ധർമ്മവും ഒതുങ്ങും. സത്യം വാക്കിൽ മാത്രം പോരാ, വിചാരത്തിലും വേണം. കലർപ്പുള്ള സത്യമല്ല, നിത്യവും ധ്രുവവും സ്ഥിരവും സനാതനവും ആയ സത്യമാണു" ഈശ്വരൻ. ഈശ്വരനെക്കുറിച്ചു പല തരത്തിലുള്ള വ്യാഖ്യാനങ്ങളും ഉണ്ടു". അദ്ദേഹത്തിനു അനേകം രൂപങ്ങളുണ്ടു". ഈ വ്യാഖ്യാനങ്ങളും കേട്ടിട്ടു ഞാൻ ആശ്ചര്യപരവശനും സ്തബ്ധനും ആയിത്തീരുന്നു. എന്നാൽ ഞാൻ ഈശ്വരനെ സത്യാവതാരത്തിന്റെ രൂപത്തിലാണു" പൂജിക്കുന്നതു". ഞാൻ അദ്ദേഹത്തെ പ്രാപിച്ചിട്ടില്ല. എന്നാൽ ഞാൻ അന്വേഷിച്ചുകൊണ്ടിരിക്കുകയാണു". ഈ തിരയലിൽ ആത്മത്യാഗം ചെയ്യുവാൻപോലും ഞാൻ സന്നദ്ധനാകുന്നു. ഇദ്ധ്രുവസത്യം ലഭിക്കാതിരിക്കുന്നതുവരെ എനിക്കു സത്യമാണെന്നു തോന്നുന്നതിനെ ഞാൻ അനുസരിക്കും. ഈ സത്യത്തിന്റെ വീഥി സങ്കീർണ്ണമാകുന്നു, കത്തിയുടെ വായ്ത്തലപോലെ നിശിതമാകുന്നു. എനിക്കാകട്ടെ സുഗമമാണു" ഇതു". ഞാൻ സത്യത്തിന്റെ മാർഗ്ഗത്തെ ഉപേക്ഷിച്ചിട്ടില്ല. അതുകൊണ്ടു" ഹിമാലയം പോലെയുള്ള വലിയ തെറ്റുകൾപോലും എന്നെ വിവശനാക്കാറില്ല."

സത്യം, അഹിംസ, ആസ്തിക്യം ഈ മൂന്നിനേയും അങ്കുരങ്ങൾ ശൈശവത്തിൽ തന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നു എന്നു തോന്നുന്നു. അദ്യം മുളച്ചതു" ഏതാണെന്നു് ആർക്കു പറയുവാൻ സാധിക്കും? പൂർവ്വജന്മത്തിലെ ബീജത്തോടുകൂടി അവ കലർന്നിരിക്കണം. എന്നാൽ

ഈ ജന്മത്തിൽ സത്യമാണ് ആദ്യം മുളയെടുത്തതെന്നു തോന്നുന്നു. "ബാല്യത്തിൽ തന്നെ" അദ്ദേഹം പറയുന്നു: "ഒരു സംഗതി എന്റെ ഹൃദയത്തിൽ ഗാഢമായി വേരുന്നിയിരുന്നു. ധർമ്മം എല്ലാത്തിന്റെയും മൂലമാണ് എന്നുള്ളതാണത്. അതുകൊണ്ട് സത്യം എന്റെ പരമലക്ഷ്യമായിത്തീർന്നു. ഇതിന്റെ രൂപം എന്റെ ഹൃദയത്തിൽ പതിഞ്ഞതനുസരിച്ചു ഇതിന്റെ വ്യാഖ്യാനവും വിസ്തൃതമായിത്തീർന്നു."

ബാല്യത്തിൽ ഗാന്ധിജി വലിയ ലജ്ജാശീലനായിരുന്നു. പത്തോ ഇരുപതോ മിത്രങ്ങളുടെ ഇടയ്ക്കുപോലും അദ്ദേഹം സംസാരിക്കാൻ ശക്തനായിരുന്നില്ല. പൊതുജനങ്ങളുടെ സദസ്സിലാകട്ടെ, അദ്ദേഹത്തിനു നാവു കെട്ടിയതുപോലെയാണ് തോന്നിയിരുന്നതു്. ലണ്ടനിൽ അദ്ധ്യയനം ചെയ്തിരുന്നകാലത്തു് ചെറിയസഭകളിൽ, സംസാരിക്കുവാനുള്ള സന്ദർഭം വന്നാലും നാവു് അദ്ദേഹത്തിനു് വഴങ്ങിയിരുന്നില്ല. ജനങ്ങൾ ഈ ലജ്ജാപ്രകൃതിയെ കളിയാക്കിയിരുന്നു. അദ്ദേഹത്തിനും ഇതിൽ അവമാനം തോന്നി; എന്നാൽ യൗവനംവരെ ഈ സ്വഭാവം നിലനിന്നു. ബാരിസ്റ്ററായിട്ട് ഇൻഡ്യയിൽ വന്നപ്പോഴും ഈ ന്യൂനത പോയിരുന്നില്ല. ബോംബായിലെ കോടതിയിൽ ഒരു കേസ്സു നടത്തുവാൻ എഴുന്നേറ്റപ്പോൾ സംസാരിക്കാൻ സാധിച്ചില്ല. കക്ഷിക്കു് കടലാസ്സുമടക്കിക്കൊടുത്തിട്ട് അദ്ദേഹം തന്റെ വീട്ടിലേയ്ക്കു പോകയാണുണ്ടായതു്.

ഈ ലജ്ജാപ്രകൃതി എന്തുകൊണ്ടായിരുന്നു? ഇന്നു ഗാന്ധിജിയുടെ ഭാഷാധാരധാരയായി പ്രവഹിക്കുന്നു. എന്നാൽ ആ ശബ്ദധാരയിൽ ഒരു പദം പോലും നിരർത്ഥകമാകുന്നില്ല. ആ ലജ്ജാപ്രകൃതി സത്യത്തിന്റെ മറ്റൊരു പേരായിരുന്നുവോ? അദ്ദേഹത്തിന്റെ ഈ സങ്കോചം, ഓരോ വാക്കും പ്രയോഗിക്കുന്നതിനു മുമ്പു അദ്ദേഹം തൂക്കിനോക്കിയിരുന്നു എന്ന സംഗതിയെയല്ലേ സൂചിപ്പിക്കുന്നതു"? വാസ്തവത്തിൽ ഈ ലജ്ജാപരതത്വം സത്യത്തിന്റെ വേരിനെ പോഷിപ്പിച്ചിട്ടില്ലേ? "ഇതിനു പുറമെ ഞാൻ

ഈ ശാലീനതകൊണ്ട് ചിലരുടെ പരിഹാസത്തിനു് പാത്രമായി പരിണമിച്ചിരുന്നെങ്കിലും ഈ സ്വഭാവം കൊണ്ടു് എനിക്കു് യാതൊരു ഹാനിയും സംഭവിച്ചിട്ടില്ല. പ്രത്യുത, ഇതു് ഒരു ലാഭമായിത്തീർന്നു എന്നാണു് ഞാൻ വിചാരിക്കുന്നതു്. ഞാൻ പദങ്ങളുടെ മിതവ്യയം പഠിച്ചതാണു് എല്ലാത്തിലും വലിയ ആദായം. സ്വാഭാവികമായിട്ടു് എന്റെ വിചാരത്തിൽ ഒരു നിയന്ത്രണം ഉണ്ടായി. ഇപ്പോൾ എന്റെ നാവിൽനിന്നോ തൂവലിൽനിന്നോ വിചാരഹീനമായ ഒരു ശബ്ദവും പുറപ്പെടുന്നില്ലെന്നു പക്ഷെ എനിക്കു പറയുവാൻ കഴിയും. എന്തെങ്കിലും എപ്പോഴെങ്കിലും പറയുകയോ എഴുതുകയോ ചെയ്തിട്ടു് അതെപ്പറ്റി പശ്ചാത്തപിക്കേണ്ടി വന്നതായിട്ടു് എനിക്കു ഓർമ്മയില്ല. മൌനം സത്യാരാധകന്റെ ആത്മദമനത്തിനു അപരിഹാര്യമായ ഒരു ഉപകരണമാണു് എന്നു് അനുഭവത്തിൽനിന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്. അതിശയോക്തി കലർത്തുന്നതിനോ, സത്യത്തെ അമർത്തുന്നതിനോ, അതിനെ വികൃതമാക്കിത്തീർക്കുന്നതിനോ ഉള്ള പ്രയത്നം മനുഷ്യരിൽ സാധാരണ കണ്ടുവരുന്നു. ഈ ദുർബ്ബലസ്വഭാവങ്ങളെ ച്ഛേദിക്കുന്നതിനുള്ള ശസ്ത്രമാണു് മൌനം. മിതഭാഷി ഓരോ ശബ്ദവും അളന്നു കുറിച്ചാണു് പ്രയോഗിക്കുന്നതു്. തന്മൂലം വിചാരഹീനമായ വാക്കു് ഒരിക്കലും കടന്നുകൂടുന്നില്ല. എന്റെ ഈ ലജ്ജാശീലം സത്യാന്വേഷണത്തിൽ എനിക്കു് അത്യന്തം സഹായമായിത്തീർന്നിട്ടുണ്ടു്."

ഈശ്വരാനുഗ്രഹം ഉള്ളവർക്കു ഭൂഷണവും ഭ്രൂഷണമായിത്തീരും. ശിവൻ വിഷപാനം ചെയ്തിട്ടു ലോകത്തിനു മംഗളം നല്കി; അതുകൊണ്ടു് അദ്ദേഹത്തിന്റെ കഴുത്തു് നീലവർണ്ണവുമായി. എന്നാൽ അതു ശിവന്റെ സൌന്ദര്യത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചതേയുള്ളൂ. ശങ്കരൻ, നീലകണ്ഠൻ എന്നു വർണ്ണിതനുമായി. ഗാന്ധിജിയുടെ ലജ്ജാശീലം അദ്ദേഹത്തിനു വളരെ പ്രയോജനപ്പെട്ടിട്ടുണ്ടു്. പദങ്ങളുടെ മിതവ്യയം അളന്നുമുറിച്ചുള്ള പ്രയോഗം, അതിന്റെ ഫലമാണു്.

സത്യം അദ്ദേഹത്തിന്റെ ഒരു ശീലം ആയിത്തീർത്തക്ക വണ്ണം ഗാന്ധിജി അതിൽ അതി ശ്രദ്ധാലുവായിരുന്നു. യൌവനത്തിൽതന്നെ അദ്ദേഹം സഹൃദയത്തിൽ സത്യത്തെ പ്രതിഷ്ഠിച്ചുകഴിഞ്ഞിരുന്നു. ലണ്ടനിലേയ്ക്കു പോയപ്പോൾ അദ്ദേഹം മാംസഭോജനത്തേയും ബ്രഹ്മചര്യത്തേയും കുറിച്ചു് മാതാവിന്റെ മുമ്പിൽ ചെയ്ത പ്രതിജ്ഞ പാലിക്കാൻ സത്യാചരണത്തിൽ അചഞ്ചലനായിരുന്നതിനാൽ അദ്ദേഹത്തിനു പ്രത്യേകിച്ചു് ഒരു പരിശ്രമവും ചെയ്യേണ്ടിവന്നില്ല. ലക്ഷ്യത്തെക്കുറിച്ചു് അദ്ദേഹത്തിനുള്ള ശ്രദ്ധ കുഴികളിൽവീഴാതെ അദ്ദേഹത്തെ രക്ഷിച്ചു.

8

"ഈശ്വരനു് അനേകം രൂപമുണ്ടു്, എന്നാൽ ഞാൻ സത്യസ്വരൂപനായ ഈശ്വരന്റെ ആരാധകനാണു്—ദൈവം നിത്യനും, സനാതനനും, പരിണാമരഹിതനും ആകുന്നു." ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനും ഒരേ ഈശ്വരന്റെ മൂന്നു രൂപമാണെന്നു് നമ്മുടെ പുരാണങ്ങളിൽ അനേകത്രം വർണ്ണിച്ചിട്ടുണ്ടു്. വ്യാപകമായ വിരീക്ഷണപഥത്തെ അവലംബിക്കുന്നതായാൽ ഗാന്ധിജിക്കു് അഹിംസയും സത്യവും ഈശ്വരനും ഒന്നുതന്നെ. രാമനാമത്തിന്റെ മാഹാത്മ്യം ഗാന്ധിജി പിന്നീടാണു് ഗ്രഹിച്ചതെങ്കിലും അതിൽ മുമ്പുതന്നെ ആദരം ഉണ്ടായിരുന്നു.

ബാല്യകാലത്തു് അദ്ദേഹത്തിനു് ഭൂതങ്ങളെപ്പറ്റി പേടി ഉണ്ടായിരുന്നവത്രെ; അതിനാൽ അസമയത്തു് അന്ധകാരത്തിൽ സഞ്ചരിക്കുന്നതിനു ഭയപ്പെട്ടിരുന്നു. രാമനാമം ഉച്ചരിച്ചാൽ ഭൂതം ഓടിപ്പോകുമെന്ന അദ്ദേഹത്തിന്റെ ധാത്രിയായ രംഭ പറഞ്ഞുകൊടുത്തു. ബാലനായ ഗാന്ധിജിക്കു് അതു ഒരു പുതിയ ശസ്ത്രമായിട്ടാണു് തീർന്നതു്. അദ്ദേഹത്തിനു് അതിൽ ശ്രദ്ധ ദൃഢമാകയും ചെയ്തു. ആദ്യം ആ വിശ്വാസം അന്ധമായിരുന്നു,

അറിവിന്റെ ഫലമായിരുന്നില്ല. എന്നാൽ ക്രമത്തിൽ അതു ജ്ഞാനയുക്തമായിത്തീർന്നു. അനുഭവം അതിനെ ശ്രദ്ധമൂലമാക്കുകയും ചെയ്തു.

ഗാന്ധിജി എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും കോട്ടുവായ ഇടുമ്പോഴും "രാമ, രാമ" എന്നു ജപിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ "രാമ, രാമ" എന്ന ഉച്ചാരണത്തിൽ ഒരു ദുഃഖത്തിന്റെ, ഒരു കരുണയുടെ: ഒരു പാരവശ്യക്തിന്റെ ച്ഛായ കലർന്നിരിക്കുന്നതായിട്ട് ഞാൻ പലപ്പോഴും ശ്രദ്ധാപൂർവ്വകം നിരീക്ഷിച്ചിട്ടുണ്ട്. ഞാൻ ഉള്ളുകൊണ്ടു വിചാരിച്ചിട്ടുണ്ട്, അദ്ദേഹം ഇങ്ങനെ പറയുകയായിരിക്കുമോ എന്നു: "ഹേ രാമ, ഈ വൃദ്ധനെക്കൊണ്ടു് ചക്കിനു കെട്ടിയിട്ടുള്ള കാളയെക്കൊണ്ടെന്നപോലെ എന്തിനാണു് വേലചെയ്യിച്ചുകൊണ്ടിരിക്കുന്നതു"? ചെയ്യാനുള്ളതു് വേഗം ചെയ്യുക. എന്നെ നിയോഗിച്ചിരിക്കുന്ന കൃത്യത്തിന്റെ ബലിവേദിയിൽ എന്റെ ജീവിതം സമർപ്പിക്കുവാൻ എന്താണു് വിളംബം!"

ജയ്പൂരിലെ മഹാരാജാവായ പ്രതാപസിംഹൻ കവിയായിരുന്നു. തന്റെ രോഗംകൊണ്ടുള്ള ദുഃഖം അസഹ്യമായിത്തീർന്നപ്പോൾ അദ്ദേഹം ഈശ്വരനെ വിളിച്ചുകൊണ്ടു് ഇങ്ങനെ പാടി:

"ഗോപാല, പരപീഡയെപ്പറ്റി നീ എന്തറിയുന്നു? നിന്റെ കയ്യിൽ കാലിക്കോലു്, തുമലിൽ കമ്പിളി; വനന്തോറും പശുക്കളെ മേച്ചു നടക്കുന്നവനല്ലേ നീ?"

എന്നാൽ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഇങ്ങനെയായിരിക്കയില്ല. അദ്ദേഹം ധൈര്യശാലിയാണല്ലൊ. ഈശ്വരൻ തന്റെ പേരിൽ അത്യന്തം ദയാലുവാണെന്നു് അദ്ദേഹത്തിനറിയാം. അദ്ദേഹത്തിനു ഈശ്വരനിൽ വിശ്വാസം ഉണ്ടു്. കീർത്തികീർത്തികളുടേയും ലാഭചേതങ്ങളുടേയും ചിന്ത അദ്ദേഹം ദൈവപാദങ്ങളിൽ സമർപ്പിച്ചിരിക്കുന്നു. അതിനാൽ അധൈര്യം ഇല്ല. സന്തോഷം ഇല്ല, എന്നാലും അദ്ദേഹത്തിന്റെ കരുണമയമായ രാമനാമോച്ചാരണം ദ്രൗപദിയുടെ

ആഹ്വാനത്തെയോ ഗജരൂപനായ ഇന്ദ്രദ്യുമ്നന്റെ ദീനനാദത്തെയൊ ആണ് അനുസ്മരിപ്പിക്കുന്നത്.

എതാനും സംവത്സരം മുമ്പ് ഭക്തനാണെന്നു കരുതിപ്പോരുന്ന ഒരു സാധു ഗാന്ധിജിക്കു് ഇങ്ങനെ എഴുതി: "എനിക്കു രാത്രി ഒരു സ്വപ്നം ഉണ്ടായി. ഞാൻ ശ്രീകൃഷ്ണനെ കണ്ടു. ഭഗവാൻ എന്നോടു അരുളിച്ചെയ്തു: ഗാന്ധിജിയോടു പറയൂ, അവസാനം അടുത്തിരിക്കുന്നു, അതിനാൽ സ്വസംഗപരിത്യാഗംചെയ്തു് ഈശ്വരനെ ഭജിച്ചുകൊണ്ടിരിക്കണമെന്നു്." ഗാന്ധിജി ആസ്നേഹിതനു മറുപടി അയച്ചു: "സഹോദരാ, ഞാൻ ഒരു നിമിഷത്തേയ്ക്കുപോലും ഈശ്വരഭജനം ഉപേക്ഷിക്കുന്നില്ല. എന്നെസ്സംബന്ധിച്ചിടത്തോളം ലോകസേവയാണു് ഈശ്വരഭജനം. മറെറാരു കാര്യംകൂടി. സമയം അടുത്തിരിക്കുന്നതുകൊണ്ടു് നാം എന്തിനാണു് ഈശ്വരനെ ഭജിക്കുന്നതു്? നമ്മുടെ കഴുത്തു് ആജന്മം കാലന്റെ കയ്യിലാകുന്നു എന്നാണു് എന്റെ വിചാരം. പിന്നെ ഈശ്വരഭജനം ചെയ്യുന്നതിനു് നാം വാൽക്യംവരെ കാത്തിരിക്കുന്നതു് എന്തിനു്? ഈശ്വരഭജനം സദാ ചെയ്യണമെന്നാണു് എന്റെ പക്ഷം."

അജരാമരവൽ പ്രാജ്ഞോ
വിദ്യാമർത്ഥം ച ചിന്തയേൽ
ഗൃഹീത ഇവ കേശേഷു
മൃത്യുനാ ധർമ്മമാചരേൽ.

ഓരോ കാര്യത്തിലും ഈശ്വരന്റെ വ്യാപാരം ദർശിക്കുന്നതുകൊണ്ടാണു് അദ്ദേഹത്തിനു് ഈശ്വരവിഷയകമായ ശ്രദ്ധ ശുദ്ധമൂലമായിക്കഴിഞ്ഞിട്ടുണ്ടു്: ആശ്രമങ്ങളിൽ സർപ്പം ആരേയും കടിച്ചിട്ടില്ല. അതു ദൈവികമായ ഒരു അത്ഭുതം തന്നെ. ചെറുതോ വലുതോ ആയ ഓരോ സംഭവം ഉണ്ടാകുമ്പോഴും "ഇതിൽ ഈശ്വരന്റെ കൈയുണ്ടു്" എന്നാണു് അദ്ദേഹം പറയാറുള്ളതു്.

ഗാന്ധി—എർവിൻ കൂടിയാലോചനയ്ക്കുശേഷം വൈസ്രോയിയുടെ വസതിയിൽനിന്നു വന്ന ഉടനെ പത്രപ്രതിനി

ധികമിക്കു" അദ്ദേഹം ഒരു നീണ്ട വിവരണംകൊടുത്തു. അന്നു് അതു് മഹത്വപൂർണ്ണമായ ഒരു "പ്രസ്താവന" യായിട്ടാണു് കരുതപ്പെട്ടിരുന്നതു്. സംസാരിച്ചു തുടങ്ങുന്നതിനുമുമ്പു് എന്തു പറയുകയായിരിക്കും ഉചിതമെന്നു് അദ്ദേഹം ആലോചിച്ചിരുന്നില്ല. എന്നാൽ, സംഭാഷണം ആരംഭിച്ചപ്പോൾ, നാവിൽ സരസ്വതി വിളയാടുന്നുവോ എന്നുതോന്നത്തക്കവിധത്തിൽ, പ്രവാഹരൂപത്തിലാണു് വാക്കുകൾ പുറപ്പെട്ടതു്. ഇങ്ങിനെതന്നെ വട്ടമേശസമ്മേളനത്തിൽ അദ്ദേഹത്തിന്റെ പ്രഥമപ്രസംഗം ഗൗരവപൂർണ്ണമായ ഒന്നായിരുന്നു. ആ പ്രസംഗം നടത്തുന്നതിനുമുമ്പു് യാതൊന്നും ആലോചിക്കുകപോലും ചെയ്തിരുന്നില്ല. അദ്ദേഹത്തിനു് അതു് ഒരു സാധാരണസംഭവം മാത്രമായിരുന്നു. എന്നാൽ രണ്ടു സന്ദർഭങ്ങൾക്കും ശേഷം ഞാൻ, "അങ്ങയുടെ ആ പ്രസംഗം നിരുപമമായിരുന്നു, ഒന്നാന്തരമായിരുന്നു" എന്നു പറയുകയുണ്ടായി. അദ്ദേഹമാകട്ടെ "ഈശ്വരാനുകൂല്യം തന്നെയായിരുന്നു അതിൽ" എന്നാണു പ്രതിവചിച്ചതു്.

നമ്മളോടു് ആരെങ്കിലും "നിങ്ങളുടെ ഈ പ്രവൃത്തി നന്നായി" എന്നു പറയുമ്പോൾ, "ശരിയാണു്. ഈശ്വരന്റെ അനുഗ്രഹമായിരുന്നു" എന്നോ "നിങ്ങളുടെയൊക്കെ ദയകൊണ്ടു നന്നായതാണു്" എന്നോ നമ്മളും പറഞ്ഞേക്കാം. എന്നാൽ നാം ഈശ്വരാനുഗ്രഹമാണെന്നു് പറയുന്നതു് ഒരുതരത്തിലുള്ള സൌജന്യപ്രകടനമോ സദാചാരാനുഷ്ഠാനമോ മാത്രമായിട്ടാണു്. "ഇതിൽ ഈശ്വരന്റെ കൈയുണ്ടായിരുന്നു" എന്നു് ഗാന്ധിജി പറയുമ്പോഴാകട്ടെ വാസ്തവത്തിൽ അടിയുറച്ച വിശ്വാസത്തിൽ നിന്നാണു് അതു പുറപ്പെടുന്നതു്, അദ്ദേഹത്തിന്റെ ദൈവവിശ്വാസം പരമാർത്ഥമായ ഒരു സംഗതിയാണു്, വെറും ശിഷ്ടാചാരമോ സൌജന്യപ്രകടനമോ അല്ല.

അദ്ദേഹത്തിനു ഭ്രഷ്ടരിതനായ ഒരു മിത്രം ഉണ്ടായിരുന്നു. ഗാന്ധിജി സത്യാഗ്രഹത്തിലാണു് അയാളെ പാർപ്പിച്ചിരുന്നതു്. ഈ സംഭവം ഉണ്ടായതു് ആഫ്രിക്കയിൽ വെച്ചാകുന്നു. ആ

ചങ്ങാതി ഹീനസ്വഭാവനായിരുന്നെങ്കിലും ഗാന്ധിജി അയാളെ നിഷ്കളങ്കം വിശ്വസിച്ചിരുന്നു. അയാളുടെ ചില ദോഷങ്ങളെപ്പറ്റി അറിയാതിരുന്നിട്ടല്ല, അയാൾ ഇപ്പോൾ സംസർഗ്ഗംകൊണ്ട് നേരെയാകുമെന്ന വിചാരത്താൽ മാത്രമാണ് വിശ്വാസം പ്രകടിപ്പിച്ചിരുന്നത്". ഒരുദിവസം ഭൃത്യൻ ആഫീസിൽ ചെന്ന് അദ്ദേഹത്തോട് ഇപ്രകാരം പറഞ്ഞു: "ആ വിശ്വാസപാത്രമായ മിത്രം അവിടത്തെ എങ്ങനെ വഞ്ചിക്കുന്നു എന്നു ഗ്രഹത്തിൽ ചെന്ന് ഒന്നു കാണൂ." ഗാന്ധിജി ഗൃഹത്തിൽ എത്തിയപ്പോൾ ആ മനുഷ്യൻ ഒരു വ്യഭിചാരിണിയെ അവിടെ വിളിച്ചുവരുത്തിയിരിക്കുന്നതാണ് കണ്ടത്. അദ്ദേഹം ഒന്നു നടുങ്ങി. അയാളെ വീട്ടിൽനിന്നും പറഞ്ഞയക്കുകയും ചെയ്തു. താൻ സ്നേഹിച്ചിരുന്ന ആ മനുഷ്യനെ ഉദ്ധരിക്കുന്നതിനു വേണ്ടി മാത്രമാണ് അയാളെ അടുത്തു താമസിപ്പിച്ചിരുന്നത്. അതിനുവേണ്ടിയുള്ള ഒരു കർത്തവ്യാചരണം മാത്രമായിരുന്നു ഇതും. ഈ സംഗതിക്കുറിച്ചു ചിന്തിക്കുന്ന സമയത്ത് ഗാന്ധിജി പറയുന്നു: "ഈശ്വരൻ എന്നെ രക്ഷിച്ചു. എന്റെ ഉദ്ദേശം ശുദ്ധമായിരുന്നു. അതുകൊണ്ട് ഈശ്വരൻ ഭാവിയിലേയ്ക്ക് ഒരു താക്കീതു തന്നു എന്നെ ശുദ്ധീകരിച്ചു തീക്ഷ്ണമാക്കുകയും അബദ്ധത്തിൽനിന്നു രക്ഷിക്കുകയുമാണുണ്ടായത്." ഈ പറഞ്ഞതെല്ലാം അദ്ദേഹത്തിന്റെ അന്ധവിശ്വാസത്തേയും അബദ്ധത്തേയും സൂചിപ്പിക്കുന്നുണ്ടെങ്കിലും, തെറ്റുകളിൽനിന്നും മോചനം പ്രാപിക്കാനുള്ള വ്യാപാരത്തിന്റെ സജീവമായ ഒരു ഉദാഹരണമണ് ഇതു്.

ഒരിക്കൽ അദ്ദേഹത്തിന്റെ ദ്വിതീയ പുത്രനായ മണിലാൽ ജ്വരാക്രാന്തനായ സമയത്തു് ഉണ്ടായ ഒരു സംഭവമാണ് ഗാന്ധിജിയുടെ വാക്യത്തിൽതന്നെ താഴെ ഉദ്ധരിക്കുന്നതു്.

"എന്റെ രണ്ടാമത്തെ കുട്ടി രോഗിയായിത്തീർന്നു. ജ്വരമാണ് പിടിപെട്ടിരുന്നതു്. പനിക്ക് ഒരു കുറവും ഉണ്ടായില്ല. പാരവശ്യം ഉണ്ടായിരുന്നു. രാത്രിയിൽ സന്നിപാതത്തിന്റെ ലക്ഷണംകൂടികാട്ടി. ഈ വ്യാധിക്കു മുമ്പു് ബാല്യത്തിൽ അവനു നീർപ്പോളനം ഉണ്ടായിട്ടുണ്ടായിരുന്നു.

ഡോക്ടരുമായിആലോചിച്ചപ്പോൾ ഇങ്ങിനെയാണ് പറഞ്ഞത്: ഇതിനു മരുന്നുകൊണ്ടു മതിയാവില്ല. മുട്ടയും സൂപ്പും കൊടുത്തേ കഴിയൂ."

മണിലാലിനു പത്തു വയസ്സേ ആയിരുന്നുള്ളൂ. ആ കുട്ടിയോട് എന്തു ചോദിക്കാനാണ്? ചുമതലക്കാരൻ ഞാനായിരുന്നു. നിശ്ചയിക്കേണ്ടിയിരുന്നതും ഞാൻ തന്നെ. ഡോക്ടർ ഒരു നല്ല പാർസിയായിരുന്നു. ഞാൻ പറഞ്ഞു—"ഡോക്ടർ ഞങ്ങളൊക്കെ സസ്യാഹാരം കഴിക്കുന്നവരാണ്. ഇതു രണ്ടും കൊടുക്കുവാൻ വയ്യ എന്നാണ് ഞാൻ വിചാരിക്കുന്നതു". മറെറാരു വസ്തു പകരം നിർദ്ദേശിക്കരുതേ?"

ഡോക്ടർ പറഞ്ഞു—"അങ്ങയുടെ കുട്ടിയുടെ ജീവൻ അപകടത്തിലാണ്. പാലും വെള്ളവും കലർത്തിക്കൊടുക്കാം. എന്നാൽ ഒരുകൊണ്ടു പൂർണ്ണമായ സന്തോഷത്തിനു വകയില്ല. ഞാനും പല ഹിന്ദുക്കളുടെ കുടുംബങ്ങളിൽ പോകുന്നുണ്ടെന്നു അങ്ങയ്ക്കറിയാമല്ലോ. മരുന്നിനുവേണ്ടി നാം എന്തു വേണമെന്നു പറയുന്നു, അതു അവർ സ്വീകരിക്കുന്നു. അങ്ങു ഈ കുട്ടിയുടെ കാര്യത്തിൽ ഇങ്ങിനെ സിദ്ധാന്തം പിടിക്കാതിരുന്നാൽ നന്നായിരിക്കുമെന്നാണ് എന്റെ പക്ഷം."

"അങ്ങു പറയുന്നതു ശരിയാണു"; ഇങ്ങനെതന്നെയാണു പറയേണ്ടതും. എന്നാൽ എന്റെ ചുമതല വളരെ വർദ്ധിക്കുന്നു. കുട്ടിക്കു പ്രായമായിരുന്നെങ്കിൽ അവന്റെ ഇച്ഛ തീർച്ചയായും അറിയുവാൻ ശ്രമിക്കുകയും അവൻ ഇച്ഛിക്കുന്നതുപോലെ പ്രവർത്തിക്കാൻ അനുവദിക്കുകയും ചെയ്യാമായിരുന്നു. ഇപ്പോഴാകട്ടെ ഞാൻ തന്നെയാണു" ആലോചിക്കേണ്ടതായിട്ടു ഇരിക്കുന്നതു". ഇങ്ങനെയുള്ള സമയമാണ് മനുഷ്യരുടെ ധർമ്മം ഉരച്ചുനോക്കുവാനുള്ള നികഷം എന്നു ഞാൻ വിചാരിക്കുന്നു. ശരിയായാലും തെറ്റായാലും മനുഷ്യൻ മാംസാദികൾ ഭക്ഷിക്കുന്നതു ധർമ്മമല്ലെന്നാണ് ഞാൻ വിശ്വസിക്കുന്നതു. ജീവസന്ധാരണത്തിനു അത്യാവശ്യമായസാധനങ്ങൾക്കും ഒരതിരുണ്ടു.

ജീവൻ നിലനിർത്തുവാനണെങ്കിൽപ്പോലും ചിലവസ്തുക്കളെ നാം സ്വീകരിക്കുവാൻ വയ്യ. എന്റെ ധർമ്മമായ്വാദ എന്നേയും എന്റെ സ്വജനങ്ങളേയും ഇങ്ങനെയുള്ള സമയത്തും മാംസം മുതലായവ ഉപയോഗിക്കുവാൻ അനുവദിക്കുന്നില്ല. അതുകൊണ്ട് അങ്ങു സൂചിപ്പിക്കുന്ന ആ ആപത്തു് വരിക്കുവാൻ ഞാൻ തയ്യാറായിരിക്കണം. അങ്ങു എനിക്കുവേണ്ടി ഒരു കായ്യം ചെയ്താൽ കൊള്ളാം. അങ്ങു നിർദ്ദേശിക്കുന്ന ചികിത്സ ഞാൻ ചെയ്യില്ല, എന്നാൽ എനിക്കു് ഈ കുട്ടിയുടെ നാഡിയും ഹൃദയവും പരിശോധിക്കുവാൻ അറിഞ്ഞുകൂടാ. ജലചികിത്സ എനിക്കു കുറച്ചറിയാം. ഞാൻ ത്രൂഷിക്കാൻ വിചാരിക്കുന്നു; എന്നാൽ അങ്ങു പത്രവായി മണിലാലിന്റെ ആരോഗ്യം അറിയുന്നതിനു വരുകയും ശരീരത്തിലുണ്ടാകുന്ന സ്ഥിതിഭേദങ്ങളും എന്നെ അറിയിക്കുകയും ചെയ്തുകൊണ്ടിരിക്കയാണെങ്കിൽ ഞാൻ കൃതജ്ഞനായിരിക്കുന്നതാണു്."

സൌമ്യനായ ചികിത്സകൻ എന്റെ ക്ഷേമം ശ്രദ്ധിക്കുകയും ഇച്ഛാനുസാരം മണിലാലിനെ പരിശോധിക്കുന്നതിനു വരാമെന്നു് ഏല്ക്കുകയും ചെയ്തു.

മണിലാൽ സ്വയം ആലോചിച്ചുറക്കുവാൻ ശക്തനായിരുന്നില്ലെങ്കിലും ഡോക്ടരുമായുണ്ടായ സംഭാഷണം ഞാൻ അവനെ കേൾപ്പിക്കുകയും അവൻ തന്റെ അഭിപ്രായം ഇങ്ങനെ പ്രകാശിപ്പിക്കയും ചെയ്തു.

"ജലചികിത്സ സന്തോഷപൂർവ്വം ചെയ്താൽമതി. ഞാൻ സൂചി കഴിക്കില്ല, മുട്ടതിന്നുകയുമില്ല." അതു രണ്ടും കഴിക്കുവാൻ പറഞ്ഞാൽ അവൻ അപ്രകാരം ചെയ്യുമെന്നു് എനിക്കറിയാമായിരുന്നെങ്കിലും കുട്ടിയുടെ ആ വാക്കു കേട്ടപ്പോൾ ഞാൻ സന്തോഷിച്ചു.

കുനെയുടെ ചികിത്സാ സമ്പ്രദായം എനിക്കു പരിചിതമായിരുന്നു. അതു ഞാൻ പ്രയോഗിക്കയും ചെയ്തിരുന്നു. രോഗത്തിൽ ഉപവാസത്തിനു വലിയ സ്ഥാനമുണ്ടു്. കുനെസമ്പ്രദായമനുസരിച്ചു് മണിലാലിനെ അരയ്ക്കുവരെ വെള്ളത്തിൽ ഇരുത്തി കുളിപ്പിക്കുവാൻ നിശ്ചയിച്ചു. മൂന്നു മിനിറ്റിലധികം അ

വനെ വെള്ളത്തിലിരുത്തിയിരുന്നില്ല. മൂന്നു ദിവസത്തേയ്ക്കു നാരങ്ങനീരിൽ വെള്ളം ചേർത്തു് അതുമാത്രം കൊടുത്തിരുന്നു.

പനി മാറിയില്ല. രാത്രിയായപ്പോൾ പിച്ചും പേയും പറയുവാൻ തുടങ്ങി. 104 ഡിഗ്രിവരെയായി പനി. ഞാൻ പരിഭ്രമിച്ചു. ബാലനു് അപായം പറ്റിയാൽ ആളുകൾ എന്തു പറയും? ജ്യേഷ്ഠൻ എന്തുപറയും? മറ്റൊരു ഡോക്ടറെ എന്തു കൊണ്ടാണു വിളിക്കാതിരുന്നതു"? വിളിച്ചാലെന്താണു്? അച്ഛനമ്മമാക്കു് അവരുടെ അപൂർണ്ണബുദ്ധി പരീക്ഷിച്ചുനോക്കാൻ എന്തധികാരമാണുള്ളതു"?

ഇങ്ങിനെ ഓരോ വിചാരം തോന്നി. എന്നാൽ മറ്റൊരു തരത്തിലുള്ള സങ്കല്പവും ഉണ്ടാകാതിരുന്നില്ല —"മനുഷ്യ! നിനക്കുവേണ്ടി എന്തു ചെയ്യുമോ അതുതന്നെ കൂട്ടിക്കും ചെയ്യും. ഇതു കൊണ്ടു് ഈശ്വരനു സന്തോഷമാകും. എനിക്കു ജലചികിത്സയിലാണു് വിശ്വാസമുള്ളതു്, ഔഷധങ്ങളിലല്ല. വൈദ്യന്മാർ ജീവഭോനം ചെയ്യുന്നില്ല. അവരും പരീക്ഷണം നടത്തുകയല്ലേ ചെയ്യുന്നുള്ളു. ജീവിതത്തിന്റെ ചരടാകട്ടെ ഈശ്വരന്റെ കയ്യിൽതന്നെ. ഈശ്വരനാമം ജപിച്ചുകൊണ്ടു് ശ്രദ്ധാലുവായിരിക്കു. തന്റെ മാർഗ്ഗത്തെ ഉപേക്ഷിക്കരുതു""

ഹൃദയത്തിൽ ഇങ്ങനെയുള്ള പ്രക്ഷോഭങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. രാത്രിയായി. ഞാൻ മണിലാലിനെ സമീപത്തു കിടത്തിക്കൊണ്ടു് ഉറങ്ങുകയായിരുന്നു. നനഞ്ഞ മുണ്ടുകൊണ്ടു കൂട്ടിയുടെ ശരീരം മൂടുവാൻ ഞാൻ ഉറച്ചു. എഴുന്നേറ്റു വസ്ത്രം എടുത്തു തണുത്ത വെള്ളത്തിൽ മുക്കി പിഴിഞ്ഞിട്ടു കാൽതൊട്ടു തലവരെ മൂടി. രണ്ടു കമ്പിളി പുതപ്പിച്ചു. തലയിൽ നനച്ച തുവാല കെട്ടി. ശരീരം ഭോശക്കല്ലുപോലെ പൊള്ളുന്നുണ്ടായിരുന്നു, വിയർപ്പു വന്നിരുന്നേ ഇല്ല.

ഞാൻ വല്ലാതെ തളർന്നിരുന്നു. മണിലാലിനെ നോക്കുവാൻ അവന്റെ അമ്മയെ ചുമതലപ്പെടുത്തിയിട്ടു് ഞാൻ അല്പസമയത്തേയ്ക്കു തുറന്ന ജനിക്കലെ കാറ്റു് ഏറ്റു് ഉന്മേഷവും

മനഃശാന്തിയും സമ്പാദിക്കുവാൻ വേണ്ടി ചെറുപ്പത്തിക്കടൽ പുറത്തേയ്ക്കു് ഇറങ്ങി. രാത്രി 10 മണി ആയിരിക്കും. ഞാൻ അതൊന്നും ചിന്തിച്ചിരുന്നില്ല. മനോരാജ്യത്തിൽ മുങ്ങിത്തപ്പുകയായിരുന്നു—"ഈശ്വരാ! ഈ ധർമ്മസങ്കടത്തിൽ അവിടന്നു് എന്റെ മാനം രക്ഷിക്കണമേ." രാമ രാമ എന്നു ജപിച്ചുകൊണ്ടിരുന്നു. കുറച്ചുകഴിഞ്ഞു ഞാൻ തിരിച്ചെത്തി. എന്റെ ഹൃദയം പിടയ്ക്കുകയായിരുന്നു. വീട്ടിൽ എത്തിയപ്പോൾ മണിലാൽ ചോദിച്ചു—"ബാപു! വന്നോ?"

"ഉവ്വ", കുട്ടി."

"എന്റെ മേൽ നിന്നു് ഇതൊക്കെ മാറുന്നില്ലേ? ഞാൻ ചൂടുകൊണ്ടു് മരിക്കാറായല്ലോ?"

"വിയർക്കുന്നുണ്ടോ?"

"കൊള്ളാം, ഞാൻ വിയർത്തൊലിക്കുകയാണു്." ഇനി, ഈ പുതപ്പൊക്കെ ഒന്നു മാറുകയല്ലേ?"

ഞാൻ മണിലാലിന്റെ മുഖത്തേക്കു നോക്കി. അവിടെ മുത്തുപോലെ വിയർപ്പു തുള്ളികൾ തിളങ്ങുന്നുണ്ടായിരുന്നു പനി കുറഞ്ഞിരുന്നു. ഞാൻ ഈശ്വരനു് ധന്യവാദം അർപ്പിച്ചു.

"മണിലാൽ, പരിഭ്രമിക്കരുതു്. ഇപ്പോൾ നിന്റെ പനി മാറും. എന്നാൽ കുറച്ചുകൂടി വിയർക്കുന്നതുകൊണ്ടു് വിരോധമുണ്ടോ?" ഞാൻ അവനോടു ചോദിച്ചു. കുട്ടി പറഞ്ഞു—"വേണ്ട ബാപു! ഇപ്പോൾത്തന്നെ എന്റെ മേൽനിന്നു ഇതൊക്കെ മാറ്റൂ. പിന്നെ വേണമെങ്കിൽ ആവാം." എനിക്കു ധൈര്യം വന്നിരുന്നു. അതുകൊണ്ടു വർത്തമാനത്തിൽത്തന്നെ കുറച്ചുസമയം കഴിച്ചു. ശിരസ്സിൽനിന്നു വിയർപ്പു ധാരയായി പ്രവഹിച്ചുകൊണ്ടിരുന്നു. ഞാൻ പുതപ്പു മാറ്റി. ശരീരം തുടച്ചു. പിന്നെ അച്ഛനും മകനും ഉറങ്ങി, നല്ലപോലെ ഉറങ്ങി.

പ്രഭാതത്തിൽ മണിലാലിന്റെ പനി വളരെ കുറഞ്ഞിരിക്കുന്നതായി കണ്ടു. 40 ദിവസത്തേയ്ക്കു പോലും വെള്ളവും

പഴവും മാത്രമെ കൊടുത്തിരുന്നുള്ളൂ. ഞാൻ നിർബ്ബന്ധിയായിത്തീർന്നു. പനിയും വിടാനുള്ള മട്ട കാണിച്ചിരുന്നില്ല, എങ്കിലും അതിനെ ഒരുവിധം പിടിയിൽ കൊണ്ടുവന്നു കഴിഞ്ഞിരുന്നു. ഇന്നു എന്റെ കുട്ടികളിൽവെച്ചു് അധികം ആരോഗ്യവും ശക്തിയും മണിലാലിനാണു".

ഈശ്വരകൃപകൊണ്ടോ, ജലചികിത്സകൊണ്ടോ, അല്പം ഫാരംകൊണ്ടോ മറവു വല്ല ഉപായംകൊണ്ടോ സുഖക്കേടു മാറിയതു് എന്നു ആക്കാണു" നിശ്ചയിക്കുവാൻ സാധിക്കുകയില്ല. ഓരോരുത്തരും അവരവരുടെ വിശ്വാസം അനുസരിച്ചു പറയും. ഞാൻ വിചാരിച്ചതു് ഈശ്വരൻ എന്റെ മാനത്തെ രക്ഷിച്ചു എന്നാണു്. ഇന്നും ആ അഭിപ്രായത്തിനു മാറ്റം വന്നിട്ടില്ല"

എനിക്കും ഒരു പക്ഷെ മറവുള്ളവക്കും ഗാന്ധിജിയുടെ ഈ ചികിത്സ ഒരു മുറിവൈദ്യപ്രയോഗം പോലെയാണു" തോന്നുക, ഇങ്ങിനെ ആപത്തുകളുമായി കളിക്കുന്നതു് ഉചിതമല്ല. "വൈദ്യൻ എപ്പോഴെങ്കിലും രോഗം മാറിക്കൊള്ളുമെന്ന ഉറപ്പോടുകൂടി ചികിത്സിക്കാറുണ്ടോ? ആ സ്ഥിതിക്കു ധർമ്മവിരുദ്ധമായ ഒരു സംഗതി പ്രാണരക്ഷണത്തിനാണെങ്കിൽത്തന്നെ എങ്ങിനെ സ്വീകരിക്കും?"

തൃതീയ പുത്രനായ രാമദാസിനെ ചെറിയ ഒരു മുറിവറിഞ്ഞിങ്ങിനെ അതിനും മുത്തികാച്ചികിത്സാപ്രയോഗംതന്നെ ചെയ്തു. ഇതും ഒരു നിസ്സാര സംഭവം മാത്രമാണു". എന്നാൽ ഇതിനെപ്പറ്റി പ്രസ്താവിക്കുമ്പോഴും അദ്ദേഹം ഈശ്വരവാദം കൊണ്ടുവരുന്നു. "എന്റെ പ്രയോഗം പൂർണ്ണമായി ഫലിച്ചു എന്നു ഞാൻ അവകാശപ്പെടുന്നില്ല. എന്നാൽ ഡോക്ടർമ്മാർ ഇങ്ങിനെ അവകാശപ്പെടുവാൻ എവിടെയാണു കഴിയുക? ഈ മാതിരിയുള്ള നവീന പരീക്ഷണങ്ങൾ തന്റെമേൽത്തന്നെ ആദ്യം പ്രയോഗിക്കുവാൻ സന്നദ്ധരായിരിക്കുന്നവർ മാത്രമേ അതിനു പുറപ്പെടാവൂ എന്ന സങ്കല്പത്തോടുകൂടിയാണു് ഈ സംഗതികളെപ്പറ്റി ഞാൻ പ്രതിപാദിക്കുന്നതു്.

ഇങ്ങിനെ ചെയ്യുന്നതുകൊണ്ട് വേഗം സത്യത്തെ പ്രാപിക്കാം. ഈശ്വരൻ ഇങ്ങിനെയുള്ള പ്രയോഗങ്ങൾ ചെയ്യുന്നവരെ രക്ഷിക്കുന്നു."

ലൌകികമായ അളവുകൊണ്ടുകണക്കാക്കുമ്പോൾ ഈ വാക്യം അപ്രയോഗികമാണെന്നു നിശ്ചയംതന്നെ. ലൌകികമായ അളവെന്നു ജനങ്ങൾ വിചാരിക്കുന്ന അളവിനെയാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നതു്. എന്തുകൊണ്ടെന്നാൽ വാസ്തവത്തിൽ അദ്ധ്യാത്മവും വ്യവഹാരവും അസംഗതങ്ങളായ രണ്ടു വസ്തുക്കളായിരിക്കാൻ വയ്യ. അദ്ധ്യാത്മവിഷയങ്ങൾക്കു ലോകത്തോടു യാതൊരു ബന്ധവുമില്ലെങ്കിൽ അതു കേവലം സാങ്കല്പികമായിരിക്കണം. നമ്മുടെ പരിധിയിൽപ്പെട്ടതല്ലെങ്കിൽ അതിനെസ്സംബന്ധിച്ചു നമുക്കു എവിടെയാണു് അധികാരം എന്നു് എളുപ്പത്തിൽ തർക്കിക്കാം. ഡോക്ടർ അപൂർണ്ണനാണു്, ശരിതന്നെ. എന്നാൽ വൈദ്യം പഠിച്ചിട്ടില്ലാത്തവൻ വൈദ്യനേക്കാൾ അപൂർണ്ണനാണെന്നും പറയാമല്ലൊ. പക്ഷെ, ഗാന്ധിജി ഇതിനു ഇങ്ങനെ സമാധാനം തരും. "പ്രാകൃതകമായ ചികിത്സ ഫലം കുറഞ്ഞാലും കൂടിയാലും ഹാനികരമാകാൻ നിവൃത്തിയില്ല."

ഇന്നും ഗാന്ധിജിക്കു് ഈ മാതിരിയുള്ള ചികിത്സാസമ്പ്രദായങ്ങളിൽ അഭിരുചി കുറഞ്ഞിട്ടില്ല. ഇക്കാലത്തും ആശ്രമത്തിൽ ക്ഷയപീഡിതന്മാരും കുഷ്ഠരോഗികളും മറ്റനേകം രുജാബാധിതരും ഉണ്ടു്. അവരെ ചികിത്സിക്കുന്നതിൽ ഗാന്ധിജി താല്പര്യം പ്രദർശിപ്പിക്കുന്നു. ലോകശുശ്രൂഷയാണെന്ന സങ്കല്പമാണു് ഇതിലും. രോഗികളെ പരിചരിക്കുക, പതിതന്മാരെ രക്ഷിക്കുക, അദ്ദേഹത്തിന്റെ കൃത്യമാണു് ഇതു്. എന്നാൽ പക്ഷെ അറിഞ്ഞിട്ടായാലും അല്ലെങ്കിലും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇങ്ങിനെ ഒരു വിചാരമുണ്ടു്. സുലഭവും സാധാരണവും ഗ്രാമങ്ങളിൽപ്പോലും സുകരവും ചിലവൊന്നുമില്ലാത്തതുമായ ചികിത്സാക്രമമാണു്, വ്യയഭൂയിഷ്ഠമായ ചികിത്സയേക്കാൾ ദരിദ്രരാജ്യങ്ങൾക്കു് അധികം ഉപകരിക്കുക. ഈ നിരീക്ഷണഗതിയോടുംകൂടിയാണു് പ്രസ്തുത പരീക്ഷണം തുടർന്നുപോരുന്നതു്. ഇതിൽനിന്നു എന്തെങ്കിലും ഉപ

യോഗമുള്ള ഒരു തത്വം കണ്ടുപിടിക്കണമെന്നുള്ള ആഗ്രഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. ഈ പരീക്ഷണങ്ങൾ ലോകത്തിന്റെ ഷയ്ക്കുവേണ്ടി സേവാഭാവനയോടുകൂടി ചെയ്യുന്നതാകയാൽ ഈശ്വരവിശ്വാസം ഇല്ലാതെയാണെങ്കിൽ ധാരാളം സങ്കല്പ സംശയങ്ങളും ഹൃദയക്ഷോഭവും ഉണ്ടാകുവാൻ ഇടയുണ്ട്. എ തായാലും സകലകാര്യങ്ങളിലും സകല സമയങ്ങളിലും ഗാ ന്ധിജിയുടെ ഈശ്വരവിശ്വാസം പ്രവർത്തിച്ചുകൊണ്ടതന്നെ യാണ് ഇരിക്കുന്നതു്.

"എന്റെ സകല കാര്യങ്ങളും ഈശ്വരപ്രേരണകൊണ്ടാ ണു് സംഭവിക്കുന്നതെന്നു" എനിക്കു് ഉറപ്പിച്ചുപറയാൻ കഴിയില്ല. എന്നാൽ എത്ര വലുതായാലും എത്ര ചെറുതായാ ലും എന്റെ പ്രവൃത്തികളെ പരാമർശിക്കുമ്പോൾ അവ ഈ ശ്വരപ്രേരണകൊണ്ടു് ചെയ്യപ്പെട്ടവയായിരുന്നെന്നുള്ള പ്ര സ്താവം വ്യർത്ഥമായിത്തീരുകയില്ലെന്നാണു് എന്റെ വിചാ രം. ഞാൻ ഈശ്വരനെ ദർശിച്ചിട്ടില്ല, എന്നാൽ എനിക്കു അളേഹത്തിൽ അനശ്വരമായ വിശ്വാസമുണ്ടു്. ആ ശ്രദ്ധ ഇപ്പോൾ അനുഭവരൂപത്തിൽ ആവുകയാകുന്നു. പക്ഷേ, അ നുഭവത്തിന്റെ ഉപനാമമായിട്ട ശ്രദ്ധയെ സ്വീകരിക്കണ മെന്നു് ആരെങ്കിലും പറകയാണെങ്കിൽ അതു് സത്യത്തെ അപമാനിക്കുകയാകുന്നു. അതുകൊണ്ടു് എന്റെ ഈശ്വരവി ശ്വാസത്തിനു് നാമകരണം ചെയ്യുവാൻ എന്റെ പക്കൽ ഒ രു വാക്കും ഇല്ലെന്നു ഞാൻ പറയും."

ബ്രഹ്മചര്യത്തെ പരാമർശിക്കുമ്പോഴും അതേ രാമനാമം തന്നെയാണു്, സാധകന്മാരുടെ മുമ്പിൽ സമർപ്പിക്കുന്നതു്. "ആ പ്രഭവിനെ ശരണംപ്രാപിക്കാതെ ചിന്തയിൽ പൂ ർണ്ണമായ ആധിപത്യം സംഭവിക്കയില്ല. പൂർണ്ണ ബ്രഹ്മചര്യ ത്തിന്റെ പാലനത്തിനുവേണ്ടിയുള്ള ഈ സന്തതമായ പ്രയ ത്നത്തിൽ ഓരോ നിമിഷത്തിലും എനിക്കു് ഈ സരളമാ യ സത്യം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു."

ആഫ്രിക്കയിൽവെച്ചു് കസ്തൂരിബായ്ക്കു് ഭയങ്കര രോ ഗം പിടിപെട്ടു. അപ്പോഴും മാംസത്തിന്റേയും സൂപ്പിന്റേ

യും കായ്ംവന്നു. ബായും ഗാന്ധിജിയും ഡോക്ടരുടെ ഉപദേശം സ്വീകരിച്ചില്ല. അവിടേയും ജീവിതമരണസംശയമായിരുന്നു. ആ സന്ദർഭത്തിലും ഗാന്ധിജി പറഞ്ഞതു് മുമ്പിലത്തെ വാക്യംതന്നെയാണു". "ഈശ്വരനെ വിശ്വസിച്ചുകൊണ്ടു് സ്വന്തം മാർഗ്ഗത്തിൽ ഉറച്ചുനിന്നു." ഒടുവിൽ ജയം പ്രാപിക്കുകയും ചെയ്തു.

ഇതിനേക്കാൾ നിസ്സാരങ്ങളായ സംഭവങ്ങളിലും ഗാന്ധിജി ഈശ്വരവിശ്വാസത്തെപ്പറ്റി വർണ്ണിക്കാറുണ്ടു". സബർമതിയിലയ്ക്കു് മടങ്ങി വന്നതിനുശേഷം അദ്ദേഹം സഞ്ചരിക്കുമ്പോഴൊക്കെ മൂന്നാംക്ലാസ്സിലാണു" യാത്ര ചെയ്തിരുന്നതു്. അക്കാലത്തു് ഗാന്ധിജിയുടെ പേരു വളരെ പേക്കു് പരിചിതമായിരുന്നു. അതുകൊണ്ടു് ഇന്നത്തെപ്പോലെ ആകൃതികൊണ്ടു് അദ്ദേഹത്തെ എല്ലാവരും തിരിച്ചറിഞ്ഞിരുന്നില്ല. എവിടെ പോകുമ്പോഴും ജനങ്ങൾ അറിഞ്ഞു ഭൽനാത്ഥികളായി തിക്കിത്തിരക്കിയിരുന്നതിനാൽ ഏകാന്തത അദ്ദേഹത്തിനു അനുഭവിക്കുവാൻ പ്രയാസമായിരുന്നു. എന്നാൽ വണ്ടിയിൽ അദ്ദേഹത്തെ ആളുകൾ തിരിച്ചറിയാതിരുന്ന ചിലകളിൽ സ്ഥലം കിട്ടുവാൻ ഞെരുക്കം നേരിടാറുണ്ടു". അക്കാലത്തു് അദ്ദേഹം മിക്കവാറും ഒറ്റയ്ക്കാണു" സഞ്ചരിച്ചിരുന്നതു്.

വളരെക്കാലം മുൻപാണു". ഗാന്ധിജി ലാഹോറിൽനിന്നു ദില്ലിയിലേയ്ക്കു" പോകയായിരുന്നു. അവിടെനിന്നു പിന്നെ കൽക്കത്തയ്ക്കായിരുന്നു പോകേണ്ടിയിരുന്നതു്. കൽക്കത്തയിലുണ്ടായിരുന്ന ഒരു സമ്മേളനത്തിനു് യഥാകാലം എത്തേണ്ടിയിരുന്നു. ലാഹോറിൽനിന്നു വണ്ടി പുറപ്പെട്ടപ്പോൾ അതിൽ സ്ഥലം ഉണ്ടായിരുന്നില്ല. ഒടുവിൽ ഒരു കൂലിക്കാരൻ പണ്ടുണ്ണാ കൊടുത്താൽ ഇരിക്കാൻ സ്ഥലമുണ്ടാക്കാമെന്നു പറഞ്ഞു. അദ്ദേഹം അതു സമ്മതിച്ചു. എന്നിട്ടും സ്ഥലം കണ്ടുപിടിക്കാൻ പ്രയാസമായി. ഒരു മുറിയിലെ ആളുകൾ പറഞ്ഞു, "സ്ഥലം ഇല്ല. എന്നാൽ വേണമെങ്കിൽ നില്ക്കാം." ഗാന്ധിജിക്കു എങ്ങിനെയായാലും വണ്ടിയിൽ കയറണ്ടിയിരുന്നു, അതിനാൽ നിന്നാൽമതി എന്നു സമ്മ

തിച്ചു. ആ കൂലിക്കാരൻ ഗാന്ധിജിയെ ജനലിൽക്കൂടി അകത്തേയ്ക്കു് തള്ളിയാക്കിയിട്ടു പന്ത്രണ്ടണ കീശയിലാക്കി.

രാത്രിയായിരുന്നു. നിന്നതന്നെ കഴിച്ചുകൂട്ടണം. രണ്ടു മണിക്കൂർ നേരം അങ്ങിനെ കഴിഞ്ഞു. ക്ഷീണിച്ച ശരീരം; യാത്രാക്ലേശവും. വണ്ടിയുടെ ഒച്ചയും പൊടിയും പുകയും; അതിനെല്ലാം പുറമെ നിന്നുകൊണ്ടുള്ള യാത്രയും. തണ്ടും തടിയുമുള്ള ആളുകൾ നീണ്ടുനിവർന്നു കിടന്നുറങ്ങിയിരുന്ന എന്നാൽ ഗാന്ധിജി ഇരിക്കുവാനുള്ള സ്ഥലംപോലും ചോദിച്ചില്ല. ഇരിക്കുവാനുള്ള സ്ഥലത്തിനുപോലും തിരക്കുകൂട്ടാത്ത ഈ മനുഷ്യൻ അസാധാരണനാണെന്നു" ചിലർക്കു തോന്നി. അവർക്കു അത്ഭുതസമ്മിശ്രമായ ഒരു ജിജ്ഞാസ വർദ്ധിച്ചു. "ഭ്രാതാവേ! എന്തുകൊണ്ടു് ഇരിക്കുന്നില്ല?" എന്നു ചിലർ ചോദിച്ചു. അദ്ദേഹം പറഞ്ഞു. "സ്ഥലം എവിടെ?" ഒടുവിൽ ജനങ്ങൾ അദ്ദേഹത്തിന്റെ പേരെന്താണെന്നു ചോദിച്ചു. പേരു പറഞ്ഞപ്പോഴാകട്ടെ നിശ്ശബ്ദമായി, ലജ്ജിച്ചു എല്ലാവരും മുഖം താഴ്ത്തി നാലുഭാഗത്തുനിന്നും ആളുകൾ അവരുടെ കയ്യും കാലും ഒക്കെ ഒതുക്കിത്തുടങ്ങി. അവസാനം ക്ഷമായാചനം ചെയ്തു. സ്ഥലം കൊടുത്തു് ഉറങ്ങുവാൻ പോലും സൌകര്യം നൽകി. ക്ഷീണംകൊണ്ടു് മിക്കവാറും ബോധംകെട്ടപോലെ ആയിത്തീർന്നിരുന്നു; തലചുറ്റൽ തുടങ്ങിയിരുന്നു. ഈ സംഭവത്തെപ്പറ്റി ചിന്തിക്കുമ്പോഴും ഗാന്ധിജി ഈശ്വരകാരുണ്യമാണു് ഇതിൽ ദർശിക്കുന്നതു്. "എനിക്കു കൂടിയേ കഴിയൂ എന്നുള്ളപ്പോഴൊക്കെ ഈശ്വരൻ സാഹായ്യം അരുളിയിട്ടുണ്ടു്."

അദ്ദേഹം ചമ്പാരനിൽ വെള്ളക്കാരുടെ അത്യാചാരം കൊണ്ടു് ദുഃഖിതരായ കർഷകന്മാരുടെ ക്ലേശം പരിഹരിക്കുന്നതിനു പോയപ്പോൾ കൃഷിക്കാരുടെ ഒരു സഭ വിളിച്ചുകൂട്ടി. വളരെ വളരെ അകലെനിന്നു കർഷകന്മാർ ആ സമ്മേളനത്തിനു വന്നുചേർന്നിരുന്നു. ഗാന്ധിജി ആ സഭാസ്ഥ

ലഞ്ഞു" എത്തിയപ്പോൾ അദ്ദേഹത്തിനു താൻ ഈശ്വരസന്നിധിയിൽ നിൽക്കുകയാണെന്നു തോന്നി. "ഈ പറയുന്നതിൽ ഒരു അതിശയോക്തിയും ഇല്ല, പ്രത്യുത, പ്രത്യക്ഷരം പരമാർത്ഥമാകുന്നു. ഈ സദസ്സിൽ ഈശ്വരനേയും അഹിംസയേയും സത്യത്തേയും ഞാൻ പ്രത്യക്ഷമായി കണ്ടു." അനന്തരം ബന്ധനസ്ഥനായിട്ടു, ഭരണാധികാരിയുടെ മുമ്പിൽ സമർപ്പിച്ച പ്രസ്താവന സകലപ്രകാരത്തിലും ഉജ്ജ്വലവും സൌമനസ്യപൂർണ്ണവും ആയിരുന്നു. അതിലും അവസാനം പറയുന്നു: "മജിസ്ട്രേട്ട് സാഹബ്", ഞാൻ പറയുന്നതു് എന്റെ അപരാധം ഗണ്യമാക്കാതെ എനിക്കു് ചെറിയ ശിക്ഷ തരുവാൻ വേണ്ടിയല്ല. ഞാൻ അങ്ങയുടെ ആജ്ഞയെ ലംഘിച്ചു. എനിക്കു് സർക്കാരിനെക്കുറിച്ചു് ആദരം ഇല്ലാഞ്ഞിട്ടല്ല. എന്നാൽ ഈശ്വരാജ്ഞയുടെ മുമ്പിൽ അങ്ങയുടെ ആജ്ഞയെ മാനിക്കുന്നതിനു സാധിക്കാത്തതുകൊണ്ടുമാത്രമാണു്."

അസാധാരണമായിരുന്ന ആ വചനം; ഒരുതരത്തിൽ ഭയങ്കരവും. ഓരോ മനുഷ്യനും ആ മാതിരി പറയുകയാണെങ്കിൽ എന്തായിരിക്കും കഥ. "അന്തരാത്മാവിന്റെ ശബ്ദം", "അന്തർന്നാദം", അല്ലെങ്കിൽ "ആകാശവാണി" കേൾക്കുവാൻ എല്ലാവർക്കും ഭാഗ്യമുണ്ടാവില്ല. അതിനു ഭയാഗ്യത വേണം. കർമ്മത്തിനവലംബമായി ത്യാഗവും തപസ്സും ആവശ്യമാകുന്നു. സത്യം വേണം, സാഹസം വേണം, വിവേകം വേണം; സമഭാവനയും അപരിഗ്രഹവും വേണം. യാതൊരുത്തൻ കേവലം സേവനത്തിനുവേണ്ടി മാത്രം ജീവിക്കുന്നു, യാതൊരുത്തനു ഹാനിയിലോ ലാഭത്തിലോ യാതൊരു താല്പര്യവും ഇല്ല, യാതൊരുത്തൻ കർമ്മയോഗത്തിന്റെ സാധകനാണു്, യാതൊരുത്തനു ഈശ്വരനിൽ അളവറ്റ വിശ്വാസം ഉണ്ടു്, യാതൊരുത്തനെ അഭിമാനം സ്പർശിച്ചിട്ടില്ല, ആ മനുഷ്യനു മാത്രമേ അന്തർന്നാദം കേൾക്കുവാൻ സാധിക്കയുള്ളു. എന്നാൽ മിഥ്യയായ അനുകരണം എല്ലാവർക്കും സാധിക്കും. "എന്റെ അന്തഃകരണം പറയുന്നു" ഇങ്ങിനെ പലരും പറയാൻ തുടങ്ങിയിട്ടുണ്ടു്. ഗാന്ധിജിയെ ഇങ്ങിനെ

മിഥ്യയായിട്ടനുകരിക്കുന്നതു ഭയങ്കരം തന്നെ. എന്നാൽ ഏതു നല്ല സംഗതിയാണു് ലോകത്തിൽ ദുരുപയോഗപ്പെടുത്താൻ സാധിക്കാത്തതു്.

ഗാന്ധിജിയുടെ ഈശ്വരവിശ്വാസമാണല്ലൊ പ്രകൃതം. കൂട്ടിയുടെ പനി കുറഞ്ഞതു് ഈശ്വരേച്ഛ കൊണ്ടാണു്; വണ്ടിതിൽ സ്ഥലം കിട്ടിയതു് ഈശ്വരാനുകൂല്യംകൊണ്ടു്. സക്കാരിന്റെ ആജ്ഞയെ അനാദരിച്ചതും ഈശ്വരാജ്ഞകൊണ്ടുതന്നെ. ലൗകികമായ ഭാഷയിൽ സംസാരിക്കുന്നവക്കു് ചില പ്പോഴെല്ലാം ഇങ്ങിനെയുള്ള ആളുകളുടെ നേക്കു് തുണ്ടി വരാം. വൈസ്രോയി വില്ലിംഗ്ടനു ക്രോധം വന്നിരുന്നു. എന്നാൽ ഗാന്ധിജിയെ കൂടാതെ കാര്യം നടക്കില്ലല്ലൊ. ദ്വേഷമുണ്ടെങ്കിൽ ആയിക്കോട്ടെ. ഉർഗ്രഹമായ ഭാഷയുടെ വൈഷമ്യം മുമ്പിൽ ഉണ്ടായിരുന്നാലും ഗാന്ധിജിയെക്കൊണ്ടാണു് കാര്യം സാധിക്കേണ്ടതു്. രാജക്കോട്ടിൽ ആമരണം ഉപവാസം ചെയ്തപ്പോൾ വൈസ്രോയി ലിൻലിത്ഗോ അദ്ദേഹത്തിനു കമ്പി അയച്ചു: "ഉപവാസം ചെയ്യുന്നതിനു മുമ്പു് അങ്ങു് എനിക്കു് സൂചന തരാമായിരുന്നു. അങ്ങയ്ക്കു് എന്നെ അറിയാമല്ലൊ. അങ്ങു് എന്താണു് ഈ ചെയ്തതു്?" ഗാന്ധിജി എഴുതി: "ഞാൻ എന്തുചെയ്യട്ടെ? അന്തർന്നാദം ഉണ്ടാകുമ്പോൾ ആലോചനയ്ക്കും ഉപദേശത്തിനും അവസരം എവിടെ?"

ഓരോ സംഗതിയിലും ഈശ്വരനെ സാക്ഷിയാക്കി പ്രവർത്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ഈ ശീലം അപ്രായോഗികമായ ഒന്നല്ല. ഗാന്ധിജി ഓരോ കാര്യത്തിലും പതിപ്പിക്കുന്ന ധാർമ്മികദൃഷ്ടി നമുക്കു ഗ്രഹിക്കുവാൻ വിഷമമാകുന്നു. അദ്ദേഹത്തിന്റെ സതതപ്രബുദ്ധമായ ഈശ്വരാദരം നമുക്കു പൂർണ്ണമായി അറിയുവാൻ കഴിവില്ല. അതുകൊണ്ടു നാം ചിലപ്പോൾ വിവരമാരായിത്തീരുന്നു. ചിലപ്പോൾ തുണ്ടി എടുക്കുന്നു. കമ്പിയില്ലാക്കമ്പിയെപ്പറ്റി പൂർണ്ണമായി അറിയുന്നില്ലെങ്കിൽ നാം ആ വിജ്ഞാനം ലഭിക്കുവാൻ പരിശ്രമിക്കാതെ ആ ശാസ്ത്രജ്ഞന്റെ മുമ്പിൽ വിവരമറായിത്തീരുന്നതെന്തിനു്?

നാം എന്തിനു വൈജ്ഞാനികനോട്ടമുണ്ടാ എടുക്കുന്നു? നമ്മോട് ശാസ്ത്രീയമായ ഭാഷയിൽ ആ വിജ്ഞാനത്തിന്റെ വിചാരണ ചെയ്യുന്നതുകൊണ്ട്" നമുക്കു" അതു നല്ലതുപോലെഅറിയാൻ കഴിയില്ല; എന്തുകൊണ്ടെന്നാൽ നാം ആ ഭാഷയിൽ അനഭിജ്ഞരല്ലേ? ഗാന്ധിജിയുടെ സ്ഥിതിയും അതു തന്നെ. അദ്ധ്യാത്മവിജ്ഞാനത്തിന്റെ മർമ്മം അദ്ദേഹം ഗ്രന്ഥങ്ങളിൽനിന്നു ഗ്രഹിച്ചിട്ടില്ല, അനുഷ്ഠാനംകൊണ്ട്" അറിയുന്നു.

ഗാന്ധിജിയിൽ ധർമ്മത്തെപ്പറ്റിയുള്ള സങ്കല്പം പ്രബുദ്ധമായപ്പോൾ അദ്ദേഹം അനേകം ഗ്രന്ഥങ്ങൾ പാരായണം ചെയ്തു. ഹിന്ദുമതത്തിന്റെ സ്വഭാവം ഗ്രഹിക്കുവാൻ ശ്രമിച്ചു ക്രിസ്തുമതം അദ്ധ്യയനം ചെയ്തു. ഇസ്ലാം ഗ്രന്ഥം വായിച്ചു. പാരസികമതവും ചിന്താവിഷയമാക്കി. ഏതെയത്തെ നിർവികാരമാക്കി വെച്ചുകൊണ്ട് പക്ഷപാതം കൂടാതെ എല്ലാ ധർമ്മങ്ങളുടെയും തത്വങ്ങൾ മനസ്സിലാക്കാൻ പരിശ്രമിച്ചു. ഹൃദയത്തിൽ മറഞ്ഞുകിടക്കുന്ന സത്യധർമ്മത്തെ ഗ്രഹിക്കുന്നതിനു നിഷ്പക്ഷമനായിട്ട് പ്രയത്നിച്ചു. (ധർമ്മസ്യതത്വം നിഹിതം ഗുഹായാം) ഇതുകൊണ്ട്" അദ്ദേഹത്തിന്റെ നിഷ്പക്ഷത വർദ്ധിച്ചു, പ്രയത്നം ചൈതന്യവത്തായി; അദ്ദേഹം സത്യം ദർശിച്ചു. അദ്ദേഹം ബലവാനായി. നീരക്ഷീരവിവേകത്തിനു" ധർമ്മാധർമ്മ വിവേചനത്തിനു", ശക്തിനേടി. അതോടുകൂടിത്തന്നെ നിശ്ചയാത്മകമായ ബുദ്ധിയും പ്രബലമായി. അദ്ദേഹത്തിന്റെ നിശ്ചയം ഉരുക്കുപോലെയാണു". അന്തർന്നാദം കേൾക്കാൻ തുടങ്ങി. ഈ അന്തർന്നാദത്തിന്റെ പ്രസ്ഫാവത്തിൽ അദ്ദേഹം സങ്കോചരഹിതനായിത്തീർന്നു.

ഇന്നാൽ അദ്ദേഹം സങ്കല്പലോകവിഹാരിയാണോ? അദ്ദേഹം അപ്രായോഗികനായിട്ടുണ്ടോ? പിന്നെ, ഒരു വൈജ്ഞാനികൻ അപ്രായോഗികനാണോ എന്നും ചോദിക്കാ

മല്ലൊ. ഗാന്ധിജിക്കു എഴുപത്തൊന്നു വയസ്സു കഴിഞ്ഞു. ഈ കാലഘട്ടത്തിൽ തന്റെ ജീവിതത്തിൽ മറ്റേതൊരു മഹാപുരുഷനും സമ്പാദിച്ചിട്ടുള്ളതിനേക്കാൾ എത്രയൊ അധികം അനുഭവം സമ്പാദിച്ചിട്ടുണ്ടു്. ലോകം ഗാന്ധിജിയെ ഒരു മഹാത്മാവിന്റെ നിലയിലേക്കാൾ ഒരു വലിയ രാജനീതിജ്ഞനായ നേതാവിന്റെ രൂപത്തിലാണു് അറിയുന്നതു്. സങ്കുചിതമനസ്കരായ ഇംഗ്ലീഷുകാർ കളവും സൂത്രവും തികഞ്ഞ കുഴപ്പക്കാരനായ ഒരു ഇഷിച്ച രാജ്യതന്ത്രജ്ഞനായിട്ടു കരുതുന്നു. യാഥാസ്ഥിതികന്മാരായ മുസൽമാന്മാർ ഹിന്ദുരാജ്യം സ്ഥാപിക്കുവാൻ ഇച്ഛിക്കുന്ന കൌശലക്കാരനും വഞ്ചകനും ആയ ഒരു ഹിന്ദുവായിട്ടു വിചാരിക്കുന്നു. ഇതിൽനിന്നെല്ലാം തുരുക്കത്തിൽ ഇതുത്തോളം വ്യക്തമാകുന്നുണ്ടു്. അദ്ദേഹം കാറിൽ പറന്നു നടക്കുന്ന ഒരു അപ്രായോഗിക പുരുഷനല്ല. ഭാരത നെയ്കയെ സാമർത്ഥ്യത്തോടും ധൈര്യത്തോടും സ്ഥൈര്യത്തോടുംകൂടി ഗാന്ധിജി ആദ്യം ഇരുപതു കൊല്ലം ആഫ്രിക്കയിലും പിന്നെ ഇരുപത്തഞ്ചുകൊല്ലം സ്വദേശത്തിലും അത്ഭുതജനകമായ വിധത്തിൽ നയിച്ചു. ഇതു് ഒരു അപ്രായോഗിക മനുഷ്യന്റെ പ്രവൃത്തിയല്ല. രാജനീതിയിൽ ഈ ഇരുപതുകൊല്ലം അദ്ദേഹത്തിനായിരുന്ന ഏതച്ഛത്രാധിപത്യം ആരുംതന്നെ അദ്ദേഹത്തെ വെല്ലുവിളിച്ചിട്ടില്ല! ഉണ്ടെങ്കിൽ അയാൾ സ്വയം പതിക്കുകയാണു് ചെയ്തിട്ടുള്ളതു". രാജ്യതന്ത്രത്തിൽ ഗാന്ധിജിയുടെ സാന്നിദ്ധ്യം ഇന്നു് അപരിഹാര്യവും അത്യാവശ്യവും ആയ്ത്തീർന്നിട്ടുണ്ടു്". അദ്ദേഹം പ്രായോഗികമല്ലാത്ത മനോരാജ്യങ്ങളിൽ സഞ്ചരിക്കുന്ന ഒരാളാണെന്നാണോ ഇതെല്ലാം വ്യക്തമാക്കുന്നതു്? ഗാന്ധിജിക്കു് സ്നേഹശക്തിയല്ലാതെ മറ്റൊന്നു ബലമാണുള്ളതു്? എന്നാൽ അദ്ദേഹത്തിന്റെ ഈ പ്രേമം ഭാരതീയരുടെ ഹൃദയത്തിൽ അതിന്റെ പ്രഭാവം മുദ്രിതമാക്കിയിട്ടുണ്ടു്. ശത്രുക്കളിലും ഈ പ്രേമം അതിന്റെ മുദ്ര പതിച്ചിരിക്കുന്നു. അങ്ങിനെയുള്ള രാജനീതിജ്ഞനായ ഒരു നേതാവു് അപ്രായോഗികനാണെന്നു് ആരു പറയും? ദേശവാസികൾക്കു രാജനൈതികവും ആദ്ധ്യാത്മികവും സാംസ്കാരികവും ആയ

പുരോഗതി ജനിപ്പിക്കുകയും അവരെ ഈ സർവ്വ പ്രവൃത്തി രംഗങ്ങളിലും ഉയർത്തിക്കൊണ്ടു വരുകയും ചെയ്ത പുരുഷനെ ആകാശഭൂമിയിലെ നിവാസിയാണെന്നു് ആരു പറയും? ഗാന്ധിജിയേക്കാൾ സമർത്ഥനും പ്രായോഗികനും ആയ രാജ്യതന്ത്രജ്ഞരെ അധികം കാണുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

എന്നാൽ ഗാന്ധിജിയുടെ ജീവിതത്തിൽ രാജനീതി അപ്രധാനമാണെന്നുള്ളതാണു് പരമാർത്ഥം. പ്രധാനമായതാവട്ടെ ധർമ്മനീതിയാകുന്നു. രാജനീതി അദ്ദേഹം സ്വീകരിച്ചു; എന്നാൽ അതും തന്റെ മോക്ഷപ്രാപ്തിക്കുള്ള ഉപായം എന്ന നിലയിലാകുന്നു. ഖാദി, ഹരിജനകാര്യം, ജലചികിത്സ, ഗോഹത്യ, അദ്ദേഹത്തിന്റെ ഈ സകല സംരംഭങ്ങളും മോക്ഷസാധനങ്ങളാകുന്നു. ഈശ്വരസാക്ഷാൽക്കാരം—അതാണു് അദ്ദേഹത്തിന്റെ ലക്ഷ്യം. മേൽപറഞ്ഞ എല്ലാപരിശ്രമങ്ങളും അദ്ദേഹത്തിനു കേവലം മാർഗ്ഗങ്ങൾ മാത്രം. കേവലം ഒരു രാജനൈതികനായ നേതാവിന്റെ രൂപത്തിൽ കാണുന്നവർക്കു് ഗാന്ധിജിയുടെ ഈശ്വരനാമോച്ചാരണം, പ്രാർത്ഥന അന്തർന്നാദം, അഹിംസ, മറെറല്ലാ ആദ്ധ്യാത്മികതയും ദുർഗ്രഹവിഷയമാകുന്നു. ആത്മജ്ഞാനിയുടെ രൂപത്തിൽ കാണുന്നവർക്കാകട്ടെ അദ്ദേഹത്തിന്റെ രാജനീതി കേവലം ഒരു ഉപകരണം മാത്രമാണു്.

ആരുരുക്ഷോർമുനേർയ്യോഗം
കർമ്മകാരണമുച്യതേ
യോഗാരൂഢസ്യ തസ്യൈവ
ശമഃ കാരണമുച്യതേ.

ഗീതയിലെ ഈതത്വത്തെ നല്ലപോലെ ഗ്രഹിച്ചിട്ടു് നാം ഗാന്ധിജിയുടെ സ്വഭാവം അദ്ധ്യയനം ചെയ്യുകയാണെങ്കിൽ യാതൊരു ദുർഗ്രഹതയും ഇല്ല.

"ഒരു അദ്ധ്യാത്മവാദിക്കു രാജനീതിയെ നല്ല രൂപത്തിൽ നയിക്കുവാൻ കഴിയുമോ?" ഇങ്ങിനെ ചിലർ ചോദിക്കുന്നു.

അസത്യവാനും അകർമ്മപരനും ലോഭിയും സ്വാർത്ഥിയും അധാർമ്മികനും ആയ ഒരു മനുഷ്യനു" അതു കഴിയുമോ? ഈ ചോദ്യമാണു" അതിനു സമാധാനം. സ്വാർത്ഥരഹിതനും ഈശ്വരഭക്തനും ആയ ഒരു മനുഷ്യനു" രാജനീതിയെ പ്രവർത്തിപ്പിക്കുവാൻ സാദ്ധ്യമല്ലെങ്കിൽ, പിന്നെ ഗീത അദ്ധ്യയനം ചെയ്തിട്ടു" എന്താണു പ്രയോജനം? ചവറുകൊട്ടയിൽ എറിയുക. രാജനീതി അസത്യത്തിന്റേയും കപടത്തിന്റേയും ഒരു കല മാത്രമാണെങ്കിൽ പിന്നെ "യതോധർമ്മസ്തതോജയഃ" എന്നതിനെ ആരും വിശ്വസിക്കുകയില്ല.

നാം അബദ്ധമായി ധരിച്ചുവെച്ചുകൊണ്ടിരിക്കുകയാണു" ധർമ്മവും രാജനീതിയും അസംഗതങ്ങളായ രണ്ടു വസ്തുക്കളാണെന്നു". ഗാന്ധിജി ഈ ഭ്രമം ഛേദിക്കുകയും സ്വകീയങ്ങളായ ആചരണങ്ങൾകൊണ്ടു നമുക്കു ധർമ്മവും അർത്ഥവും രണ്ടുകായ്ങ്ങളല്ലെന്നു കാട്ടിത്തരുകയും ചെയ്തിട്ടുണ്ടു". എല്ലാറ്റിലും വലുതാണു" അർത്ഥം: പരമ + അർത്ഥം = പരമാർത്ഥം. ഗീത എന്തു ഉപദേശിച്ചു, ഗാന്ധിജി അതു" ആചരിച്ചു. നാം = വായിക്കുവാനുള്ളതാണെന്നു മാത്രം വച്ചിരുന്ന ഗീത ആചരണത്തിനുള്ള ഒന്നാണു"; കേവലം അനുവാചകത്തിനുള്ളതല്ല എന്നു ഗാന്ധിജി നമുക്കു ഉപദേശിച്ചു. ഗാന്ധിജി ഒന്നും പുത്തനായി ചെയ്തില്ല. ശ്രീകൃഷ്ണൻ രാജനീതിയേയും ധർമ്മനീതിയേയും യോജിപ്പിച്ചില്ലേ? ജനകൻ രാജാവായിരുന്നുകൊണ്ടുതന്നെ വിരക്തനായി വർത്തിച്ചില്ലേ? താൽക്കാലമായ കർമ്മയോഗമാണു" ഗാന്ധിജി തന്റെ ആചരണംകൊണ്ടു പ്രത്യക്ഷമാക്കിയിട്ടുള്ളതു". തുരുമ്പുപിടിച്ചുകിടന്നിരുന്ന ആ വാൾ ഗാന്ധിജി വീണ്ടും ചാണയ്ക്കുവെച്ചു മൂർച്ചകൂട്ടി പുതിയതാക്കി.

10

1933 ഏപ്രിൽ 29—ാം- നടന്ന സംഭവമാണു" ഇവിടെ പ്രസ്താവിക്കുന്നതു". അക്കാലത്തു" ഹരിജനങ്ങളെ

സംബന്ധിക്കുന്ന വിഷമപ്രശ്നം ഗാന്ധിജിയുടെ ഹൃദയത്തെ വല്ലാതെ മഥിച്ചുകൊണ്ടിരുന്നു. യർവാദയിലെ യോഗിപ്പിന്നാലെ രാജ്യത്തിൽ ഒരു നൂതനമായ ഉത്സാഹം ആവിർഭവിച്ചു. എല്ലാസ്ഥലത്തും സവർണ്ണഹിന്ദുക്കളിൽ അനേകം സംവത്സരങ്ങളായി ഹരിജനങ്ങളുടെ നേരെ ചെയ്തുപോന്ന അതുച്ചാരങ്ങൾ കാരണം, ആത്മശുദ്ധി പ്രത്യക്ഷമായിരുന്നു. ഹരിജനസേവാസംഘം ശക്തിയോടുകൂടി സേവാകൃത്യം വിപുലമാക്കിക്കൊണ്ടിരുന്നു. ഗാന്ധിജിയുടെ ലേഖനങ്ങൾ ഹരിജനകാര്യത്തിൽ ഒരു നൂതനമായ പുരോഗതി ഉണ്ടാക്കിയിരുന്നു. സത്യാഗ്രഹമാകട്ടെ തൽക്കാലം കഴിഞ്ഞിരുന്നു. ഗാന്ധിവാദത്തിനു് എന്നെന്നേയ്ക്കുമായി മരണം സംഭവിച്ചുകഴിഞ്ഞു എന്നായിരുന്നു വൈസ്രോയി വില്ലിങ്ടൺ വിചാരിച്ചിരുന്നതു്. എന്നാൽ പ്രധാനമന്ത്രി റാംസെമക്ഡൊനൽഡിന്റെ നിശ്ചയത്തിനു വിരുദ്ധമായി ഗാന്ധിജി സ്വീകരിച്ച ആമരണോപവാസം ഒരു ഞൊടിയ്ക്കിടയ്ക്കുതന്നെ, ആ മൈഥില്യത്തെ നശിപ്പിച്ചിട്ട ഒരു പുതിയ ചൈതന്യം പ്രദാനം ചെയ്തു. ജനങ്ങൾ രാജനൈതികമായ സത്യാഗ്രഹത്തെ ഉപേക്ഷിച്ചു ഹരിജനകാര്യത്തിനു് സർവ്വത്ര ഉൽസുകരായി. ഇതു് ഒരു അത്ഭുതമായിരുന്നു. അനേകവർഷങ്ങളായിട്ട ഗാന്ധിജി ഹരിജനകാര്യം പ്രചരിപ്പിച്ചുവന്നിരുന്നെങ്കിലും ഉയർന്ന ജാതിക്കാരുടെ ഹൃദയത്തിൽ ഇങ്ങിനെയുള്ള ഒരു പ്രബോധം ജനിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നില്ല. അനേക വർഷങ്ങളായി സാധിക്കാതിരുന്ന ആ കാര്യം പെട്ടെന്നു സംഭവിച്ചു.

എല്ലാ വ്യാപാരങ്ങൾക്കും പ്രത്യാഘാതമുണ്ടല്ലോ. ഹരിജനകാര്യത്തെ സംബന്ധിച്ചും അതുണ്ടായി. ഒരു ഭാഗത്തു് ഹരിജനങ്ങളോടു ശക്തിമത്തായ സഹാനുഭൂതി ഉണ്ടായെങ്കിൽ മറുഭാഗത്തു മതകാര്യങ്ങളിൽ നിബ്ധസ്ഥിതിയിലോടുകൂടിയ കർക്കശജനങ്ങളുടെ അഭിപ്രായം അധികം പരുഷമായിത്തീരുകയും ചെയ്തു.

ഹരിജനങ്ങളുടെ നേരെ കാണിച്ചു വന്ന ദുരാചാരങ്ങൾ പരിഷ്കൃതവും നവീനവും ആയ ചിന്താഗതിയോടുകൂടിയ ആളുകൾക്കു് സങ്കല്പിക്കാവുന്നതിൽ കവിഞ്ഞതാണു്. ഈ ഏഴു വർഷത്തിനിടയ്ക്കു് ഉയർന്ന ജാതിക്കാരായ ഹിന്ദുക്കളുടെ മനോവൃത്തിയിൽ അത്ഭുതാതീതമായ പരിവർത്തനം വന്നിട്ടുണ്ടു്; എന്നാൽ അക്കാലത്തെ സ്ഥിതി അതിഭയങ്കരമായിരുന്നു. ദക്ഷിണഭിക്ഷുകളിൽ കേവലം അസ്പൃശ്യത മാത്രമല്ലായിരുന്നു; ഹരിജനവർഗ്ഗത്തിൽപ്പെട്ട ചിലരെ കാണുന്നതുതന്നെ പാപമാണെന്നാണു് കരുതിയിരുന്നതു്. ഹരിജനങ്ങൾക്കു മധുരപലഹാരം ഉണ്ടാക്കുവാനോ, വെള്ളികൊണ്ടുള്ള പാദസരങ്ങൾ ഇടുവാനോ കുതിരപ്പുറത്തു സവാരി ചെയ്യുവാനോ വലിയ വസതികൾ നിർമ്മിക്കുവാനോ അനുവാദം നൽകാതിരിക്കുക, മുതലായി സാധാരണ ദുരാചാരങ്ങളുടെ കൂട്ടത്തിൽ കണക്കാക്കപ്പെട്ടിരുന്ന അക്രമങ്ങൾ മിക്ക പ്രദേശങ്ങളിലും അക്കാലത്തു കാണപ്പെട്ടിരുന്നു. അതെല്ലാം ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടു്.

ഹരിജനങ്ങളിൽ ഈ പ്രബുദ്ധതകാരണം അല്പം നിർഭയത്വം പ്രത്യക്ഷമാകുവാൻ തുടങ്ങിയപ്പോൾ ആചാരഭ്രാന്തന്മാരുടെ ഇടയിൽ ക്രോധം സീമാതീതമായിത്തീർന്നു. പല സ്ഥലങ്ങളിലും ഹരിജനങ്ങളുമായി അടിപിടിയും വഴക്കും ഉണ്ടാകാൻ തുടങ്ങി. ഈ വർത്തമാനങ്ങളെല്ലാം ജയിലിൽ ഗാന്ധിജിയുടെ അടുക്കൽ എത്തിയിരുന്നു. ഈ അനിഷ്ട സംഭവങ്ങൾ കൊണ്ടു് അദ്ദേഹം അത്യന്തം വ്യാകുലനായിത്തീർന്നു. "അസ്പൃശ്യത ഹിന്ദുധർമ്മത്തിന്റെ കളങ്കമാണു്. ഉന്നതജാതിക്കാരുടെ ശിരസ്സാണു് ഈ പാപത്തിന്റെ ഭാരം ചുമക്കേണ്ടതു്. ഹരിജനങ്ങളുടെ നേരെ നല്ലപോലെ പെരുമാറിയിട്ടു് നാം ഈ പാപത്തിനു പ്രായശ്ചിത്തം ചെയ്യണം" എന്നിങ്ങനെ ഗാന്ധിജി എന്നും പറഞ്ഞിരുന്നു. ഗാന്ധിജി ഉയർന്ന ജാതിക്കാരനാകയാൽ ഈ അത്യാചാരം അദ്ദേഹത്തെ വളരെ പീഡിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു കൊടുങ്കാറ്റുണ്ടായി. എന്താണു് ചെയ്യേണ്ടതു് എന്ന സങ്കല്പവും

സന്ദേഹവും തുടർന്നുകൊണ്ടിരുന്നു. പ്രസ്തുത വിഷയത്തെക്കുറിച്ച് പണ്ഡിതന്മാരുമായി എഴുത്തുകുത്തുകളും നടത്തിവന്നു.

"ഈശ്വരൻ ഈ അത്യാചാരം നടക്കുവാൻ അനുവദിക്കുന്നതു് എന്തുകൊണ്ടാണു്?" രാവണൻ രാക്ഷസനായിരുന്നു, എന്നാൽ ഈ അസ്പൃശ്യതാരൂപയായ രാക്ഷസിയാകട്ടെ രാവണനേക്കാളും ഭയം ജനിപ്പിക്കുന്നവളാണു്. ഈ രാക്ഷസിയെ ധർമ്മത്തിന്റെ പേരിൽ നാം പൂജിക്കയാണെങ്കിൽ നമ്മുടെ പാപത്തിന്റെ ഭാരവും വർദ്ധിച്ചുകൊണ്ടിരിക്കും. നീഗ്രോജാതിക്കാരുടെ അടിമത്വവും ഇതിനേക്കാളും ഭേദമാകുന്നു. ഈ ധർമ്മം— ഇതിനെ ധർമ്മമെന്നു പറയുകയാണെങ്കിൽ— ഭ്രഷ്ടപൂരിതമായിട്ടാണു് എനിക്കു തോന്നുന്നതു". ഇതു് ഹിന്ദുധർമ്മമായിരിക്കുവാൻ നിവൃത്തിയില്ലതന്നെ. ഞാൻ ഹിന്ദുധർമ്മംവഴിക്കു് ക്രിസ്തുധർമ്മത്തേയും ഇസ്ലാംധർമ്മത്തേയും ആദരിക്കുവാൻ പഠിച്ചിട്ടുണ്ടു്. പിന്നെ ഈ പാപം എങ്ങനെ ഹിന്ദുധർമ്മത്തിന്റെ അംഗമാകും? എന്നാൽ എന്താണു് ചെയ്യേണ്ടതു്?"

ഇങ്ങിനെ വിചാരിച്ചു വിചാരിച്ചു ഗാന്ധിജി ഏപ്രിൽ 29—ാം തീയതി രാത്രി ജയിലിൽ കിടന്നുറങ്ങി. കുറച്ചു നേരമാത്രം മയങ്ങിയിരിക്കും. പതിനൊന്നു മണിയായി. നിശ്ശബ്ദമായിരുന്ന കാരാഗൃഹം. വസന്തം ആരംഭിച്ചിരുന്നു. സുഖാവഹമായിരുന്ന രാത്രി. സുരഭിലമായ ഇളംകാറ്റു് വീശിക്കൊണ്ടിരുന്നു. തടവുകാർ എല്ലാവരും ഉറങ്ങുകയാണു്. കാവൽക്കാർ മാത്രമേ ഉണർന്നിരുന്നുള്ളൂ. പതിനൊന്നു മണിക്കുശേഷം അധികം കഴിയുന്നതിനുമുമ്പു ഗാന്ധിജി കണ്ണുതുറന്നു. ഉറക്കം പോയി. കൊടുങ്കാറ്റുകൊണ്ട കടലെന്നപോലെ ക്ഷോഭിക്കുവാൻ തുടങ്ങി അദ്ദേഹത്തിന്റെ ഹൃദയം. വ്യാകുലത അധികമായി. ഹൃദയത്തിൽ ഒരു യുദ്ധം നടക്കുകയാണെന്നു തോന്നിയിരുന്നു. ഇതിനിടയ്ക്കു് ഒരു ശബ്ദം ശ്രവണഗോചരമായി. ആ ശബ്ദം ദൂരെനിന്നു വരികയാണെന്നാണു് തോന്നിയതു്. പിന്നീടു് അതോ അടുത്തുവന്നു സംസാരിക്കുകയാണെന്നു് തോന്നി. "ഉപവാസം തുടങ്ങൂ" ഇതായിരുന്നു

ആ അശരീരി വചനം. അനല്പംഘ്യമായിരുന്ന ആ ആജ്ഞ. ഗാന്ധിജി അതു കേട്ടു. സംശയമുണ്ടായില്ല അദ്ദേഹത്തിനു്. അതു് ഈശ്വരവചനമാണു് എന്നു അദ്ദേഹത്തിനു നിശ്ചയമായിരുന്നു. അപ്പോൾ ഹൃദയത്തിലെ യുദ്ധം അടങ്ങി. വ്യാകുലത അകന്നു. ഗാന്ധിജി സ്വസ്ഥനായി. ഉപവാസം എത്ര ദിവസം വേണം, എപ്പോൾ ആരംഭിക്കണം എന്നു നിശ്ചയിച്ചു് അദ്ദേഹം അതിനെക്കുറിച്ചുള്ള പ്രസ്താവന തയ്യാറാക്കിയതിനുശേഷം ഗാഢനിദ്രയെ പ്രാപിച്ചു.

പ്രഭാതത്തിൽ എഴുന്നേറ്റ വല്ലഭായിയോടും മഹാദേവഭായിയോടും ഒരുമിച്ചു് പ്രാർത്ഥന നടത്തി. "പഥിക, എഴുന്നേൽക്കു! ഉണർന്നോ? നേരം പുലർന്നു, ഇനി ഉറങ്ങാൻ രാത്രി എവിടെ?" എന്ന ആശയത്തോടുകൂടിയ ഒരു കീർത്തനം മഹാദേവഭായ് അക്ലിഷ്ടമധുരമായി പ്രാർത്ഥനാസമയത്തു് പാടി. ഗാന്ധിജി മഹാദേവഭായിയോടു പറഞ്ഞു: "രാത്രി ഉറക്കമിളയ്ക്കുകയായിരുന്നുവല്ലോ. അല്പനേരം വിശ്രമിയ്ക്കൂ." മഹാദേവഭായി കിടന്നു. ഗാന്ധിജി എന്തൊരു ഭയങ്കരമായ തീരുമാനമാണു് ചെയ്യുകഴിഞ്ഞിട്ടുള്ളതെന്നു് അദ്ദേഹത്തിനു മനസ്സിലായിരുന്നേയില്ല. ഗാന്ധിജി തയ്യാറാക്കിയിരുന്ന പ്രസ്താവന വല്ലഭായിയെ എല്പിച്ചു. സർദാർ ഒരു തവണ വായിച്ചു, രണ്ടു തവണ വായിച്ചു, എന്നിട്ടു സ്തംഭിച്ചിരുന്നുപോയി. ഇതിൽ വാദത്തിനു യാതൊരു സ്ഥാനവും ഉണ്ടായിരുന്നില്ല. മാത്രമല്ല സർദാറിനു ഗാന്ധിജിയുടെ സ്വഭാവം നല്ലപോലെ അറിയുകയും ചെയ്യാമായിരുന്നു. "നയാഗ്രാ വെള്ളച്ചാട്ടത്തെ തടഞ്ഞു നിർത്തുവാനുള്ള ശ്രമം വ്യർത്ഥമാണല്ലൊ. മഹാദേവു", ഇദ്ദേഹത്തേക്കാൾ അധികം ശുദ്ധനും ജ്ഞാനിയും ആയിട്ടു് ആരാണുള്ളതു്? അങ്ങിനെ ഒരാൾ ഉണ്ടെങ്കിൽ ഇദ്ദേഹത്തോടു തർക്കിക്കട്ടെ. ഞാൻ വാദിക്കയില്ല." ഇതുയും സർദാർ മഹാദേവഭായിയോടു പറഞ്ഞു. "ഈശ്വരേച്ഛാബലീയസി" എന്നുറച്ചു മൌനം അവലംബിക്കുകയും ചെയ്തു.

മഹാദേവഭായ് സാധാരണരീതിയിൽ തർക്കിച്ചു; എന്നാൽ ഒടുവിൽ ഈശ്വരനിൽ വിശ്വസിച്ചിട്ടു് അദ്ദേഹവും

മൌനം ഭജിച്ചു. പിറേറ ദിവസം എല്ലാദിക്കിലും വർത്തമാനം എത്തി. എല്ലാ ദിക്കിലും നിസ്സംശയം പരന്നു. ഞാനായിരുന്ന ഹരിജനസേവാസംഘത്തിന്റെ അദ്ധ്യക്ഷൻ. "പൂനയിലേയ്ക്കു വരരുതു", അവിടെയുള്ള കർത്തവ്യം ആചരിക്കു" എന്നുള്ള ഗാന്ധിജിയുടെ സന്ദേശം എന്റെ അടുക്കൽ എത്തി. വൈസ്രോയിക്കും റാക്കർബാപയ്ക്കും ഈ സന്ദേശം കിട്ടിയിട്ട വിശേഷിച്ചു യാതൊരു ചിന്തയും ഉണ്ടായില്ല എന്നു് എനിക്കു് ഇപ്പോൾ ഓർമ്മവരുന്നുണ്ടു്. ഗാന്ധിജി ഇതു ഭയങ്കരങ്ങളായ ആപത്തുകളിൽനിന്നു നിരപായമായിട്ടന്നെ വിമുക്തനായിട്ടുണ്ടു്; ഈ അഗ്നി പരീക്ഷയിലും അദ്ദേഹം വിജയപൂർവ്വകം കടന്നുകൂടും. ഇതായിരുന്നു എന്റെ ദൃഢമായ വിശ്വാസം. അതുകൊണ്ടു ഞാൻ ഇങ്ങിനെ എഴുതി. "ഈശ്വരൻ എല്ലാം മംഗളമാക്കും. ഞങ്ങൾ അങ്ങയ്ക്കുവേണ്ടി രാവും പകലും മംഗളപ്രാർത്ഥന ചെയ്യും. അങ്ങയുടെ ഉപവാസം സഫലമായിത്തീരട്ടെ. അതു് എല്ലാവർക്കും മംഗളമായി പര്യവസാനിക്കട്ടെ."

എന്നാൽ രാജാജിക്കു് ഇതുവേണ്ടാ എങ്ങിനെയാണാസന്തോഷമുണ്ടാവുക? ഗാന്ധിജിയുമായി താനുണ്ടാക്കിയ സൂത്രങ്ങളെക്കുറിച്ചു സംസാരിച്ചു, വാദിച്ചു, എന്നാൽ ഒന്നും ഫലിച്ചില്ല. ദേവദാസൻ അത്യുത്തമം ദുഃഖത്തോടെ പ്രാർത്ഥിച്ചു. അങ്ങു് അങ്ങിനെ ചെയ്യരുതു് എന്നു സൂചിപ്പിച്ചുകൊണ്ടു് ജനറൽ സ്മട്സ് ആഫ്രിക്കയിൽനിന്നു് ഒരു കമ്പി അയച്ചു. എന്നാൽ ഈശ്വരാജ്ഞയുടെ മുമ്പിൽ അദ്ദേഹം ആരുടേയെങ്കിലും ആജ്ഞ കേൾക്കുമായിരുന്നുവോ? ഉപവാസം ചെയ്യുന്നുണ്ടെന്നു് അറിഞ്ഞപ്പോൾ ഗവർമ്മെണ്ടു് അദ്ദേഹത്തെ പൂനയിൽ ലേഡി റാക്കർസിയുടെ ഭവനത്തിൽ, "പണ്ണകുടി"യിൽ, എത്തിച്ചു.

ഇരുപത്തൊന്നു ദിവസത്തെ ഈ ഉപവാസം ഭയങ്കരമായ ഒരു കാര്യമായിരുന്നു. ഇതിനു് ഏതാനും മാസംമുമ്പു് ഒരു ഉപവാസം കഴിഞ്ഞിരുന്നതേയുള്ളൂ. അതുകൊണ്ടു് ക്ഷീണം വളരെയുണ്ടായിരുന്നു. ആ ആദ്യത്തെ ഉപവാസത്തിൽ

ഏതാനും ദിവസങ്ങൾക്കുശേഷം പ്രാണൻ സംശയസ്ഥിതിയിലായി. അതുകൊണ്ട് ഈ ഉപവാസത്തിൽ രക്ഷപ്പെടുമോ ഇല്ലയോ എന്നു് അനേകം പേർക്കു് സംശയമുണ്ടായിരുന്നു. എന്നാൽ ഗാന്ധിജി പറഞ്ഞു: "എനിക്കു മരിക്കുവാൻ മോഹമില്ല. ഞാൻ ഹരിജനസേവനത്തിനു ജീവിച്ചിരിക്കുവാൻ ആഗ്രഹിക്കുന്നു. പിന്നെ മരണംതന്നെയാണു് സംഭവിക്കുന്നതെങ്കിലും എന്താണു് വിചാരിക്കുവാനുള്ളതു്? ഞാൻ വിചാരിച്ചിരുന്നതിനേക്കാൾ അഗാധമാണു് അസ്പൃശ്യതയുടെ മാലിന്യം; അതുകൊണ്ടു് ഇതു് ആവശ്യമാകുന്നു; ഞാനും എന്റെ സഹപ്രവർത്തകന്മാരും ജീവിച്ചിരിക്കുന്നപക്ഷം ആ മാലിന്യം തീരും. ഞാൻ ഹരിജനസേവനം ചെയ്യണമെന്നാണു് ഈശ്വരേച്ഛയെങ്കിൽ, എന്റെ ഭൌതികദേഹം ജനം തടഞ്ഞാലും ഈശ്വരൻ ആത്മീയമായ ആജ്ഞാത്മികഭക്ഷണം ഈ ദേഹത്തെ നിലനിർത്തും. എല്ലാവരും അവരവരുടെ കർത്തവ്യം പാലിക്കുകയാണെങ്കിൽ, അതും എന്റെ ജീവസന്ധാരണത്തിനു് ഉപകാരമായിത്തീരും. ആരും അവനവന്റെ സ്ഥാനത്തുനിന്നു മാറരുതു്. ആരും എന്റെ ഉപവാസത്തെ തടയുവാനും പാടില്ല."

1933 മേയ് 8-ാം തീയതി ഉപവാസം ആരംഭിക്കുകയും മേയ് 29-ാം തീയതി ഈശ്വരകൃപയാൽ സഫലമായിട്ടു അവസാനിക്കുകയും ചെയ്തു. ഉപവാസം അവസാനിച്ചു കുറച്ചു ദിവസങ്ങൾക്കുശേഷം ഗാന്ധിജി പറഞ്ഞു: "ഈ ഉപവാസം എന്തായിരുന്നു? എന്റെ 21 ദിവസത്തെ നിരന്തരമായ പ്രാർത്ഥനതന്നെ. തൽഫലമായിട്ടുള്ള പ്രഭാവം ഞാൻ ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുന്നു. ഇതു വെറും പട്ടിണി മാത്രമായിരുന്നില്ല; പിന്നെയോ, എല്ലാ ഇന്ദ്രിയങ്ങളുടേയും നിരാഹാരമായിരുന്നു. ഈശ്വരനിൽ സംലഗ്നനായിരിക്കുക എന്നതിന്റെ അർത്ഥം ഇതാണു്: എല്ലാ ശാരീരികേച്ഛകളുടേയും നീരസനവും ഈശ്വരനൊഴികെ മറെല്ലാത്തിനേയും അങ്ങേ അറ്റംവരെ വിസ്മരിക്കുകയും. ഈ അവസ്ഥയാകട്ടെ, നിരന്തരമായ പ്രയത്നവും വൈരാഗ്യവുംകൊണ്ടു മാത്രമേ പ്രാപ്തമാകൂ. അതുകൊണ്ടു് ഇങ്ങി

നെയുള്ള എല്ലാ ഉപവാസങ്ങളും ഒരിക്കലും പിഴയ്ക്കാത്ത ഒരുതരം ഈശ്വരഭക്തിയാണ്".”

1924-ലെ ഗ്രീഷ്മകാലം ഗാന്ധിജി ജയിലിൽനിന്നു പുറത്തുവന്നിരുന്നു. അപ്പെൻഡിക്സ്" നിമിത്തം ഒരു ശസ്ത്രക്രിയ നടത്തിക്കഴിഞ്ഞിരുന്നതിനാൽ, കുറച്ചു ദുർബലമായിരുന്ന ശരീരം. അതുകൊണ്ട് ആരോഗ്യത്തിനുവേണ്ടി ജൂഹുവിലാണ് താമസിച്ചിരുന്നതു". ഞാൻ ദിവസവും അദ്ദേഹത്തോടൊരുമിച്ച" ലാത്തുവാൻ പോകാറുണ്ട്"; സമീപത്തു" ഇരിക്കാറുണ്ട്". അനേകം മണിക്കൂറുകൾ ഓരോ വിഷയത്തെക്കുറിച്ച" അദ്ദേഹവുമായി ചിന്തിക്കുക പതിവാണ്". ഒരു ദിവസം ഈശ്വരനെപ്പറ്റിയായിരുന്ന സംഭാഷണം. "ഈശ്വരസാക്ഷാൽക്കാരം സിദ്ധിച്ചതായിട്ട" അങ്ങു വിചാരിക്കുന്നുണ്ടോ" എന്നു ഞാൻ ചോദിച്ചു.

"ഇല്ല, ഞാൻ അങ്ങിനെ വിചാരിക്കുന്നില്ല. ആഫ്രിക്കയിലായിരുന്നപ്പോൾ ഞാൻ ഈശ്വരനോട് വളരെ അടുത്തിട്ടുണ്ടെന്നു" എനിക്കു തോന്നിയിരുന്നു. എന്നാൽ അതിനുശേഷം എന്റെ അവസ്ഥ ഒട്ടും ഉയർന്നിട്ടില്ലെന്നാണു" എനിക്കു" തോന്നുന്നതു". മാത്രമല്ല ആലോചിക്കുന്തോറും ഞാൻ അല്പം പിന്നോക്കം പോരികയല്ലേ ചെയ്തിട്ടുള്ളതെന്നുകൂടി തോന്നുന്നു. "ക്രോധം വരാതിരിക്കുക" ഈ സ്ഥിതി ഇനിയും എനിക്കു" വന്നിട്ടില്ല. എന്നാൽ, എന്റെ ക്രോധത്തെ എനിക്കു ദർശിക്കുവാൻ കഴിയുന്നതുകൊണ്ടു" അതിന്റെ സ്ഥായിയായ പ്രഭാവം എന്നിൽ ഉണ്ടാകുന്നില്ല. ഞാൻ തീവ്രമായി പരിശ്രമിച്ചുകൊണ്ടിരിക്കയാണെന്നുമാത്രം പറയാം. ഈ ജീവിതത്തിൽ ഈശ്വരനെ സാക്ഷാൽക്കരിക്കണം. എന്നാണു" എന്റെ ആശ. എന്നാൽ, വിജയമാകട്ടെ ഭഗവാന്റെ കയ്യിലാണു". ഞാൻ പരിശ്രമം തുടർന്നുകൊണ്ടിരിക്കുന്നു"

ഈ സംഗതി നടന്നിട്ട" ഇന്നു പതിനാറുവർഷമായി. ഇതിനുശേഷം എനിക്കു" ഒരിക്കലും ഈ വിഷയത്തിൽ കൌതുകം തോന്നിയിട്ടില്ല, ഈ മാതിരി ചോദ്യം ഞാൻ ചോദിച്ചിട്ടുമില്ല. എന്നാൽ ഈശ്വരനോടുള്ള അദ്ദേഹത്തിന്റെ ആദരവും

ആത്മവിശ്വാസവും മേൽക്കുമേൽ വളർന്നുവരികയാണെന്നു് ഞാൻ കാണുന്നു. പിന്നീടൊരിക്കൽ ഒരാളുമായി സംസാരിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി:

"ഇപ്പോൾ അധികം വാദപ്രതിവാദത്തിനു" എനിക്കു സാദ്ധ്യമല്ല; മൗനഭാഷണത്തിനു യാതൊരു ശക്തിയും ഇല്ലെന്നു" ഞാൻ കരുതുന്നില്ല. ശബ്ദമയമായ ഭാഷണത്തേക്കാൾ അധികം ശക്തി മൗനഭാഷണത്തിനുണ്ടു്. ജനങ്ങൾ സത്യാഗ്രഹത്തെക്കുറിച്ചു് സംസാരിക്കുന്നു. സത്യാഗ്രഹം ആരംഭിക്കുകയാണെങ്കിൽ കഴിഞ്ഞ കാലത്തെപ്പോലെ എനിക്കു സഞ്ചരിക്കുകയും പ്രസംഗിക്കുകയും വേണ്ടിവരില്ല എന്നാണ" എന്റെ ദൃഢമായ വിശ്വാസം. ഞാൻ സേവാഗ്രാമത്തിൽ ഇരുന്നുകൊണ്ടു് നേതൃത്വം വഹിക്കും, ഇതു ആത്മവിശ്വാസം വന്നു കഴിഞ്ഞിട്ടുണ്ടു്. പൂർണ്ണമായ ഈശ്വരസാക്ഷാൽക്കാരം ലഭിക്കുന്നപക്ഷം എനിക്കു ഇതിനേയും കൂടി വേണ്ടിവരില്ല. ആ സ്ഥിതിക്കും ഞാൻ പ്രയത്നം തുടർന്നുകൊണ്ടിരിക്കേണ്ടതാണെന്നാണു" എന്റെ വിചാരം."

മഹാത്മജിയുടെ ഈ വാക്യങ്ങൾ. നമ്മുടെ ഉള്ളിൽ അവർണ്ണനീയമായ ഒരു ശക്തി നിറഞ്ഞിരിപ്പുണ്ടു്. നമുക്കു് അതിനെ ഈശ്വരനെന്ന നാമം കൊണ്ടു വ്യവഹരിക്കാം. മേൽ ഉദ്ധരിച്ച വാക്യങ്ങൾ ആ ശക്തിയെ സ്മരിപ്പിക്കുന്നു.

ഇന്നു കായ്ത്തിൽ തനിക്കു് ഈശ്വരസഹായം ഉണ്ടായിട്ടുണ്ടെന്നു" ഗാന്ധിജി പലപ്രാവശ്യവും പറഞ്ഞിട്ടുണ്ടു്; എന്നാൽ പ്രത്യക്ഷമായ അശരീരിവാക്കു് ഒരു പക്ഷേ അദ്ദേഹത്തിന്റെ ആദ്യത്തെ അനുഭവമായിരിക്കാം. ഈശ്വരവിഷയകമായി അദ്ദേഹത്തിനുള്ള അസീമമായ ശ്രദ്ധയുടെ സ്ഫോടിതായിയായ പ്രദർശനമായിരുന്നു അതെന്നാണു്" എന്റെ വിചാരം. ഞാൻ അദ്ദേഹത്തോടു് ഈ അശരീരി വചനത്തിന്റെ അത്ഭുതകരത്വത്തെക്കുറിച്ചു ദീർഘമായി സംസാരിച്ചു. എന്നാൽ സംസാരത്തിനിടയ്ക്കു് എനിക്കു തോന്നി, ഈ കായ്ം എനിക്കു

പൂർണ്ണമായി അനുഭവപ്പെട്ടത്തിത്തരുന്നതിനു് അദ്ദേഹത്തിന്റെ പക്കൽ സുഗമമായ യാതൊരു ഭാഷയും ഇല്ലെന്നു്. എത്രതന്നെ ലളിതമായി വിചാരിച്ചാലും എത്ര തന്നെ ശക്തിമത്തായ ഭാഷ ഉപയോഗിച്ചാലും, ഒടുവിൽ ഭാഷയ്ക്കു് അവിഷയമായകാര്യം ആക്കു സുഗ്രഹമാക്കാൻ കഴിയും? ഒരു ശബ്ദം ഉണ്ടായി എന്നു് നാം പറയുമ്പോൾ കേവലമായ ഒരു മാനുഷ ഭാഷയാണു് നാം ഉപയോഗിക്കുന്നതു്. ഈശ്വരനു് യാതൊരു ആകൃതിയും ഉണ്ടാകാൻ വയ്യ; ശബ്ദം, സ്പർശം, രൂപം, ഗന്ധം ഇത്യാദി ഗുണങ്ങളാൽ അദ്ദേഹം ബാധിതനും അല്ല. പിന്നെ അദ്ദേഹത്തിനു ശബ്ദം എങ്ങിനെയാണു്, ആകാരം എങ്ങിനെയാണു്? എന്നാലും ശബ്ദം ഉണ്ടായി. അതിന്റെ ഭാഷ എങ്ങിനെയുള്ളതാണു്? ആ ഭാഷ നാം സംസാരിക്കുന്നതുതന്നെ" "അതിന്റെ അർത്ഥം ആരോ നമ്മളോടു് എന്തോ സംസാരിക്കുന്നു എന്നു തോന്നുന്നു എന്നാണല്ലൊ! ഇങ്ങിനെ ഭ്രമവും സംഭവിക്കാം" "ശരി, ഭ്രമവും സംഭവിക്കാം, എന്നാൽ ഇതു ഭ്രമമായിരുന്നില്ല." അഹ്തയുള്ളവർക്കു മാത്രമെ ഈ ശബ്ദം കേൾക്കാൻ സാധിക്കയുള്ളു എന്നുകൂടിവന്നു. ഒരു മനുഷ്യനു ഭ്രമമായിതീരാം. അവൻ അതിനെ അശരീരിവാക്കു് എന്നു പറഞ്ഞാൽ അതു് അന്ധമായ ഈശ്വരശക്തിയെ പരത്തുകയായിരിക്കും. അന്യൻ അധികാരിയാണു്, ഉൽബുദ്ധനാണു്. അയാളെങ്കിലും പറയാം, ഇതു ഭ്രമമായിരുന്നില്ലെന്നു്. അശരീരിവാണിയും ഇതരസംഗതികളെപ്പോലെ അതിനു് അഹ്തയുള്ളവർക്കു് കേൾക്കാം. സൂര്യന്റെ പ്രതിബിംബം കണ്ണാടിയിൽ അല്ലേ പതിയൂ, കല്ലിൽ പതിയുകയില്ലല്ലൊ.

ഇരുപത്തൊന്നു ദിവസത്തെ ഈ ധാർമ്മികമായ ഉപവാസം ഗാന്ധിജിയുടെ അനേകം ഉപവാസങ്ങളിൽ ഒന്നായിരുന്നു. ചെറിയ ചെറിയ ഉപവാസങ്ങളെ നമുക്കു കണക്കാക്കേണ്ട. എന്നാലും ജീവാപായം തന്നെ സംഭവിക്കുമോ എന്നു തോന്നിയിട്ടുള്ള പത്തോ പന്ത്രണ്ടോ വലിയ ഉപവാസങ്ങളും പക്ഷേ ഇതുവരെ ഉണ്ടായിട്ടുണ്ടു്.

മറ്റു ഗുണങ്ങളുടെ കാര്യത്തിലെന്നപോലെ ഉപവാസത്തിന്റെ വിഷയത്തിലും, അതെങ്ങിനെയാണു് അദ്ദേഹത്തിൽ പ്രബുദ്ധമായതെന്നു പറയുവാൻസാധിക്കയില്ല. പനിനീർപ്പൂവോ അതിന്റെ പരിമളമോ ആദ്യം ഉണ്ടായതു്? ഏതു വ്യാപാരമാണു് ആദ്യം ഉണർച്ചയെ പ്രാപിച്ചതു്? ഏതാണു് പിന്നീടു്? ഇതു കണക്കാക്കുക പ്രയാസമാണെങ്കിലും ഇദ്ദേഹത്തിന്റെ മാതാവിന്റെ ഉപവാസങ്ങളാ ആയിരിക്കണം പക്ഷെ ഉപവാസസങ്കല്പത്തെ ഉണർത്തിയതു്. മതപരങ്ങളായ അനുഷ്ഠാനങ്ങളിൽ ആസക്തയായിരുന്ന അമ്മ. ഉപവാസങ്ങളിൽ അവർക്കു് അത്യധികം ശ്രദ്ധയുണ്ടായിരുന്നു. ചെറുതും വലുതും ആയ ഉപവാസങ്ങളാ കൊല്ലത്തിൽ മിക്കപ്പോഴും ഉണ്ടാകാറുണ്ടു്. "ചാതുർമാസ"ത്തിൽ "ഒരിക്കൽ" പതിവാണു്. "ചാന്ദ്രായണ" വ്രതം അവർ വളരെ അനുഷ്ഠിച്ചിട്ടുണ്ടു് ഒരു "ചാതുർമാസ"ത്തിൽ സൂര്യനെ ദർശിക്കുന്നതിനുമുമ്പുഭക്ഷണം കഴിക്കയില്ലെന്നായിരുന്നു അമ്മയുടെ നിശ്ചയം. വർഷക്കാലത്തു ചില ദിവസങ്ങളിൽ സൂര്യനെ കാണുകതന്നെയില്ല. പുറത്തുകണ്ടാൽത്തന്നെ അല്പനിമിഷത്തിനിടയ്ക്കു അദൃശ്യനാകയും ചെയ്യും. ബാലനായ ഗാന്ധി മുകളിൽ കയറി ഇടവിടാതെ സൂര്യൻ പ്രത്യക്ഷനാകുന്നതു കാത്തുകൊണ്ടിരിക്കുകയും കണ്ടുടനെ അമ്മയെ അറിയിക്കുകയും ചെയ്തിരുന്നു. എന്നാൽ ചിലപ്പോഴാ സാധുവായ അമ്മ എത്തുമ്പോഴേയ്ക്കും സൂര്യഭഗവാൻ മേഘച്ഛന്നമായ ആകാശത്തിൽ മറഞ്ഞുപോകും. അമ്മയ്ക്കു് അതിൽ അസന്തോഷം ഉണ്ടായിരുന്നില്ല. "കുട്ടീ, വ്യാകുലനാകേണ്ട, ഞാൻ ഇന്നു ഭക്ഷിക്കരുതു" എന്നായിരിക്കാം ഈശ്വരകല്പിതം." ഇത്രയും പറഞ്ഞിട്ടു് അവർ അവരുടെ ജോലിക്കു പോകും.

ബാലകനായ ഗാന്ധിജിയിൽ അതു് എന്തൊരു സംസ്കാരമാണു് ഉണ്ടാക്കിയതെന്നു നമുക്കു സ്വാഭാവികമായിത്തന്നെ ചിന്തിക്കാമല്ലൊ. അതിന്റെ മൂല്യശക്തിമത്തായിട്ടതന്നെ പതിഞ്ഞു. "ടാൽസ്റ്റോയ് ഫാറ"ത്തിൽ ആശ്രമം നടത്തിക്കൊണ്ടിരുന്നകാലത്തു്, ആഫ്രിക്കയിൽവെച്ചാണു്, ആദ്യത്തെ ഉപ

വാസം ഉണ്ടായതെന്നു തോന്നുന്നു. കുറെ ദിവസത്തേക്കു് അദ്ദേഹം ആശ്രമത്തിലുണ്ടായിരുന്നില്ല. പിന്നീടു് ആശ്രമവാസികളിൽ രണ്ടുപേർക്കു് സന്മാർഗ്ഗഭ്രംശം പറ്റിയിട്ടുണ്ടെന്നു് ഗാന്ധിജി അറിഞ്ഞു. തന്നിമിത്തം അദ്ദേഹത്തിന്റെ ഹൃദയം വ്രണിതമാവുകതന്നെ ചെയ്തു. എന്നാൽ ഈ വീഴ്ചക്കുള്ള ഉത്തരവാദിത്വം കുറച്ചൊക്കെ ആശ്രമത്തിലെ ഓരോരുവിലും കൂടി ഉണ്ടു് എന്നു അദ്ദേഹത്തിനു തോന്നി. എന്നാലും ആശ്രമത്തിന്റെ പ്രവർത്തകൻ താനായിരുന്നതുകൊണ്ടു് ഈ അനിഷ്ടസംഭവത്തിൽ തനിക്കും ഉത്തരവാദിത്വം ഉണ്ടെന്നു് അദ്ദേഹം വിശ്വസിച്ചു. അതുകൊണ്ടു് ഗാന്ധിജി ഏഴുദിവസം ഉപവാസിക്കയുണ്ടായി. കുറച്ചുദിവസത്തിനുശേഷം ഈ സംഭവത്തെ സംബന്ധിച്ചുതന്നെ അദ്ദേഹത്തിനു പതിനാലുദിവസം കൂടി ഉപവസിക്കേണ്ടിവന്നു.

പിന്നെയും അനേകം ഉപവാസങ്ങൾ ഉണ്ടായിട്ടുണ്ടു്. സ്വദേശത്തിൽ മടങ്ങിവന്നതിനുശേഷം ഇങ്ങിനെയുള്ള സംഭവങ്ങളെ ആസ്പദമാക്കി ഒന്നരണ്ടു നിരാഹാരവ്രതം വേണ്ടിവന്നു. അഹമ്മദബാദിലെ മില്ലുകളിലെ ഹരിജനങ്ങളുടെ കാര്യത്തിനുവേണ്ടിച്ചെയ്ത ഇരുപത്തൊന്നു ദിവസത്തെ ഉപവാസമായിരുന്നു മറ്റൊന്നു്. ഹരിജനങ്ങളുടെ പ്രതിനിധിസ്ഥാനങ്ങളെ സംബന്ധിച്ചു പ്രധാനമന്ത്രി മക്ഡാനൽഡിന്റെ നിഷ്പക്ഷതയിനുവിരുദ്ധമായി ഒരു ആമരണോപവാസം സ്വീകരിച്ചു. പിന്നെ ഹരിജനപ്രായശ്ചിത്തത്തിനുവേണ്ടി മറ്റൊരു നിരാഹാരവ്രതമായി. ജയിലിൽ ഇരുന്നുകൊണ്ടു് ഹരിജനകാര്യങ്ങൾ നിർവ്വഹിപ്പാൻ സർക്കാരിൽനിന്നു ചില പ്രതിബന്ധങ്ങൾ വരുത്തിയപ്പോൾ പിന്നെയും ഉപവാസം വേണ്ടിവന്നു. ഹരിജനോപവാസത്തിന്റെ അവസാനത്തിൽ ചില ഹരിജനപ്രവർത്തകന്മാരുടെ അസഹിഷ്ണുതാസൂചകമായ പെരുമാറ്റത്തിനു പ്രായശ്ചിത്തമായി വഴിയിൽ വെച്ചുണ്ടായ സപ്തദിനോപവാസവും സ്മരണീയമാണു്. രാജകോട്ടിൽവെച്ചും നിരാഹാരവ്രതം ഉണ്ടായി. പ്രധാനമന്ത്രിയുടെ തീരുമാനത്തെ എതിർക്കുവാനുണ്ടായ ഉപവാസം സഫലമായി പരിസമാപിക്കു

യാൻ കുറച്ചൊരു പങ്ക് ഞാനും വഹിച്ചിട്ടുണ്ട്. അതുകൊണ്ട് അടുത്തിരുന്നു് ഈ ഉപവാസം നിരീക്ഷിക്കുവാനും പഠിക്കുവാനും എനിക്കു വേണ്ടിടത്തോളം അവസരം കിട്ടി.

അക്കാലത്തു് ഗാന്ധിജി ജയിലിൽതന്നെയായിരുന്നു. ജനങ്ങളുടെ ഉത്സാഹം ക്ഷയിച്ചുതുടങ്ങിയിരുന്നെങ്കിലും സത്യാഗ്രഹം നടന്നുകൊണ്ടിരുന്നു. ഗാന്ധിജി ആമരണം ഉപവസിക്കാൻ ഉറച്ചിരിക്കുന്നു എന്ന വർത്തമാനം പെട്ടെന്നു് ഒരു ബോംബു പോലെയാണു് ജനങ്ങളെ സംഭ്രമിപ്പിച്ചതു്. എല്ലാടിക്കും ക്ഷോഭമുണ്ടായി. ഞാനും ഇതു വർത്തമാനപത്രങ്ങളിൽ വായിച്ചപ്പോൾ പരിഭ്രമിച്ചുവശായി. "എന്താണു് ചെയ്യേണ്ടതു്? ഞാൻ ഭയപരവശനായിരിക്കുന്നു." എന്നു ഗാന്ധിജിക്കു കമ്പി അയച്ചു. ഉടൻ മറുപടി വന്നു: "ചിന്താകുലനാവാനുള്ള സംഗതി ഒന്നും ഇല്ല. സന്തോഷിക്കുകയാണു് വേണ്ടതു്. അത്യന്തം ദുഃഖിതന്മാർക്കുവേണ്ടി ഈ അവസാന യജ്ഞം ചെയ്യുവാൻ ഈശ്വരൻ എനിക്കു് അവസരം തന്നിരിക്കുന്നു. ഉപവാസം നിർത്തിവെക്കുക സാദ്ധ്യമല്ല, നിശ്ചയംതന്നെ. ഇവിടെനിന്നും നിർദ്ദേശങ്ങളൊ ഉപദേശങ്ങളൊ തരുന്നതിനു ഞാൻ അശക്തനാകുന്നു." എന്താണുചെയ്യേണ്ടതു് എന്നു് ആർക്കും മനസ്സിലായില്ല; എന്നാൽ ഞങ്ങളുടെ എല്ലാവരുടേയും മുഖം പൂനയുടെ നേരെ തിരിഞ്ഞു. ആളുകൾ ഓരോരുത്തരായി പൂനയിൽ എത്താൻ തുടങ്ങി.

രാജാജിയും ദേവദാസും ഞാനും അതിവേഗം അവിടെ എത്തി. മാളവ്യജി, സർ തേജ്ബഹദൂർ സപ്രു, ശ്രീനിവാസയ്യർ, രാജേന്ദ്രബാബു, റാവു ബഹദൂർ രാജാ ഇവരും ഓരോരുത്തരായി ബോംബെയിലും അവിടെനിന്നു പൂനയിലും വന്നെത്തി. ഡോക്ടർ അംബേദ്കറേയും ക്ഷണിച്ചിട്ടുണ്ടായിരുന്നു. ഗവർമ്മേണ്ടിന്റെ അനുവാദത്തോടുകൂടി സർ പുരുഷോത്തംദാസും സർ ചുന്നിലാലും മഥുരദാസ് വസൻജിയും ഞാനും ആണു് എല്ലാവർക്കും മുമ്പിൽ ഗാന്ധിജിയെ കാണാൻ ജയിലിൽ ചെന്നതു്. ജയിൽ സൂപ്രണ്ടിന്റെ മുറിയിൽവച്ചായിരുന്നു സന്ദർശനം. ഉപവാസം

അപ്പോഴും ആരംഭിച്ചിരുന്നില്ല. ഒന്നാമത്തെ നിലയിലായിരുന്ന മുറി. ജനലുകളിൽക്കൂടി ഞങ്ങൾക്കു കയിലിന്റെ നാലുപുറവും നല്ലപോലെ കാണാമായിരുന്നു. തുക്കിക്കൊല്ലുവാൻ വളച്ചുകെട്ടിയിട്ടുള്ളതായ ഭാഗവും അധികം ദൂരെയായിരുന്നില്ല. ആ കൊലനിലത്തിന്റെ താഴെക്കൂടിയായിരുന്നു ഗാന്ധിജിക്കു വരാനുള്ള വഴി. ഞാൻ അദ്ദേഹത്തെ ഏകദേശം 9 മാസമായിട്ടു കണ്ടിരുന്നില്ല. അദ്ദേഹം വേഗത്തിൽ ഞങ്ങളുടെ നേരെ വരുന്നതു ജനലിൽക്കൂടി ഞാൻ പെട്ടെന്നു കണ്ടു. എല്ലാം ഞാൻ മറന്നു പോയി. ആ വരവുകണ്ടാൽ ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോലെ തോന്നും. രണ്ടുമൂന്നു ദിവസം മുമ്പു് ഒരു മനുഷ്യനെ ആ സ്ഥലത്തുവെച്ചു തുക്കിക്കൊന്നു എന്നു ഞാൻ കേട്ടിരുന്നു. എന്റെ ഹൃദയം പ്രക്ഷുബ്ധമായി. ഈ മനുഷ്യൻ! ഇങ്ങിനെയുള്ള സ്ഥലത്തു്!

ഗാന്ധിജി മുകളിലത്തെ മുറിയിൽ വന്നു. ഞാൻ വലിയ ഭക്തിയോടുകൂടി കാൽ തൊട്ടു തലയിൽവച്ചു. അനന്തരം കായ്ങ്ങാം സംസാരിക്കുവാൻ തുടങ്ങി. അദ്ദേഹം വളരെ ശ്രദ്ധയോടെ ഒരോന്നും വിവരിച്ചു മനസ്സിലാക്കി. എന്തുചെയ്യൽ ഉപവാസം കൂടാതെ കഴിക്കാം, ആരംഭിച്ചു കഴിഞ്ഞാൽ അതെങ്ങിനെ അവസാനിപ്പിക്കാം. ഈ സംഗതികളെപ്പറ്റി വിസ്തരിച്ചു് അദ്ദേഹം പ്രതിപാദിച്ചു. സംസാരിക്കുന്നതിനുമുമ്പു് ഞങ്ങൾക്കു് അദ്ദേഹത്തിന്റെ ഈ കൃത്യം വേണ്ടതിലധികം കഠോരമാണെന്നു തോന്നിയിരുന്നു. സംഭാഷണത്തിനു ശേഷമാകട്ടെ, അതു ധർമ്മമാണു്, കർത്തവ്യമാണു് എന്നായി അഭിപ്രായം. അദ്ദേഹത്തിന്റെ മനോഗതങ്ങൾ അറിഞ്ഞിട്ടു ഞങ്ങൾ ബോംബെയ്ക്കു മടങ്ങിപ്പോയി. പൂജ്യനായ മാളവ്യജിയേയും മറ്റു നേതാക്കന്മാരെയും എല്ലാ സ്ഥിതിഗതികളും അറിയിച്ചു.

ആ സമയത്തു് നമ്മുടെ നേതാക്കന്മാർ എന്താണു് ചെയ്യേണ്ടതെന്നറിയാതെ ആലസ്യത്തോടുകൂടി എങ്ങിനെയാണു് വ്യാകുലപ്പെട്ടതു് എന്നു് എനിയ്ക്കു് ഓർമ്മവരുന്നുണ്ടു്. ഗാന്ധിജിയുടെ ഉപവാസം ആർക്കും ഇഷ്ടമായിരുന്നില്ല; അദ്ദേഹത്തിന്റെ നിർമ്മാ

നാത്മകമായ ഉപദേശം ഉപയോഗമുള്ളതായി അവർക്കു തോന്നിയതും ഇല്ല. കാലവിളംബംകൊണ്ട് ഗാന്ധിജിയുടെ ജീവനു് ആപത്തു് അടുത്തുകൊണ്ടിരിക്കുകയാണെന്നു് ആർക്കും വിചാരമുണ്ടായിരുന്നില്ല. അദ്ദേഹം ഇങ്ങിനെ ചെയ്യേണ്ടിയിരുന്നില്ല എന്നുള്ള വിചാരം ആവർത്തിച്ചുകൊണ്ടിരുന്നു. 'ഇതു്' അദ്ദേഹത്തിന്റെ ബലത്തിൽക്കാരമാണു്. ഇപ്പോഴും ഉപവാസം ഉപേക്ഷിക്കണം എന്നു് അദ്ദേഹത്തെ ഗ്രഹിപ്പിക്കണം' എന്നായിരുന്നു അഭിപ്രായം. അദ്ദേഹത്തിനു് ഉപവാസം ഉപേക്ഷിക്കുക അസാദ്ധ്യമാണെന്നും അതു വിചിന്തനത്തിനുള്ള സമയമല്ലെന്നും ആർക്കും ബോദ്ധ്യമായിരുന്നില്ല. ഈ കടുംകെട്ടു് അഴിച്ചു് ഗാന്ധിജിയുടെ ജീവനെ എങ്ങിനെയാണു് രക്ഷിക്കേണ്ടതു് എന്നു മാത്രമായിരുന്നു ഞങ്ങളുടെ മുമ്പിൽ ഉണ്ടായിരുന്ന ഏക പ്രശ്നം. നിർമ്മാണാത്മകമായ കാര്യത്തിൽ തലച്ചോറു് അല്പം വ്യാപരിച്ചുകൊണ്ടിരുന്ന ഒരാൾ ആ നേതാക്കന്മാരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു — സർ തേജ് ബഹദൂർ സപ്രു. എന്നാൽ ഗാന്ധിജിയുടെ പ്രാണരക്ഷയുടെ ഭാരം വാസ്തവത്തിൽ ഈശ്വരൻ തന്നെയാണു് വഹിച്ചിരുന്നതു്. ഞങ്ങളാ ചിന്താകുലരായിരുന്നതു് വെറുതെതന്നെ.

ഗാന്ധിജി ഉപവാസം ആരംഭിക്കുന്നതിനു മുമ്പു് വേണ്ടുവോളം സമയം തന്നിരുന്നു. എന്നാലും ആർക്കും ആ ഘട്ടം സഫലമായി ഉപയോഗിക്കുവാൻ കഴിഞ്ഞില്ല. ഗാന്ധിജിതന്നെ എല്ലാ കാര്യങ്ങളും ഏറെറടുക്കാതെ എന്തെങ്കിലും ഉപയോഗമുള്ള പ്രവൃത്തി നടക്കുമായിരുന്നുവൊ എന്നതിനെ എനിക്കു സംശയമുണ്ടു്. ഉപവാസം ആരംഭിച്ചപ്പോൾ തന്നെ ഗവർമ്മെണ്ടു് ജയിൽവാതിൽ തുറന്നു. തൽഫലമായി ഗാന്ധിജിയുമായി കൂടിയാലോചിക്കുന്നതിനു് ആർക്കും തടസ്സമില്ലാതായി. അതുകൊണ്ടു് ഈ പരിശ്രമത്തിന്റെ കടിഞ്ഞാൺ പൂർണ്ണമായി ഗാന്ധിജിയുടെ കയ്യിൽതന്നെ ചെന്നുചേർന്നു. ഹരിജനങ്ങളും സവർണ്ണരുമായി തമ്മിൽ ഉണ്ടാകുന്ന തീരുമാനം സമ്മതിക്കാമെന്നായിരുന്നു ഗവർമ്മേണ്ടിന്റെ നില. സവർണ്ണരും ഹരിജനനേതാക്കന്മാരും തമ്മിൽ കരാറുണ്ടാകണം എന്നുള്ളതായിരുന്നു യഥാർത്ഥകാര്യം.

അങ്ങിനെ ഞങ്ങളും അതിനെപ്പറ്റിയുള്ള ചർച്ചയിൽതന്നെ രാവും പകലും കഴിച്ചുകൂട്ടി. എന്നാൽ തീരുമാനങ്ങളെ സംബന്ധിച്ചു നിശ്ചയിക്കേണ്ടിയിരുന്നതു് രണ്ടുപേരായിരുന്നു. ഒരാൾ ഗാന്ധിജി, മറ്റെ ആൾ ഡോക്ടർ അംബേദ്കർ. ഇവരുടെ രണ്ടു പേരുടേയും സിദ്ധാന്തങ്ങളുടെ അടിത്തറയിലാണു് ഒരു ഭിത്തി കെട്ടേണ്ടിയിരുന്നതു്.

പ്രസ്തുതവിഷയത്തിൽ സർ തേജ് ബഹദൂർ സപ്രുവിന്റെ ബുദ്ധിയുടെപ്രകാശമായിരുന്നു ഞങ്ങൾക്കു് അവലംബം. ഗാന്ധിജിയുടെ ക്ഷീണം കൂടിക്കൂടി വന്നിരുന്നെങ്കിലും അദ്ദേഹത്തിന്റെ മാനസികമായശക്തിക്കു് യാതൊരു വ്യത്യാസവും വന്നിരുന്നില്ലെന്നു എനിക്കു തോന്നി. ദിവസം മുഴുവൻ ചിലപ്പോൾ സവർണ്ണനേതാക്കന്മാരോടും ചിലപ്പോൾ അംബേദ്കരോടും അദ്ദേഹം കൂടിയാലോചനകൾക്കു വിനിയോഗിച്ചു.

രാജാജിയും വേദാസും ഞാനും കായ്ത്തിനു വേഗം തീരുമാനമുണ്ടായിക്കണ്ടാൻ ഞങ്ങളുടെ രീതിക്കു പ്രവർത്തിച്ചു കൊണ്ടിരുന്നു. എന്നാൽ ഗാന്ധിജിയുടെ കയ്യിൽത്തന്നെയായിരുന്നു കടിഞ്ഞാൺ. ഗാന്ധിജിയുടെ ധൈര്യം, അസീമമായ വിശ്വാസം, നിർഭയത, അനാസക്തി ഇവയെല്ലാം ആ സമയത്തു് കാണേണ്ടതുതന്നെയായിരുന്നു. വാതിൽക്കൽ എത്തിയിരുന്നു മരണം. ഗവർമ്മേണ്ടു നിർണ്ണയം ഉടനേനമായിട്ടാണു് വർത്തിച്ചിരുന്നതു്. അംബേദ്കറുടെ ഹൃദയവും കാഠിന്യപൂർണ്ണമായിരുന്നു. ഹിന്ദുനേതാക്കന്മാർ രാവിലെ മുതൽ വൈകുന്നേരം വരേയും, വൈകുന്നേരം മുതൽ രാവിലെ വരെയും പ്രയത്നിച്ചിരുന്നു; എങ്കിലും അവസാനതീരുമാനം അടുത്തെങ്ങും എത്തിയിരുന്നില്ല. രാജാജിക്കും വേദാസിനും എനിക്കും ചിലപ്പോഴൊക്കെ ക്ഷീണിവന്നിരുന്നു. എന്നാൽ ഗാന്ധിജിയാവട്ടെ എല്ലാ വിചാരങ്ങളും ഈശ്വരനിൽ സമർപ്പിച്ചിട്ടു ശാന്തനായിട്ടാണു് വർത്തിച്ചിരുന്നതു്.

ഒരു ദിവസം ജയിലിൽ കൂടിയാലോചന നടന്നുകൊണ്ടിരിക്കുമ്പോൾ ഗാന്ധിജി ചില ഹൈന്ദവനേതാക്കന്മാരോടു്, "ഘന

ശ്യാമലോസ് എന്റെ ഒരു നിർദ്ദേശം നിങ്ങളെ ഗ്രഹിപ്പിച്ചിട്ടുണ്ടായിരിക്കും" എന്നു പ്രസ്താവിച്ചു. "ഇല്ല, ഞങ്ങൾ ഒന്നും അറിഞ്ഞിട്ടില്ല" എന്നാണു് ഒരു നേതാവു് ഉടനെ മറുപടി നൽകിയതു്. ഗാന്ധിജി പെട്ടെന്നുണ്ടായ കോപത്തോടുകൂടി പറഞ്ഞു: "ഇതു് എന്റെ ദുർഗ്രഹമാണു്." എനിക്കു ഒരു മുറിവേറ്റതുപോലെയായി. ഗാന്ധിജിയുടെ സർവ്വ നിർദ്ദേശങ്ങളും ഞാൻ അവതരിപ്പിച്ചിട്ടുണ്ടായിരുന്നു എന്നു് എനിക്കും ആ നേതാക്കന്മാർക്കും അറിയാമായിരുന്നു. എന്നാൽ ഗാന്ധിജിയെ അപ്രായോഗികനായ, വായുചാരിയായ ഒരു വ്യക്തിയായിട്ടു സങ്കല്പിച്ചിരുന്ന ആളുകൾക്കു് അദ്ദേഹത്തിന്റെ സൂചന കേൾക്കാൻ വേണ്ട അവസരം ഉണ്ടായിരുന്നില്ല. വൈരം നേരംപോക്കിലാണു് അദ്ദേഹം ആ നിർദ്ദേശം പുറപ്പെടുവിച്ചതു്. ഞാൻ എല്ലാ സംഗതികളും ഓർമ്മിപ്പിച്ചു; അതിനുശേഷം ആ നേതാക്കന്മാർ അവരുടെ തെറ്റു തിരുത്തി. പക്ഷെ അനാശാസ്യമായ ഫലം ഉണ്ടായിക്കഴിഞ്ഞിരുന്നു. ഇതുപോലെ ചില നിസ്സാരങ്ങളായ സംഗതികളിൽ അന്നു ദേവോസിനോടും രാജാജിയോടും അല്പം കോപം ഗാന്ധിജിക്കു തോന്നി. രാത്രി ഒമ്പതുമണിക്കു ഉറങ്ങാറായപ്പോൾ അദ്ദേഹത്തിനു വിഷാദം തുടങ്ങി: "ഞാൻ കോപംകൊണ്ടു സ്വന്തം ഉപവാസത്തിന്റെ മഹിമയ്ക്കു ലോപം വരുത്തി." കോപം എന്തായിരുന്നു? ഒരു നിമിഷത്തെ ആവേശമായിരുന്നു അതു്. എന്നാൽ ഗാന്ധിജിയുടെ സ്വഭാവത്തിനു് ഇതുപോലുംകൂടി സഹ്യമായിരുന്നില്ല. തന്റെ ദോഷം എള്ളോളം മാത്രമായിരിക്കട്ടെ, അതിനെ പർവ്വതംപോലെ വിചാരിക്കും; അന്യന്റെ അപരാധം പർവ്വതത്തിനു തുല്യമായിരിക്കട്ടെ, അതിനെ എള്ളുപോലെ കാണും, ഇതാണു ഗാന്ധിജിയുടെ ജീവിതസിദ്ധാന്തം. ബീഹാറിൽ ഭൂകമ്പമുണ്ടായപ്പോൾ അദ്ദേഹം അതു് "നമ്മുടെ പാപത്തിന്റെ ഫലം" എന്നാണു് വ്യാഖ്യാനിച്ചതു്.

ഉടനെ രാജാജിയെ വരുത്തി. അത്യന്തം വ്യാകുലനായിട്ടാണു് ഗാന്ധിജി അദ്ദേഹത്തിന്റെ മുമ്പിൽ കാണപ്പെട്ടതു്. കണ്ണു

നിർത്തുള്ളി അടുത്ത വീണ്ടും. രാത്രി പതിനൊന്നുമണിക്കു ജയിൽ കാവൽക്കാരെക്കൊണ്ടു് ദേവദാസിനേയും എന്നേയും വിളിപ്പിച്ചു. ഞാൻ ഉറങ്ങിപ്പോയിരുന്നു, ദേവദാസ് പറഞ്ഞു. ഗാന്ധിജി അദ്ദേഹത്തോടു ക്ഷമായാചനം ചെയ്തു; പിതാവു് പുത്രനോടു മാപ്പു ചോദിക്കുകയോ! പക്ഷെ, ഒരു മഹാപുരുഷനായ അച്ഛൻ തന്റെ പെരുമാറ്റത്തിൽ തനിയ്ക്കുതെറ്റുപറ്റിയെന്നു് പൂർണ്ണമായിട്ടു മനസ്സിലാക്കിയില്ലെങ്കിൽ, ലോകത്തിനു് എങ്ങിനെ അതു മനസ്സിലാക്കിയിരിയ്ക്കുവാൻ സാധിക്കും?

രാജാജിയോടും ദേവദാസിനോടും ഗാന്ധിജി അത്യന്തമായ ദുഃഖം തുറന്നു പറഞ്ഞു; മാത്രമല്ല ഇപ്പോൾത്തന്നെ ചെന്നു ഘനശ്യാമദാസിനോടും എന്റെ വിഷാദം അറിയിക്കണം എന്നു് ആവശ്യപ്പെടുകയും ചെയ്തു. അവരാകട്ടെ എന്നെ ഉണർത്തുന്നതുകൂടി ഉചിതമാണെന്നു കരുതിയില്ല. ഈ കാര്യത്തിനു ഞങ്ങൾ എല്ലാവരും ഗൌരവം കല്പിക്കുകയും ഉണ്ടായില്ല. എന്നാൽ ഇതു ഗാന്ധിജിയുടെ മഹിമയാണു് പ്രകാശിപ്പിച്ചതു്. കുറച്ചു മാസത്തിനു ശേഷം അന്തന്നാത്തിന്റെ പ്രേരണയാൽ ഉപവാസം ആരംഭിച്ചപ്പോഴും ഇങ്ങിനെതന്നെ രാജാജിയോടും ശങ്കരലാലിനോടും അദ്ദേഹത്തിനു് അല്പം കോപം ജനിക്കുകയും അതുകൊണ്ടു രാജാജിക്കു ഒരു ക്ഷമാപണപത്രം അയക്കുകയും ഉണ്ടായി. രാജാജിയുടെ ആ കത്തു് നേരംപോക്കായി തള്ളിയതേയുള്ളൂ. ഗാന്ധിജി കോപമാണെന്നു വിചാരിച്ചിരുന്ന ആ സംഗതി ഞങ്ങളുടെ ദൃഷ്ടിയിൽ കോപമേ ആയിരുന്നില്ല.

എന്നാൽ ഇതു മറ്റൊരു ഉപവാസത്തിന്റെ ഇടയ്ക്കാണു സംഭവിച്ചതു്. നമ്മുടെ ആലോചനയ്ക്കു വിഷയമായിരുന്ന ഉപവാസം തുടർന്നുകൊണ്ടിരുന്നു. സൂര്യൻ ഉദിക്കുകയും അസ്തമിക്കയും ചെയ്തുകൊണ്ടിരുന്നു. കായ്ം ഒരു അടിപോലും മുമ്പോട്ടു നീങ്ങിയിരുന്നില്ല. ദേവദാസ് ഒരു ദിവസം വ്യാകുലനായി കരയുവാൻ തുടങ്ങി. ഗാന്ധിജിയുടെ സ്ഥിതി അടിയ്ക്കടി ഉത്കണ്ഠാജനകമായിത്തീർന്നുകൊണ്ടിരുന്നു. ഒരു ഭാഗത്തു് അംബേദ്കറുടെ കർക്കശമായ

വാദം. മറ്റൊരുത്തു ചെറുതും വലുതുമായ കായ്ങ്ങളിൽ ഹിന്ദു നേതാക്കന്മാരുടെ മക്കടമുഷ്ടി. വലിയ കായ്ങ്ങളൊക്കെ മിക്കവാറും തീരുമാനത്തിലെത്തി; ഏതെങ്കിലും ഒരു സംഗതി ശേഷിച്ചിരിക്കുന്നിടത്തോളം കാലം അവസാനതീരുമാനം ആകാശകുസുമംപോലെയാണു് കാണപ്പെട്ടിരുന്നതു്. അവസാനതീർപ്പു കൂടാതെ ഗാന്ധിജിയുടെ പ്രാണരക്ഷണം സംഭാവ്യവുമായിരുന്നില്ല.

ഹരിജനങ്ങൾക്കു് എത്ര സ്ഥാനം കൊടുക്കണം എന്നു അംബേദ്ക്കരുമായി ആലോചിച്ചുറച്ചുകഴിഞ്ഞിരുന്നു. ഓരോ സംസ്ഥാനത്തിലും എത്ര ഹരിജനങ്ങളുണ്ടു്, അവക്കു ന്യായമായി എത്ര സ്ഥാനം കിട്ടണം, ഇതിന്റെ ബോധം റക്കർബാപ്പുജിക്കു നല്ലപോലെ ഉണ്ടായിരുന്നതിനാൽ, അതു് ഈ സന്ദർഭത്തിൽ ഞങ്ങൾക്കു് സഹായമായിത്തീർന്നു. തിരഞ്ഞെടുപ്പു് എങ്ങിനെ വേണം? ഈ പദ്ധതിയെക്കുറിച്ചും അംബേദ്ക്കരുമായി ഒരു തീരുമാനത്തിലെത്തി. പക്ഷെ ഈ പദ്ധതി എത്ര സംവത്സരം തുടരണം? ഈ സംഗതിയിലായിരുന്നു കുഴപ്പം. പത്തു കൊല്ലത്തിനുശേഷം ഈ തിരഞ്ഞെടുപ്പു സമ്പ്രദായം അവസാനിപ്പിക്കണം എന്നായിരുന്നു അംബേദ്ക്കരുടെ പക്ഷം. ഹരിജനങ്ങൾക്കുവേണ്ടി നീക്കിവെച്ച സ്ഥാനങ്ങൾ അങ്ങിനെതന്നെ വേർതിരിച്ചു നിർത്തണമോ അതോ ഉയർന്ന വർഗ്ഗക്കാരായ ഹിന്ദുക്കളുടേതിനോടുകൂടി അവരുടെ സ്ഥാനങ്ങളെ കൂട്ടിച്ചേർക്കുകയും പൊതുതിരഞ്ഞെടുപ്പു നടത്തുകയും ചെയ്യണമോ, ഈ പ്രശ്നം പതിനഞ്ചുകൊല്ലത്തിനുശേഷം ഹരിജനങ്ങൾ പോട്ടെടുത്തു് അവരുടെ ഇച്ഛാനുസാരം നിശ്ചയിക്കേണ്ടതാണു് എന്നു് അദ്ദേഹം സിദ്ധാന്തിച്ചു. എന്നാൽ ഹിന്ദുനേതാക്കന്മാർ ഇതിനു് അനുകൂലമായിരുന്നില്ല. എല്ലാ പദ്ധതിയും ഒരു നിശ്ചിത കാലത്തിനുശേഷം, കൂടിയതു പത്തു വർഷമാകട്ടെ, അവസാനിപ്പിക്കണമെന്നായിരുന്നു അവരുടെ അഭിപ്രായം. അസ്പൃശ്യത കളങ്കമാണു്; അതിനാൽ പത്തുകൊല്ലത്തിനിടയ്ക്കു് അതിനെ നശിപ്പിക്കണമെന്നായിരുന്നു അവരുടെ യുക്തി. പിന്നെ രാജ്യതന്ത്രത്തിൽ സ്പൃശ്യൻ, അസ്പൃശ്യൻ എന്ന ഭേദം പാടില്ല. എല്ലാവരുടെയും സ്ഥാനങ്ങൾ ഒന്നിച്ചായിരിക്കണം.

അംബേദ്കർ അതിനെ പരസ്യമായി നിഷേധിച്ചു. കാര്യം പിന്നെയും കുഴപ്പത്തിലായി. ഗാന്ധിജിക്കും ഉണ്ടായിരുന്ന ഒരു അഭിപ്രായം. അംബേദ്കർ ഇതിനെ സംബന്ധിച്ച് ജയിലിൽ വെച്ചു വാഗ്വിതർക്കം നടത്തിയപ്പോൾ, ഗാന്ധിജി പറഞ്ഞു: "ഹരിജനങ്ങളുടെ സമ്മതംകൂടാതെ സ്ഥാനമെല്ലാം കൂട്ടിച്ചേർക്കണമെന്ന അഭിപ്രായത്തോട്" ഞാൻ യോജിക്കുന്നില്ല; പക്ഷേ അഞ്ചു സംവത്സരങ്ങൾക്കുശേഷം നാം ഹരിജനങ്ങളുടെ അനുമതിക്കു വോട്ടെടുക്കണം, അവരുടെ ഇച്ഛയനുസരിച്ച് തീരുമാനിക്കുകയും വേണം." എന്നാൽ പത്തു വർഷം കഴിയുന്നതിനു മുമ്പ് ഏതു നിലയിലും ഹരിജനങ്ങളുടെ അനുമതി അറിയുവാൻ വോട്ട് എടുക്കുന്നതിന് ആവശ്യപ്പെട്ടുകൂടെ എന്നായിരുന്നു അംബേദ്കറുടെ വാദം. ഈ തർക്കം അങ്ങിനെ നിന്നു. അഞ്ചു സംവത്സരത്തിനുള്ളിൽതന്നെ സവർണ്ണർ അവരുടെ പെരുമാറ്റംകൊണ്ട് ഹരിജനങ്ങളെ പൂർണ്ണമായിട്ടു സ്വതന്ത്രമാക്കിത്തീർക്കണം എന്നായിരുന്നു ഗാന്ധിജിയുടെ പ്രബലമായ ആഗ്രഹം. ഇതിനുവേണ്ടി ഇതിലധികം സമയം ചെലവഴിക്കുന്നതു് ചിന്തിക്കുവാൻകൂടി വയ്യെന്നാണ് തോന്നിയിരുന്നതു്. രാജാജിയും ഞാനും ചിന്താമഗ്നരായിട്ട് ഗാന്ധിജിയുടെ മുഖത്തേക്കു നോക്കിക്കൊണ്ടിരുന്നു. പ്രാണനെ അപകടത്തിലാക്കുകയാണ്; ഗാന്ധിജി എന്തിനു് ഇങ്ങനെ ശാഠ്യം പിടിക്കുന്നു എന്നു എനിക്കു തോന്നി. പക്ഷേ അദ്ദേഹത്തിനു യാതൊരു കുലുക്കവും ഉണ്ടായിരുന്നില്ല. അദ്ദേഹത്തിനു ജീവിതവും മരണവും ഏതാണ്ട് ഒരുപോലെയായിരുന്നു. വാദം അവസാനിച്ചില്ല. ഒടുവിൽ ഗാന്ധിജിയുടെ മുഖത്തുനിന്നു പെട്ടെന്നു പുറപ്പെട്ടു: "അംബേദ്കർ, ഒന്നുകിൽ അഞ്ചു സംവത്സരത്തെ അവധി, അതിനുശേഷം ഹരിജനങ്ങളുടെ അഭിപ്രായം അനുസരിച്ച അവസാനതീരുമാനം; അല്ലെങ്കിൽ എന്റെ ജീവൻ." ഞങ്ങൾ സ്തംഭിച്ചുപോയി. ഗാന്ധിജി അസ്വസ്ഥം പ്രയോഗിച്ചു കഴിഞ്ഞു.

നെടുവീർപ്പിട്ടുകൊണ്ട് ഞങ്ങൾ താമസസ്ഥലത്തേയ്ക്കു് മടങ്ങിവന്നു. അംബേദ്കരെ പറഞ്ഞു മനസ്സിലാക്കി, എന്നാൽ

അദ്ദേഹം ലേശംപോലും ഇളകിയില്ല. അദ്ദേഹത്തിന്റെ ഉറച്ച ഹരിജനസുഹൃത്തായ ഡോക്ടർ സോലാംകിക്കുപോലും അംബേദ്കറുടെ ശാഠ്യം സന്തോഷാവഹമായിരുന്നില്ലെന്നു തോന്നുന്നു. ഞാൻ ചോദിച്ചു: "രാജാജി, അഞ്ചു വർഷമായാലെന്താ പത്തു വർഷമായാലെന്താ? ഭാവിയിൽ ഹരിജനങ്ങളുടെ അനുവാദത്തോടുകൂടി ഈ കരാർ നമുക്കു മാറ്റാം എന്നു് എഴുതുകൊണ്ടു നിശ്ചയിച്ചുകൂടേ?" "ഗാന്ധിജിക്കു പക്ഷെ ഇതു് ഇഷ്ടമാവുകയില്ല" എന്നായിരുന്നു രാജാജിയുടെ ശങ്ക. ഞാൻ പറഞ്ഞു: "കുറച്ചു മുമ്പതല നമ്മളും ഏറെറടുക്കണം. അദ്ദേഹത്തിനു് ഇപ്പോൾ അനേഷണത്തിനുള്ള അവസരം എവിടെയാണു്?" രാജാജി ഉത്സാഹിപ്പിച്ചു. "അസ്സൽ വിട്ടേ" ഞാൻ ഈ പ്രസ്താവം അംബേദ്കറുടെ മുമ്പിൽ സമർപ്പിച്ചു. ആളുകൾ ഇതിനെ സമർത്ഥിക്കുകയും അതു് അംഗീകരിക്കുകയും ചെയ്തു. ഇങ്ങിനെ ഒരു അവസാനത്തിലെത്തി. എന്നാൽ ഗാന്ധിജിയുടെ അനുമതി മാത്രം ലഭിച്ചിരുന്നില്ല. രാജാജി ജയിലിൽപോയി ഗാന്ധിജിയെ ഈ കഥ കേൾപ്പിച്ചു. അദ്ദേഹം കരാറിന്റെ ഈ പ്രകരണം ശ്രദ്ധാപൂർവ്വം കേട്ടു— ഒരിക്കൽ, രണ്ടുതവണ. ഒടുവിൽ പതുക്കെപ്പറഞ്ഞു: 'കൊള്ളാം.' എല്ലാവരുടേയും മുഖം പ്രസന്നമായി. അദ്ദേഹം അതു സമ്മതിച്ചപ്പോൾതന്നെ ഞാൻ അടുത്തുചെന്നു കാൽതൊട്ടു. അദ്ദേഹം എന്നെ പുറത്തുതട്ടി. ഉപവാസം രണ്ടു ദിവസംകൂടി നീണ്ടു; യർവാദാക്കരാർ സർക്കാർ അംഗീകരിക്കുവാൻ അതുമുതൽ സമയം വേണ്ടിവന്നു. 1932 സെപ്തംബർ 20-ാംനു- ഉപവാസം തുടങ്ങി 24-ാംനു- യർവാദാപാക്കറ് കഴിഞ്ഞു; 26-ാംനു- ക്കു് സർക്കാരിന്റെ അംഗീകരണം കിട്ടി; ഇങ്ങിനെ ഉപവാസം അവസാനിച്ചു.

എന്നാൽ ഈ സകല സംഭവങ്ങളിലും ശ്രേനീയമായ ഒരു സംഗതിയുണ്ടായിരുന്നു. പ്രത്യക്ഷമായ മരണത്തിനുപോലും ഗാന്ധിജിയെ എള്ളോളം ഇടതോട്ടോ വലതോട്ടോ വ്യതിചലിപ്പിക്കുന്നതിനു കഴിഞ്ഞിരുന്നില്ല. എല്ലാ ഉപവാസങ്ങളിലും ഇതുതന്നെയായിരുന്നു സ്ഥിതി; രാജക്കോട്ടിലെ ഉപവാസത്തിലും

ഒരു പുറത്തു മരണം അത്യാസന്നം, ഛർദ്ദി തുടങ്ങി, അസുഖം കൂടിക്കൂടി വന്നു. മറുപുറത്തു പൈസ്രോയിയുമായി എഴുത്തുകുത്തു്. ദില്ലിയിലായിരുന്ന മഹാവേഭായിക്കും എനിക്കും സന്ദേശം അയയ്ക്കുന്നതിനും രംഗം നേരിട്ടിരുന്നില്ല. ഓരോ ഉപവാസത്തിലും അവസാനതീരുമാനം—ഹരിജനങ്ങളുടേയും ഉയർന്ന ജാതിക്കാരുടേയും നേതാക്കന്മാർ തമ്മിലുണ്ടായതായാലും വേണ്ടില്ല, പൈസ്രോയിയും ഗാന്ധിജിയും തമ്മിലുണ്ടായതായാലും വേണ്ടില്ല—ഗാന്ധിജിക്കു മരണം സംഭവിക്കുമെന്നുള്ള ഭയത്തിന്റെ സമ്മർദ്ദം കൊണ്ടാണു് സംഭവിച്ചിട്ടുള്ളതു്. ഒരിക്കലും സൈരമായി ആലോചിക്കുന്നതിനു സമയം ഉണ്ടായിരുന്നില്ല, അവസരം ലഭിച്ചിരുന്നില്ല. "ശാന്തതയോടുകൂടാതെ വ്യാപരിക്കുന്നതു് ഹിംസയാണു്" എന്നു് എന്നാലും ഗാന്ധിജി പറയുന്നു. "സമ്മർദ്ദം ദോഷം ഇല്ല്യ" എന്നു ഇളസീസോസ് പ്രസ്താവിച്ചിട്ടുള്ളതിൽ നിന്ദാപരമായിട്ടൊന്നും ഇല്ല. ഇതാണു് പരമാർത്ഥം. സമർത്ഥനായ മനുഷ്യന്റെ എല്ലാപ്രവൃത്തികളിലും ഐകരൂപ്യം പ്രതീക്ഷിക്കുന്നതു് അബദ്ധമാകുന്നു. ഓരോ സമയത്തും ഓരോ കർമ്മത്തിന്റെ പിറകിലും പ്രേരകമായി സേവനേച്ഛ, ശുദ്ധസങ്കല്പം ഉണ്ടായിരിക്കും; ഈ സാദൃശ്യം ഇല്ലാതിരിക്കുകയില്ല. എല്ലാ കർമ്മങ്ങളും യജ്ഞാത്മകമാകുന്നു, എന്നാലും ഓരോ കർമ്മത്തിന്റേയും രൂപം പരസ്പരവിരുദ്ധമായിട്ടും ഇരിക്കാം.

11

ഗാന്ധിജിയുടെ ഉപവാസങ്ങളെ ലോകം ധാരാളം വിമർശിച്ചിട്ടുണ്ടു്; ധാരാളം സമർത്ഥിച്ചിട്ടുമുണ്ടു്. എന്നാൽ സാധാരണമായ വാഗ്പ്രതിവാദംകൊണ്ടു് എന്താണു് നിർണ്ണയിക്കാൻ സാധിക്കുന്നതു്? ഉപവാസം ഒരു വ്യക്തി ചെയ്യുമ്പോൾ കേവലം പാപമയവും വെറും "പട്ടിണി"യും ആയിത്തീരാം. മറെറാരു വ്യക്തി ചെയ്യുമ്പോൾ അതു ധർമ്മവും കർത്തവ്യവുമായി പരിണമിക്കാം.

സംഗതി എല്ലാം ഉദ്ദേശത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഉപവാസം യജ്ഞാത്മകമാണോ? ഫലാസക്തി ഉപേക്ഷിച്ചിട്ട് അനുഷ്ഠിക്കുന്നതാണോ? നിർമ്മലമായ ബുദ്ധിയോടുകൂടിയാണോ അതു ചെയ്യുന്നത്? തൽക്കർത്താവ് സാത്വികനാണോ? ഈർഷ്യയും ദ്വേഷവും ഇല്ലാത്തവനാണോ? ഈ എല്ലാ പ്രശ്നങ്ങളുടേയും ഉത്തരം അവലംബിച്ചുണ്ട് ഉപവാസം ധർമ്മമോ പാപമോ ആയിത്തീരുന്നത്. എന്നാൽ കേവലം ഉപയോഗത്തെ മാത്രം പുരസ്കരിച്ചും നമുക്കു ഉപവാസനീതിയുടെ ശുഭാശുഭഫലങ്ങളെ ആലോചിക്കാൻ സാധിക്കും.

ലോകത്തെ അധർമ്മപഥത്തിൽനിന്നു മോചിപ്പിച്ച് ധർമ്മാസ്ഥിതിലേയ്ക്കു കൊണ്ടുവരുവാൻ വേണ്ടിയാണ് മഹാപുരുഷന്മാരുടെ അവതാരം. ഓരോരോ മഹാപുരുഷന്മാർ അവരവരുടെ ഉദ്ദേശസിദ്ധിക്കുവേണ്ടി ഭിന്നഭിന്നങ്ങളായ മാർഗ്ഗങ്ങളെ അനുസരിച്ചു. എന്നാൽ ഈ എല്ലാ മാർഗ്ഗങ്ങളുടേയും പിന്നാലെയുള്ള ലക്ഷ്യം ഒന്നുതന്നെയായിരുന്നു: നീതിയുടെ സ്ഥാപനവും അനീതിയുടെ വിനാശവും.

യദാ യദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത,
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം.

ഈ ലക്ഷ്യപൂർത്തിക്കുവേണ്ടി ഓരോ മഹാപുരുഷന്മാർ സ്വീകരിക്കുന്ന ഉപായങ്ങൾക്കു ബാഹ്യരൂപത്തിൽ അന്തരം ഉണ്ടാവാതിരിക്കാൻ നിവൃത്തിയില്ല. ജനങ്ങളെ ഉൽബോധിപ്പിക്കുക, ഉറങ്ങിക്കിടക്കുന്ന ഉത്തമഭാവനകളെ ഉണർത്തുക, ഈ എല്ലാ ഉദ്ദേശങ്ങളേയും മഹാപുരുഷന്മാർ സ്വകീയമായ ആചാരവും ഉപദേശവും നിയോഗവും വഴിക്കു സാധിക്കുന്നു.

"മമവർത്മാനുവർത്തന്തേ മനുഷ്യാ: പാർത്ഥ സർവ്വശ:"

ഇങ്ങനെ ശ്രീകൃഷ്ണൻ പറഞ്ഞിട്ടുണ്ട്. ഗാന്ധിജി പറയുന്നു: "ശരിരീതിയായ ഘടനയ്ക്കു ദേഹവ്യായാമം ആവശ്യമാണ്. ബുദ്ധിവികാസം വേണമെങ്കിൽ ബുദ്ധിക്കും വ്യായാമം വേണം. അതുപോലെ ആത്മോന്നതിക്ക് ആദ്ധ്യാത്മിക വ്യായാമം അത്യാവശ്യ

മാകുന്നു. ആദ്ധ്യാത്മികവ്യായാമത്തിന്റെ ആധാരം അധികഭാഗവും ഗുരുവിന്റെ ജീവിതത്തേയും സ്വഭാവത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. ഗുരുവിനും ശിഷ്യനും തമ്മിൽ വളരെ അന്തരമുണ്ടെങ്കിലും ഗുരുവിനു തന്റെ ആചാരബലംകൊണ്ടു ശിഷ്യന്റെ സ്വഭാവത്തിനു പ്രഭാവമുണ്ടാക്കാൻ സാധിക്കും. ഞാൻ സ്വയം അസത്യം പറയുന്നു എങ്കിൽ എന്റെ കുട്ടികളെ എങ്ങനെ സത്യത്തിന്റെ മഹിമ പഠിപ്പിക്കാൻ എനിക്കു കഴിയും? ഒരു ഭീരുവായ ഗുരുനാഥനു തന്റെ കുട്ടികളെ പരാക്രമികളാക്കുവാൻ സാധിക്കുന്നില്ല. ഒരു ഭോഗപരനായ അദ്ധ്യാപകനു് കുട്ടികളെ ആത്മസംയമനം ശീലിപ്പിക്കുവാൻ കഴിയുന്നില്ല. ഒന്നും ഇല്ലെങ്കിലും ബാലകന്മാർക്കുവേണ്ടി എനിക്കു സത്യവാനും ശുദ്ധനും ശുഭകർമ്മിയും ആകണം." അതുകൊണ്ടു് എല്ലാ മഹാപുരുഷന്മാരും അവരുടെ ചരിത്രവും ഉപദേശവുംകൊണ്ടതന്നെയാണു് ധർമ്മത്തെ പ്രചരിപ്പിക്കുന്നതു്. ധർമ്മത്തിന്റെ അഭിവൃദ്ധികൊണ്ടു് അധർമ്മത്തിനു് സ്വയം നാശം സംഭവിക്കുന്നു. എന്നാൽ ചിലപ്പോൾ അധർമ്മത്തെ മഹാപുരുഷന്മാർ നേരിട്ടു പ്രഹരിക്കുകയും ചെയ്യാറുണ്ടു്. അനീതിയെ നശിപ്പിക്കുവാനുള്ള മാർഗ്ഗങ്ങളെ നാം അവലോകനം ചെയ്യുമ്പോൾ മഹാപുരുഷന്മാരുടെ ഈ ആചരണങ്ങളുടെ ബാഹ്യരൂപത്തിലും ധാരാളം ഭേദമുള്ളതായി തോന്നും.

ശ്രീകൃഷ്ണൻ ഭൂമിയുടെ ഭാരം കുറച്ചപ്പോൾ, ലോകത്തിൽ പാപങ്ങളുടെ ഭാരം ക്ഷയിപ്പിച്ചപ്പോൾ, ഉപയോഗിച്ച ഉപായങ്ങളുടേയും ബുദ്ധൻ അംഗീകരിച്ച സമ്പ്രദായങ്ങളുടേയും ബാഹ്യരൂപത്തിൽ തീർച്ചയായും വ്യത്യാസം ഉണ്ടായേ കഴിയൂ. മഹാഭാരതയുദ്ധം, കംസനിഗ്രഹം, ശിശുപാലജരാസന്ധാദി വധം ഇത്യാദി സംഭവങ്ങൾ നാം ഐതിഹാസികമായി കരുതുന്നു. ഭൂഭാരം കുറയ്ക്കുന്നതിനു് ശ്രീകൃഷ്ണനും ബുദ്ധനും സ്വീകരിച്ച സമ്പ്രദായം ബാഹ്യരൂപത്തിൽ വ്യത്യസ്തമായിരുന്നു എന്നു പറയാം. എന്നാൽ രണ്ടു സമ്പ്രദായങ്ങളുടേയും മൂലം ഒന്നുതന്നെ. ആരെ നിഗ്രഹിച്ചുവോ അവരോടു് ശ്രീകൃഷ്ണനു ദ്വേഷമോ അസൂയയോ കോപമോ ഉണ്ടായിരുന്നില്ല.

പരിത്രാണായ സാധൂനാം വിനാശായച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമിയുഗേയുഗേ.

ഒരു അഭിജ്ഞനായ ശസ്ത്രചികിത്സകൻ രോഗിയുടെ ജീർണ്ണമായ അംഗത്തെ അവന്റെ നന്മയ്ക്കുവേണ്ടി മുറിച്ചുകളയുന്നു. അതുപോലെ ശ്രീകൃഷ്ണനും ശ്രീരാമചന്ദ്രനും ദുഷ്ടന്മാരെ ദമനം ചെയ്തിട്ടുള്ളതു സമുദായത്തിന്റെ ശ്രേയസ്സിനുവേണ്ടി മാത്രമല്ല, അന്യരുടെ ഗുണത്തിനുംകൂടി വേണ്ടിയാകുന്നു. രാവണൻ, കംസൻ ജരാസന്ധൻ ഇങ്ങനെയുള്ളവരെ ശ്രീകൃഷ്ണനും ശ്രീരാമചന്ദ്രനും നിഗ്രഹിച്ചിട്ട് അവർക്കും ശ്രേഷ്ഠമായ ഗതിതന്നെ നൽകിയതായി നമ്മുടെ പുരാണങ്ങൾ ഉൽഘോഷിക്കുന്നു

മഹാപുരുഷന്മാർ ദുഷ്ടന്മാരെ വധിച്ചിട്ടുള്ളതുകൊണ്ട് നമുക്കും അങ്ങനെതന്നെചെയ്യണം എന്നുള്ള യുക്തിയാകട്ടെ ഹിംസാപക്ഷപാതികളാണ് വേഗത്തിൽകൊണ്ടുവരുന്നതു്. എന്നാൽ ഇതു മറന്നുപോകുന്നു; ക്രോധമില്ലാതെ, വിരോധംകൂടാതെ ഫലാസക്തി ചേരാതെ, സമുദായത്തിന്റെ രക്ഷയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ആ വധങ്ങൾ കൊല്ലപ്പെട്ടവർക്കും ഭഗവന്മാഹാത്മ്യത്താൽ ശ്രേയസ്കരമായിട്ടാണ് പരിണമിച്ചിട്ടുള്ളതു്. അതുകൊണ്ട് മൌലികതത്വത്തെ സംബന്ധിച്ചേടത്തോളം രാമനും കൃഷ്ണനും ബുദ്ധനും ഒക്കെ ഒരുപോലെ അഹിംസാവാദികളായിരുന്നു. രാമന്റേയും കൃഷ്ണന്റേയും മാർഗ്ഗങ്ങളുടെ ബാഹ്യരൂപം ഹിംസാത്മകമായി കാണപ്പെടുന്നുണ്ടെങ്കിലും അവ ഹിംസകളാണെന്നു പറയുവാൻ വയ്യ; എന്തുകൊണ്ടെന്നാൽ

"ന മാം കർമ്മാണി ലിംപന്തി നമേ കർമ്മഫലേസ്പൃഹാ" എന്നും

യോഗയുക്തോ വിശുദ്ധാത്മാ വിജിതാത്മാ ജിതേന്ദ്രിയഃ
സർവ്വഭൂതാത്മഭൂതാത്മാ കുർവ്വന്നപി ന ലിപ്യതേ.

എന്നും ഉള്ള വചനങ്ങളെ നാം അവധാനപൂർവ്വം ആലോചിക്കുകയാണെങ്കിൽ നമുക്കു ബുദ്ധൻ ഹിംസയിൽനിന്നു എത്രത്തോളം ദൂരെയായിരുന്നുവോ അത്രത്തോളം ദൂരത്തന്നെയായിരുന്നു രാമനും കൃഷ്ണനും എന്നു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും.

ഗാന്ധിജിയും പത്രക്കാട്ടിയെ നിഗ്രഹിച്ചിട്ട് അതു അഹിംസയാണെന്നു പറഞ്ഞു. എന്തുകൊണ്ടെന്നോ? നിഗ്രഹിക്കുന്നതു കൊണ്ടുമാത്രം ഹിംസയാകുന്നില്ല.

യസ്യ നാഹംകൃതോഭാവോ ബുദ്ധിര്യസ്യ ന ലിപ്യതേ
ഹതപാപി സ ഇമാംലോകാന്ന ഹന്തി ന നിബദ്ധ്യതേ.

ഹിംസയെന്നോ അഹിംസയെന്നോ നിർണ്ണയിക്കുന്നതിനു് കൊല്ലുന്നവൻ എന്തൊരു മാനസികാവസ്ഥയിലാണു്, എന്തൊരു ഭാവനയോടുകൂടിയാണു്, വധം ചെയ്യുന്നതു് എന്നു് അറിഞ്ഞിരുന്നേ കഴിയൂ. വധകർത്താവിന്റെ മാനസികസ്ഥിതിയും ഭാവനയും ആണല്ലൊ ഇന്ന കർമ്മം ഹിംസയാണെന്നോ അഹിംസയാണെന്നോ നിർണ്ണയിക്കുവാൻ നമുക്കു് അവലംബം. രാഗദ്വേഷങ്ങളില്ലാതെ, ക്രോധാവിഷ്ടനാകാതെ, ശുദ്ധമായ മനോഭാവത്തോടുകൂടി ലോകമംഗളത്തിനുവേണ്ടി ആരെയെങ്കിലും വധിക്കുന്നവൻ ഒരു സാധാരണ പുരുഷനായിരിക്കുവാൻ നിവൃത്തിയുണ്ടോ? അദ്ദേഹം അസാധാരണനായ ഒരു ദിവ്യപുരുഷൻ തന്നെ ആയിരിക്കണം. ഉത്തമമായ ഉദ്ദേശ്യത്തിനു ഹിംസാത്മകമായ ശസ്ത്രഗ്രഹണം സാധാരണ മനുഷ്യന്റെ ധർമ്മമായിരിക്കുവാൻ പാടില്ലെന്നുകൂടിയാണു് ഇതിന്റെ അർത്ഥം. രാഗദ്വേഷക്രോധാദികളാൽ ബാധിതരായ നമ്മാൽ ഹിംസാശസ്ത്രത്തെ ധർമ്മപൂർവ്വകം പ്രവർത്തിപ്പിക്കുവാൻ ശക്തരാകുന്നില്ല; രാഗദ്വേഷാദികൊണ്ടു വിവേചനബുദ്ധി നശിച്ചുപോയിട്ടുള്ളവർക്കു് വധയോഗ്യനായ ദുഷ്ടൻ ആരാണെന്നു നിർണ്ണയിക്കുക അസാദ്ധ്യമത്രെ. രാഗദ്വേഷമുക്തനാകാതെ ദുഷ്ടന്മാർ നമ്മളോ നമ്മുടെ വിരോധികളോ എന്നു നിശ്ചയിക്കുവാനും സാധിക്കുകയില്ല. നാം ദുഷ്ടന്മാരും നമ്മുടെ വിരോധികാം ശിഷ്ടന്മാരും ആണെന്നിരിക്കട്ടെ; എന്നാലും ലോകനന്മയ്ക്കാണെന്ന വ്യാജേന നാം ഹിംസാശസ്ത്രം ഉപയോഗിക്കുന്നതു പാപമാണു്, ആത്മവഞ്ചനയാണു്. വാസ്തവത്തിൽ അനാസക്തിപൂർവ്വമായ ഹിംസാശസ്ത്രത്തിന്റെ ഉപയോഗം കേവലം ഉന്നതന്മാരായ മഹാപുരുഷന്മാർക്കുവേണ്ടി മാത്രം ഉള്ളതാകുന്നു. താമര വെള്ള

ത്തിൽ നിൽക്കുന്നു എങ്കിലും അതിൽ വെള്ളം പൂരുന്നില്ല. അതു പോലെ അവർ ഹിംസ ചെയ്യാലും അതിന്റെ ഫലം അവരെ സ്പർശിക്കുന്നില്ല. അതുകൊണ്ടു, സാധാരണമനുഷ്യരുടെ അനവദ്യമായ ധർമ്മം കേവലമായ അഹിംസതന്നെയായിരിക്കേണ്ടതാണ്.

അഹിംസാവൃത്തി സ്വീകരിക്കാൻ സാധിക്കാത്ത ഒരാൾ ആത്മരക്ഷക്കുവേണ്ടി ഹിംസ പ്രയോഗിച്ചോട്ടെ; അവിടെ ഹിംസയ്ക്കും അഹിംസയ്ക്കും തമ്മിൽ അല്പ താരതമ്യം. ഭീരുത്വത്തിനും ആത്മരക്ഷയ്ക്കുവേണ്ടി ചെയ്യുന്ന ഹിംസക്കും തമ്മിലാണ് തുലനം. ഭീരുത്വം തീർച്ചയായും ആത്മരക്ഷക്കുവേണ്ടി ചെയ്ത ഹിംസയേക്കാൾ നിന്ദ്യമാകുന്നു. തമസായ ഒരു മനോവ്യാപാരമാണ് ഭീരുത്വം. ആത്മരക്ഷക്കുവേണ്ടിചെയ്യുന്ന ഹിംസ രാജസവ്യാപാരമായും വരാം. എന്നാൽ ആത്മരക്ഷക്കുവേണ്ടി ചെയ്യുന്ന ഹിംസയും ശുദ്ധമായ ധർമ്മമല്ല; ആപേക്ഷികമായിട്ടു മാത്രമേ അതിനെ ധർമ്മമെന്നു വ്യവഹരിക്കാവൂ. ശുദ്ധധർമ്മമാകട്ടെ അഹിംസതന്നെ.

നമുക്കു ഒരു ഉദാഹരണംകൊണ്ടു വെളിവാക്കാൻ നോക്കാം. കൊള്ളയ്ക്കുവേണ്ടി ഒരു കവർച്ചക്കാരൻ ഹിംസ ചെയ്യുന്നതു നികൃഷ്ടമായ പാപമാകുന്നു. ആത്മരക്ഷയ്ക്കോ, ദേശത്തിന്റെയോ ധർമ്മത്തിന്റെയോ രക്ഷയ്ക്കോവേണ്ടി ചെയ്യുന്ന ഹിംസ, ന്യായം നമ്മുടെ ഭാഗത്താണെങ്കിൽ, മുൻ സൂചിപ്പിച്ച തസ്കരഹിംസയെ അപേക്ഷിച്ചു ധർമ്മമാകുന്നു. എന്നാൽ നിർമ്മലമായ ഒരു കാരണത്താൽ അനായാസകരമായിട്ടുചെയ്യുന്ന ഹിംസ അഹിംസതന്നെയാണ്. അതിനാൽ ശുദ്ധധർമ്മമാകുന്നു. അതുപോലെ ഭീരുത്വംകൊണ്ടു സ്വീകരിക്കുന്ന അഹിംസ, അഹിംസയല്ല; പാപമാണ്. അശോകൻ വീരനായിരുന്നു. അദ്ദേഹം ദിഗ്വിജയത്തിനുശേഷം വിചാരിച്ചു, സാമ്രാജ്യസ്ഥാപനത്തിനുവേണ്ടി ചെയ്ത ഹിംസ പാപമായിരുന്നു. അതിനാൽ അദ്ദേഹം ക്ഷമാധർമ്മം അനുസരിച്ചു. അതു വീരന്റെ ക്ഷമയായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ പൌരുഷത്തിന്റെ ഭീരുത്വത്തെ മറയ്ക്കുന്നതിനു വേണ്ടി അശോകനെ അനുകരിച്ചു. അദ്ദേഹത്തിനു ക്ഷമ ഉണ്ടായിരുന്നില്ല, ശൌര്യം ഉണ്ടാ

യിരുന്നില്ല. അദ്ദേഹത്തിനുണ്ടായിരുന്നതു ഭീരുത്വമായിരുന്നു അതുകൊണ്ടു കവികൾ അദ്ദേഹത്തെ മോഹാത്മാവെന്നു വിളിച്ചുവന്നു. ബലിഷ്ഠന്റെ വിവേകപൂർവ്വമായ അഹിംസയാണല്ലൊ ശുദ്ധമായ അഹിംസ. അതു സത്പ്രവൃത്തിസ്വരൂപമായ ഒരു വ്യാപാരവും ആകുന്നു. ഭീരുവിന്റെ അഹിംസയും, കൊള്ളാക്കരന്റെ ഹിംസയും രണ്ടും പാപംതന്നെ. അന്യായക്കാരന്റെ ഹിംസയും ബലിഷ്ഠന്റെ വിവേകപൂർവ്വകമായ അഹിംസയും ധർമ്മമാണു്, അഹിംസയാണു്.

എന്നാൽ ധർമ്മത്തിന്റെ ഗതി സൂക്ഷ്മമാകുന്നു. ക്രോധാദിനാശമോ, ലോഭാദിനാശമോ ആയ ഹിംസാവൃത്തിയിൽ സ്വയം സംയമനം സാധിക്കുക മനുഷ്യനു സുകരമല്ല. അതുകൊണ്ടാണു് ഗാന്ധിജി ഹിംസയെ ത്യാജ്യമായും അഹിംസയെ ഗ്രാഹ്യമായും വിചാരിക്കുന്നതു്. ഗാന്ധിജി ജീവനുൽകൃഷ്ടദശയിൽ — ക്ഷണികമായിരിക്കാം ആ സ്ഥിതി — നിർണ്ണയംചെയ്യുന്ന സമയത്തേക്കു മാത്രമായിരിക്കാം അതു് — അഹിംസാത്മകമായ ഹിംസ ചെയ്യുന്നതിനും ശക്തനാകുന്നു; അതിനു് ഉദാഹരണമായാണു് ചത്രക്കുട്ടിയെ കൊന്നതു്. എന്നാൽ സാധാരണ മനുഷ്യർ ആ കർമ്മം സാധീകരിക്കുന്നതു കാക്ക അരയന്നം ചമയുവാൻ പുറപ്പെടുന്നതുപോലെതന്നെയാകുന്നു. അതുകൊണ്ടു് എല്ലാവർക്കും സരളവും സുഗമവും ആയ സൌവർണ്ണമാർഗ്ഗം അഹിംസ തന്നെയാണു്. ഇങ്ങനെ വിചാരിച്ചാണു് ഗാന്ധിജി അഹിംസാധർമ്മത്തെ പ്രചരിപ്പിച്ചതു്. ഉപവാസവും ഇതിൽ നിന്നു രൂപമെടുത്തതാകുന്നു.

ഹിംസയെ പൂർണ്ണമായി ത്യജിച്ചു കഴിഞ്ഞതിനു ശേഷവും അധർമ്മവിധ്വംസനത്തിനു് ഇങ്ങിനെയുള്ള ശസ്ത്രം വേണ്ടിവരുന്നു. ധർമ്മത്തിനു് അത്യന്തമായ പുരോഗതി ഉണ്ടാകുമ്പോൾ അധർമ്മത്തിനു നാശം വരുന്നു. മാത്രമല്ല, അധർമ്മത്തിന്റെ നാശത്തിനു ശേഷമാണു് ധർമ്മത്തിന്റെ പുരോഗതിക്കുള്ള ആധാരം ഉണ്ടാകുന്നതും. രണ്ടും അന്യോന്യം ആശ്രയിച്ചാണിരിക്കുന്നതു്. രാജകോട്ടിൽ സംഭവിച്ചതുപോലെ ഒരു മനുഷ്യൻ നമ്മളോടു

വാക്കിനു വിപരീതമായി പ്രവർത്തിക്കുന്നു; അല്ലെങ്കിൽ ഹരിജനങ്ങളുടെ തിരഞ്ഞെടുപ്പു സമ്പ്രദായത്തെ സംബന്ധിച്ചുണ്ടായപോലെ നാം ശക്തിപൂർവ്വം എതിർക്കാത്തപക്ഷം തടയുവാൻ സാധിക്കാത്ത ഒരു ഭയങ്കരകായ്യം നമ്മിൽ ബലാൽ ആരോപിക്കുന്നു; അഹിംസാശസ്ത്രധാരി ഇങ്ങിനെയുള്ള പരിതഃസ്ഥിതിയിൽ എന്താണ് ചെയ്യുക? ഹിംസയെ അയാം തൃജ്യമായി കരുതുന്നു. അതുകൊണ്ട് അയാംക്ക് ഇങ്ങിനെയുള്ള ശസ്ത്രം പ്രയോഗിക്കേണ്ടിവരും, അതു ജനതയുടെ ആത്മാവിനെ അധർമ്മത്തിനു് എതിരായി ഉത്തേജിപ്പിക്കും, ക്രോധത്തെ വളർത്തുകയില്ല, ദ്വേഷത്തെ പരത്തുകയില്ല; ദോഷോന്മൂലനത്തിനു് ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നതോടുകൂടിത്തന്നെ ദോഷകാരികളുടെ ഭയത്തിൽനിന്നു അവരെ മോചിപ്പിക്കുകയും ചെയ്യും. നമ്മുടെ ഒരു അയൽപക്കക്കാരൻ ഉന്മത്തഭാവത്തിൽ കുടുങ്ങുന്നു. നാം എങ്ങിനെയാണ് അയാളെ ഉന്മാദാവസ്ഥയിൽനിന്നു മോചിപ്പിക്കേണ്ടതു്? അവനെ വ്യാകുലപ്പെടുത്തണം, പക്ഷെ ഹിംസാശസ്ത്രംകൊണ്ടല്ല, സ്നേഹംകൊണ്ട്. ഇങ്ങിനെയുള്ള എല്ലാ പരിതഃസ്ഥിതികളിലും അനേകം അഹിംസാത്മകങ്ങളായ ഉപായങ്ങൾ ആചരിക്കാവുന്നതാണ്. ഇങ്ങിനെയുള്ള സമ്പ്രദായങ്ങളിൽ ഉപവാസം ഒരു രാമബാണമാകുന്നു. ഗാന്ധിജി പല പ്രാവശ്യവും അതു പ്രയോഗിച്ചിട്ടുണ്ട്.

ഉപവാസത്തിൽ യാതൊരു ബലാൽക്കാരവും ഇല്ല എന്നു് ആരാണ് പറയുക? എന്നാൽ ബലാൽക്കാരം ഉള്ളതുകൊണ്ടുമാത്രം അതു് ഹിംസയാകുന്നില്ല. പ്രേമംകൊണ്ടും സംഭവിക്കാമല്ലൊ ബലാൽക്കാരം. പ്രേമത്തിന്റെ പ്രഭാവത്തിൽ നാം ചിലപ്പോഴൊക്കെ ഇച്ഛാപൂർവ്വകമല്ലാതേയും പ്രവർത്തിക്കാറുണ്ട്. എന്നാൽ പ്രേമത്തിനു് അധീനനായിട്ടു് വിചാരിച്ചിരിക്കാതെയാണെങ്കിലും പാപം ചെയ്യുന്നു, എങ്കിൽ അതിൽനിന്നു ദോഷം ഉൽഭൂതമാകുന്നു. മനഃപൂർവ്വമല്ലെന്നു തന്നെയിരിക്കട്ടെ, നാം പുണ്യം ചെയ്യുന്നെങ്കിൽ, സമുദായത്തിനു് അതിന്റെ സൽഫലം ലഭിക്കാതിരിക്കുന്നില്ല. യഥാർത്ഥ സംഗതി ഇതാണ്: ഹിംസകന്മാരായ നേതാ-

ക്കന്മാർ നമ്മുടെ മാനസികമായ ബലഹീനതയെ അവലംബമാക്കിയിട്ട് ഹിംസകശസ്ത്രങ്ങൾകൊണ്ട് ഭയപ്പെടുത്തി നമ്മെക്കൊണ്ട് പാപം ചെയ്യിക്കുന്നു. അഹിംസകനായ നേതാവും നമ്മുടെ ധർമ്മഭീരുത്വത്തെ ഉണർത്തി തന്റെ പ്രേമത്താൽ നൂതനമായ ഒരു പ്രഭാവം ഉണ്ടാക്കി നമ്മെക്കൊണ്ട് പുണ്യം ചെയ്യിക്കുന്നു. പാപത്തിന്റെ കൂവടെ അമർന്നുകിടക്കുന്ന നമ്മുടെ നല്ല പ്രവൃത്തികളാം സ്വതന്ത്രമായിത്തീരുന്നതാണ് ഇതിന്റെ ഫലം. ഇപ്രകാരം അന്യം സ്നേഹത്തിന്റെ ബലാൽക്കാരംകൊണ്ട് ചെയ്യുവന്ന പ്രവൃത്തി തന്നെ നാം സ്വതന്ത്രമായ ബുദ്ധികൊണ്ട് അനന്തരം ചെയ്യാൻ തുടങ്ങുന്നു. പാരതന്ത്ര്യത്തെ പരിവർജ്ജിച്ച് ഇങ്ങിനെ സ്വാതന്ത്ര്യത്തെ പ്രാപിക്കുന്നു. അഹിംസാത്മകനായ നേതാവിന് യാതൊരു ബലപ്രയോഗവും വേണ്ടിവരില്ല എന്നുള്ളതുതന്നെയാണ് ആദർശാവസ്ഥ. എന്നാൽ അതാകട്ടെ സത്യയുഗത്താൽ മാത്രമെ സംഭവിക്കുകയുള്ളൂ. സമുദായം ദുർബ്ബലവും അധർമ്മം പ്രബലവും അത്യാചാരങ്ങളാൽകൊണ്ട് സമുദായം ത്രസ്തവുമായിരിക്കുന്ന സന്ദർഭങ്ങളിൽ ധർമ്മത്തിലുള്ള അത്യാസക്തികൊണ്ട് അധർമ്മത്തെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് മഹാപുരുഷന്മാർ അവതരിക്കുന്നതു്. ധർമ്മം ഉണ്ട്, ദൗർബ്ബല്യം ഇല്ല, ഇങ്ങനെയാണെങ്കിൽ പിന്നെ മഹാപുരുഷന്മാരുടെ അവതാരം എന്തിനു്? ഉപവാസത്തിന്റെ ആവശ്യം എന്തു്? ഉപദേശവും ശിക്ഷണവും വേണമോ?

എന്നാൽ എല്ലാ മനുഷ്യർക്കും ഈ ഉപവാസരൂപത്തിലുള്ള അഹിംസാശാസ്ത്രത്തെ ഉപയോഗിക്കുന്നതിനുള്ള യോഗ്യത ഉണ്ടെന്നല്ല ഇതിന്റെ അർത്ഥം. രാമൻ, കൃഷ്ണൻ മുതലായവരും പത്രുക്കുട്ടിയെ നിഗ്രഹിച്ച ഗാന്ധിജിയും അഹിംസാത്മകമായ ഹിംസ ചെയ്തു. അതിനു തീർച്ചയായും അസാധാരണമായയോഗ്യത അത്യാവശ്യമാണു്; എന്നാൽ ഹിംസാത്മകമായ ശസ്ത്രത്തിന്റെ പ്രയോഗത്തിലും അഭ്യാസം അത്യാവശ്യമാണല്ലൊ. വാൾ, ഗദ, കുന്തം, തോക്കു് ഇവയുടെ പ്രയോഗം പടയാളികൾ പഠിക്കേണ്ടതു് അത്യാവശ്യമാണു്. ആ അഭ്യാസത്തിനുശേഷമേ അവർക്കു ശസ്ത്രങ്ങളെ

നിപുണമായി പ്രയോഗിക്കുവാൻ സാധിക്കുന്നുള്ളൂ. ഇതുപോലെ ഉപവാസം ആചരിക്കുവാനും, അഹിംസാമയമായ ഉപവാസമാണെങ്കിൽ തീർച്ചയായും, വിശേഷമായ യോഗ്യത കൂടിയേകഴിയൂ. എല്ലാവർക്കും അഹിംസാത്മകമായ ഉപവാസം ചെയ്യുവാൻ സാധിക്കുന്നില്ല. കടം പിരിക്കുവാനും മറവുമുള്ള പട്ടിണി ഒന്നു വേറെ, ധാർമ്മികമായ ഉപവാസം ഒന്നു വേറെ. ആദ്യത്തേതിൽ എവിടെയാണ് ധർമ്മം? എവിടെയാണ് അഹിംസ? അതു മിക്കവാറും സ്വാർത്ഥത്തിനു വേണ്ടിയാണ്. എന്നാൽ ചില ഉപവാസങ്ങളാകേവലം വഞ്ചനയ്ക്കാണ്, സ്വമാഹാത്മ്യം ലോകത്തെ ബോധിപ്പിക്കുവാനാണ്. ഇങ്ങനെയുള്ള ഉപവാസങ്ങളാകൊണ്ട് യാതൊരു വിശേഷബലവുമുണ്ടാവും ഇല്ലെങ്കിലും അവയെ നാം അധാർമ്മികങ്ങളായ ഉപവാസങ്ങളുടെ കൂട്ടത്തിൽ മാത്രമെ കണക്കാക്കുന്നുള്ളൂ. ഇതിന്റെ നിരൂപണത്തിനു ഇതു് അവസരമല്ല. നാം ധാർമ്മികമായ ഉപവാസത്തെക്കുറിച്ചാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നതു് ധാർമ്മികോപവാസം ചെയ്യുവാൻ ആഗ്രഹിക്കുന്നതിനു് മുമ്പു് അതിനു് അർഹത സമ്പാദിക്കണം എന്നു നാം മനസ്സിലാക്കണം. എല്ലാ ധാർമ്മികമായ ഉപവാസത്തിലും ബലാല്ക്കാരത്തിന്റെ അംശം സംഭാവ്യമാണ്. അധാർമ്മികമായ ഉപവാസത്തിലും ബലാല്ക്കാരം ഉണ്ടാവാം. ജനങ്ങളാ അതിനെ നിന്ദിക്കുന്നു, നിന്ദിക്കയും വേണം; എന്തുകൊണ്ടെന്നാൽ അതിൽ ബലപ്രയോഗത്തിന്റെ പിൻപെ യാതൊരു നീതിയും ധർമ്മവും ഇല്ല. അതുകൊണ്ട് ഇങ്ങനെയുള്ള ഉപവാസം ചെയ്യുന്നവരുടെ മുമ്പിൽ കുമ്പിടുക അധർമ്മമാണ്. എന്നാൽ ധാർമ്മികമായ ഉപവാസത്തിൽ സഫലമായ ബലപ്രയോഗത്തിന്റെ അംശം ഉണ്ടാവാമെങ്കിലും ഉപവാസം ചെയ്യുന്നവർക്ക് അധികം അവധാനവും യോഗ്യതയും ഉണ്ടായിരിക്കേണ്ടതാകുന്നു.

രാജ്കോട്ടിലെ ഉപവാസത്തിനുശേഷം ഗാന്ധിജി എഴുതി: "സത്യാഗ്രഹത്തിന്റെ ആയുധപ്പുരയിൽ ഉപവാസം മുഖ്യമായ ഒരു ബലിഷ്ഠശസ്ത്രമാണ്. എന്നാൽ അതു് എടുത്തു് എല്ലാവർക്കും

പെരുമാറുന്നതല്ല. ആർക്ക് ഈശ്വരനിൽ സജീവമായ ശ്രദ്ധ ഇല്ലയോ, ആ സത്യാഗ്രഹി ഉപവാസത്തിനു അധികാരിയായിത്തീരുന്നില്ല ഇതു് അനുകരിക്കാനുള്ള ഒരു കായ്മല്ല. അത്യന്തം അന്തർവേദനേ ഉള്ളപ്പോൾ മാത്രം ഉപവാസം ചെയ്യണം. അസാധാരണമായ അവസരങ്ങളിൽ മാത്രമെ ഇതിന്റെ ആവശ്യം ഉണ്ടാകുന്നുള്ളൂ. ഞാൻ ഉപവാസത്തിനു് അധികം ഉപയോഗപ്പെടുന്ന ഒരാളായിത്തീർന്നിട്ടുണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. ഉപവാസം ഒരു ശക്തിമത്തായ ശസ്ത്രമാണു്, എങ്കിലും ഇതിനും അനുല്ലംഘ്യങ്ങളായ ചില മർയ്യാദകളും ഉണ്ടു്; അതുകൊണ്ടു് ഇതിന്റെ ശിക്ഷണം ലഭിക്കാത്തവർക്കു് ഉപവാസംകൊണ്ടു് ഒരു ഫലവുംഇല്ല. എന്റെ അളവുകോൽകൊണ്ടു് ഉപവാസങ്ങളെ അളക്കുമ്പോൾ ജനങ്ങൾ ചെയ്യുന്ന അധികം നിരാഹാരവ്രതങ്ങളും സത്യാഗ്രഹത്തിന്റെ ശ്രേണിയിൽപ്പെട്ടതായുന്നവയല്ല എന്നു് എനിക്കു് തോന്നിയിട്ടുണ്ടു്. അവയെ വെറും നിർബ്ബന്ധമായ 'പട്ടിണി'യെന്നോ ഹർത്താൽ എന്നോ തന്നെ പറയണം.

സ്വാർത്ഥത്തിനുവേണ്ടി പലരും "അന്തർനാദം" കേട്ടതായി നടിക്കയും ഉപവാസം അനുകരിക്കയും ചെയ്തിട്ടുണ്ടു്; ചിലർ വഞ്ചനയും ചെയ്യുന്നു. എന്നാൽ ഏതൊരു നല്ല വസ്തുവാണു് ദുരുപയോഗപ്പെടുത്തിയിട്ടില്ലാത്തതു്? ഏതെങ്കിലും സാധനം ദുരുപയോഗപ്പെടുത്തുന്നതുകൊണ്ടു് കേവലം ചീത്തയായിത്തീരുന്നില്ല. ഓരോ സംഗതിയിലും വിവേകമാണു് ആവശ്യം എന്നുള്ളതാണു് യഥാർത്ഥം. അതുകൊണ്ടു് ഗാന്ധിജി ആകാശവാണി കേൾക്കുകയും അനേകം ഉപവാസങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും മിക്കവാറും തന്റെ ലേഖനങ്ങളിൽ ഈ രണ്ടു കായ്മുകളെ സംബന്ധിച്ചു് അദ്ദേഹം ശ്രദ്ധയോടെ പ്രവർത്തകന്മാർക്കു് ഉപദേശം നല്കിയിട്ടുണ്ടു്. അദ്ദേഹം സാധാരണ അന്തർനാദത്തെക്കുറിച്ചു സംസാരിക്കുന്നവരെ സംശയദൃഷ്ടിയോടുകൂടി നോക്കുന്നതും ഉപവാസം ചെയ്യുന്നവരെ നിയമേന നിവാരണം ചെയ്യുന്നതും ഞാൻ കണ്ടിട്ടുണ്ടു്. ഇതുയുക്തവും ആണു്.

ഗാന്ധിജിയെക്കുറിച്ചു ചിന്തിക്കുമ്പോഴൊക്കെ നമ്മുടെ മുമ്പിൽ സത്യാഗ്രഹത്തിന്റെ ചിത്രം വരുന്നു. പാലിനെപ്പറ്റി സ്മരിക്കാതെ പഞ്ചുവിനെ സങ്കല്പിക്കുക നമുക്കു അസാദ്ധ്യമല്ലേ? അതുപോലെതന്നെ സത്യാഗ്രഹത്തോടുകൂടാതെ ഗാന്ധിജിയെക്കുറിച്ചു് ആലോചിക്കുവാനും സാദ്ധ്യമല്ല. ഗാന്ധിജി സത്യാഗ്രഹത്തിന്റെ അർത്ഥത്തെ അത്യന്തം വ്യാപകമാക്കുന്നു. സവിനയമായ നിയമലംഘനത്തിന്റെ (സിവിൽ നിയമലംഘനം) പരിധിയിൽ ആ വ്യാഖ്യാനം ഒതുങ്ങുന്നില്ല. നിയമലംഘനം സത്യാഗ്രഹത്തിന്റെ ഒരു അംഗം മാത്രമാണു്. എന്നാൽ ഹരിജനകാര്യവും സവിനയനിയമലംഘനംപോലെ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ സത്യാഗ്രഹമാകുന്നു. ചക്കു തിരിക്കുന്നതും സത്യാഗ്രഹംതന്നെ. സത്യബ്രഹ്മചര്യാദികളും അതിന്റെ അംഗങ്ങളാകുന്നു.

സത്യാഗ്രഹം എന്നുവെച്ചാൽ സത്യത്തെക്കുറിച്ചുള്ള ആഗ്രഹംതന്നെ. ഈ ചിത്രം മുമ്പിൽവെച്ചുകൊണ്ടു് സത്യാഗ്രഹാശ്രമവാസികൾക്കു് സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്വാദം, അപരിഗ്രഹം, അഭയത്വം, അസ്പൃശ്യതാനിവാരണം, കായികപരിശ്രമം, സർവ്വമതസമഭാവന, വിനയം, സ്വദേശി ഈ പതിനൊന്നു വ്രതങ്ങളെ പാലിക്കേണ്ടതുണ്ടു്. ഈ പതിനൊന്നു വ്രതങ്ങളും സത്യാഗ്രഹത്തിന്റെ അംഗങ്ങളത്രേ. വിനയം, സത്യം, അഹിംസ, നിർഭയത, ഇവയിൽ പ്രകാരാന്തരേണ അന്തർഭവിക്കുന്നതാണു് സിവിൽ നിയമലംഘനം. ഇതിനു് ഒരു സ്വതന്ത്രസ്ഥാനവും ഇല്ല. എന്നാലും സത്യാഗ്രഹത്തിന്റെ അർത്ഥംതന്നെ സവിനയമായ നിയമലംഘനമാണു് എന്നാണു് സാധാരണ ജനങ്ങൾ വിചാരിക്കുന്നതു്. "സവിനയം" എന്ന വിശേഷണത്തിന്റെ മഹത്വം കുറച്ചുപേർ മാത്രമെ ഗ്രഹിച്ചിട്ടുള്ളൂ. സത്യാഗ്രഹം എന്നുവെച്ചാൽ നിയമലംഘനം, സാധാരണ ജനങ്ങൾക്കു് ഇത്രത്തോളമേ അറിയാവൂ. ഈ നാല്പതു കൊല്ലത്തെ നിരന്തരമായ പ്രയത്നത്തിനും

ശേഷവും ഈ തെറ്റിദ്ധാരണ പ്രചരിച്ചുകൊണ്ടിരിക്കുന്നതു് ആശ്ചര്യമാണു്. സാധാരണ എല്ലാ തരത്തിലുമുള്ള നിയമവിരോധങ്ങളുടേയുംപേർ ഇന്ത്യയിലെ സത്യാഗ്രഹം എന്നായിത്തീർന്നിട്ടുണ്ടു്. നിയമലംഘനത്തിൽ ശുദ്ധമായ സത്യാഗ്രഹം ആചരിക്കാത്തവർ നിയമലംഘനത്തിനു് സത്യാഗ്രഹത്തിന്റെ പേർ കൊടുക്കാതെ വെറും "നിഷ്ക്രിയപ്രതികാരം" എന്നു് പറഞ്ഞിരുന്നെങ്കിൽ അതു് സത്യാഗ്രഹത്തിനു വലിയ സഹായമായി പരിണമിക്കുമായിരുന്നു.

ഗാന്ധിജിയിൽ ഈ ശുദ്ധസത്യാഗ്രഹം കുട്ടിക്കാലം മുതല്ക്കു തന്നെ ഉണ്ടു്. എന്നാൽ സവിനയ നിയമഭംഗത്തിന്റെ സ്ഥലദർശനം ഒന്നാമതായിട്ടു് ആഫ്രിക്കയിൽവെച്ചാണുണ്ടായതു്. അവിടെ എത്തിയ ഉടനെ അദ്ദേഹത്തിനു് പ്രിട്ടോറിയയിലേയ്ക്കു് പോകേണ്ടിയിരുന്നു. അതുകൊണ്ടു് ഡർബനിൽനിന്നു അങ്ങോട്ടു പുറപ്പെട്ടു; ഒന്നാംക്ലാസ്സു ടിക്കറ്റു മേടിച്ചു വണ്ടിയിൽ സുഖമായി ഇരുന്നു. രാത്രി ഒമ്പതു മണിക്കു് വെള്ളക്കാരനായ മറ്റൊരു യാത്രക്കാരൻ ആ മുറിയിൽ വന്നു. ഗാന്ധിജിയെ അടിമുതൽ മുടിവരെ നോക്കി. പുറത്തേക്കിറങ്ങി ഒരു റെയിൽവേ ഉദ്യോഗസ്ഥനെ കൂട്ടിക്കൊണ്ടു മടങ്ങിവന്നു. ആ ഉദ്യോഗസ്ഥൻ പറഞ്ഞു: "എഴുന്നേല്ക്കൂ, നിങ്ങൾ ഇവിടെ ഇരിക്കുവാൻ പാടില്ല. മറ്റൊരു താഴ്ന്ന ക്ലാസ്സിലെ മുറിയിൽ യാത്രചെയ്യാം."

"എന്റെ കയ്യിൽ ഒന്നാംക്ലാസ്സു ടിക്കറ്റുണ്ടല്ലോ"

"തക്കിക്കണ്ടാ. എഴുന്നേല്ക്കൂ, മറ്റൊരു മുറിയിലേയ്ക്കു പോവൂ."

"ഞാൻ ഈ മുറിയിൽനിന്നു അങ്ങനെ പോകുന്നവനല്ല; ഇതു നിന്നു പറഞ്ഞേക്കാം. എന്റെകയ്യിൽ ടിക്കറ്റുണ്ടു്. ഞാൻ ഇതിൽതന്നെ അങ്ങേ അറ്റംവരെ യാത്രചെയ്യുവാൻ ആഗ്രഹിക്കുന്നു."

"നിങ്ങൾ നല്ലവഴി സമ്മതിക്കില്ല. പോലീസിനെ വിളിക്കട്ടെ."

പോലീസ്സു കാൺസ്റ്റേബിൾ വന്നു. അയാൾ ഗാന്ധിജിയുടെ കൈ പിടിച്ചു പുറത്തേക്കു കൊണ്ടുവരികയും അദ്ദേഹത്തിന്റെ

സാമാനങ്ങളും പുറത്തു വലിച്ചിടുകയും ചെയ്തു. അദ്ദേഹം മറെറാരു മുറിയിലേയ്ക്കു പോകുവാൻ വിസമ്മതിച്ചു; വണ്ടി വിട്ടു. ഗാന്ധിജി യാത്രക്കാക്കു ഇരിക്കാനുള്ള സ്ഥലത്തു് മിണ്ടാതെ ഇരിപ്പായി. സാമാനങ്ങളും റെയിൽവെക്കാരുടെ അടുത്തുതന്നെയായിരുന്നു. ഭയങ്കരമായിരുന്ന രാത്രിയിലെ തണുപ്പു്. അദ്ദേഹം കിടുകിടെ വിറച്ചു കൊണ്ടാണു് ഇരുന്നതു്. "ഞാൻ സ്വകർത്തവ്യത്തെക്കുറിച്ചു ചിന്തിക്കാൻതുടങ്ങി. സ്വന്തം അവകാശത്തിനുവേണ്ടി പൊരുതണോ? അതോ അപമാനം സഹിച്ചിട്ടു പ്രിട്ടോറിയയിലേയ്ക്കു പോവുകയും കേസ്സു അവസാനിച്ചതിനുശേഷം മാത്രം അവിടെ നിന്നു മടങ്ങുകയും ചെയ്യണോ? എന്റെ കർത്തവ്യം നിറവേറാതെ ഭാരതത്തിലേയ്ക്കു് മടങ്ങുക പുരുഷത്വമല്ല. കറുപ്പും വെളുപ്പും തമ്മിലുള്ള ഭേദഭാവമാകുന്ന രോഗം അഗാധമായിരുന്നു. എന്റെ അപമാനം ആ രോഗത്തിന്റെ ഒരു ലക്ഷണം മാത്രം. എനിക്കു് തീർച്ചയായും രോഗത്തെ വേരോടെ നശിപ്പിച്ചുകളയണം. ആ പ്രയത്നത്തിൽ എത്ര കഷ്ടപ്പാടുവന്നാലും അതു സഹിക്കണം. ഇങ്ങിനെ നിശ്ചയിച്ചു ഞാൻ പിന്നത്തെ വണ്ടിയിൽ പ്രിട്ടോറിയയ്ക്കു പുറപ്പെട്ടു."

ഡർബനിൽനിന്നു പ്രിട്ടോറിയയിലേയ്ക്കു പോകാൻ വണ്ടിയിൽക്കൂടി ചാൎൽസ്ടൗണിൽ എത്തേണ്ടിയിരുന്നു. അവിടെനിന്നു ജോഹാൻസ്ബർഗ്ഗുവരെ കുതിരവണ്ടിയിലാണു് യാത്രചെയ്യേണ്ടിയിരുന്നതു". പിന്നെ തീവണ്ടിയിലും. ഗാന്ധിജി പിന്നത്തെ വണ്ടിക്കു ചാൎൽസ്ടൌണിൽ എത്തി. തീവണ്ടിക്കുള്ള ടിക്കറ്റു മേടിച്ചപ്പോഴും അതോടുകൂടിത്തന്നെ അദ്ദേഹം കുതിരവണ്ടിക്കുള്ളതും വാങ്ങിയിരുന്നു. കറുത്ത മനുഷ്യനാണു് ഗാന്ധിജി എന്നു കുതിരവണ്ടിയുടെ ഏജൻറു് കണ്ടപ്പോഴും "നിങ്ങളുടെ ടിക്കറ്റു് റദ്ദുചെയ്യുകഴിഞ്ഞിട്ടുണ്ടു്" എന്നു അദ്ദേഹത്തോടു പറഞ്ഞു. ഗാന്ധിജി അതിനുചേൎന്ന മറുപടി നല്കി. അയാളും മൌനം ഭജിച്ചു. മൌലികമായിട്ടുണ്ടായിരുന്ന അവരുടെ വർണ്ണവിദ്വേഷം എങ്ങിനെയാണു് മാറുവാൻ സാധിക്കുക? വെള്ളക്കാരായ എല്ലാ യാത്രക്കാരും വണ്ടിയുടെ ഉള്ളിലായിരുന്നു ഇരുന്നിരുന്നതു".

ഗാന്ധിജിയെ അവരോടൊരുമിച്ച് ഇരുത്തിയില്ല. വണ്ടിക്കാരന്റെ അടുത്തു ഇരുന്നിരുന്ന സംചാലകനും സ്വയം അകത്തു കടന്നിരുന്നു. അദ്ദേഹത്തെ വണ്ടിക്കാരന്റെ അടുക്കൽ ഇരുത്തി.

ഇതു് അപമാനമായിരുന്നു. എന്നാൽഗാന്ധിജി ഈ വിഷബിന്ദു ഇറക്കി. വണ്ടി നിങ്ങിക്കൊണ്ടിരുന്നു. ഏതാനും മണിക്കൂർ കഴിഞ്ഞു. അപ്പോൾ സംചാലകനു് പുകവലിക്കണമെന്നു തോന്നി. അയാൾ പുറത്തു പ്പെന്നിരിക്കാൻ ഉറച്ചു. ആ സ്ഥലത്തായിരുന്നു ഗാന്ധിജി. അദ്ദേഹത്തെ അകത്തിരുത്തുക സാദ്ധ്യമല്ലായിരുന്നു. ഈ വിഷമപ്രശ്നത്തിനും അയാൾ ഗാന്ധിജിയെ അപമാനിച്ചിട്ടുതന്നെ പരിഹാരമുണ്ടാക്കാൻ നിശ്ചയിച്ചു. വണ്ടിക്കാരന്റെ മറെറാരു ഭാഗത്തു് ഒരു വൃത്തികെട്ട സ്ഥലം ശേഷിച്ചിരുന്നു. ആ ഭാഗം ചൂണ്ടിക്കാണിച്ചുകൊണ്ടു ഗാന്ധിജിയോടു് പറഞ്ഞു: "ഇപ്പോൾ നീ ഇവിടെ ഇരിക്കു്, എനിക്കു പുകവലിക്കണം." ഈ അപമാനം അസഹ്യമായിരുന്നു. ഗാന്ധിജി പറഞ്ഞു: "എനിക്കു് അകത്തു് ഇരിക്കുന്നതിനും് അവകാശമുണ്ടായിരുന്നു. നിങ്ങൾ പറഞ്ഞതുകൊണ്ടു് ഞാൻ ഇവിടെ ഇരുന്നു. ഇപ്പോൾ നിങ്ങൾക്കു പുകവലിക്കണം, അതിനു് എന്റെ സ്ഥലവും നിങ്ങൾക്കു വേണം! ഞാൻ അകത്തു ഇരിക്കാം. മറെറാരു സ്ഥലത്തിനുവേണ്ടി എന്റെ ഇരിപ്പിടം ഒഴിഞ്ഞുതരുവാൻ നിവൃത്തിയില്ല." ഇതുയും പറഞ്ഞു കഴിഞ്ഞപ്പോഴേയ്ക്കും അയാൾ ഗാന്ധിജിയെ അടിച്ചു. അദ്ദേഹത്തിന്റെ കൈ പിടിച്ചു താഴെ വലിച്ചിടുന്നതിനു ശ്രമിച്ചു. എന്നാൽ ഗാന്ധിജി വണ്ടിക്കാലിലേൽ മുറുകെ പിടിച്ചുകൊണ്ടു് തന്റെ സ്ഥാനത്തു് ഉറച്ചു് ഇരുന്നു.

മറെറ യാത്രക്കാർ ഈ തമാശ മിണ്ടാതെ കണ്ടുകൊണ്ടിരുന്നു. വണ്ടിയുടെ സംചാലകൻ അദ്ദേഹത്തെ അടിച്ചിരുന്നു, ശകാരിച്ചിരുന്നു, വലിച്ചിഴച്ചിരുന്നു. വണ്ടിയിൽ പററിപ്പിടിച്ചു് ശാന്തനായിരിക്കുക മാത്രമായിരുന്നു ഗാന്ധിജി. അയാൾ ബലിഷ്ഠനായിരുന്നു, ഗാന്ധിജി ദുർബ്ബലനും. യാത്രക്കാക്കു് ദയതോന്നി. ഒരാൾ പറഞ്ഞു: "സഹോദരാ, പോകൂ, എന്തിനാണു് നിരുപദ്രവിയെ

അടിക്കുന്നതു്?" അയാളുടെ ക്രോധം ശാന്തമായില്ല, എങ്കിലും കുറച്ചു ലജ്ജ ഉണ്ടായി. ഇരുന്നിരുന്ന ടിക്കിൽത്തന്നെ ഇരിക്കുവാൻ ഗാന്ധിജിക്കു അനുവാദം നൽകി. വണ്ടി എത്തേണ്ട ടിക്കിൽ എത്തി. അവിടെനിന്നു തിവണ്ടി കയറി. പിന്നേയും ആ ആപത്തുതന്നെ. ഗാർഡ് ആദ്യം അദ്ദേഹത്തോടു ടിക്കറ്റു ചോദിച്ചു. പിന്നെ പറഞ്ഞു: "എഴുനേല്ക്കു, മൂന്നാം ക്ലാസ്സിൽ പോവു." വണ്ടും കുഴപ്പം ആയി. എന്നാൽ ഒരു ഇംഗ്ലീഷുയാത്രക്കാരൻ ഇടയ്ക്കു വന്നു. സംഗതികൾ ശാന്തമാക്കി. ഗാന്ധിജി ആപത്തൊന്നും കൂടാതെ പ്രിട്ടോറിയയിൽ എത്തുകയും ചെയ്തു.

ഗാന്ധിജിക്കു് ഇതു് സഹിനയ നിയമഭംഗത്തിന്റെ പ്രഥമ പാഠമായിരുന്നു. ഈ സംഭവത്തിൽനിന്നാണെന്നതോന്നുന്നു നിയമലംഘന പ്രസ്ഥാനം ഒന്നാമതായി പ്രത്യക്ഷമായതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഇകാരം പ്രയോഗത്തിക്കണമെന്നു് ആദ്ദേഹം തീരുമനിച്ചിരുന്നുവോ എന്നു സംശയമാണു്. എന്നാൽ തക്ക സന്ദർഭങ്ങളിൽ പെട്ടെന്നു വിവേകബുദ്ധി ആജ്ഞാഭംഗം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു; അദ്ദേഹം വിനയപൂർവ്വകം അപ്രകാരം പ്രവൃത്തിക്കുന്നു. അടി കൊള്ളുന്നു; എന്നാൽ അടിക്കുന്നവനോടു് യാതൊരു ക്രോധവും ഇല്ല. അവന്റെ പേരിൽ കേസ്സു നടത്തുവാനുള്ള താല്പര്യവും ഉണ്ടാകുന്നില്ല. ഇങ്ങനെ പ്രഥമപാഠത്തിന്റെ പ്രയോഗം സഫലമായിട്ടു് അവസാനിച്ചു.

ഇപ്രകാരം അങ്കുരിച്ച ആ ബീജം ക്രമേണ തട്ടിത്തഴച്ചു വളരുകയാണുണ്ടായതു്. എന്നാൽ ഇതു വെറും ആജ്ഞാഭംഗമായിരുന്നില്ല. "വിനയപൂർവ്വകത" അതാണു് സത്യാഗ്രഹത്തിന്റെ മുഖ്യമായ ഒരു ധർമ്മം. സത്യാഗ്രഹം അദ്ദേഹത്തിനു രാഷ്ട്രീയമായ ഒരു ആയുധമല്ല. അങ്ങോളമിങ്ങോളം അദ്ദേഹത്തിനു് ഇതു് ധാർമ്മികമായ ഒരു ശസ്ത്രമാണു്. രാജ്യതന്ത്രത്തിലും ഗൃഹത്തിലും എല്ലായ്പ്പോഴും എല്ലാ സ്ഥിതിയിലും അദ്ദേഹം അതു പ്രയോഗിക്കുന്നു.

കസ്തൂരിബായ്ക്ക് ഒരിക്കൽ സുഖക്കേട് പിടിപെട്ടു. ഹിക്കിത്സകൊണ്ടു പ്രയോജനമുണ്ടായില്ല. അപ്പോൾ ഗാന്ധിജി തന്റെ ജലചികിത്സയും പ്രകൃതിചികിത്സയും തുടങ്ങി. ഉപ്പും പരിപ്പും ഉപേക്ഷിച്ചാലുണ്ടാകുന്ന ഗുണം എന്തു് അദ്ദേഹത്തിനു തോന്നി; എന്നാൽ ബായ്ക്കു് ആ അഭിപ്രായം ഇഷ്ടമായില്ല. സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു് ഒരു ദിവസം കസ്തൂരിബായി പറഞ്ഞു: "അങ്ങയോടു് പരിപ്പും ഉപ്പും പാടില്ലെന്നു പറഞ്ഞാൽ, ഉപേക്ഷിക്കാൻ സാധിക്കയില്ലല്ലൊ." "അങ്ങിനെതോന്നുന്നതു് തെറ്റാണു്. എനിക്കു സുഖക്കേടു് വരുകയും ഡോക്ടർ എന്നോടു് ഈ സാധനങ്ങളും ഉപേക്ഷിക്കണമെന്നു് ഉപദേശിക്കുകയും ചെയ്താൽ ഞാൻ തീർച്ചയായും ഉപേക്ഷിക്കും. എന്നാൽ നോക്കിക്കോളൂ, നിങ്ങളും ഉപേക്ഷിച്ചാലും ഇല്ലെങ്കിലും ഞാൻ ഒരു കൊല്ലത്തേക്കു് പരിപ്പും ഉപ്പും ഉപേക്ഷിക്കുന്നു." സാധുവായ കസ്തൂർബാ പരിഭ്രമിച്ചുവശായി. വെറുതെ ആപത്തു വിലയ്ക്കു വാങ്ങി. "ഞാൻ പരിപ്പും ഉപ്പും ഉപേക്ഷിക്കാം, അങ്ങു് ഉപേക്ഷിക്കേണ്ടാ." എന്നാൽ ഗാന്ധിജിയാകട്ടെ പ്രാസംഗികമായിട്ടു് പ്രതിജ്ഞ ചെയ്തുകഴിഞ്ഞിരുന്നു. ഇപ്പോൾ അതിൽനിന്നു് അല്പവും പിൻവലിക്കുന്നവനായിരുന്നില്ല. കസ്തൂർബായും സന്തോഷിച്ചു. ഈ സംഭവത്തെ സ്മരിച്ചുകൊണ്ടു് ഗാന്ധിജി പറയുന്നു: "ഈ സംഭവം എന്റെ ജീവിതത്തിലെ സ്മൃതികളിൽ എല്ലാത്തിലും അധികം സുഖപ്രദമാണു്."

ഈ രണ്ടു സംഭവങ്ങളാണു് ഗാന്ധിജിയുടെ ശുദ്ധസത്യാഗ്രഹനീതിയുടെ സ്ഥൂലചിത്രം നമ്മുടെ മുമ്പിൽ സമർപ്പിക്കുന്നതു്. ഒന്നു് കപടതനായ ഒരു അജ്ഞാതനുമായിട്ടുള്ളതായിരുന്നു. മറ്റേതാകട്ടെ, തനിക്കു് ഏറ്റവും അടുത്ത ഒരാളോടു് വാശിപിടിച്ചു് ആരോഗ്യത്തിനു് അത്യന്താപേക്ഷിതമായി കരുതിയിരുന്ന ഭക്ഷണപദാർത്ഥംപോലും പരിത്യജിച്ചതാണു്. എന്നാലും രണ്ടിലും ഒരേ ഭാവനതന്നെയായിരുന്നു പ്രവർത്തിച്ചിരുന്നതു്. രണ്ടിലും ഒരു ഹൃദയപരിവർത്തനത്തിനുള്ള ഇച്ഛയുണ്ടു്. രണ്ടിലും സ്വേച്ഛാപൂർവ്വകമായ ക്ലേശസഹനം എന്ന നീതി പ്രത്യക്ഷമാകുന്നു. രണ്ടിലും

ക്രോധത്തിന്റെയോ ആവേശത്തിന്റെയോ ഭാവം ഇല്ല. ഈ രണ്ടു
സംഭവങ്ങളേയും ശ്രദ്ധയോടെ അദ്ധ്യയനം ചെയ്തതിനുശേഷം
വലിയ വലിയ രാജനൈതികമായ യുദ്ധങ്ങളിൽ അതേ ഭാവന
തന്നെ, അതേ പ്രവൃത്തിതന്നെ നമുക്കു കാണാൻ സാധിക്കും. അ
ക്രോധം കൊണ്ട് ക്രോധത്തെ ജയിക്കുക, ആത്മക്ലേശംകൊണ്ട് അ
ന്യന്മാരുടെ ഉത്തമഭാവനകളെ ഉണർത്തുക, ഇതു രണ്ടുമാണല്ലൊ
നാംകണ്ടതു്. സത്യാഗ്രഹത്തിന്റെ ശസ്ത്രത്തെ അദ്ദേഹം ജീവിത
ത്തിലുള്ള എല്ലാ വ്യാപാരങ്ങളിലും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ
രാജ്യതന്ത്രത്തിലാണ് അതിനു് അധികം പ്രസിദ്ധിയുണ്ടായി
ട്ടുള്ളതു്.

അതുകൊണ്ടു് രാജനീതിയിലുള്ള ചിലകായ്ങ്ങളുടെ സ്വഭാ
ഹാവലോകനം സത്യാഗ്രഹത്തിന്റെ നീതിയെ ശരിക്കു മനസ്സി
ലാക്കുവാൻ നമുക്കു കൂടുതൽ സഹായമായിത്തീരും.

ഗാന്ധിജി ശവമ്മേണ്ടുമായിട്ടു പലപ്പോഴും പിണങ്ങിയി
ട്ടുണ്ട്. പലപ്പോഴും ഇണങ്ങിയിട്ടുണ്ട്. ഈ പിണക്കത്തിലും ഇണ
ക്കത്തിലും സത്യാഗ്രഹത്തിന്റെ ദീപ്തി കാണുന്നു. അദ്ദേഹം സ്വ
ദേശത്തേയ്ക്കു മടങ്ങി എത്തിയതിനു ശേഷമാണ് ഒന്നാമത്തെ
യൂറോപ്യൻമഹായുദ്ധം. ചമ്പരാൻ സത്യാഗ്രഹം അതിൽപ്പിന്നെ
നടന്നതാണ്. ആ സന്ദർഭങ്ങളിലും ആധുനികയുദ്ധകാലത്തും
പ്രദർശിപ്പിച്ച മനോഭാവത്തിൽ ശുദ്ധസത്യാഗ്രഹത്തിന്റെ സാമ
ന്യരൂപം കാണാമെന്നാണ് എനിക്കു തോന്നുന്നതു്. ആഫ്രിക്ക
യിലെ സത്യാഗ്രഹപ്രവർത്തനം ഇദ്ദേഹത്തിന്റെ പൂർണ്ണമായ ആധി
പത്യത്തിലായിരുന്നു. അതുകൊണ്ട് ആ സത്യാഗ്രഹത്തിൽ ശുദ്ധ
സത്യാഗ്രഹത്തിന്റെ നീതിയെ തന്നെ അനുസരിച്ചു. എന്നാൽ
1920-22, 1930-32, ഈ കാലത്തുണ്ടായിട്ടുള്ള സമരം വള
രെ വിപുലമായിരുന്നു. ആധിപത്യം ഇദ്ദേഹമാണ് വഹിച്ചിരുന്നതെ
ങ്കിലും അതു വളരെ ആളുകളെ സ്പർശിച്ചിരുന്നു. അതിനാൽ അവ
പൂർണ്ണസത്യാഗ്രഹങ്ങളായിരുന്നില്ല. സത്യാഗ്രഹത്തിന്റെ കൂടെ
ത്തന്നെ ദുരാഗ്രഹവുമുണ്ടായിരുന്നു.

ശരീരംകൊണ്ടു് യാതൊരു ഹിംസയും ചെയ്യിരുന്നില്ലെന്നുള്ളതു പരമാർത്ഥംതന്നെ. എന്നാൽ വാക്കിലും ഹൃദയത്തിലും വിഷം കുറവായിരുന്നില്ല.

ഇറലിയും തുർക്കിയും തമ്മിൽ വളരെക്കൊല്ലം മുമ്പു് യുദ്ധം ഉണ്ടായപ്പോൾ അങ്കുബർസാഹേബു് എഴുതി:

"ടർക്കിക്കു് ശത്രുക്കളോടു് പടവെട്ടാൻ കരാംക്കരുത്തില്ല, കരബലമില്ല. ഇറലിക്കാരുടെ തോക്കുകാം ചിതൽ പിടിക്കട്ടെ എന്നു ഉള്ളിൽത്തട്ടി നാം ശപിക്കുന്നു." ഇത്തരത്തിലുള്ള അനേകം സത്യാഗ്രഹികാം ഉണ്ടായിരുന്നു. ഈ പക്ഷം തന്നെ അല്പം ഭേദപ്പെട്ടതായാൽ ഇവർക്കും യോജിക്കും. "ഇംഗ്ലണ്ടിന്റെ ശ്വാസകോശത്തിൽ പുഴു വീഴട്ടെ" എന്നു പ്രാർത്ഥിക്കുന്നവർ അപൂർവ്വമല്ലായിരുന്നു. എന്നാൽ കഴിഞ്ഞ യൂറോപ്യൻ യുദ്ധത്തിലും ഇപ്പോഴത്തെ യൂറോപ്യൻ യുദ്ധത്തിലും ഗാന്ധിജി സ്വീകരിച്ചിരിക്കുന്ന നയം ശുദ്ധഗാന്ധിവാദത്തെ തന്നെയാണു് പ്രകാശിപ്പിക്കുന്നതു്.

13

യൂറോപ്പിലെ കഴിഞ്ഞ മഹായുദ്ധവും ഇന്നത്തെ മഹായുദ്ധവും ലോകത്തിന്റെ നാനാഭാഗത്തേയും സാരമായി സ്പർശിച്ചിട്ടുള്ള സംഭവങ്ങളാണു്; ഭാവിയിൽ അവയുടെ പ്രഭാവം കാണുകയും ചെയ്യും. വാസ്തവത്തിൽ ഇന്നത്തെ യുദ്ധത്തിന്റെ പിന്നിൽ മറഞ്ഞുകിടക്കുന്ന കാരണം കഴിഞ്ഞ യുദ്ധംതന്നെയാണു്. ഈ രണ്ടു യുദ്ധങ്ങളും ലോകത്തെ ബാധിച്ചിട്ടുള്ള വലുതായ രോഗത്തിന്റെ ചിഹ്നം മാത്രമാകുന്നു. രോഗം മറെറാന്നാണു്. ഭൂഗർഭത്തിൽ ഉണ്ടാകുന്ന കൊടുങ്കാറ്റിനെ നമുക്കു കാണാൻ സാധിക്കുന്നില്ല, ഭൂകമ്പം ഉണ്ടായതിനു ശേഷമെ നമുക്കു അതിന്റെ വിവരം ഉണ്ടാകുന്നുള്ളു. അതുപോലെതന്നെ മനുഷ്യസമുദായത്തിലും അന്തർഭാഗത്തും വളരെക്കാലമായി ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നി യുദ്ധം ഉണ്ടാകുമ്പോഴാണു് നല്ലപോലെ പ്രത്യക്ഷമാകുന്നതു്. കഴിഞ്ഞ യുദ്ധം

ഒരുതരത്തിലുള്ള ഭ്രകമ്പമായിരുന്നു. പ്രസിഡണ്ട് വിൽസൺ ആ ഭ്രകമ്പത്തെ അടക്കി. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയായിരുന്ന ലായിഡ് ജോർജ്ജിനു് സ്ഥിതി നല്ലപോലെ ബോദ്ധ്യമായി. എന്നാലും രണ്ടുപേരുടേയും മാനസികദൌർബ്ബല്യംകൊണ്ടു് അവർക്കു ഒന്നും ചെയ്യുവാൻ സാധിച്ചില്ല. വിജയട്ടേപ്പത്തിൽ ജനങ്ങളും രോഗം മറന്നുപോയി. രോഗത്തിനു ചികിത്സചെയ്യാതെ അതിന്റെ ചിഹ്നങ്ങളെ അമർത്തുന്നതിനു ശ്രമിച്ചു. മനുഷ്യസമുദായത്തിന്റെ ശരീരത്തിൽ ഒരു കുരു പൊട്ടാതെ നിവൃത്തിയില്ലെന്നുവന്നു, അതായിരുന്നു അതിന്റെ പരിണാമം. അതിന്റെ വേദനകൊണ്ടു ലോകമാസകലം വ്യാകുലതയോടെ വിലപിച്ചുകൊണ്ടിരിക്കുകയാണു".

ഈ രണ്ടുമഹായുദ്ധത്തിലും ഗാന്ധിജി എന്തുചെയ്തു? ഇതു് അദ്ധ്യയനാഹ്വായ ഒരു വിഷയമാണു്. ഗാന്ധിജിയുടെ രാജനീതിയിൽ ധർമ്മനീതിയാണു് പ്രധാനം. യൂറോപ്യ മഹായുദ്ധത്തേക്കാൾ വലിയ ഒരു രാജ്യതന്ത്രപ്രമേയം ഈ ശതാബ്ദത്തിൽ വേറെ ഉണ്ടായിട്ടില്ല. ഈ രണ്ടു രാജനൈതികവിഷയങ്ങളിലും രാജനീതിയേയും ധർമ്മത്തേയും എങ്ങിനെയാണു് ഗാന്ധിജി യോജിപ്പിച്ചതു്, ഇതു് ചിന്തനീയമായ ഒരു സംഗതിയാകുന്നു. എന്നാൽ ഏതവസ്ഥയിലും അതു് ഗാന്ധിജിയുടെ വ്യക്തിവൈശിഷ്ട്യത്തിൽ ഒരു ശക്തിമത്തായവെളിച്ചം വീഴ്ത്തുന്നു. പ്രഥമയുദ്ധത്തിനുശേഷം മഹാത്മജിയുടെ നയത്തിൽ വന്നിട്ടുള്ള വ്യത്യാസം ഇതാണു്: ഇംഗ്ലണ്ടിന്റെ രാജ്യഭരണനീതിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന അഭേദ്യവിശ്വാസം നശിച്ചുപോയി. എന്നാൽ അതു നശിക്കുന്നതിനു മുമ്പു് ഗാന്ധിജിക്കു വളരെ അടി പറ്റി. തന്നിമിത്തം ആ വിശ്വാസത്തിന്റെ അടിസ്ഥാനംതന്നെ തകർന്നുപോയി.

"ബ്രിട്ടീഷുരാജ്യശാസനയിൽ എനിക്കുണ്ടായിരുന്നേടത്തോളം ആദരം വേറെ ആർക്കും ഉണ്ടാവാൻ സാദ്ധ്യമല്ല. ഈ രാജഭക്തിക്കു മൂലം എന്റെ സത്യപ്രതിപത്തിതന്നെയായിരുന്നു എന്നു

എനിക്കു തോന്നുന്നു. എനിക്ക് ആംഗലഭരണത്തിന്റെ ഗുണങ്ങളും അവിടിരുന്നുള്ളായിരുന്നില്ല. ഗുണങ്ങളേയും ദോഷങ്ങളേയും താരതമ്യപ്പെടുത്തുമ്പോൾ ബ്രിട്ടീഷു ശാസനത്തിൽ ഗുണത്തിനു തന്നെയായിരുന്നു ആധിക്യം എന്നു എനിക്ക് ആ കാലത്തുതോന്നിയിരുന്നു. ആഫ്രിക്കയിൽ ഞാൻകണ്ട വർണ്ണവിദ്വേഷം ഇംഗ്ലീഷുകാരുടെ സ്വഭാവത്തിനു് നൈസർഗ്ഗികമായിട്ടുള്ള ഒന്നല്ല എന്നാണു് ഞാൻ കരുതിയിരുന്നതു്. കേവലം പ്രാദേശികമാണു്, അസ്ഥിരമാണു് എന്നു വിചാരിച്ചു. അതിനാൽ രാജകുടുംബത്തോടുള്ള ആദരപ്രദർശനത്തിൽ ഞാൻ ഇംഗ്ലീഷുകാരെ അതിശയിച്ചിരുന്നു. എന്നാൽ ഞാൻ ഒരിക്കലും ഈ രാജഭക്തികൊണ്ടു സ്വാർത്ഥം നേടിയിട്ടില്ല. രാജഭക്തി കടമമാത്രമാണു് എന്നായിരുന്നു വിചാരിച്ചിരുന്നതു്.”

ഇതെല്ലാം ഗാന്ധിജിയുടെ പണ്ടത്തെ മനോഭാവമായിരുന്നു. പിന്നെ ഗവണ്മെണ്ടിനെ “പൈശാചികം” എന്നു പറയത്തക്കവണ്ണം അദ്ദേഹത്തിന്റെ ആശയങ്ങളിൽ മാറ്റം വന്നിട്ടുണ്ടു്. എന്നാൽ ഗവണ്മെണ്ടു് പൈശാചികമായിത്തീർന്നാലും തന്റെ കായ്ക്രമത്തിൽ ഗാന്ധിജി ഒരു മാറ്റവും വരുത്തിയില്ല, അദ്ദേഹത്തിനു ചെകുത്താനോടും വിരോധമില്ലല്ലൊ. ഒരിക്കൽ ഞാൻ പറഞ്ഞു: “ഇന്ന ആരാ മഹാദുഷ്ടനാണു്. അങ്ങു് എന്തുകൊണ്ടാണു് അയാളെ അടുപ്പിക്കുന്നതു്?” ഗാന്ധിജി മറുപടി പറഞ്ഞു: “ചെകുത്താൻ എന്റെ സമീപത്തു് ഇരുന്നോട്ടെ എന്നാണു് ഞാൻ കരുതുന്നതു്, പക്ഷേ അതിനു് എന്റെ സമീപത്തു് ഇരിക്കുവാൻ ഇഷ്ടമില്ല.” അതുകൊണ്ടു് രാജഭക്തി തുനുമായി. എന്നാൽ സാമ്രാജ്യത്തിന്റെ ഹൃദയത്തിൽ പരിവർത്തനം വരുത്തുവാനുള്ള ഇച്ഛ നശിച്ചില്ല. ഗുണപരിഹാരംകൊണ്ടു് പ്രാപ്യമാണെന്നു കരുതിയിരുന്ന സ്വരാജ്യം ഹൃദയപരിവർത്തനംവഴിക്കു് നേടണമെന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. എന്നാൽ, സ്വയം സഹനനീതിയും തത്സദൃശങ്ങളായ അനുസംഗതികളും അതേപടിതന്നെ.

1914 ആഗസ്റ്റു് 4–ാംതീയ്യതി യുദ്ധം പ്രഖ്യാപിച്ചു. 6–ാംനു-ഗാന്ധിജി ദക്ഷിണ ആഫ്രിക്കയിൽനിന്നു് ഇംഗ്ലണ്ടിൽ എത്തി.

ലണ്ടനിൽ ചെന്ന ഉടനെ തന്റെ കർത്തവ്യത്തെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ വിചാരം. കുറെ ഭാരതീയസ്നേഹിതന്മാർ ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നു. ഒരു ചെറിയ സഭ വിളിച്ചുകൂട്ടുകയും അവരുടെ മുമ്പിൽ കർത്തവ്യത്തെ സംബന്ധിച്ചുള്ള തന്റെ അഭിപ്രായം പ്രകാശിപ്പിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന ഭാരതീയസഹോദരന്മാർ ഇംഗ്ലണ്ടിനെ സഹായിച്ചു സ്വകർത്തവ്യം പാലിക്കണമെന്നു അദ്ദേഹത്തിനു തോന്നി. ആംഗലവിദ്യോത്ഥികൾ സൈന്യത്തിൽ ധാരാളമായി ചേർന്നുകൊണ്ടിരുന്നു. ഭാരതീയവിദ്യോത്ഥികളും അങ്ങനെതന്നെ ചെയ്യണം എന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. "രണ്ടുകൂട്ടരുടേയും അവസ്ഥയിൽ എന്തൊരു താരതമ്യമാണുള്ളതു്? ഇംഗ്ലീഷുകാർ യജമാനന്മാർ; നാം അടിമകൾ. അടിമകൾ എന്തിനു സഹകരിക്കണം? സ്വതന്ത്രനാകുവാൻ ആഗ്രഹിക്കുന്ന അടിമയ്ക്കു് സ്വാമിയുടെ വിഷമഘട്ടമാണു് അതിനുള്ള അവസരം." എന്നാൽ ഈ യുക്തിക്കു് ആ സമയത്തു് ഗാന്ധിജിയെ അദ്ദേഹത്തിന്റെ വിശ്വാസത്തിൽനിന്നു ഇളക്കുവാൻ കഴിഞ്ഞില്ല. ഇന്നും ഈ തരത്തിലുള്ള യുക്തികൾക്കു് അദ്ദേഹത്തിന്റെമേൽ യാതൊരു ശക്തിയും ചെലുത്തുവാൻ കഴിയുന്നില്ല.

"എനിക്കു് ഇംഗ്ലീഷുകാരുടേയും ഹിന്ദുസ്ഥാനികളുടേയും നിലയുടെ അന്തരം പൂർണ്ണമായി അറിയാമായിരുന്നു;" എന്നാൽ നാം അടിമകളുടെ നിലയിൽ എത്തിയിരുന്നു എന്നു് ഞാൻ വിചാരിച്ചിരുന്നില്ല. ഈ ദോഷങ്ങളെല്ലാം ബ്രിട്ടീഷുഭരണത്തിന്റെ അല്ല, ഉദ്യോഗസ്ഥന്മാരായ വ്യക്തികളുടെതാണു്, ഈ പരിവർത്തനം സ്നേഹംകൊണ്ടുതന്നെ സമ്പാദിക്കാവുന്നതാണു്, ഇങ്ങനെയായിരുന്നു എന്റെ വിചാരം. നാം നമ്മുടെ അവസ്ഥയെ നന്നാക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ, ഇംഗ്ലീഷുകാരുടെ ആ വിഷമഘട്ടത്തിൽ അവരെ സഹായിക്കുകയും അവർക്കു ഹൃദയപരിവർത്തനം വരുത്തുകയും ചെയ്യേണ്ടതു് നമ്മുടെ കടമയായിരുന്നു."

എന്നാൽ ഗാന്ധിജിക്കുണ്ടായിരുന്നതുപോലെയുള്ള ആദരം പ്രതികൂലികളായ മിത്രങ്ങൾക്കു് ബ്രിട്ടീഷുസാമ്രാജ്യത്തിൽ ഉണ്ടാ

യിരുന്നില്ല. അതുകൊണ്ട് അവർ സഹകരിക്കുന്നതിനു വിമുഖരായിരുന്നു. ഇന്ന് ആ ശ്രദ്ധ ഗാന്ധിജിക്കും ഇല്ല. അതുകൊണ്ടാണ് ഗാന്ധിജി സഹകരിക്കാത്തത്". എന്നാൽ "ഇംഗ്ലീഷുകാരുടെ വിഷമഘട്ടമാണ് അനുകൂലമായ സന്ദർഭം" എന്ന യുക്തി ഇന്നും ഗാന്ധിജി സ്വീകരിക്കുന്നില്ല. സ്നേഹിതന്മാർ അന്ന് പറഞ്ഞു: "ഈ സമയത്തു് നമ്മുടെ ആവശ്യങ്ങൾ നാം പുറപ്പെടുവിക്കണം." എന്നാൽ ഗാന്ധിജിയുടെ സമാധാനം ഇങ്ങനെയായിരുന്നു: "നാം നമ്മുടെ അപേക്ഷകൾ യുദ്ധത്തിനുശേഷം സമർപ്പിക്കുന്നതായിരിക്കും ബഹുമര്യാദപൂർവ്വകം, അതാണ് ഭംഗിയും." ഇത്തവണ നമ്മുടെ കാര്യം തുറന്നു പറഞ്ഞിട്ടുണ്ട്, പക്ഷേ അതു് ഇംഗ്ലീഷുകാരുടെ വിഷമതകളെക്കുറിച്ചു് വിചാരമില്ലാതെയല്ല. അദ്ദേഹം അവർക്ക് ഒരുതരത്തിലുള്ള വിവശതയും ഉണ്ടാകുവാൻ ആഗ്രഹിക്കുന്നില്ല. ആദ്യത്തേതും രണ്ടാമത്തേതും യൂറോപ്യൻ യുദ്ധത്തിന്റെ നേരേയുള്ള അദ്ദേഹത്തിന്റെ മനോവൃത്തിയിൽ കാണപ്പെടുന്ന സൂക്ഷ്മസാദൃശ്യം അഭ്യസനാർഹമാണ്.

അവസാനം ലണ്ടനിൽ ഒരു സന്ധിഭേദസംഘം സജ്ജീകരിച്ചു. ആ സമയത്തു് ഭാരതമന്ത്രി ലാർഡ് ക്രൂ ആയിരുന്നു അദ്ദേഹം വലിയ സംശയങ്ങൾക്കുശേഷം ആ സംഘത്തിന്റെ സേവനം സ്വീകരിക്കുന്നതിനു സമ്മതിച്ചു. അപ്പോഴും ഇംഗ്ലീഷുകാർക്കു് നമ്മുടെ നേരേ അവിശ്വാസം ഉണ്ടായിരുന്നു; അതു് ഇന്നും ഉണ്ടു്.

ഗാന്ധിജി സ്വയംസേവകന്മാരുടെ ഒരു സംഘത്തെ യുദ്ധത്തിൽ സഹായിക്കുന്നതിനു തയ്യാറാക്കിയിട്ടുണ്ടു്. എന്നു ദക്ഷിണ ആഫ്രിക്കയിൽ കേട്ടപ്പോൾ ഗാന്ധിജിയുടെ സഹപ്രവർത്തകന്മാർക്കു അത്യന്തം ആശ്ചര്യം തോന്നി. ഒരുഭാഗത്തു് അഹിംസയുടെ ആരാധനം. മറുഭാഗത്തു് സമരസേവനം. ഗാന്ധിജിയുടെ ഈ രണ്ടു പരസ്പരവിരുദ്ധങ്ങളായ മനോവൃത്തികളും അവരെ വിഷമിപ്പിച്ചു.

യുദ്ധത്തിന്റെ നൈതികതയിൽ അദ്ദേഹത്തിനു യാതൊരു വിശ്വാസവും ഉണ്ടായിരുന്നില്ല. "നാം നമ്മുടെ ഘാതകന്മാരു

ടെ നേരേയും ക്ഷമ കാണിക്കേണ്ടതാണെങ്കിൽ, ഈ യുദ്ധത്തിൽ ആരുടെ ഭാഗത്താണ് ധർമ്മം എന്നു നമുക്കു പൂർണ്ണമായി അറിഞ്ഞുകൂടെങ്കിൽ, ആരുടെ പക്ഷം അവലംബിച്ച് എങ്ങിനെ യുദ്ധം ചെയ്യും?" എന്നാൽ ഗാന്ധിജി ഇതിനു് ഇങ്ങിനെയാണു് ഉത്തരം തരുന്നതു്:

"യുദ്ധവും അഹിംസയും തമ്മിൽ ഒരിക്കലും സമ്മേളിക്കുവാൻ നിവൃത്തിയില്ലെന്നു് എനിക്കു നല്ലപോലെ അറിയാമായിരുന്നു. എന്നാൽ ധർമ്മം എന്താണു്? അധർമ്മം എന്താണു്? ഇതു നിർണ്ണയിക്കുക അത്ര എളുപ്പമല്ല. സത്യാന്വേഷകനു ചിലപ്പോൾ അന്ധകാരത്തിൽ ചുറ്റിത്തിരിയേണ്ടിവരുന്നു. അഹിംസ ഒരു വിപുലമായ ധർമ്മമാണു്. 'ജീവോ ജീവസ്യ ജീവനം.' ഈ വാക്യത്തിന്റെ അർത്ഥം അത്യന്തം ഗൂഢമാണു്. മനുഷ്യനു് ഒരു നിമിഷം പോലും അറിഞ്ഞോ അറിയാതെയോ ഹിംസ ചെയ്യാതെ ജീവിക്കുവാൻ വയ്യ. ജീവന്ധാരണത്തിനുള്ള വ്യാപാരങ്ങളിൽ മാത്രം— ഭോജനം, പാനം, ചലനം— ജീവനാശത്തിനു കാരണമാകുന്നുണ്ടു്; നശിക്കുന്നതു് അതിക്ഷുദ്രങ്ങളായ അണുക്കളായിരിക്കാം, അല്ലായിരിക്കാം. അതുകൊണ്ടു് ജീവിതംതന്നെ ഒരു ഹിംസയാകുന്നു. അഹിംസയുടെ പൂജകനു് ഈ അവസ്ഥയിലും സകല വ്യാപാരങ്ങളേയും ഒരു യോഗമയമായ പ്രവാഹമാക്കിത്തീർക്കുന്നപക്ഷം അഹിംസാപാലനം സാദ്ധ്യമാണു്. അഹിംസാവാദി കഴിയുന്നേടത്തോളം ജീവരക്ഷ ചെയ്യുവാൻ പരിശ്രമിക്കുന്നു; ഇങ്ങിനെ ഹിംസയുടെ പാപമയമായ വലയിൽനിന്നു രക്ഷ പ്രാപിക്കുന്നു. ഇന്ദ്രിയനിഗ്രഹവും യോഗത്തിന്റെ വർദ്ധനവും ആകുന്നു അവന്റെ കർത്തവ്യം. എന്നാൽ മനുഷ്യനു് ഒരിക്കലും ഹിംസയിൽനിന്നു പൂർണ്ണമായി മുക്തി പ്രാപിക്കുവാൻ സാദ്ധ്യമല്ല. ആത്മാവു് ഏകനും സർവ്വവ്യാപിയും ആണു്. അതുകൊണ്ടു് ഒരു മനുഷ്യന്റെ തിന്മയുടെ ഫലം പ്രകാരാന്തരേണ എല്ലാവരേയും സ്പർശിക്കുന്നു. ഈ ന്യായംകൊണ്ടും മനുഷ്യനു് ഹിംസയിൽനിന്നു സർവ്വഥാ മുക്തനാകുവാൻ സാദ്ധ്യമല്ല. സമുദായത്തിന്റെ അംഗമായിരിക്കുന്നേടത്തോളംകാലം അതിന്റെ നിലനില്പിനുവേണ്ടി ചെയ്യുന്ന ഹിംസ

യുടെ പങ്കും അവൻ വഹിക്കേണ്ടിവരും. രണ്ടു രാഷ്ട്രങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകുമ്പോൾ അതു് അവസാനിപ്പിക്കുവാൻ ശ്രമിക്കുകയാണു് അഹിംസാരാധകന്റെ പ്രഥമ കർത്തവ്യം. ഒരാൾ ഇതിനു യോഗ്യനല്ലെങ്കിൽ, യുദ്ധനിരോധനത്തിനു ശക്തനല്ലെങ്കിൽ, അവൻ യുദ്ധത്തിൽചേർന്നാലും അതോടുകൂടിത്തന്നെ രാഷ്ട്രത്തേയും ലോകത്തേയും തന്നെത്തന്നെയും യുദ്ധത്തിൽനിന്നു മുക്തമാക്കുവാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കണം."

ഗാന്ധിജിയുടെ അന്നത്തേയും ഇന്നത്തേയും അഭിപ്രായത്തിനു യാതൊരു വ്യത്യാസവും ഇല്ല. കാഴ്ചക്രമത്തിന്റെ ബാഹ്യരൂപം അല്പം ഭിന്നമായി തോന്നുന്നുണ്ടെന്നുമാത്രം. "അഹിംസയുടെ പൂജകനു് തന്റെ ധർമ്മത്തെ പൂർണ്ണമായി രക്ഷിക്കുവാൻ കഴിയും. അവന്റെ കർമ്മം കേവലം ഒരു ഔപചാരികം ആയിരുന്നാൽ മതി." ഈ വാക്യം തോണിക്കു പങ്കായം എന്നപോലെ അദ്ദേഹത്തിന്റെ സ്വച്ഛനിശ്ചയങ്ങൾക്കു സഹായമായിത്തീരുന്നു. എന്നാൽ ആ യുദ്ധത്തിൽ ചേരുന്നതിനു് ഒരു യുക്തിയുംകൂടിയുണ്ടായിരുന്നു:—

"ഞാൻ സ്വദേശത്തിന്റെ സ്ഥിതി ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ സഹായംകൊണ്ടു് നന്നാക്കാൻ ആശിച്ചിരുന്നു. ബ്രിട്ടീഷു് നാവികസൈന്യത്തിന്റെ സഹായത്താലാണു് ഞാൻ ഇംഗ്ലണ്ടിൽ സുരക്ഷിതനായിരുന്നതു്. ഞാൻ ഇംഗ്ലണ്ടിന്റെ ഛത്രച്ഛായയിൽ സുരക്ഷിതനായിരുന്നെങ്കിൽ, ഒരു പ്രകാരത്തിൽ ഇംഗ്ലണ്ടിന്റെ ഹിംസയിലും ചേർന്നിരുന്നു. ഞാൻ ഇംഗ്ലണ്ടുമായിട്ടു ബന്ധം വിടുന്നതിനു തയ്യാറായിരുന്നില്ലെങ്കിൽ ഈ സ്ഥിതിയിൽ എനിക്കു മൂന്നു മാർഗ്ഗങ്ങളാണു് ഉണ്ടായിരുന്നതു്; ഒന്നുകിൽ യുദ്ധത്തിനെതിരായി സത്യാഗ്രഹധർമ്മം അനുസരിച്ചു് ഇംഗ്ലണ്ടു തന്റെ നയത്തെ ഉപേക്ഷിക്കാതിരിക്കുന്നതുവരെ ആംഗലസാമ്രാജ്യത്തോടു് നിസ്സഹകരിക്കുക, അല്ലെങ്കിൽ നിയമഭംഗം ചെയ്തു് ജയിലിൽ പോവുക, അല്ലെങ്കിൽ ആംഗലരാജ്യത്തിനു യുദ്ധത്തിൽ സഹായം നല്കി, യുദ്ധത്തിലുള്ള ഹിംസയുടെ പ്രതികാരശക്തി ഏല്ക്കുക.

ആദ്യത്തെ രണ്ടു മാർഗ്ഗങ്ങളും അനുസരിക്കുന്നതിനു ഞാൻ അസമർത്ഥനാണെന്നു എനിക്കു തോന്നി. ഒടുവിലത്തെ മാർഗ്ഗം സ്വീകരിച്ചു."

ഇതു ഒരു മുടന്തൻവാദംപോലെ തോന്നും. എന്നാൽ ഗാന്ധിജി എങ്ങിനെയാണു് ആദ്യം നിഷ്ക്രിയത്വം പിന്നീടു് യുക്തി കണ്ടുപിടിക്കുന്നതും എന്നു നമുക്കു പിന്നീടു് ആലോചിക്കാം. ആ വാദം ഖണ്ഡിക്കാൻ സാധിക്കാത്തതല്ലെങ്കിലും ഗാന്ധിജിയുടെ ആത്മാവിനു യാതൊരു സമയത്തു് യാതൊന്നു സത്യമായി തോന്നുന്നു അതിനെ അദ്ദേഹം അനുസരിക്കുന്നു. അദ്ദേഹത്തിന്റെ തക്കങ്ങളിൽ അറിഞ്ഞുകൊണ്ടുള്ള ആത്മവഞ്ചന ഇല്ല. അദ്ദേഹത്തിനു ആംഗലഭരണസമ്പ്രദായത്തിൽ അതിരറ്റ ആദരമുണ്ടായിരുന്നു എന്നുള്ളതാണു് പരമാർത്ഥം. ദക്ഷിണ ആഫ്രിക്കയിൽ ഇതു നിമിത്തമായ പെരുമാറ്റം ഉണ്ടായപ്പോഴും അദ്ദേഹത്തിന്റെ ധൈര്യത്തിനും വിശ്വാസത്തിനും ഇളക്കം തട്ടിയില്ല. ബോവർയുദ്ധത്തിലും ജൂലൂവിപ്ലവത്തിലും അദ്ദേഹത്തിനു് അവരുടെ നേരെയായിരുന്നു സഹാനുഭൂതി എങ്കിലും ഇംഗ്ലീഷുകാരെ സഹായിക്കുകതന്നെയാണു് അദ്ദേഹം തന്റെ ധർമ്മമായി കരുതിയതു്. ഈ സഹായത്തിനുശേഷം ഭാരതീയരുടെ സ്ഥിതി മനസ്സിലാക്കുന്നതിനു് ഉപനിവേശമന്ത്രിയായ ജോസഫ് ചേമ്പർലെയിൻ ആഫ്രിക്കയിൽ ചെല്ലുകയും ഹിന്ദുസ്ഥാനികളുടെ പ്രതിനിധിമണ്ഡലം അദ്ദേഹത്തെ കാണുന്നതിനു തയാറാവുകയും ചെയ്തപ്പോൾ അദ്ദേഹം വ്യക്തമായി പറഞ്ഞു: "എല്ലാവരും വന്നോളൂ, എന്നാൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ വേണ്ട. അദ്ദേഹത്തെ ഒരു പ്രാവശ്യം കണ്ടുകഴിഞ്ഞിട്ടുണ്ടു്", വീണ്ടും വീണ്ടും കാണേണ്ട ആവശ്യമില്ല."

ഇംഗ്ലീഷുകാരുടെ ഈ പുരാതനസമ്പ്രദായം ഇന്നും അതുപോലെതന്നെയാണു്.

വട്ടമേശസമ്മേളനം ഉണ്ടായപ്പോഴും ഭാരതീയർ തിരഞ്ഞെടുത്ത ഇന്ത്യൻപ്രതിനിധികളായിരുന്നില്ല അംഗങ്ങളും. ഗവണ്മെണ്ടിൽ നിന്നു നിയമിച്ചവരായിരുന്ന അവർ, നമുക്കു സക്കാരല്ലേ

രക്ഷതന്നതു്, സമാധാനം തന്നതു്, അസ്വാതന്ത്ര്യം തന്നതു്, പിന്നെ ഈ പ്രതിനിധികളെക്കൂടി നിയോഗിക്കുന്നതിനു് അവർക്കു് എന്തുകൊണ്ടു് വയ്യ? ഇന്നും കോൺഗ്രസ്സും ഇംഗ്ലീഷുകാരും തമ്മിൽ സാമ്രാജ്യത്തിൽ ഈ സിദ്ധാന്തത്തെക്കുറിച്ചു തർക്കമാണു്. ഗവർമ്മെണ്ടു പറയുന്നു, യുദ്ധാനന്തരം എല്ലാ ജാതിക്കാരുടേയും സമുദായക്കാരുടേയും, വർഗ്ഗക്കാരുടേയും പ്രതിപുരുഷന്മാരുമായിട്ടു് ഭിന്ന സ്ഥാനത്തിന്റെ നവീനഘടനയെക്കുറിച്ചു കൂടിയാലോചന നടത്താം. ഏതു ജാതികളായിട്ടു്, ഏതു സമുദായങ്ങളായിട്ടു്, ഏതു് വർഗ്ഗങ്ങളായിട്ടു്, ഇതു സംബന്ധിച്ചു നിന്നതന്നെ തീർച്ചയാക്കും. സാംസ്ഥാനിക ഗവർമ്മെണ്ടുകളും തിരഞ്ഞെടുത്ത അംഗങ്ങളാവുക്കണം പ്രവർത്തിച്ചുകൊണ്ടിരുന്നതു്. എന്നാൽ ആ അംഗങ്ങളും സ്വന്തം വിട്ടിലാണു്. ഗവർമ്മെണ്ടുകളെ സ്വന്തം ആവശ്യം അറിഞ്ഞു പുതിയ പ്രതിനിധികളെ സൃഷ്ടിക്കുന്നു. ഗാന്ധിജി ദക്ഷിണ ആഫ്രിക്കയിൽ ഹിന്ദുസ്ഥാനികളുടെ പ്രതിനിധിയായിട്ടു ചേമ്പർലെയിനെകാണുക, ഈ അസാധ്യസംഗതി എങ്ങനെ സഹിക്കും; ഗാന്ധിജി ഉപനിവേശമന്ത്രിയെ കാണുകയുണ്ടായില്ല.

ഗാന്ധിജിയുടെ അഭിപ്രായം അതുകൊണ്ടും തീരെ കളുഷമായില്ലെന്നതന്നെ പറയാം. യുറോപ്യൻയുദ്ധം ആരംഭിച്ചപ്പോഴും പിന്നെയും സാഹായ്യം നല്കുവാൻ സന്നദ്ധനായി. അനന്തരം പഞ്ചാബിൽ കൂട്ടക്കൊല നടന്നു, റൌളറക്ടു് നടപ്പായി. ജാലിയാംവാലബാഗിലെ സംഭവം പ്രസിദ്ധമാണല്ലോ. എന്നിട്ടും ഗാന്ധിജിയുടെ ആരേം മൃതപ്രായമായില്ല. പുതിയ ഭരണപരിഷ്കാരങ്ങളും വന്നപ്പോഴും ഗാന്ധിജി അവയെ സ്വീകരിക്കുന്നതിനുള്ള പക്ഷത്തിൽ ചേരുന്നു. ഗാന്ധിജിയുടെ വിശ്വാസവും അഹിംസയും ഇങ്ങിനെയാണു്:

"ഏതൊരാളും നിനക്കു മുള്ള നടന്നുവോ അവനു"
പൂവു യിതരുക; നിനക്കു പൂവിനു പൂവു്,
അവനു മുള്ളിനു തിരുശൂലം."

ഗാന്ധിജിയുടെ ഈ മനോവൃത്തി ഏകധാരമായി, അഖണ്ഡമായി ആരംഭംമുതൽ അവസാനംവരെ നില്ക്കുന്നുണ്ട്. ബ്രിട്ടീഷു രാജ്യത്തിന്റെ സദുദ്ദേശത്തിൽ അദ്ദേഹത്തിന് ഇപ്പോഴും വിശ്വാസം ഇല്ലാതായാലും അതേ പ്രേമത്തോടും അതേ അഹിംസയോടും കൂടിയാണ് പെരുമാറ്റം. ഗാന്ധിജി ഇപ്പോഴും "പ്രതിതന്ത്രത്തിനു" തല്പരനാകുന്നു.

അദ്ദേഹത്തിനു ആംഗലനീതിയിൽ വിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് അദ്ദേഹം കഴിഞ്ഞ യുദ്ധത്തിൽ സഹായിച്ചു. നീശ്ചയത്തിനു ശേഷമാണ് യുക്തി, തന്മൂലം അതു ഒരു മുടന്തനെപ്പോലെയാകുന്നു. എന്നാൽ യുദ്ധത്തിൽ ഗവർമ്മേണ്ടിനെ സഹായിക്കുന്നതു ആ സമയത്തു് ഗാന്ധിജിക്കു തന്റെ ധർമ്മമെന്നു തോന്നിയെങ്കിലും അദ്ദേഹം ഒരു പരിധിക്കുള്ളിൽ സഹായിക്കുവാനാണ് ഉറച്ചതു്. ബോവർയുദ്ധത്തിലും സുലുവിപ്ലവത്തിലും ഗാന്ധിജിക്കു സഹാനുഭൂതി പ്രതിപക്ഷത്തോടായിരുന്നെങ്കിലും ഇംഗ്ലീഷുകാരെ സഹായിക്കുക അദ്ദേഹത്തിന്റെ ധർമ്മമാണെന്നാണ് അദ്ദേഹം കരുതിയിരുന്നതു്, അതുകൊണ്ടു് അവർക്കു സഹായം നല്കി. ഈ അസംഗത്യത്തിൽ ആശ്ചര്യപ്പെടാൻ ഒന്നുമില്ല. ഒരു കർമ്മം ഒരു സമയത്തു് ധർമ്മമാകുന്നു, ആ കർമ്മംതന്നെ മറ്റൊരുസമയത്തു് അധർമ്മമാവാം. ധർമ്മത്തിന്റെ ഗതി ഗഹനമാണെന്നു പറയുന്നതു് അതുകൊണ്ടാണല്ലൊ.

ഇങ്ങിനെ അസംഗതമായിതോന്നുന്ന ഒരു കഥ മഹാഭാരതത്തിൽ നാം കാണുന്നുണ്ട്. ഭാരതയുദ്ധത്തിനു് എല്ലാം ഒരുങ്ങിക്കഴിഞ്ഞു. ഭടന്മാർ അഭിമുഖം അണിനിരന്നു. അപ്പോൾ യുധിഷ്ഠിരൻ പിതാമഹനായ ഭീഷ്മരുടെ സമീപത്തുചെന്നു് നമസ്കരിക്കുകയും യുദ്ധത്തിനു് അദ്ദേഹത്തിന്റെ അനുവാദം ചോദിക്കുകയും ചെയ്തു. യുധിഷ്ഠിരന്റെ ഈ വിനയംകൊണ്ടു് ഭീഷ്മർ അത്യന്തം പ്രസന്നനായി. അദ്ദേഹം പറഞ്ഞു: "പുത്ര, നീ യുദ്ധം ചെയ്യുക, വിജയം പ്രാപിക്കുക.. ഞാൻ നിന്നിൽ സന്തുഷ്ടനാണു്". എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ അതു പറയൂ, നിനക്കു ഒരിക്കലും പരാ

ജയമുണ്ടാവില്ല" ഇങ്ങിനെ ആശീർവ്വദിച്ചു. എന്നാൽ യുദ്ധം തീർച്ചയായും ധർമ്മപുത്രനെ ഭാഗത്തുനിന്നുതന്നെ ചെയ്യേണ്ടിയിരുന്നു. അതുകൊണ്ട് അസാംഗത്യത്തെ പറഞ്ഞുമനസ്സിലാക്കി: "ഞാൻ കൌരവന്മാരുടെ ചോറാണ് തിന്നതു്; അതുകൊണ്ട് ഞാൻ അവരുടെ ഭാഗത്തുനിന്നു യുദ്ധംചെയ്യണം; പിന്നെ എന്തു വേണമെങ്കിലും ചോദിച്ചോളൂ."

'അർത്ഥസ്യ പുരുഷോദാസോ ദാസസ്ത്വർത്ഥോ ന കസ്യചിൽ
ഇതി സത്യം മഹാരാജ ബദ്ധോസ്മ്യർത്ഥേന കൌരവ'

"അല്ലയോ മഹാരാജാവേ! സത്യം ഇതാണു്, പുരുഷൻ അർത്ഥത്തിന്റെ ദാസനാകുന്നു, അർത്ഥം ആരുടേയും ദാസനല്ല, അതുകൊണ്ട് ഞാൻ കൌരവർക്കു കടപ്പെട്ടിരിക്കുന്നു."

ഭീഷ്മപിതാമഹനാകട്ടെ എന്തു് അർത്ഥം? ഏതു ബന്ധം? ഇവിടെ അർത്ഥമല്ല, ധർമ്മമാണു് കാര്യം. ഞാൻ ധർമ്മത്താൽ ബദ്ധനാണു്, അതുകൊണ്ട് ഞാൻ കൌരവന്മാരുടെ ഭാഗത്തുനിന്നു യുദ്ധം ചെയ്യും, ബാക്കിയൊക്കെ നിങ്ങളുടെ ഭാഗത്താണു് എന്നു ഭീഷ്മർ പറഞ്ഞു.

അനേകായിരം കൊല്ലങ്ങൾക്കുശേഷം മറെറാരു 'മഹാഭാരതം' യൂറോപ്പിൽ ഉണ്ടാകുന്നു. ഗാന്ധിജി പറയുന്നു: "ഞാൻ യുദ്ധപക്ഷത്തിൽ അല്ല, എന്നാൽ ഇംഗ്ലണ്ടിന്റെ സംരക്ഷണയിലാണു് വളർന്നതു്. അതുകൊണ്ട് ഇംഗ്ലണ്ടിനെ സഹായിക്കുകയാണു് എന്റെ ധർമ്മം." അനേകായിരം സംവത്സരങ്ങൾക്കുശേഷം ചരിത്രം ആവർത്തിക്കുന്നതിന്റെ ഒരൊന്നാന്തരം ദൃഷ്ടാന്തമാണു് ഇതു്.

കഴിഞ്ഞ യൂറോപ്യൻയുദ്ധം നാലു കൊല്ലത്തോളം നിന്നു. അതിൽ മിത്രരാജ്യങ്ങൾക്കു് ജീവനെപ്പണയംവെച്ചും യുദ്ധം ചെയ്യേണ്ടിവന്നു. പല ജയങ്ങളും പരാജയങ്ങളും ഉണ്ടായി. ഗാന്ധിജിയെപ്പോലെ അതു ആജ്ഞവതോടുകൂടി ഭാരതവർഷത്തിൽ ആരും ഇംഗ്ലണ്ടിനെ സഹായിച്ചില്ല. വിപക്ഷത്തിലും അനേകം നേതാക്കന്മാർ ഉണ്ടായിരുന്നു, അധികം ഉദാസീനരായിരുന്നു അ

വർ. ലോകഭാവനയിലും ഇപ്പോഴും അപ്പോഴും എത്ര സാദൃശ്യമുണ്ടെന്ന സംഗതി നിരീക്ഷണയോഗ്യമാകുന്നു.

യുദ്ധകാലത്തു വൈസ്രോയ് ചേംസ്ഫോർഡ് എല്ലാ നേതാക്കന്മാരുടേയും ധനാഢ്യന്മാരുടേയും ഒരു യുദ്ധസഭ വിളിച്ചുകൂട്ടി. ഗാന്ധിജിയേയും ക്ഷണിച്ചു. അല്പം വൈമനസ്യത്തോടും സംശയത്തോടുംകൂടിയാണു് ഗാന്ധിജി സഭയിൽ സന്നിഹിതനാകുവാൻ നിശ്ചയിച്ചതു്. അവിടെയുണ്ടായ പ്രസ്താവത്തെ സമർത്ഥിക്കുവാൻ ഗാന്ധിജി ഹിന്ദിയിൽ ഇത്രമാത്രം പറഞ്ഞു: "ഞാൻ ഇതിനെ പിൻതാങ്ങുന്നു." എന്നാൽ അദ്ദേഹത്തിനു പറയുവാനുണ്ടായിരുന്നതു് എഴുത്തുമൂലം വൈസ്രോയിയെ നിവേദിപ്പിച്ചു. ആ ലേഖനം കാണേണ്ടതാണു്.

"ഈ അത്യാഹിതത്തിൽ ബ്രിട്ടീഷുരാജ്യത്തിനു് സന്തോഷപൂർവ്വം വ്യക്തമായ സഹായം നല്കണമെന്നു് ഞാൻവിചാരിക്കുന്നു. അവിശ്വരമായ ഭാവിയിൽ നാം മറ്റു ഉപനിവേശരാജ്യങ്ങളെപ്പോലെ ഭാഗഭാക്കാകണമെന്നാണു് ആശിക്കുന്നതു്. എന്നാൽ ഞങ്ങളുടെ ഈ അഭിലാഷത്തിന്റെ പിമ്പിൽ ഈ വിധം പ്രവൃത്തിക്കുന്നതുകൊണ്ടു് സ്വന്തം ലക്ഷ്യത്തെ അതിവേഗത്തിൽതന്നെ ഞങ്ങൾക്കു പ്രാപിക്കുവാൻകഴിയും എന്ന ആശ ഉണ്ടു്; സത്യംതന്നെ. കർത്തവ്യത്തെ പാലിക്കുന്നതുകൊണ്ടു് അധികാരം സ്വയമേ വന്നുചേരും. അങ്ങയുടെ ഭരണപരിഷ്കാരാലോചനയിൽ കോൺഗ്രസ്സിന്റെയും ലീഗിന്റെയും സഹകരണം അങ്ങു് പൂർണ്ണമായി സ്വീകരിക്കുമെന്നാണു് ജനങ്ങളുടെ വിശ്വാസം. ഈ വിശ്വാസമാണു് പല നേതാക്കന്മാർക്കും ഗവൺമെണ്ടിനെ സഹായിക്കുവാൻ തല്പരത്വം ജനിപ്പിക്കുന്നതു്."

ഗാന്ധിജിയുടെ സന്ദേശത്തിന്റെ ഒരു അംശമാണു് ഇതു്. എത്ര നിർമ്മൂലമായ വിശ്വാസം! ആ സമയത്തു് ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ ഐക്യമായിരുന്നു. ഇന്നത്തെപ്പോലെ ജാത്യൈക്യത്തെപ്പറ്റിയുള്ള ഉൽഘോഷണങ്ങളൊന്നും അന്നുണ്ടായിരുന്നില്ല. ലീഗും കോൺഗ്രസ്സും സമ്മേളിച്ചു് ഒരുക്കങ്ങളും

ചെയ്തിട്ട് ഗവൺമെണ്ടിന്റെ മുമ്പിൽ അവരുടെ അഭിപ്രായം സമ
പ്പിച്ചിരുന്നു. പക്ഷെ ഗവൺമെണ്ട് അതിനെ അത്ര കാര്യമായി
കണക്കാക്കിയില്ല, അതിനെ നിരസിച്ചു. ഇപ്രകാരം എല്ലാ
ആശകളും നിഷ്ഫലമായി. ഭാരതത്തിനു സ്വാതന്ത്ര്യം കൊടുക്ക
വാൻ ഇംഗ്ലണ്ടിനു ഒരു വലിയ പ്രതിബന്ധം ഹിന്ദുമുസ്ലീം
അനൈക്യമാണെന്നാണ് ഞങ്ങൾ കരുതുന്നതു്. അവർക്കു ഈ
പഴയ കഥ ഒരു പാഠമായിത്തീരട്ടെ.

പിന്നീടു് ഗാന്ധിജി എഴുതി: "എനിക്കു് എന്റെ ദേശവാ
സികളെ ഗ്രഹിപ്പിക്കാൻ സാധിക്കുമെങ്കിൽ യുദ്ധകാലത്തു് സ്വ
രാജ്യം എന്ന പേരുകൂടി അവർ ശബ്ദിക്കുകയില്ല."

ഇന്നത്തെ യുദ്ധത്തിന്റെ ആരംഭത്തിൽ ഗാന്ധിജി വൈ
സ്രോയി ലിൻലിത്ഗോവിനെ കണ്ടതിനുശേഷം അദ്ദേഹം ത
ന്റെ ഒരു പ്രസംഗത്തിൽ പറഞ്ഞു: "എനിക്കു് ഈ സമയത്തു്
ഈ ദേശത്തിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചു് യാതൊരു വിചാരവും
ഇല്ല. സ്വാതന്ത്ര്യം വന്നുകൊള്ളും; എന്നാൽ ഇംഗ്ലണ്ടും ഫ്രാൻസും
നശിക്കുകയോ സഖ്യരാഷ്ട്രങ്ങളും ജർമ്മനിയെ തോല്പിച്ചു അവശ
മാക്കപ്പെട്ടു ജയിക്കുകയോ ചെയ്യുകയാണെങ്കിൽ, അതുകൊണ്ടു് എ
ന്താണു് കാര്യം?" ഈ രണ്ടു പ്രസ്താവങ്ങളിലും അതേ സാദൃശ്യം
ഉണ്ടു്.

പിന്നീടു് ഗാന്ധിജി വൈസ്രോയി ചേംസ്ഫോർഡിനു്
എഴുതി: "ഭാരതം ആരോഗ്യശാലിയായ ഓരോ യുവാവിനേയും
ബ്രിട്ടീഷുരാഷ്ട്രത്തിന്റെ രക്ഷയ്ക്കുവേണ്ടി ബലികഴിയ്ക്കണമെന്നാ
ണു് ഞാൻ ആഗ്രഹിയ്ക്കുന്നതു്. ഭാരതത്തിന്റെ ഈ ബലിദാനം
തന്നെ ബ്രിട്ടീഷുസാമ്രാജ്യത്തിന്റെ ആരേണിയമായ ഒരു പങ്കാളി
യാക്കാൻ പര്യാപ്തമാകും എന്നു് എനിക്കു വിശ്വാസമുണ്ടു്. ഈ
വിഷമഘട്ടത്തിൽ നാം സാമ്രാജ്യത്തെ ഹൃദയപൂർവ്വം സേവിക്കു
കയും അതിനെ ഭയത്തിൽനിന്നു രക്ഷിക്കുകയും ചെയ്യുകയാണെ
കിൽ നമ്മുടെ ഈ കൃത്യംതന്നെ നമ്മെ ലക്ഷ്യത്തോടു് അതിവേഗ
ത്തിൽ അടുപ്പിക്കും. നാം സാമ്രാജ്യത്തെ സേവിച്ചാൽ ആ പ്രവൃ

ത്തിയിൽനിന്നതന്നെ നമുക്കു സ്വരാജ്യം കിട്ടും എന്നു ദേശവാസികളെ മനസ്സിലാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ഗാന്ധിജി ആ സമയത്തു് ഉപയോഗിച്ച വാക്കുതന്നെയാണു് ഏകദേശം ഇപ്പോഴും ഗവർമ്മേണ്ടു നമ്മുടെ അപേക്ഷകളെ സംബന്ധിച്ചു നിഷ്പ്രയോജനമായി പ്രയോഗിക്കുന്നതു്, ആവശ്യംതന്നെ. ഈ സമയത്തു് കേവലം യുദ്ധത്തെപ്പറ്റി മാത്രം പറയൂ, ഹൃദയപൂർവ്വം ഞങ്ങളുടെ പക്ഷത്തിൽ ചേർന്നു പൊരുതൂ എന്നു അവർ പറയുന്നു. ഇതിൽ നിങ്ങൾക്കു സ്വരാജ്യം കിട്ടും. ഈ സമയത്തു് നമുക്കു കൂടാ ബുകലഹങ്ങളൊക്കെ മറന്നിട്ടു യുദ്ധത്തിൽ ഒത്തൊരുമയായിരിക്കണം എന്നു കഴിഞ്ഞ യുദ്ധത്തിലും ഗവർമ്മേണ്ടിന്റെ ഭാഗത്തുനിന്നു പറഞ്ഞിരുന്നു, ഗാന്ധിജി അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. ഭാരതം തന്റെ യുവാക്കന്മാരെ ബലികഴിക്കുകയും ഉണ്ടായി. ധനവും സാമ്രാജ്യത്തിന്റെ രക്ഷയ്ക്കുവേണ്ടി വാരിയെറിഞ്ഞു. എന്നാൽ അതുകൊണ്ടു ഭാരതം സ്വതന്ത്രമായില്ല. യുദ്ധത്തിന്റെ അവസാനത്തിൽ ജാലിയാംവാലയിലെ സംഭവങ്ങൾ ഉണ്ടായപ്പോൾ ഗാന്ധിജിയുടെ ഈ വിശ്വാസവും ശ്രദ്ധയും പൊയ്പോയി; എന്നാലും പെരുമാറ്റത്തിൽ യാതൊരു വ്യത്യാസവും വന്നില്ല.

ഇന്നു് യൂറോപ്പിൽ നടക്കുന്ന ദ്വിതീയ മഹായുദ്ധത്തിൽ ഗാന്ധിജി അവലംബിച്ച നിതിയും ശുദ്ധമായ സത്യാഗ്രഹമാകുന്നു. കഴിഞ്ഞ യുദ്ധത്തിൽ ബ്രിട്ടീഷു് സാമ്രാജ്യത്തിന്റെ മനോവ്യഥിയിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആദരം ഇന്നില്ല. പ്രതിപക്ഷത്തിൽ ദോഷം എത്ര അധികമാകുന്നു അത്രയധികം നമ്മുടെ പ്രവൃത്തി അഹിംസാമയമായിരിക്കണം എന്നാണു് അദ്ദേഹത്തിന്റെ മതം അനുസരിച്ചുള്ള സത്യാഗ്രഹത്തിന്റെ നിതി. അതുകൊണ്ടു് ഗാന്ധിജി നിസ്സഹകരണം സ്വീകരിച്ചാലും ഈ വിഷമഘട്ടത്തിൽ ഇംഗ്ലണ്ടിനെ ലേശംപോലും കുഴക്കിൽപെടുത്തുന്നയാതൊരു കാര്യവും ചെയ്യുന്നതു് അദ്ദേഹത്തിനു് ഇഷ്ടമല്ല. അതുകൊണ്ടു്, ബ്രിട്ടീഷുഗവർമ്മേണ്ടിനു് നാം നിമിത്തം ഒരുതരത്തിലും വിവശതയുണ്ടാക്കരുതു് എന്നു് ഇംഗ്ലണ്ടിന്റെ ശക്തി ക്ഷയിക്കുമ്പോഴൊക്കെ ഗാന്ധിജി വിചാരിക്കുന്നു.

എന്നാൽ കഴിഞ്ഞ യുദ്ധത്തിലും ഈ യുദ്ധത്തിലും ഒരു വ്യത്യാസം ഉണ്ട്. ആ വ്യത്യാസത്തെ അവലംബിച്ചുകൊണ്ടാണു ഗാന്ധിജി യുദ്ധത്തിൽ ചേരണമോ ചേരാതിരിക്കണമോ എന്നു നിശ്ചയിക്കുന്നതു്.

കഴിഞ്ഞ യുദ്ധത്തിൽ നാം തീരെ പരാധീനരായിരുന്നു, നമുക്കു യാതൊരു ചുമതലയും ഉണ്ടായിരുന്നില്ല. നമ്മുടെ യാതൊരുനേഷണവും ഉണ്ടായിരുന്നില്ല. നാം ഉപദ്രവം ചെയ്യുന്നപക്ഷം ഇംഗ്ലീഷുകാർക്കു സഹായം ലഭിക്കുന്നതിൽ തടസ്സം ഉണ്ടാക്കാൻ സാധിക്കുമായിരുന്നു, എന്നാൽ ഈ കൃത്യം സത്യാഗ്രഹനീതിക്കും ഗാന്ധിജിയുടെ അഹിംസാനീതിക്കും അനുകൂലമായിരുന്നില്ല. എന്നാൽ പ്രതിബന്ധം ഉണ്ടാക്കൽ ഒരു സംഗതി, പ്രവൃത്തിരൂപമായി സഹായിക്കൽ മറെറാരു സംഗതി. പ്രതിബന്ധം ഉണ്ടാക്കാതെതന്നെ പ്രവൃത്തിരൂപമായ സഹായം നല്കുന്നതിൽ നമുക്കു നിസ്സഹകരണം സാധ്യമായിരുന്നു, എന്നാലും ഗാന്ധിജി സാഹായ്യം നല്കുന്നതു് തന്റെ ധർമ്മമായി കരുതി. "നാം ഇംഗ്ലണ്ടിനാൽ സുരക്ഷിതരാവുകയും സന്തോഷപൂർവ്വം ആ രക്ഷയെ സ്വീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, ഇംഗ്ലീഷുകാർക്കു പ്രവൃത്തിരൂപമായ സഹായം നല്കുന്നതും അവർക്കുവേണ്ടി ആയുധം എടുക്കുന്നതും നമ്മുടെ ധർമ്മമാകുന്നു." എന്നാൽ ഈ വാദത്തിനു് ഇന്നത്തെ സ്ഥിതിയിൽ യാതൊരു ബലവും ഇല്ല. എന്തുകൊണ്ടെന്നാൽ പരിതഃസ്ഥിതിയിൽ ധാരാളം മാറ്റം ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു് ആ പഴയ യുക്തി ഇന്നത്തെ സ്ഥിതിക്കു യോജിച്ചതല്ല.

ഇത്തവണ യുദ്ധപ്രഖ്യാപനം ചെയ്തപ്പോൾ, സംസ്ഥാനങ്ങളിൽ പ്രാദേശികസ്വയംഭരണം ഉണ്ടായിരുന്നു. കോൺഗ്രസ്സിന്റെ കയ്യിൽതന്നെയായിരുന്നു എട്ടു സംസ്ഥാനങ്ങളുടെ കടിഞ്ഞാൺ. മറെറാരു സംസ്ഥാനത്തിലും, അതായതു സിന്ധിൽ, അധികാരത്തിന്റെ പകുതി കോൺഗ്രസ്സിനു അധീനമായിരുന്നു. ഇങ്ങിനെ ആകെ ഒമ്പതു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനാ

യിരുന്ന ആധിപത്യം. കേന്ദ്രത്തിലും സ്വയംഭരണം വാങ്ങാനും ചെയ്യുകഴിഞ്ഞിരുന്നു. നാം ഏതാണ്ട് പൂർണ്ണസ്വരാജ്യത്തോട് അടുത്തുകഴിഞ്ഞു എന്നു് അനുമാനംകൊണ്ടും പറയാൻ സാധിക്കുമായിരുന്നു. അതുകൊണ്ടു് ഇന്നു് "അവർ നല്കുന്ന രക്ഷകൊണ്ടു് നാം സുരക്ഷിതരാണു്" എന്നു പറയുവാൻ വയ്യ. നാം ഇന്നു നമ്മുടെ രക്ഷകൊണ്ടുതന്നെ സുരക്ഷിതരായിത്തീരുവാനുള്ള ഒരു നിലയിൽ ആയിട്ടുണ്ടു്. കഴിഞ്ഞ യുദ്ധകാലത്തു് നമുക്കുണ്ടായിരുന്നേടത്തോളം പരാധീനത ഇന്നു് ഇല്ല. നാം നമ്മെ എങ്ങിനെ രക്ഷിയ്ക്കുമെന്നു പറയുവാനുള്ള നൈതികമായ അധികാരം—നിയമപ്രയുക്തമായ അധികാരം—നമുക്കുണ്ടു്. ഇംഗ്ലണ്ടിനെ വിഷമിപ്പിക്കാതിരിക്കുന്നതു് ഗാന്ധിജി തന്റെ ധർമ്മമായി പരിഗണിച്ചപ്പോഴും, ഭാരതവർഷത്തെ ആക്രമിക്കുകയാണെങ്കിൽ അതിനെ എതിർക്കേണ്ടതു്—തടുക്കേണ്ടതു്—ഹിംസാത്മകമായ ഉപായങ്ങൾകൊണ്ടോ, അഹിംസാത്മകമായ ഉപായങ്ങൾ കൊണ്ടോ എന്നു നിശ്ചയിക്കുന്നതുകൂടി അദ്ദേഹത്തിന്റെ കർത്തവ്യമായിത്തീർന്നു. നാം കൊന്നു കൊണ്ടു് മരിക്കാനോ അല്ലെങ്കിൽ കൊല്ലാതെ മരിക്കാനോ പഠിക്കുക. എല്ലാ പരിതഃസ്ഥിതികളെപ്പറ്റിയും ശ്രദ്ധയോടെ ആലോചിച്ചതിനുശേഷം ഗാന്ധിജി, യുദ്ധം പ്രഖ്യാപിച്ചപ്പോഴുംതന്നെ ഉഗ്രഹിംസയോടു് എതിരിടുക അഹിംസകൊണ്ടു മാത്രമെ സാദ്ധ്യമാകൂ എന്നുകൂടി നിശ്ചയിച്ചു കഴിഞ്ഞിരുന്നു. അബിസീനിയ, സ്പെയിൻ, ചീന ഈ രാജ്യങ്ങളിൽ യുദ്ധം ഉണ്ടായപ്പോഴും ആപൽഗ്രസ്തങ്ങളായ രാഷ്ട്രങ്ങളോടു് അഹിംസയെ അവലംബിക്കുവാനാണു് ഗാന്ധിജി ഉപദേശിച്ചിരുന്നതു്. മറിച്ചു് ആപൽഗ്രസ്തങ്ങളായ രാഷ്ട്രങ്ങൾക്കു നല്കിയിരുന്ന ഉപദേശത്തിൽനിന്നു ഭിന്നമായ ഒന്നു തന്റെ ദേശവാസികൾക്കു എങ്ങിനെ നല്കും?

ഗാന്ധിജിയുടെ ദൃഷ്ടിയിൽ അഹിംസയുടെ പ്രത്യക്ഷപരീക്ഷണത്തിനുള്ള സമയമായിക്കഴിഞ്ഞിരുന്നു. അഹിംസ പ്രയോഗിക്കുവാനും അതിന്റെ സാഫല്യം വിശദമാക്കുവാനും ഇതിലും ഉത്തമമായ ഒരു അവസരം സംഭാവ്യമായിരുന്നുവോ? യുദ്ധപ്രഖ്യാപ

നതിനുമുമ്പുതന്നെ ഗാന്ധിജി നൈതികവും വ്യാവഹാരികവും ആയ ദൃഷ്ടികൊണ്ടു് ഇരുത്തോളം ഉറച്ചുകഴിഞ്ഞിരുന്നു. ഹീന്ദുസ്ഥാനത്തിനു് എങ്ങിനെയായാലും ഭയങ്കരവും സുസംഘടിതവും ആയ ഹിംസയെ ഹിംസകൊണ്ടു് എതിർക്കുവാൻ സാധ്യമാവുകയില്ല. സുസംഘടിതങ്ങളായ ദേശങ്ങളുടെ ആയുധങ്ങളോടു പൊരുതുവാൻ മതിയായ ഭയങ്കരസാമഗ്രികാം എവിടെ? എന്നാൽ അപ്രധാനമായിരുന്നു ഇതു്. പ്രധാന സംഗതിയാവട്ടെ "നമുക്കു ഭയങ്കരമായ ഹിംസയെ അഹിംസകൊണ്ടു് വിജയപൂർവ്വകം എതിർത്തു ലോകത്തിന്റെ മുമ്പിൽ ഒരു ധാർമ്മികമായ ശസ്ത്രത്തെ പ്രതിഷ്ഠിപ്പിയ്ക്കുവാൻ സാധിക്കുകയില്ലേ?" എന്ന ആശയമായിരുന്നു. ഭാരതവും ഇംഗ്ലണ്ടും തമ്മിൽ ഒരു കരാർ ഉണ്ടായാൽ ഇംഗ്ലീഷുകാർക്കു നൈതികമായ സഹകരണം നല്കിയെ കഴിയൂ. എന്നാൽ എങ്ങിനെയായാലും കോൺഗ്രസ്സു് 'ഹിംസയിൽ പങ്കുകൊണ്ടിട്ടു സ്വന്തം നൈതികപതാകയെ താഴ്ത്തുവാൻ സമ്മതിക്കയില്ല'.

കോൺഗ്രസ്സു നേതാക്കന്മാർ ഈ നിലതന്നെയാണു് ഉത്തമമായി കരുതിയിരുന്നതു്. എന്നാൽ ഈ മാർഗ്ഗത്തിൽ കാൽ വെയ്ക്കുവാൻ സങ്കോചമുണ്ടായിരുന്നു. സി. രാജഗോപാലാചാരിയെപ്പോലെയുള്ള തീവ്രബുദ്ധിവാദിയാകട്ടെ യുദ്ധം ചെയ്യാതിരിക്കുന്നതു് ധർമ്മമായി കരുതിയിരുന്നില്ല. യുദ്ധത്തിന്റെ ആരംഭത്തിൽ ഈ പ്രശ്നം അത്ര സാരമല്ലായിരുന്നു. കോൺഗ്രസ്സിന്റെ ആവശ്യങ്ങളും ഗവണ്മെണ്ടിന്റെ മുമ്പിൽ സമർപ്പിച്ചിരുന്നെങ്കിലും, ഗവണ്മെണ്ടു് അവയെ സാധിപ്പിക്കുകയോ അവയ്ക്കു് ആശാവഹമായ ഒരു സ്വീകാരം നല്കുകയോ ചെയ്തില്ല. ഇപ്രകാരം കോൺഗ്രസ്സു പ്രസ്താവനയുടെ ആന്തരാർത്ഥം രണ്ടു പക്ഷത്തിലുള്ള ജനങ്ങളെക്കും ഭിന്നഭിന്നമായിരുന്നു. ഗാന്ധിജി ഗവണ്മെണ്ടുമായി കൂടിയാലോചന ചെയ്തതിനു ശേഷം കേവലം നൈതികമായ സഹകരണം നല്കുവാനാണു് ഇഷ്ടപ്പെട്ടിരുന്നതു്. മറ്റു നേതാക്കന്മാർ ഭൗതികമായ സഹായം നല്കുന്നതുകൂടി ധർമ്മമാണെന്നു വിചാരിച്ചിരുന്നു. ഒന്നിനുമേൽ മറ്റൊന്നായി അനേകം പ്രസ്താവനകളാം കോൺഗ്രസ്സു് പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഇതിനെസ്സംബന്ധിച്ചു രണ്ടു

വിധത്തിലുള്ള സങ്കല്പങ്ങളെ രണ്ടു പക്ഷക്കാരും അവരവരുടെ മനസ്സിൽ ബലപ്പെടുത്തിക്കൊണ്ടാണിരുന്നതു".

ഗാന്ധിജി ലേഖനങ്ങളിലും പ്രസ്താവനകളിലും വൈസ്രോയിയുടെയുള്ള കൂടിക്കാഴ്ചകളിലും ഹിന്ദുസ്ഥാനത്തിനു ഇംഗ്ലീഷുകാർക്കു നൈതികമായ ബലം മാത്രമെ നല്കുവാൻകഴികയുള്ളു എന്നു വ്യക്തമാക്കിയിരുന്നു. എന്നാൽ പരസ്പരം സംഗതികൾ വിവരിച്ചു കഴിഞ്ഞാൽ നൈതികമായ സഹായവും ലഭിയ്ക്കുമെന്നു വൈസ്രോയിയും തീർച്ചയായും കരുതിയിട്ടുണ്ടായിരിക്കും. ദിവസങ്ങൾ കഴിഞ്ഞു; മാസങ്ങൾ കഴിഞ്ഞു. ജർമ്മനിയുടെ മുന്നേറ്റപ്രവാഹം ഓരോ രാഷ്ട്രങ്ങളെയും വീഴുങ്ങിക്കൊണ്ടു മുമ്പോട്ടുപോയി. ഫ്രാൻസ് വീണപ്പോൾ "കൊന്നുകൊന്നു മരിയ്ക്കുകയോ കൊല്ലാതെ മരിയ്ക്കുകയോ" എന്ന പ്രശ്നം പെട്ടെന്നു ഗൗരവമുള്ള ഒന്നായിത്തീർന്നു. ഇതുവരെ രണ്ടു പക്ഷക്കാർ അവരവരുടെ സങ്കല്പം അനുസരിച്ചു രഥം തെളിയ്ക്കുകയായിരുന്നവരല്ലാ. അതു ഇനിമേലാൽ മിക്കവാറും അസാധ്യമായി. ഗാന്ധിജിയ്ക്കു ആരംഭം മുതല്ക്കുതന്നെ ഈ വ്യത്യാസം അവിദിതമായിരുന്നില്ല. ആദ്യം മുതല്ക്കുതന്നെ എന്നെ വിട്ടേക്കു എന്നു സഹപ്രവർത്തകന്മാരോടു് അദ്ദേഹം പറഞ്ഞിരുന്നു. എന്നാൽ ഗാന്ധിജിയെ അസന്തോഷപൂർവ്വം മനസ്സാടുക്കുടി സഹപ്രവർത്തകന്മാർ വിട്ടയക്കാതിരിക്കുന്നതുവരെ അദ്ദേഹത്തിനു കോൺഗ്രസ്സിൽ നിന്നു പുറത്തുപോകുവാൻസാധിച്ചിരുന്നില്ല. അവസാനം കോൺഗ്രസ്സുനേതാക്കന്മാർ ഗാന്ധിജിയെ അധികംദിവസം നിബ്ബന്ധിച്ചുവിടാതെ വെച്ചുകൊണ്ടിരിക്കുന്നതു് അദ്ദേഹത്തിന്റെനേരെ ചെയ്യുന്ന പ്രത്യക്ഷമായ അന്യായമാണെന്നു കാണുകയും 1940 ജൂൺ 20-ാംനു- വർധയിൽ വെച്ചുണ്ടായ ദീർഘമായ വാദപ്രതിവാദത്തിനുശേഷം അദ്ദേഹത്തെ സ്വതന്ത്രനാക്കുകയും ചെയ്തു.

ഇതും ഗാന്ധിജിയുടെ ജീവിതത്തിലെ ഒരു വിചിത്രമായ സംഭവമായിരുന്നു. ഒരുപക്ഷേ ഇതിനോടു് അത്യന്തം സാദൃശ്യം വഹിയ്ക്കുന്ന ഒരു കഥ നമ്മുടെ പുരാണങ്ങളിൽ യുധിഷ്ഠിരന്റെ സ്വർഗ്ഗാരോഹണവർണ്ണനത്തിൽ കാണാം. ഗാന്ധിജിക്കും അന്ന്യ

നേതാക്കന്മാക്കും ഉള്ള അഭിപ്രായഭേദത്തെ നിരൂപണം ചെയ്തിട്ട് ഞാൻ പറഞ്ഞു: "ബാപ്പു! ഇതു മതഭേദമല്ല. രണ്ടുതരം പഞ്ചസാര. ഒന്നു അധികം മധുരമുള്ളതു്. മറ്റതു സ്വല്പം മധുരമുള്ളതു്. രണ്ടു പഞ്ചസാരയ്ക്കും തമ്മിൽ അന്തരമുണ്ടെന്നു നാം പറയുമോ? അങ്ങു് ശുദ്ധധർമ്മത്തെക്കുറിച്ചാണു് പ്രതിപാദിക്കുന്നതു്. മറ്റു നേതാക്കന്മാർ ആ പരമധർമ്മത്തെക്കുറിച്ചാകുന്നു. ശുദ്ധമായ ധർമ്മത്തിന്റെ ബലിപീഠത്തിൽ എവിടേയ്ക്കോ പൊയ്ക്കൊണ്ടിരിക്കുന്ന പ്രായോഗികതയെ സമർപ്പിക്കുന്നതിനു വേണ്ടിടത്തോളം ശക്തിമത്തായ വിശ്വാസം അവർക്കില്ല. അങ്ങയ്ക്കുള്ളിടത്തോളം സുജീവമായ വിശ്വാസം എല്ലാവരുടേയും ഹൃദയത്തിൽ സ്വാധീനശക്തി ചെലുത്തിയിട്ടുണ്ടാവുമെന്നു അങ്ങയ്ക്കു എങ്ങിനെ ആശിക്കുവാൻ കഴിയും? യുധിഷ്ഠിരന്റെ മഹാപ്രസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സമീപസ്ഥരായവർ ഓരോരുത്തരായി നിലംപതിച്ചു; അതുപോലെയാണു് അങ്ങയുടെ സ്ഥിതിയും. അങ്ങു പുരോഗമിക്കുംതോറും ഉയർന്നു പോകുന്തോറും അങ്ങയുടെ അനുയായികൾ പിന്നിൽ പെട്ടുപോകുന്നു, വിവശന്മാരായി വീണുപോകുന്നു." അടുത്തു ഇരുന്നിരുന്ന ഡോക്ടർ സുശീല നേരംപോക്കിൽ പറഞ്ഞു: "എന്നാൽ യുധിഷ്ഠിരന്റെ കൂടെ നായയുണ്ടായിരുന്നു. ബാപ്പു! ഈ ദുഷ്ടാന്തത്തിൽ സ്വർഗ്ഗത്തിലേയ്ക്കു പോകുന്ന ആ നായ ഏതാണ്?" ഗാന്ധിജി പറഞ്ഞു: "ആദ്യം ഇതു പറയൂ, ആ യുധിഷ്ഠിരൻ ആരാണ്?" വിഷയത്തിന്റെ ഗാംഭീര്യം എല്ലാവരുടേയും മുഖത്തു ഒരേ തരത്തിൽ പ്രത്യക്ഷമാക്കിയിരുന്ന ഗൗരവഭാവം ഈ നേരം പോക്കിൽ മാഞ്ഞുപോയി. എല്ലാവരും കിടുകിടെ ചിരിച്ചു.

എന്നാൽ ഇതിന്റെ ഫലം എന്തായിരിക്കും? ഇപ്പോഴും കാലദേവൻ ഇതിഹാസം നിർമ്മിച്ചുകൊണ്ടിരിക്കുകയാണു്. ഇനിയും സമാപിച്ചിട്ടില്ല. വരാനുള്ളതു് ഭാവിയുടെ ഗർഭത്തിലാണു്. എന്നാൽ ഒരു സംഗതി സ്പഷ്ടമായി. കോൺഗ്രസ്സിന്റെ അഹിംസാനീതി കേവലം ഉപയോഗിതാവാദത്തിന്റെ നിലയാണു് അവലംബിച്ചിരുന്നതു്. ഗാന്ധിജിക്കാകട്ടെ അഹിംസ പ്രാണനാണു്. എന്നാൽ ആ മഹാപുരുഷന്റെ അഹിംസ കോൺഗ്രസ്സിനു

ചൈതന്യമുണ്ടാക്കിയിട്ടില്ല എന്നുപറയുവാൻ ആക്കാണു് സാധിക്കുക? ഇതുവരെ കേവലം ഉപയോഗത്തിനുവേണ്ടി സ്വീകരിച്ചിരുന്ന അഹിംസ ഇപ്പോൾ അതിന്റെ ശുദ്ധസ്വരൂപം പ്രകാശിപ്പിക്കയില്ലേ?

ആഗ്രഹിച്ചിട്ടോ അല്ലാതേയോ കോൺഗ്രസ്സു് ശുദ്ധ ഗാന്ധിവാദത്തിന്റെ നേരേ ആകഷ്ടിക്കപ്പെട്ടകയാണെന്നു രണ്ടു മാസം ഉപയോഗവാദത്തെ ആശ്രയിച്ചതിനുശേഷം ബോംബയിൽ വെച്ചു ഗാന്ധിജിയുടെ കയ്യിൽ കടിഞ്ഞാൺ സമർപ്പിച്ചതിൽനിന്നു വെളിവാകുന്നില്ലേ?

പുറമെനിന്നുള്ള ആക്രമണത്തിൽനിന്നു ഭാരതത്തെ രക്ഷിക്കേണ്ട കാര്യം വാസ്തവത്തിൽ വന്നുചേരുമ്പോൾ നമ്മുടെ നേതാക്കന്മാരുടെ ഹൃദയം വ്യാകുലമായിത്തീരുന്നു എന്നാണു് തോന്നിയതു്. ഹിംസാത്മകമായ ശസ്ത്രാസ്ത്രങ്ങളെക്കൊണ്ടു് ഒരു വലിയ രാഷ്ട്രത്തോടു് എതിരിടുന്നതിനുള്ള നമ്മുടെ ഉത്സാഹം—വാസ്തവത്തിൽ അങ്ങനെ ഉത്സാഹമുണ്ടെങ്കിൽതന്നെ—ചെറിയ വായകൊണ്ടു് വലിയ വർത്തമാനം പറയുകയാണു്. മറെറാരു രാഷ്ട്രത്തിനും ഇപ്പോൾ ഇല്ലാത്ത ഒരു ആയുധം നമുക്കുണ്ടു്, സത്യാഗ്രഹമാണു് അതു്. അതു ഫാണയ്ക്കു വെച്ചു് വേണ്ടിടത്തോളം മൂർച്ചകൂട്ടിയിട്ടില്ലെന്നു മാത്രം. അതുകൊണ്ടു് ഭാരതവർഷത്തിന്റെ സംരക്ഷണവിഷയം ആസന്നമാകുമ്പോൾ സത്യാഗ്രഹായുധത്തെ ഗാന്ധിജി സജീവമാക്കിത്തീർക്കും, തുരുമ്പുപിടിക്കാൻ വിടുകയില്ല. ഭാരതത്തിലെ ജനങ്ങൾ അഹിംസാത്മകമായ യുദ്ധത്തിൽ പിന്നാലെയായിപ്പോവില്ല എന്നു ഗാന്ധിജിക്കു വിശ്വാസമുണ്ടു്. അഹിംസയിൽ ശ്രദ്ധപോരാത്തവർ നേതാക്കന്മാരാണു്, സാധാരണജനങ്ങളല്ല, എന്നു് അദ്ദേഹത്തിനറിയാം!

എന്തായാലും ഒരു കാര്യം വെളിവായി. ഗാന്ധിജിക്കു അഹിംസയിലുള്ള സജീവമായ ശ്രദ്ധയാണു് അതു്. മറെറാന്നു് ഇപ്പോഴും സ്പഷ്ടമായി കഴിഞ്ഞിട്ടില്ല. അഹിംസാശാസ്ത്രത്തിന്റെ കൌശലമാണു് അതു്. അതിനു അവസരംവന്നുകൊണ്ടിരിക്കുന്നു.

ഗാന്ധിജിയുടെ ജീവിതത്തിൽ ആ അവസരം വരുകയും അതിൽ ആ ശാസ്ത്രത്തിന്റെ വിജയം സ്പഷ്ടമാകുകയും ആണെങ്കിൽ അതു ലോകത്തിന്റെ ഭാവിയുടെ ഇതിഹാസനിർമ്മാണത്തിനു് ഒരു അത്ഭുതസംഭവമായിരിക്കും.

എന്നാൽ ഇടയ്ക്കു ഭാവിയെപ്പറ്റിയുള്ള ചിന്ത വന്നു. എന്തായാലും ഇംഗ്ലീഷുകാർക്കു വിവശതയുണ്ടാക്കുതു്; ഗാന്ധിജിയുടെ ഈ അഭിലാഷത്തെ ദേശം ഇതുവരെ ഏകസ്വരത്തിൽ പാലിച്ചു. ഖാക്സർമാർ ഉപദ്രവംചെയ്തു. എന്നാൽ കോൺഗ്രസ്സു് ശാന്തമായിരുന്നു. അതു ബലവാന്റെ ശാന്തതയായിരുന്നു. എല്ലപ്പത്തിൽ ഇന്നു കോൺഗ്രസ്സിനു് അനേകം ലക്ഷം ജനങ്ങളെ കൊല്ലുവാൻ കൊടുക്കുന്നതിനു സാധിക്കും. എന്നാൽ ഗാന്ധിജി ശാന്തി സ്വീകരിച്ചിട്ടു് ഈ യുദ്ധകാലത്തു് ജനങ്ങളുടെമേൽ അദ്ദേഹത്തിനു എതു സ്വാധീനശക്തിയുണ്ടെന്നു വെളിവാക്കി. ഭാരതവർഷത്തിൽ ഇന്നുള്ളേടത്തോളം സമാധാനം മുമ്പൊരിക്കലും ഉണ്ടായിരുന്നില്ല. നാം നമ്മുടെ മഹാമനസ്കതയെ പ്രദർശിപ്പിച്ചു. ഇതുകൊണ്ടു് നമ്മുടെ ശക്തി സ്പഷ്ടമായിട്ടുണ്ടു്. നമ്മുടെ സദാചാരത്തിനു പ്രമാണം കിട്ടി. ശുദ്ധസത്യാഗ്രഹത്തിന്റെ സ്വരൂപം ഇംഗ്ലണ്ടിന്റെ മുമ്പിൽ വന്നു. ഇംഗ്ലീഷുകാരോടുള്ള നമ്മുടെ യുദ്ധം അവസാനിച്ചിട്ടില്ല. യുദ്ധത്തിനുശേഷം അവരുമായി പൊരുതേണ്ടി വന്നേക്കാം. ഒരുപക്ഷേ അതു് അതിഭയങ്കരമായ ഒരു യുദ്ധമാവും. ഗവർമ്മേണ്ടു് സ്വന്തം പ്രമാടങ്ങൾകൊണ്ടു് കോൺഗ്രസ്സിനു കലഹിക്കേണ്ട ഒരുനിലവരുത്തി എന്നും വരാം: എന്നാൽ ഗാന്ധിജി ഇംഗ്ലീഷുകാരെ കുഴപ്പത്തിൽനിന്നു മോചിപ്പിക്കുവാൻ ഉള്ള ഉപായങ്ങളൊന്നും പ്രയോഗിക്കാതെ വിടുകയില്ല. ഇന്നു ഇംഗ്ലീഷുകാർ പീഡിതരാണു്. അതുകൊണ്ടു് അവരുമായി യുദ്ധം ചെയ്യുന്നതു ഭീരുത്വമായിരിക്കും. ഈ ഭാവന ഗാന്ധിജിയുടെ മനസ്സിൽ തീർച്ചയായും ഉണ്ടു്. ഗാന്ധിജിക്കു സ്വരാജ്യത്തേക്കാൾ സത്യാഗ്രഹമാണു് പ്രിയം. നാം ശുദ്ധസത്യാഗ്രഹത്തെ അനുസരിക്കുന്നതിലാണു് സ്വരാജ്യത്തിന്റെ സർവ്വാതിശായിയായ സേവ എന്നാണു് ഗാന്ധിജിയുടെ പക്ഷം. അതുകൊണ്ടു് ഗാന്ധിജി

ബ്രിട്ടീഷ് സാമ്രാജ്യത്തെ വിപത്തിയിൽനിന്നു രക്ഷിച്ചു. എന്നാൽ ഇംഗ്ലണ്ടിനു് അതിനെപ്പറ്റി കൃതജ്ഞതയില്ല, ഇംഗ്ലണ്ടിന്റെ മനോവൃത്തിയിൽ യാതൊരു വ്യത്യാസവും വന്നില്ല.

"അത്ഭുതയുഗങ്ങൾ അവസാനിച്ചിട്ടില്ല. ഈശ്വരൻ ഉള്ളുവരെ അത്ഭുതകരത്വവും ഉണ്ടു്" എന്നു ഗാന്ധിജി ആശിച്ചു കൊണ്ടിരിക്കുന്നു. ഈ വിശ്വാസത്തിന്റെ ആവികൊണ്ടാണു് ഗാന്ധിജിയുടെ യന്ത്രം പൊയ്ക്കൊണ്ടിരിക്കുന്നതു്.

ആധുനികയുദ്ധകാലത്തു ഗാന്ധിജിയിൽ ഒരു സംഗതികൂടി ഞാൻ കണ്ടിട്ടുണ്ടു്. യുദ്ധാരംഭംമുതൽ അദ്ദേഹം മിക്കവാറും സേവാഗ്രാമത്തിൽതന്നെ താമസിക്കുവാനാണു് ഇഷ്ടപ്പെട്ടതു്. അത്യാവശ്യംകാരണം ഒരിക്കൽ അദ്ദേഹത്തിനു ബങ്കാളിലേയ്ക്കു പോകേണ്ടിവന്നു. രാമഘട്ട് കോൺഗ്രസ്സിലും പോകേണ്ടതായിരുന്നു. വൈസ്രോയിയുടെ അടുക്കൽ പോകേണ്ടി വരുമ്പോഴൊക്കെ പോയി. എന്നാൽ ഈ യാത്രകളൊഴിച്ചു് എവിടേയ്ക്കെങ്കിലും പോകാൻ ആഗ്രഹിക്കുകയോ പുറത്തു പോയിട്ടുള്ള എന്തെങ്കിലും കാര്യക്രമം നിർവ്വഹിക്കാൻ ഇഷ്ടപ്പെടുകയോ ചെയ്യുന്നില്ല. അദ്ദേഹം പുറമെ പോയി ചെയ്യാമെന്നു സമ്മതിച്ചിരുന്ന സംഗതികളൊക്കെ വേണ്ടെന്നുവെച്ചു. എന്നോടും ഒരു വാശാനം ചെയ്തിരുന്നു, എന്നാൽ അതും ഉപേക്ഷിച്ചു. എന്തുകൊണ്ടെന്നോ? "എനിക്കു്, ഈ യുദ്ധകാലത്തു് സേവാഗ്രാമം ഉപേക്ഷിക്കുന്നതു് ഇഷ്ടമല്ല." വല്ലതും ചിന്തിച്ചുകൊണ്ടിരിക്കയായിരിക്കാം. എന്നാൽ ഒരിക്കലും അദ്ദേഹത്തെ വിചാരമഗ്നനായി കണ്ടിട്ടില്ല. എന്നാലും ആധുനിക യുദ്ധത്തെക്കുറിച്ചു് അദ്ദേഹം ധാരാളം ചിന്തിക്കാതിരുന്നു തോന്നുന്നു.

14

എന്നാൽ ഗാന്ധിജി എപ്പോഴാണു് സാധാരണമായി ചിന്തിക്കുന്നതു്, ഇനി ഈ ഭോഷ്യമാണു് മുമ്പിൽ വരുന്നതു്. അ

ദ്ദേഹത്തിനു് ഒരു നിമിഷവും ഒഴിവില്ലെന്നതന്നെ പറയണം, അ തുപ്പോലെ ജോലിത്തിരക്കു് എപ്പോഴും ഉണ്ടു്. കൃത്യബാഹുല്യം നിമി ത്തം ചിലപ്പോൾ ഗൌരവമേറിയ കാര്യങ്ങൾ ചിന്താവിഷയമാ കാതെ പോകാറുണ്ടു്. ഗൌരവം കുറഞ്ഞകാര്യങ്ങൾക്കു വേണ്ടതിലധികം സമയം വിനിയോഗിക്കയും ചെയ്യാറില്ലെന്നില്ല. രണ്ടാമത്തെ വട്ടമേശസമ്മേളനത്തിനു പോയപ്പോൾ അദ്ദേഹത്തിന്റെ കൂടെ സദാ കൂടാറുള്ള ആളുകൾതന്നെയാണു് 'മന്ത്രി' വർഗ്ഗത്തിൽ ഉണ്ടായിരുന്നതു്. പുതിയ പുതിയ കാര്യങ്ങൾ ജലപ്രവാഹം പോലെയാണു് വന്നുകൊണ്ടിരുന്നതു്. ഇതിലും കാര്യങ്ങൾ വേഗം തീരുമാനിക്കുവാൻ വേണ്ട ഏർപ്പാടുണ്ടായിരുന്നില്ല പുതിയ ആളുകൾ മന്ത്രിവർഗ്ഗത്തിൽ ചേരുകയല്ലാതെ എന്തുപായമാണു് ഉണ്ടായിരുന്നതു്? എന്നാൽ ഇതു ഗാന്ധിജിക്കു സമ്മതമല്ലായിരുന്നു പ്രവൃത്തി കൂടിക്കൂടി വരുമ്പോൾ അതെല്ലാം പരസ്പരം പങ്കിട്ടു തീരുമാനിക്കുകയാണു് ചെയ്തിരുന്നതു്. ഗാന്ധിജിക്കു വേണ്ടിടത്തോളം ഉറങ്ങുവാൻ തന്നെ സാധിച്ചിരുന്നില്ല.

ലണ്ടനിൽവെച്ചു ജോലിചെയ്തു ചെയ്തു രാത്രി രണ്ടു മണിവരെ കഴിയുക പതിവായിരുന്നു. രാവിലെ നാലു മണിക്കു് എഴുന്നേറ്റു പ്രാർത്ഥന നടത്തി ഒമ്പതു മണിവരെ നടക്കും. പിന്നെ ലഘുഭക്ഷണം കഴിച്ചിട്ടു ജോലി തുടങ്ങും. ഒരിക്കലും നാലു മണിക്കൂറിലധികം ഉറങ്ങുവാൻ കഴിഞ്ഞിരുന്നോ എന്നു സംശയമാണു്. അതുകൊണ്ടു് ഗാന്ധിജി സമ്മേളനത്തിൽ പ്രസംഗം നടന്നുകൊണ്ടിരുന്നപ്പോൾ കസാലയിൽ ഇരുന്നു കണ്ണടച്ചു ഉറങ്ങി. ഞാൻ തടഞ്ഞുകൊണ്ടു പറഞ്ഞു: "വലിയ വലിയ ആളുകൾ ഇരിക്കുന്നു, പ്രസംഗമാണെങ്കിൽ നടക്കുന്നു, അങ്ങോ ഉറങ്ങുന്നു; ഇതു് ഒട്ടും നന്നായിട്ടു തോന്നുന്നില്ല". സമാധാനം കിട്ടി: "പിന്നെ ഞാൻ ഉറക്കമിളച്ചിട്ടു സുഖക്കേടിൽ പെടണോ? ഒരു പ്രധാനമായ പ്രസംഗം ഞാൻ കേൾക്കാതിരിക്കുന്നതു് നിങ്ങൾ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?" പരമാർത്ഥമായിരുന്നു അതു്. ഇവിടെയും അദ്ദേഹത്തിന്റെ വിവേകത്തിന്റെ അളവുകോൽ ഒന്നു വേറെതന്നെയായിരുന്നു. എന്തൊരു വ്യാപാരമാണു് അദ്ദേഹത്തിൽ

പ്രവർത്തിച്ചിരുന്നതു് എന്നു അറിഞ്ഞുകൂടാ! എപ്പോഴെങ്കിലും മഹാനായ ഒരാൾ സംസാരിക്കാൻ എഴുന്നേറ്റാൽ ഗാന്ധിജി പെട്ടെന്നു കണ്ണു തുറക്കുകയും പ്രഭാഷണം കഴിഞ്ഞാൽ വീണ്ടും ഉറക്കം തുടങ്ങുകയും ചെയ്തിരുന്നു.

എന്നാൽ എനിക്കു ഈ സ്ഥിതി അത്ര നല്ലതായി തോന്നിയിരുന്നില്ല അദ്ദേഹത്തിന്റെ സംഘത്തിൽപ്പെട്ട ആളുകളായ ഞങ്ങൾ ഗാന്ധിജിയുടെ മന്ത്രിവർഗ്ഗത്തിൽ പുതിയ ഏതാനും ആളുകളെക്കൂടി പ്രവേശിപ്പിക്കണമെന്നു ആലോചിച്ചിരുന്നു. എല്ലാകത്തുകളും ബാപുവോ മഹാദേവഭായിയോ തന്നെ കൈകൊണ്ടെഴുതുന്നതു് എന്തിനാണു്? ഗാന്ധിജിയുടെ വലംകൈ എഴുതിയെഴുതി തളരുമ്പോൾ, അദ്ദേഹം ഇടതുകൈകൊണ്ടു് പ്രവൃത്തിച്ചു തുടങ്ങുകയായി. വട്ടമേശസമ്മേളനത്തെക്കുറിച്ചുള്ള പ്രവൃത്തികളെ ചിലപ്പോൾ അദ്ദേഹം അവഹേളിക്കയും ചെയ്തിരുന്നു. ഇതിനുപകരം പത്രക്കാരുടെ പ്രദർശനത്തിൽ പോവുക, ബിലാത്തിയിലെ ആളുകളെ കാണുക, സാധാരണ മനുഷ്യരുമായി സമ്മേളിക്കുക, പലതരത്തിലുള്ള ഭ്രാന്തുകാരുടെ വേണ്ടതിലധികം സമയം നൽകുക, ഇങ്ങിനെയുള്ള സംഗതികളിൽ അധികമധികം താല്പര്യം പ്രദർശിപ്പിച്ചുവന്നു. ഇടയ്ക്കു സായ്പന്മാരുടെ കുട്ടികളോടു പറയാറുണ്ടായിരുന്നു "എന്റെ വട്ടമേശസമ്മേളനം 'സെൻറ്' ജയിംസ്" കൊട്ടാരത്തിൽ അല്ല, ഈ കുട്ടികളുടെ നടുക്കാണു്". ഇതെല്ലാം സമീപവാസികളെ ഉല്ലണ്ഠാകുലരാക്കി. ഗാന്ധിജി വട്ടമേശസമ്മേളനത്തെ തിരസ്കരിച്ചതുകൊണ്ടു് ഒരു ഹാനിയും സംഭവിച്ചില്ല എന്നു എനിക്കു് ഇപ്പോഴും തോന്നുന്നുണ്ടു്. എങ്കിലും അദ്ദേഹത്തിനു ജോലി വളരെ അധികമാണെന്നും ആളുകൾ വളരെ കുറവാണെന്നും ഞാൻ ഇപ്പോഴും വിശ്വസിക്കുന്നു. സമർത്ഥനായ ഒരു ചുരുക്കെഴുത്തുകാരനെ എന്തുകൊണ്ടു് വെയ്ക്കുന്നില്ല? സമയത്തിനു ലാഭവും എഴുത്തുകുത്തിൽ സൌകര്യവും ഉണ്ടാകുമല്ലൊ പലതവണ ഞാൻ ഇതിനെക്കുറിച്ചു ആലോചിച്ചിട്ടുണ്ടു്, എന്നാൽ യാതൊരു ഫലവും ഉണ്ടായില്ലെന്നു മാത്രം.

"ഇതുയും പ്രവൃത്തികൾക്കിടയ്ക്ക്" ഇദ്ദേഹത്തിനു് ആലോചിക്കുവാനുള്ള അവസരം എപ്പോഴാണു് കിട്ടുന്നതു്",

അദ്ദേഹത്തിനും സഹവാസികൾക്കും തമ്മിൽ അഭിപ്രായഭേദമുള്ള എതു സംഗതികളാണു് ഇങ്ങിനെ ഉള്ളതു്. എതു സംഭവങ്ങളിലാണു് ഗാന്ധിജിക്കു് തെറ്റു പറ്റുന്നതായി എനിക്കു തോന്നിയിട്ടുള്ളതു്. എന്നാൽ പിന്നീടു തെറ്റു് അദ്ദേഹത്തിന്റെയല്ല, അദ്ദേഹവുമായി അഭിപ്രായവ്യത്യാസമുള്ളവരുടെയാണെന്നു തെളിഞ്ഞു. ഒരു മാന്യസ്നേഹിതൻ ഒരിക്കൽ ഒരു സംഭവം ഉണ്ടായപ്പോൾ പറഞ്ഞു "തെറ്റു പറ്റുകയാണു്." എന്നാൽ വളരെ പ്രാവശ്യം ഗാന്ധിജിക്കു് തെറ്റു പറ്റിയതാണെന്നു വിചാരിച്ച സംഗതികളൊക്കെ പിന്നീടു് അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യം പ്രദർശിപ്പിക്കുവാനായിത്തീർന്നിട്ടുണ്ടെന്നു ആ സ്നേഹിതൻ എന്നെ ഓർമ്മിപ്പിച്ചു. പരമാർത്ഥമായിരുന്നു അതു്. ഇതു ആശ്ചര്യ്കരം തന്നെ. എതു പ്രവൃത്തികളാണു്, എതു കുഴഞ്ഞുമറിഞ്ഞു വൈഷമ്യം പിടിച്ച കാര്യങ്ങളാണു്? എന്നിട്ടും എതു ത്രുജ്വമായ തീരുമാനം! മനുഷ്യർക്കു തെറ്റു പറ്റുന്നതു സ്വാഭാവികമാകുന്നു. ഗാന്ധിജിക്കും തെറ്റു പറ്റുന്നുണ്ടു്. അദ്ദേഹം തന്റെ എതു തെറ്റുകളേയാണു് വലുതാക്കി കണക്കാക്കിയിട്ടുള്ളതു്. അദ്ദേഹം തെറ്റാണെന്നു വിചാരിക്കുന്ന സംഗതികളും അദ്ദേഹത്തിന്റെ സഹപ്രവർത്തകന്മാർക്കു തെറ്റായിട്ടു തോന്നുന്നില്ല. അതാണു് നേരംപോക്കു്. എന്നാൽ ഗാന്ധിജി തന്റെ തെറ്റു സമ്മതിക്കുന്നതിൽ തെറ്റുകാരനാണു് എന്നും സഹവാസികൾക്കു് തോന്നാറുണ്ടു്. എല്ലാ മനുഷ്യർക്കും തെറ്റു പറ്റും; ഗാന്ധിജിക്കും പറ്റുന്നുണ്ടു്. എന്നാൽ എല്ലാവർക്കും പിണയുന്നതിനെക്കാൾ വളരെ കുറയും.

ഗാന്ധിജി വിവേചനംചെയ്തു നിർണ്ണയിക്കുന്നതു് എങ്ങിനെയാണു്? അദ്ദേഹം എങ്ങിനെ ചിന്തിക്കുന്നു? ഇതുയും പ്രവൃത്തികൾക്കിടയ്ക്കു് എപ്പോഴാണു് ആലോചിക്കുന്നതു്? ഗാന്ധിജിയെ ഞാൻ ഒരിക്കലും വിചാരമഗ്നനായി കണ്ടിട്ടില്ല. ഏതെങ്കിലും

ഒരുവിഷയം മുമ്പിൽ വന്നാൽ ഉടനെ അദ്ദേഹം തീപ്പു കല്പിക്കുകയായി. ഗൌരവമേറിയ സന്ദർഭങ്ങളിൽ ഞാൻ കണ്ടിട്ടുണ്ട്, ഒരു പ്രശ്നം നേരിട്ടാൽ നിശ്ചയത്തിനു വിളംബം സംഭവിക്കുന്നില്ല, എന്നാൽ തക്ക അവസരം വന്നില്ലെങ്കിൽ നിശ്ചയവും ചെയ്യുന്നില്ല.

വട്ടമേശസമ്മേളനത്തിന്റെ ഒന്നാം യോഗത്തിൽ അദ്ദേഹത്തിന്റെ മഹത്തായ ഒരു പ്രസംഗം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗമായിരുന്നു അതു്. ആ പ്രഭാഷണം കേൾക്കുവാനും അദ്ദേഹത്തിന്റെ വിചാരങ്ങളെ ഗ്രഹിക്കുവാനും എല്ലാവരും അത്യന്തം ഉൽസുകരായിരുന്നു. ഗാന്ധിജി ഒന്നും അലോചിച്ചില്ല, ഒരുങ്ങിയില്ല; അവിടെ എത്തിയ ഉടനെ ധാരാപ്രവാഹംപോലെ സാരസ്പുരിയായ പ്രസംഗം അദ്ദേഹത്തിന്റെ നാവിൽ നിന്നു പുറപ്പെട്ടുതുടങ്ങി!

അത്യന്തം ഗൌരവമുള്ള കാര്യത്തിനുവേണ്ടി വൈസ്രോയിയെ കാണാൻ പോകുന്ന ഒരവസരത്തിൽ, അഞ്ചു മിനിറ്റിനു മുമ്പു ഞാൻ ചോദിച്ചു: "എന്താണു പറയുവാൻ പോകുന്നതു?" മറുപടി കിട്ടി: "എന്റെ തലയിൽ ഒന്നും ഇല്ല. എന്തു പറയുമെന്നു വിവരമില്ല." അവിടെ എത്തിയപ്പോഴാകട്ടെ പല അസാധാരണ സംഗതികളും പറഞ്ഞു; അത്ഭുതം തന്നെ.

അഹമ്മദാബാദിൽ മില്ലിലെ കൂലിക്കാരുടെ ഹർത്താൽ ഉണ്ടായി. അവരുടെ ഭാഗത്തായിരുന്നു ന്യായം എന്നു ഗാന്ധിജിക്കു തോന്നി. എന്നാൽ മില്ലുടമസ്ഥന്മാരോടും സ്നേഹമായിരുന്നു. അതുകൊണ്ടു് ഒരു അതിർത്തിവരെ ആ പ്രേമം കലഹിച്ചിരുന്നു. കൂലിക്കാർ ആദ്യം ഉത്സാഹം പ്രദർശിപ്പിച്ചു. പിന്നീടു് അതു ക്ഷയിക്കാൻ തുടങ്ങി. വിശപ്പുകൊണ്ടു പരവശരായിരുന്ന തൊഴിലാളികളുടെ സഭയിൽ ഗാന്ധിജിയുടെ പ്രസംഗമുണ്ടായിരുന്നു. കൂലിക്കാരുടെ മുഖം ഉന്മേഷരഹിതമായിട്ടാണു് കാണപ്പെട്ടിരുന്നതു്. പെട്ടെന്നു ഗാന്ധിജിയുടെ മുഖത്തുനിന്നു പുറപ്പെട്ടു: "ഹർത്താൽ അനുഷ്ഠിക്കുന്നവരുടെ തീപ്പിൽ ഉറച്ചു നിൽക്കാതിരി

ക്കയും തീരുമാനം ഉണ്ടാകുംവരെ അതു തുടർന്നു പോകാതിരിക്കയും ചെയ്താൽ, ഞാൻ ഭക്ഷണം കൊടുക്കയില്ല.” യാദൃശ്ചികമായി ഈ നിശ്ചയം മുഖത്തു നിന്നു വന്നു. ആദ്യം ഉപവാസത്തെക്കുറിച്ചു ഒന്നും വിചാരിച്ചിരുന്നില്ല, മനസ്സിൽ ആലോചിച്ച പരമാർത്ഥം നില ഗ്രഹിച്ചിരുന്നുമില്ല. രാജ്കോട്ടിലെ ഉപവാസവും ഇതുപോലെതന്നെയാണു് പെട്ടെന്നുണ്ടായതു്.

15

ഈ സംഭവങ്ങളിൽ ഒരു സംഗതി ഞാൻ സ്പഷ്ടമായി കണ്ടു ഗാന്ധിജി ഏതെങ്കിലും ഒരു കാര്യം തീരുമാനിക്കുന്നതിനു വേണ്ടി വിചാരണയായിരുന്നില്ല. തന്റെ നിശ്ചയത്തെ ചിന്തയുടെ ഉരകല്ലിന്മേൽ ആദ്യം ഉരയ്ക്കുന്നില്ല. ആദ്യം നിശ്ചയം; പിന്നെയാണു് യുക്തിയും വാദവും. ഇതുകൊണ്ടു തന്നെയാണു ചിലപ്പോൾ അദ്ദേഹത്തിന്റെ യുക്തികളും പക്വമല്ലാതായി തോന്നുന്നതു്. ചിലപ്പോൾ “നെയ്യിനു് ആധാരം പാത്രമോ പാത്രത്തിനു് ആധാരം നെയ്യോ” എന്ന വാദംപോലെ അത്യന്തം സൂക്ഷ്മമോ, ദുർഘടമോ, വിതണ്ഡാരൂപമോ ആയി തോന്നുന്നു. ചിലപ്പോൾ ഇങ്ങിനെയുള്ള യുക്തികളും കൊണ്ടു് അദ്ദേഹത്തിന്റെ പ്രതിയോഗികളും കുഴങ്ങിപ്പോകും. അദ്ദേഹത്തെ ചാണക്യൻ എന്നു പറയാറുണ്ടു്. മീനസം കാരണം കയ്യിൽ പെടാതെ പിടിയിൽനിന്നും വഴുകിപ്പോകുന്ന മത്സ്യത്തോടാണു് അദ്ദേഹത്തെ ഉപമിക്കാറുള്ളതു്.

എന്നാൽ യുക്തികളും ഗാന്ധിജിയുടെ സഹജമായ സ്വഭാവമായിത്തീർന്നിട്ടുണ്ടെന്നുള്ളതാണു് പരമാർത്ഥം. പക്ഷെ ഈ യുക്തികളും നിശ്ചയത്തിനു ശേഷമാണു് ആവിർഭവിക്കുന്നതു്. തീരുമാനം യുക്തിയുടേയും വാദത്തിന്റെയും ആധാരത്തിന്മേൽ അല്ല. അതുകൊണ്ടു് ആ യുക്തികളും എല്ലാം നിർണ്ണയങ്ങളിൽ എത്തുന്നതുവരെ ചിലപ്പോൾ അനാവശ്യമായ ജടിലത കലർന്നും ചില

പ്പോഴും ചാണക്യസദൃശങ്ങളായ വാഗ്ജാലങ്ങളും നിറഞ്ഞും ചില പ്പോഴും ശൂന്യമായും കാണപ്പെടുന്നു. അങ്ങിനെയല്ലേ വരു. തണുപ്പുകാലത്തു ദക്ഷിണായനവും ഉഷ്ണകാലത്തു ഉത്തരായണവും എന്തുകൊണ്ടാണു് സംഭവിക്കുന്നതു് എന്നു സൂര്യനോടു ചോദിക്കയാണെങ്കിൽ യഥാർത്ഥമായ ഉത്തരം എന്തെങ്കിലും കിട്ടുമോ? ശൈത്യോഷ്ണങ്ങളാൽ ദക്ഷിണായനോത്തരായനം കൊണ്ടാണു് സംഭവിക്കുന്നതു്. ഉത്തരായണദക്ഷിണായനം ശൈത്യോഷ്ണങ്ങളെക്കൊണ്ടല്ല ഉണ്ടാകുന്നതു്. ഗാന്ധിജിയുടെ യുക്തികളും അപ്രകാരം തന്നെയാണു്. യുക്തികളും നിശ്ചയത്തിന്റെ ഫലമായി ഉണ്ടാവുകയാണു്, യുക്തിയുടെ ഫലമായി നിശ്ചയങ്ങളും ഉണ്ടാവുകയല്ല. ഗാന്ധിജിയുടെ നിശ്ചയമാണെന്നുള്ളതു തന്നെ അദ്ദേഹത്തിന്റെ നിശ്ചയത്തിനു ബലിഷ്ഠമായ യുക്തിയായിത്തീരും, വാസ്തവംതന്നെ. ഇതിൽ ഞാൻ അതിശയോക്തി കലർത്തുന്നില്ല. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ യുക്തികളേക്കാൾ അദ്ദേഹത്തിന്റെ നിശ്ചയങ്ങൾക്കാണു് അധികം പ്രാബല്യം എന്നു ഞാൻ കണ്ടിട്ടുണ്ടു്, അതു തന്നെയാണു് അഭേദ്യവും.

"സ്വാതന്ത്ര്യദിന"ത്തെ സംബന്ധിച്ചു്, 'നാലുതരത്തിലുള്ള മഹാനാശങ്ങളെ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രതിജ്ഞയിൽ' "ഇംഗ്ലീഷുകാർ ഭാരതവർഷത്തിനു് ആത്മികവും രാജനൈതികവും സാംസ്കാരികവും ആദ്ധ്യാത്മികവും ആയ നാശം വരുത്തിവെച്ചു" എന്ന പ്രസ്താവം ഉണ്ടു്. അനേകം സംവത്സരങ്ങളായി ചെയ്തുവരുന്ന ഒരു ശപഥമാണു് അതു്. എന്നാൽ ഇക്കൊല്ലം അധികം കോലാഹലം ഉണ്ടായി. ഇംഗ്ലീഷു പത്രപ്രവർത്തകന്മാരും ചില ഇംഗ്ലീഷുനേതാക്കന്മാരും പ്രസ്താവിച്ചു: "ഇതു കേവലം അസത്യമാണു്. ഞങ്ങളാണു് അദ്ധ്യാത്മികമായോ സാമൂഹികമായോ നാശം ചെയ്തതു് എപ്പോഴാണു്? ഞങ്ങളാണു് ഭാരതീയരുടെ അദ്ധ്യാത്മികതയേയോ സംസ്കൃതിയേയോ നശിപ്പിച്ചു എന്നു പറയുന്നതു വെറും അസത്യമാകുന്നു."

ഇതിൽ കുറച്ചു സാരം ഇല്ലെന്നില്ല. എന്നാൽ ഗാന്ധിജി പറയുമ്പോഴൊക്കെ അതിന്റെ അർത്ഥം രാഷ്ട്രമോ പൊതുജന

ങ്ങളൊ പരിമിതമാക്കുകയുടി ചെയ്യുന്നു; ഗാന്ധിജിക്കുകെട്ടെ, താൻ വിചാരിക്കുന്ന ആ അർത്ഥം മാന്യവുമാകുന്നു. അദ്ദേഹം ശബ്ദങ്ങളുടെ സാഹിത്യാർത്ഥത്തെ വകവെയ്ക്കുന്നില്ല. ശബ്ദങ്ങളിൽ അന്തർഭവിച്ചിരിയ്ക്കുന്ന തത്വത്തോടാണ് അദ്ദേഹത്തിനു പക്ഷപാതം. കോൺഗ്രസ്സ് സ്വാതന്ത്ര്യം വേണമെന്നു പറഞ്ഞു. ഗാന്ധിജി പറഞ്ഞു: "വേണം, സ്വാതന്ത്ര്യം വേണം." എന്നാൽ ജവഹർലാൽജി ആഗ്രഹിക്കുന്ന സ്വാതന്ത്ര്യം ഒന്നു വേറെയാണ്. ഗാന്ധിജി കല്പിക്കുന്ന സ്വാതന്ത്ര്യം ഭിന്നമാകുന്നു. ഗാന്ധിജിയുടെ സ്വാതന്ത്ര്യം പൂർണ്ണസ്വരാജ്യം തന്നെയാണ്. പലേ കാര്യങ്ങളിലും കേവലം രാഷ്ട്രീയമായ സ്വാതന്ത്ര്യത്തെ അപേക്ഷിച്ചു അതു അധികം കഴപ്പം പിടിച്ചതും ആകുന്നു. ഗാന്ധിജിയുടെ പൂർണ്ണസ്വരാജ്യത്തിൽ ഇംഗ്ലീഷുകാർക്കു തുല്യം ആണ്. ഭാരതീയർക്കും അതു സുഖസൂചിയല്ല. സ്വാതന്ത്ര്യം എന്നു പറഞ്ഞു പറഞ്ഞു ഗാന്ധിജി "പൂർണ്ണസ്വരാജ്യം" എന്ന ശബ്ദം പ്രയോഗിക്കാൻ തുടങ്ങി. പിന്നെ "രാമരാജ്യം" എന്നായി.

വാസ്തവത്തിൽ അദ്ദേഹം രാമരാജ്യം തന്നെയാണ് ആഗ്രഹിക്കുന്നതു. വളരെ പ്രാവശ്യം ഗാന്ധിജി പാശ്ചാത്യമായ തിരഞ്ഞെടുപ്പു സമ്പ്രദായത്തെ നിന്ദിച്ചിട്ടുണ്ടു; രാമരാജ്യത്തെ ശ്രേഷ്ഠമായി പ്രശംസിച്ചിട്ടുമുണ്ടു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ രാമരാജ്യത്തിന്റെ അർത്ഥം പൂർണ്ണസ്വരാജ്യമാണ്. എന്നാൽ പൂർണ്ണസ്വരാജ്യത്തിന്റെ അർത്ഥം രാക്ഷസരാജ്യവും ആയിത്തീരാം. ജർമ്മനി സ്വതന്ത്രമാണെന്നു നാം വിചാരിക്കുന്നു. എന്നാൽ ഗാന്ധിജി ആ സ്വാതന്ത്ര്യമല്ല ഇഷ്ടപ്പെടുന്നതു. അദ്ദേഹം വാക്കുകളുടെ അടിമയല്ല, ആശയത്തിലാണു ദൃഷ്ടി. ഹലുവാ എന്നു പറയൂ, അല്ലെങ്കിൽ വേറെ വല്ല പേരും അതിനിട്ടു, അതു പോഷകവും ഹൃദ്യവും ആയ ഒരു ഭക്ഷണപദാർത്ഥമായിരിക്കണം. യാഥാർത്ഥ്യത്തെ, ഉദ്ദേശത്തെ, സൂചിപ്പിക്കുന്ന അർത്ഥം ഏതോ അതാണ് അദ്ദേഹം ശബ്ദത്തിനു നൽകുന്നതു. അതുകൊണ്ടു് ഓരോ ശബ്ദത്തിനും സ്വതന്ത്രമായ അർത്ഥം കല്പിക്ക

കയും അതു മുകിപ്പിടിക്കുകയും ചെയ്യുന്നു. ഇതിൽ പല തെറ്റിദ്ധാരണകളും സംഭവിക്കാവുന്നതാണ്. എന്നാൽ ഇതുകൊണ്ട് അദ്ദേഹത്തിനു, യാതൊരു വ്യാകുലതയും ഇല്ല.

കോൺസ്റ്റിറ്റ്യുവൻറ് അസംബ്ലി എന്ന ശബ്ദത്തിനുള്ള അർത്ഥത്തിൻെറ നിലയും പക്ഷെ ഇതുതന്നെയായിരിക്കാം. രാമഘട്ടിലെ സിവിൽ നിയമലംഘന പ്രസ്ഥാനത്തിനു ശേഷമുണ്ടായ ബന്ധനത്തെ ജനങ്ങൾ മറക്കുകയും നിയമലംഘനത്തെ ഓർമ്മിക്കുകയും ചെയ്യുന്നു. എന്നാൽ ഗാന്ധിജി ആജ്ഞാഭംഗത്തെ മാറ്റിവെച്ചിട്ട്, തല്ലുലം വിസ്മരിച്ചിട്ട്, അതിനു ശേഷമുണ്ടായ കാരാഗൃഹവാസത്തെ ഉരുവിടുന്നു. ജനങ്ങൾ രസഗുല്ല എന്നു പറയുമ്പോൾ, ഒരു ഉരുണ്ട വെളുത്ത മധുരമായ സാധനമെന്നാണ് അവർക്ക് തോന്നാവുള്ളത്. എന്നാൽ ഗാന്ധിജി ഇതുകൊണ്ടു മാത്രം സന്തുഷ്ടനാകുന്നില്ല. അണ്ഡാകാരമായാലെന്താണ്, വെളുത്തതായാലെന്താണ്, പരന്നതായാലെന്താണ്, മാധുര്യമുള്ളതും, രുചിയുള്ളതും ആയിരിക്കണം. അതിൽ വിഷമൊന്നും ചേർന്നിരിക്കരുത്. നല്ല പാൽകൊണ്ടുണ്ടാക്കിയതാകണം. അതിൽ അഭിലഷണീയങ്ങളായ എന്തെല്ലാം പദാർത്ഥങ്ങൾ ഉണ്ടോ കാമോ അതൊക്കെ ഉണ്ടായിരിക്കണം. പിന്നെ ആകൃതി എന്തായാലും ആസ്വാദനത്തിനു തടസ്സമൊന്നും വരാനില്ല. വെള്ളപ്പഞ്ചസാരയുടെ പകരം മുഴുവൻ പഞ്ചസാര ഉപയോഗിക്കുന്നതുകൊണ്ടു രസഗുല്ല ചുകന്നുപോയി എന്നിരിക്കട്ടെ, അദ്ദേഹത്തിന് അതു് ഇഷ്ടമാണ്. ഗാന്ധിജി നാലുതരത്തിലുള്ള ആ മഹാനാശങ്ങളെ സംബന്ധിച്ചുള്ള പ്രതിജ്ഞ സമർത്ഥിച്ചപ്പോൾ, അതിനു് അദ്ദേഹം കല്പിച്ച അർത്ഥം ഒന്നും, കോൺഗ്രസ്സ് സ്വീകരിച്ച അർത്ഥം മറ്റൊന്നും ആയിരുന്നു.

അതുകൊണ്ട് നിലയും വിലയുമുള്ള ചില ഇംഗ്ലീഷുകാർ ഈ ശപഥത്തെക്കുറിച്ചു് ആവലാതിപ്പെടുകയും അസത്യവും ഹിംസാത്മകവും ആണെന്നു പറയുകയും ചെയ്തപ്പോൾ പെട്ടെന്നു ഗാന്ധിജി തൻെറ വ്യാഖ്യാനം കൊടുത്തു: "എൻെറ പിതാവു്

സരളഹൃദയനായ ഒരാളായിരുന്നു; കാലിൽ മാറ്റവുമുള്ള തോൽ ചെരിപ്പാണു് അദ്ദേഹം ധരിക്കുക പതിവു്. എന്നാൽ ഗവണ്മെന്റുടെ ഡർബാറിൽ അദ്ദേഹത്തിനു പോകേണ്ടിവന്നപ്പോൾ സ്റ്റോക്കിങ്സും ബൂട്ട്സും ധരിക്കേണ്ടിവന്നു. ചില രാജാക്കന്മാർക്കും മഹാരാജാക്കന്മാർക്കും കഴ്സൻ പ്രഭുവിന്റെ ദർബാറിനുള്ള ക്ഷണനം വന്നപ്പോൾ അവർക്കു് അത്യുത്തമമായ വിധത്തിൽ ഒരുക്കങ്ങളും വേണ്ടിവന്നതു് കല്പത്തയിൽവെച്ചു ഞാൻ കണ്ടു. അവരുടെ രൂപവും വേഷവും വല്ല ബട്ലരുമാണോ എന്നു തോന്നുമാറു് അത്ര വികൃതമായിരുന്നു. ഇംഗ്ലീഷുകാരാണെന്നു ഭാവിക്കുന്ന അനേകം ഭാരതീയർ ഉണ്ടു്; സ്വന്തം ഭാഷ അവർക്കു് അപരിചിതമാണു്. ഇതു സംസ്കാരത്തിന്റെയും ആദ്ധ്യാത്മികതയുടേയും കുറവുതന്നെയല്ലേ? നാം സ്വേച്ഛാനുസാരമാണു് ഇതു ചെയ്തതെന്നതന്നെ വെയ്ക്കുക, എന്നാൽ സ്വേച്ഛയാലാണു് നാം ആത്മസമർപ്പണം ചെയ്തതെന്നുള്ളതുകൊണ്ടു് ആംഗ്ലേയരുടെ ദോഷം കുറയുന്നതെങ്ങിനെ? കാലിൽ ഇട്ടിരിക്കുന്ന ചങ്ങലകളെ കൈക്കൂപ്പുവാനും കാരാഗൃഹത്തിലാക്കിയവരെ അനുവർത്തിക്കുവാനും ബന്ധനസ്ഥൻ തുടങ്ങിയാൽ പിന്നെ അപകർഷത്തിന്റെ ഏതു് അദ്ധ്യായമാണു് അവശേഷിച്ചിരിക്കുന്നതു്?"

ഇതു് അസാധാരണമായ യുക്തിയാണു്. എന്നാൽ ഇതിൽ നിന്നു ശപഥം കൊണ്ടുണ്ടായ പരുഷ്യം അല്പം കുറയാതെ നിവൃത്തിയില്ല. അതോടുകൂടിത്തന്നെ ഗാന്ധിജിയുടെ ശത്രുക്കൾക്കു തലച്ചോറു ചലിപ്പിക്കാതിരിക്കാനും സാദ്ധ്യമല്ലാതായിട്ടുണ്ടു്. പരമാർത്ഥസംഗതി ഇതാണു്: ആ ശപഥത്തിനു ഗാന്ധിജി കല്പിക്കുന്ന അർത്ഥം ഒന്നു വേറെ, ജനങ്ങൾ ഗ്രഹിക്കുന്ന അർത്ഥം ഒന്നുവേറെ. ഗാന്ധിജിയുടെ നിർണ്ണയത്തിനു തർക്കമല്ല ആധാരം. തർക്കം ഒട്ടുവിൽ, നിശ്ചയം ആദ്യം. പരമാർത്ഥത്തിൽ നിർമ്മലബുദ്ധിമാന്മാർക്കു് തീരുമാനത്തിനു് അധികം ആലോചനകളും വിചാരങ്ങളും വേണ്ടിവരുന്നില്ല. ഒരു നല്ല തോക്കിൽനിന്നു പുറപ്പെടുന്ന ഉണ്ട പെട്ടെന്നു ശക്തിയോടുകൂടി ലക്ഷ്യത്തിൽ ചെന്നു കേറുന്നു.

അതുപോലെ സ്ഥിതപ്രജ്ഞന്റെ നിശ്ചയവും യന്ത്രത്തിന്റെ മട്ടിൽ പെട്ടെന്നു വ്യാപരിക്കുന്നു. എന്തുകൊണ്ടെന്നാൽ "സത്യപ്രതിഷ്ഠായാം ക്രിയാഫലാശ്രയത്വം."

പക്ഷെ, അദ്വേഹത്തിന്റെ ഈ പ്രഭാവം—പ്രഭാവം എന്നല്ലാതെ എന്താണു് പറയുക?— മിത്രങ്ങളേയും ശത്രുക്കളേയും ഒരുപോലെ കുഴക്കുന്നു. ഈ കാഴ്ച്ച ഗാന്ധിജിയെ ദുർഗ്രഹനാക്കിത്തീർക്കുന്നു. ഇതുകാരണം എത്ര ജനങ്ങളാണു് അദ്വേഹത്തിന്റെ സംഭാഷണത്തെ പ്രത്യക്ഷരം സ്വീകരിക്കാതെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതു്.

ഗാന്ധി—എവിൻ ഉടമ്പടിക്കാലത്തു് നടന്ന ഒരു സംഗതി ഓർമ്മവരുന്നു. ഏകദേശം എല്ലാ സംഗതികളും പൂർണ്ണമായി. ഓരോ ശബ്ദവും ഗാന്ധിജിയും വൈസ്രോയിയും ഒരുമിച്ചിരുന്നു വായിച്ചു. വൈസ്രോയിയുടെ വസതിയിൽ ഇരുന്നു വായിച്ചു വായിച്ചു് നേരം ഉച്ചയായി. പ്രഭു പറഞ്ഞു: "ഞാൻ ഭക്ഷണം കഴിക്കട്ടെ; അങ്ങും ക്ഷീണിച്ചിരിക്കുന്നു അങ്ങു് എന്റെ മുറിയിൽ പോയി ഉറങ്ങൂ. പിന്നെ എഴുന്നേറ്റിട്ടു് ജോലി ചെയ്യാം" ഗാന്ധിജി കിടന്നുറങ്ങി. രണ്ടര മണിക്കൂർ കഴിഞ്ഞു് എഴുന്നേറ്റു, കയ്യും മുഖവും കഴുകി. ഗാന്ധിജി പറഞ്ഞു: "എനിക്കു് അല്പം ഒരു വ്യാകുലതയുള്ളതുപോലെ തോന്നി. ഞാൻ ആലോചിച്ചു, ഇതു് എന്താണു്? എന്തുകൊണ്ടാണു് വ്യാകുലതയു്? ഇതു് ശാരീരികമായിരുന്നില്ല, മാനസികമായിരുന്നു. ഞാൻ ഒരു പാപം ചെയ്യുകയാണെന്നു എനിക്കു തോന്നി. കരാറിന്റെ പകർപ്പു ഞാൻ എടുത്തു വായിക്കാൻ തുടങ്ങി. വായിച്ചു വായിച്ചു് നിലത്തെ സംബന്ധിക്കുന്ന വകുപ്പിൽ എത്തിയപ്പോൾ എനിക്കു വലിയ ഭീതി ഉണ്ടായി. ഇതു തെറ്റാണെന്നു് എനിക്കു ബോധപ്പെട്ടു. ഞാൻ വൈസ്രോയിയോടു പറഞ്ഞു. ഈ വകുപ്പു ശരിയല്ല. എനിക്കു് ഇതു സമ്മതിക്കാൻ സാദ്ധ്യമല്ല. ഞാൻ ഇതു സ്വീകരിച്ചതായി പറഞ്ഞു എന്നുള്ളതു ശരിതന്നെ. എന്നാൽ ഞാൻ

പാപം ചെയ്യുകയായിരുന്നു എന്നുകണ്ടു. അതുകൊണ്ടു് ഞാൻ ഈ സ്വീകാരേക്തിയിൽനിന്നു പിന്മാറുന്നു.''

സാധുവൈസ്രോയി പരിഭ്രമിച്ചുവശായി. ഇതു് എന്തു് സമ്പ്രദായമാണു്? എതിരാളിയെ തോല്പിയ്ക്കുന്നതിനുള്ള അനേകം യുക്തികളും ഗാന്ധിജിയുടെ അടുത്തു് ഉണ്ടായിരുന്നു. എന്നാൽ ആദ്യം നിശ്ചയിക്കുകയാണു് ചെയ്തതു്, പിന്നീടാണു് യുക്തികളും രംഗത്തിൽ പ്രവേശിച്ചതു്. അവസാനം വൈസ്രോയി യുക്തികളെ അംഗീകരിച്ചു. പക്ഷേ ഇദ്ദേഹം ഒരു നേർവഴിക്കാരനല്ല എന്നു വൈസ്രോയി കരുതിയിട്ടുണ്ടായിരിക്കയില്ലേ?

ഏപ്രിൽ 6-ാംതിയ്യതി സത്യാഗ്രഹദിവസമായി കണക്കാക്കപ്പെട്ടു. ആ തീരുമാനത്തിന്റെ ചരിത്രവും ഇങ്ങിനെതന്നെയാണു്. കുറച്ചുദിവസം മുമ്പുവരെ ഗാന്ധിജി ഇതിനെക്കുറിച്ചൊന്നും ആലോചിയ്ക്കുപോലും ചെയ്തിരുന്നില്ല. ഒരു ദിവസം രാത്രി ഗാന്ധിജി ഉറങ്ങി. ആറാം തീയതി സത്യാഗ്രഹദിവസമായി കരുതുക എന്നു് ഒരു സ്വപ്നം ഉണ്ടായി. സഹപ്രവർത്തകന്മാർ പറഞ്ഞു: "ഇപ്പോഴാം സമയം അനുകൂലമല്ല, സംഘടനാവുക വിഷമം." എന്നാൽ ഇതു വകവച്ചില്ല. കൊട്ടിയറിയിപ്പു നടത്തുകയും ആറാംതീയതി സഫലവും ശാന്തവും ആയി സത്യാഗ്രഹദിനം ആചരിക്കയും ചെയ്തു. യുക്തിയുടെ ഫലമായിട്ടുണ്ടായ നിഗ്ഗമനമായിരുന്നോ ഇതു"? പെട്ടെന്നു നിശ്ചയിയ്ക്കുന്നു, യുക്തികളും പിന്നാലെ ഉണ്ടാകുന്നു. ഇദ്ദേഹത്തെപ്പോലെ മറെറാരാളെ കാണുകയില്ല എന്നു പ്രവർത്തകന്മാർ വിചാരിച്ചിട്ടുണ്ടായിരിക്കയില്ലേ? അന്തരാത്മാവിന്റെ പ്രേരണയനുസരിച്ചു നിഗ്ഗമനമെടുക്കുന്ന ആളുടെ തീരുമാനത്തിനു യുക്തിവാദം ആധാരമായിത്തീരുന്നില്ല എന്നാണു് ഞാൻ വിചാരിയ്ക്കുന്നതു്. എന്നാൽ ഈ അന്തരാത്മാവു് എല്ലാവർക്കും വീതിച്ചിട്ടുള്ളതല്ല. അതു് എന്തൊരു വസ്തുവാണു്, അതു ശരിയായി അറിയുവാൻ പ്രയാസമാകുന്നു. ഗാന്ധിജി എങ്ങനെയാണു് ഒരു തീരുമാനിക്കുന്നതു്, ഇതുമാത്രമാണു് പ്രകൃതം.

എനിക്ക് ഗാന്ധിജിയുടെ പ്രഥമദർശനം ഉണ്ടായതുമുതല്ക്ക് ഞങ്ങൾ തമ്മിൽ ഒരു അവിച്ഛിന്നമായ ബന്ധം ഉണ്ടായിട്ടുണ്ട്. കുറച്ചുകൊല്ലം മുമ്പ് ഒരു നിരൂപകന്റെ നിലയിൽ ഞാൻ അദ്ദേഹത്തിന്റെ അടുത്തു പോകാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ന്യൂനത കണ്ടുപിടിക്കുവാനായിരുന്നു എന്റെ ശ്രമം. എന്തുകൊണ്ടെന്നാൽ നവയുവാക്കന്മാരുടെ ആരാധ്യനായ ലോകമാന്യന്റെ കീർത്തിയോട് ഇദ്ദേഹത്തിന്റെ കീർത്തി മത്സരിച്ചുകൊണ്ടിരുന്നു. അതു് എനിക്ക് ഇഷ്ടമായിരുന്നില്ല. ന്യൂനത കണ്ടുപിടിക്കാൻ ശ്രമിച്ചപ്പോഴൊക്കെ എനിക്കു ആശാഭംഗമാണ് ഉണ്ടായതു്. കുറച്ചു കാലത്തിനിടയ്ക്ക് വിമർശനതത്പരത ആരാധനയായി പരിണമിച്ചു, പിന്നെ ആരാധനാഭക്തിശ്രദ്ധയായി മാറി. ഗാന്ധിജിയുമായി സംസർഗ്ഗമുണ്ടായാൽ അദ്ദേഹത്തിന്റെ പ്രഭാവത്തിനു് വശംവദരാകാതെ വിട്ടുപോകുന്നവർ അപൂർവ്വമായിട്ടേ ഉള്ളു.

നാം സ്വപ്നാവസ്ഥയിലാകുമ്പോഴാം ജാഗ്രതാവസ്ഥയിൽ ഒരിക്കലും ചെയ്യാത്ത കായ്ങ്ങളാകുടി ചെയ്യുപോകാറുണ്ട്. എന്നാൽ ശരീരികമായി ഉണർന്നിരിക്കുമ്പോഴും മാനസികമായ ഉറക്കം ഉണ്ടാവാം. ശ്രദ്ധയോടെ ശ്രോതക്കണ്ണാടിയിൽക്കൂടി അദ്ധ്യയനം ചെയ്യുന്ന മനുഷ്യനും, ആത്മബോധമില്ലാത്ത അവസ്ഥയിൽ ചെയ്യുന്ന പ്രവൃത്തികളിൽ നിന്നുപോലും, 'എള്ളിൽ ഉള്ള എണ്ണ അളക്കുവാൻ' കഴിയും. ഗാന്ധിജിയുമായിട്ട് എനിക്ക് 25 കൊല്ലത്തെ സംസർഗ്ഗമുണ്ട്. ഞാൻ വളരെ അടുത്തുനിന്നു, സൂക്ഷ്മദർശകത്തിൽക്കൂടി അദ്ദേഹത്തെ അദ്ധ്യയനം ചെയ്തിട്ടുണ്ട്. വിമർശകന്റെ നിലയിൽ ന്യൂനത കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഞാൻ അദ്ദേഹത്തെ ഒരിക്കലും നിരാശൻ ആയിക്കണ്ടിട്ടില്ല. അദ്ദേഹം എല്ലാ നിമിഷവും ഉണർന്നിരിക്കയാണെന്നു തോന്നുന്നു. ''എല്ലാ നിമിഷവും എന്റെ ജീവിതം ഈശ്വരസേവയിൽ കഴിച്ചുകൂട്ടുന്നു'' എന്നു അദ്ദേഹം എന്നോട് പറഞ്ഞപ്പോഴാം, ഞാൻ

അതിൽ യാതൊരു അതിശയോക്തിയും കണ്ടില്ല. ഈ വാക്യം അഭിമാനത്തിന്റെ ചിഹ്നമല്ല; എന്തുകൊണ്ടെന്നാൽ ഗാന്ധിജി ദ്രഷ്ടാവായിട്ടുതന്നെ സ്വയം വിവേചനം ചെയ്യുന്നു. ഒരാൾക്കു സ്വയം ആത്മനിരീക്ഷണത്തിനു സാധിക്കുകയാണെങ്കിൽ, അയാൾ അന്യനെപ്പറ്റിയായാലും തന്നെപ്പറ്റിയായാലും ഒരു ഭേദവും കൂടാതെ നിരൂപണം ചെയ്യാൻ ശക്തനാകും. അന്യനാരെപ്പറ്റി എത്ര നിസ്സങ്കോചമായി പറയുമോ അത്ര നിസ്സങ്കോചമായി തന്നെപ്പറ്റിയും പറയും.

യർവാദയിൽ അദ്ദേഹം ഉപവാസം ഒന്നു കഴിഞ്ഞു വീണ്ടും തുടങ്ങിയപ്പോൾ ഒരുപക്ഷേ അദ്ദേഹം ഇങ്ങിനെ വിചാരിച്ചിട്ടുണ്ടായിരിക്കും എന്നു എനിക്കു തോന്നി "ഞാൻ വൃദ്ധനായി; യാത്രയ്ക്കു ഒരുങ്ങിയിരിക്കയാണു്. എന്തുകൊണ്ടു് പൊരുതിപ്പൊരുതിത്തന്നെ പൊയ്ക്കൂടാ?" ഞാൻ ആവലാതിപ്പെട്ടു. "അങ്ങു് ജീവിച്ചിട്ടു ദേശത്തിനു നന്മചെയ്യു. എന്നാൽ ഇപ്പോൾ മരിക്കുവാൻ പോവുകയാണു്. മരണംകൊണ്ടു് ദേശത്തിനു നന്മചെയ്യാൻ ആഗ്രഹിക്കുകയാണോ?" അദ്ദേഹം പറഞ്ഞു: "ഇങ്ങിനെ സങ്കല്പിക്കുന്നതുപോലും അഭിമാനമാകുന്നു; എന്തുകൊണ്ടെന്നാൽ ചെയ്യുക, ചെയ്യിക്കുക, ചെയ്യാതിരിക്കുക ഇതു ഈശ്വരന്റെ അധികാരത്തിൽപ്പെട്ടതാണു്. നാം മനസ്സിൽ ഇപ്രകാരമുള്ള ഏതെങ്കിലും രൂപം ചിത്രണം ചെയ്യുന്നപക്ഷം ഇതു ഈശ്വരാസ്തിത്വത്തിനു അവഹേളനമായിരിക്കും, അതു നമ്മുടെ അഭിമാനം മാത്രമായിരിക്കും പ്രത്യക്ഷമാക്കുക." എനിക്കു ഇതു കേട്ടിട്ടു ആശ്ചര്യമുണ്ടായി; അഹംകാരം അദ്ദേഹം എത്രത്തോളം നശിപ്പിച്ചിട്ടുണ്ടു് എന്നു എനിക്കു ബോദ്ധ്യമായി.

ഗാന്ധിജി അഹംകാരത്തിൽനിന്നു് എത്ര അകന്നിരിക്കുന്നു എന്നു് അദ്ദേഹത്തിന്റെ ഹൃദയത്തിലേയ്ക്കു് ദൃഷ്ടി പതിച്ചാലേ വിശദമാവൂ.

ഹരിജന സേവാസംഘത്തിലെ എല്ലാ പദാധികാരികളും ഒരു പ്രതിജ്ഞ ചെയ്യേണ്ടതുണ്ടു്. "ഞാൻ എന്റെ ജീവിതത്തിൽ

ഉച്ചനീചഭേദം കണക്കാക്കുകയില്ല" എന്നാണ് അതിന്റെ ആശയം. ഈ ശപഥം ചെയ്യാനുള്ള സമയം വന്നപ്പോൾ ഞാൻ വിസമ്മതിച്ചു. ഇതായിരുന്നു എന്റെ വാദം. "കേവലം ജന്മനാ ആരെങ്കിലും മീതെയോ താഴെയോ അല്ല, ഇതു ഞാൻ എള്ളുപ്പത്തിൽ വിശ്വസിക്കുന്നു. എന്നാൽ ഒരു മനുഷ്യൻ കള്ളനും ദുഷ്ടനും പാപിയും ആയിരിക്കുക; അവന്റെ പാപകർമ്മങ്ങൾ പ്രത്യക്ഷമായിരിക്കുക, എന്നിരിക്കട്ടെ ആ ന്യൂനതകൾ ഇല്ലാതേയും വരിക; അഭിമാനം ഇല്ലെങ്കിലും ഞാൻ ആ വ്യക്തിയേക്കാൾ ഗുണവാനാണ്" എന്നുള്ള ബോധം എങ്ങിനെ ഉണ്ടാകാതിരിക്കും? ഇതിന്റെ സാരം ഇതാണ്. ഞാൻ ദുഷ്ടനായി പരിണമിച്ചാലും ഇന്ന ആളേക്കാൾ ഉന്നതനാണ് ഇന്ന ആളേക്കാൾ താഴെയാണ് എന്നു കരുതാൻ സാധിക്കും."

ഈ തർക്കം അഭേദ്യതയിൽ സ്വീകാര്യമായി തോന്നിയില്ല. ഞാൻ എന്റെ അഭിപ്രായത്തിനു സഹായമായ യുക്തി സമർപ്പിച്ചു: "അങ്ങു തന്നെത്തന്നെ ഉദാഹരണമായെടുക്കുക. എന്നേക്കാൾ ഈശ്വരനോടു് അധികം അടുത്താണ് അങ്ങു്, അങ്ങു് ഉന്നതനാണു്, ഞാൻ നീചനാണു എന്ന സംഗതി അങ്ങേയ്ക്കു് അഭിമാനം ഉളവാക്കുന്നില്ലെങ്കിലും അങ്ങു് അതു വിചാരിക്കുമോ?"

"പക്ഷെ ഈ വാദംതന്നെ ശരിയല്ല, പ്രായസ്ഥാനത്തെത്തുന്നതുവരെ ഈശ്വരന്റെ അടുത്തു ആരാണു്, ദൂരെ ആരാണു് എന്നു ആർക്കാണു പറയുവാൻ സാധിക്കുക? ദൂരെ കാണപ്പെടുന്നവർ അടുത്തു ആണെന്നുവരാം. അടുത്തുകാണപ്പെടുന്നവർ ദൂരെയും ആയിരിക്കാം. ഞാൻ ഹിന്ദുസ്ഥാനത്തിൽനിന്നു ഒരിക്കൽ ആഫ്രിക്കയിലേയ്ക്കു പോവുകയായിരുന്നു കപ്പലിൽ. ശരിക്കു സമയത്തിനു് എത്താൻ കഴിഞ്ഞില്ല. നങ്കൂരം പൊക്കിക്കഴിഞ്ഞിരുന്നു. അതുകൊണ്ടു് ഒരു ബോട്ടിൽ ഇരുന്നിട്ടു കപ്പലിന്റെ അടുക്കൽ എത്തി. പക്ഷെ കൊടുങ്കാറ്റു ശക്തിയായിട്ടുണ്ടായിരുന്നു. വളരെ പ്രാവശ്യം എന്റെ ബോട്ടു കപ്പലിന്റെ പാർശ്വഭാഗത്തു തട്ടി തെറിച്ചു ദൂരേയ്ക്കുമാറി. അവസാനം അങ്ങനെയിങ്ങനെ

ഒരു വിധത്തിൽ ഞാൻ കപ്പലിൽ കയറി. ബോട്ട് വളരെ പ്രാവശ്യം കപ്പലോട്ട് കൂട്ടിമുട്ടി ദൂരയ്ക്ക് അകന്നു പോയല്ലൊ. അങ്ങനെതന്നെ പിന്നെയും പിന്നെയും സംഭവിക്കയും എനിക്കു കപ്പലിൽ കയറാൻ സാധിക്കാതെ വരികയും ചെയ്യാമായിരുന്നു. കേവലം ബോട്ട് സ്ഥിരമുള്ളതുകൊണ്ട് നമുക്കു പറയുവാൻ സാധിക്കുമോ നാം കപ്പലിന്റെ അടുത്തു എത്തിയെന്നു? അടുത്തു എത്തിയാലും ദൂരെ പോകാം. ഞാൻ ഈശ്വരന്റെ അടുത്താണു, ഇന്നു ആറു ദൂരെ ആണു, എന്നു പിന്നെ എങ്ങനെ വിചാരിക്കും? ഇങ്ങനെയുള്ള സങ്കല്പം തന്നെ ഭ്രമമൂലകമാണു, അഹംകാരപൂർണ്ണമാണു."

എനിക്കു ഈ യുക്തി വ്യാമോഹകമായി തോന്നി. ഗാന്ധിജി എത്രത്തോളം ഉൽബുദ്ധനായിരിക്കുന്നു എന്നുള്ളതാണു് എനിക്കു് അധികം മോഹകമായി തോന്നിയതു്. രാജാവിന്റെ വേഷം കെട്ടുന്ന കലാകാരൻ തന്റെ വേഷംകൊണ്ടു് മോഹിതനാകുന്നില്ല. ഗാന്ധിജി തന്റെ വലുപ്പത്തിൽ അഭിമാനി ആകുന്നില്ല. അഹംകാരം മോഹത്തിന്റെ മറ്റൊരു പേരാണു്. ഉൽബുദ്ധനായ മനുഷ്യനു മോഹം എവിടെ, അഹംകാരം എവിടെ? ഗാന്ധിജി ചിലപ്പോൾ സങ്കോചം കൂടാതെ ആത്മശ്ലാഘ ചെയ്യാനും ഇതാണു് കാരണം. "ഞാൻ പ്രചാരശാസ്ത്രത്തിന്റെ പണ്ഡിതനാണു്; പത്രലേഖനകലയിൽ നിപുണനാണു്; ഞാൻ ഉറച്ച ബനിയാനാണു്; ഞാൻ ശരീരശാസ്ത്രത്തിന്റെ വിദ്യാർത്ഥിയാണു്; ഞാൻ മുപ്പത്തെട്ട കൊല്ലമായി ഗീതയെ അനുസരിച്ചു് ആചരണം ചെയ്തുകൊണ്ടിരിക്കയാണെന്നു എനിക്കു അവകാശപ്പെടാം; (1929-ൽ ആണു് ഇങ്ങനെ എഴുതിയതു്); ഞാൻ സത്യത്തിന്റെ ആരാധകനാണു്; എന്റെ ജീവിതം രാവും പകലും ഈശ്വരസേവയിൽ കഴിഞ്ഞുകൂടുന്നു." വേറെ ആരുടെയെങ്കിലും മുഖത്തുനിന്നാണു് ഈ വാക്കുകൾ വന്നിരുന്നതെങ്കിൽ അഹംകാരത്തിന്റെ ഗന്ധം ഉണ്ടെന്നു പറയാമായിരുന്നു, എന്നാൽ ഗാന്ധിജിയുടെ മുഖത്തു നിന്നാകകൊണ്ടു് ഇല്ല. എന്തു

കൊണ്ടെന്നാൽ ഗാന്ധിജി മദ്ധ്യസ്ഥനായിട്ട് സ്വയം വിവേചനം ചെയ്യുന്നു.

ഒരു ശസ്ത്രചികിത്സകൻ കത്തി എടുത്തു കീറിയിട്ട മനുഷ്യ ശരീരത്തിന്റെ ഉള്ളിൽ ഒളിഞ്ഞു കിടക്കുന്ന അവയവങ്ങളെ കാണികളുടെ മുമ്പിൽ കൊണ്ടുവരുന്നു. ചീഞ്ഞ രോഗത്തെ നിഷ്കരുണം മുറിക്കുന്നു, തുന്നിക്കെട്ടുന്നു. ഇങ്ങനെ നിർദ്ദയമായി കത്തികൊണ്ട് കീറുന്നതുകണ്ടാൽ, അതു ജീവനുള്ള ശരീരത്തിലല്ല, ഒരു മരത്തിൽ കൈശലം കാണിക്കുകയാണോ എന്നു തോന്നും. പക്ഷേ ആ ഡോക്ടർക്ക് സ്വശരീരത്തിൽ അങ്ങനെ ചെയ്യാൻ സാധിക്കയില്ല. ചിരിച്ചുകൊണ്ട് തന്റെ സ്വന്തം ചീഞ്ഞകാൽ വേണ്ടിവന്നാൽ മുറിച്ചുകളയാൻ സാധിക്കുന്ന ഡോക്ടർ എവിടെയാണ്? എന്നാൽ ഗാന്ധിജി അങ്ങനത്തെ ശസ്ത്രക്രിയാചതുരനാണ്. അദ്ദേഹത്തിന്റെ ഞരമ്പുകളും മമതാരഹിതമായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട് ഗാന്ധിജിക്കു നിർദ്ദയമായി പരപുരുഷന്മാരെ ശസ്ത്രക്രിയനടത്താൻ സാധിക്കുന്നതിലധികം നിർദ്ദയമായി തന്റെമേൽ അതു നടത്താൻ കഴിയും. "ഞാൻ ഹിമാലയത്തോടു ചെയ്തിട്ടുണ്ട്, ഞാൻ ഇന്നപാപം ചെയ്തു." ഇങ്ങനെയുള്ള സ്വീകാരോക്തികളെക്കൊണ്ടു നിറഞ്ഞതാണ് അദ്ദേഹത്തിന്റെ ആത്മകഥ. "ബുദ്ധന്റെ അഹിംസ എന്റെ അഹിംസയെക്കാൾ നൃനമായിരുന്നു." എന്നു അദ്ദേഹം പറയുകയാണെങ്കിൽ എന്താണ് ആശ്ചര്യം? "ടോൾസ്റ്റോയിക്ക് തന്റെ വിചാരങ്ങളെ പൂർണ്ണമായി അനുസരിക്കാൻ കഴിഞ്ഞില്ല; എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ വിചാരങ്ങൾ അദ്ദേഹത്തിന്റെ ആചാരങ്ങളിൽനിന്നു വിട്ടുമായിരുന്നു. ഞാൻ എന്റെ വിചാരങ്ങളിൽനിന്നു എന്റെ ആചാരങ്ങളെ ഒരു അടി മുമ്പാക്കി വെയ്ക്കുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്നു." ഈ ഉക്തികൾ അഭിമാനം സ്ഫുരിക്കുന്നതല്ല, ഒരു മദ്ധ്യസ്ഥനായ ശസ്ത്രചികിത്സകന്റെ ആണ്. യോഗ്യതയോടും കുശലതയോടും കൂടി അന്യന്മാരെ കീറിമുറിക്കുന്നതുപോലെ തന്നെത്തന്നെയും അദ്ദേഹത്തിനു കീറാൻ സാധിക്കുന്നു.

അഭിമാനം ഗാന്ധിജിയെ സ്പർശിക്കുപോലും ചെയ്തിട്ടില്ല എന്നു ശ്രദ്ധിച്ചു അദ്ധ്യയനം ചെയ്യുന്നവർക്ക് എളുപ്പത്തിൽ മനസ്സിലാകും. വലിയ കാര്യങ്ങളെക്കൊണ്ടല്ല, ചെറിയ കാര്യങ്ങളെക്കൊണ്ടാണ് മനുഷ്യരെ പരീക്ഷിക്കേണ്ടതു് എന്നാണ് എനിക്കു തോന്നുന്നതു്. വലിയ വലിയ ത്യാഗം ചെയ്യുന്നവൻ ദിവസേനയുള്ള ചെറിയ പ്രവൃത്തികളിൽ അശ്രദ്ധ കാണിക്കയും ചിലപ്പോൾ അത്യന്തം നീചമായി പ്രവർത്തിക്കയും പതിവാണു്. കാരണം ഇതാകുന്നു, വലിയ പ്രവൃത്തികളിൽ ജനങ്ങൾ ജാഗ്രതയോടുകൂടി ആത്മാവിനെ പ്രവേശിപ്പിക്കുന്നതുകൊണ്ടു് ആ കാര്യം പ്രകാശമാനമായിത്തീരുന്നു. എന്നാൽ ചെറിയ പ്രവൃത്തികളിൽ മനുഷ്യർ അശ്രദ്ധാലുക്കളായിത്തീരാറുണ്ടു്. അവരുടെ ത്യാഗം അവർക്കു സ്വാഭാവികമായിട്ടുള്ള ഒന്നല്ല എന്നാണു് ഇങ്ങനെയുള്ള മനുഷ്യരെ സംബന്ധിച്ചു് വെളിപ്പെടുന്നതു്. എന്നാൽ ഗാന്ധിജിയെ സംബന്ധിച്ചു ഇങ്ങനെ പറയാൻ സാധിക്കും: ചെറുതായാലും വലുതായാലും ശരി, എല്ലാ പ്രവൃത്തികളും അദ്ദേഹം ജാഗ്രതയോടെയാണു് ചെയ്യുന്നതു്. ഇതിന്റെ രഹസ്യം ഇതാണു്. ത്യാഗം, സത്യം, അഹിംസ മുതലായവ അദ്ദേഹത്തിന്റെ സ്വാഭാവികമായ ധർമ്മമായിത്തീർന്നിട്ടുണ്ടു്. അദ്ദേഹത്തിനു ധർമ്മപാലനം ചെയ്യുന്നതിൽ പ്രയത്നിക്കേണ്ടിവരുന്നില്ല. പ്രയത്നിക്കേണ്ടി വരികയാണെങ്കിൽ അത്യന്തം സൂക്ഷ്മമാണു് അതു്. അദ്ദേഹം എട്ടു യാമം ഉണർന്നിരിക്കുന്നു. ഇതു് ഒരു സാധാരണ സ്ഥിതിയല്ല.

17

ഗാന്ധിജിയെ ഒരു മഹാത്മാവിന്റെ രൂപത്തിൽ നാം കണ്ടു, ഒരു നേതാവിന്റെ രൂപത്തിലും കണ്ടു; എന്നാൽ ബാപ്പു വായിക്കണമെന്നതിലാണു് അദ്ദേഹത്തിന്റെ യഥാർത്ഥരൂപം. സേവാഗ്രാമത്തിൽ ആലോചിക്കേണ്ട വലിയ വിഷയങ്ങളും വരുന്നു. വൈസ്രോയിയുമായി കത്തിടപാടുകളും ഉണ്ടാകുന്നു, വർക്കിംഗ്

കമ്മിറ്റിയുടെ യോഗങ്ങൾ നടക്കുന്നു, വലിയ വലിയ നേതാക്കന്മാർ വന്നുചേരുന്നു, മന്ത്രിമണ്ഡലത്തിലെ അംഗങ്ങൾ, കോൺഗ്രസ്സ് ഭരണകാലത്തു് ആലോചനയ്ക്കുവേണ്ടി വന്നുകൊണ്ടേ ഇരിക്കുന്നു. എന്നാൽ ആശ്രമവാസികൾ വലിയ ആളുകളുടെ എഴുത്തുകൾകൊണ്ടു് ആശ്ചര്യപ്പെടുകയോ, വലിയ നേതാക്കന്മാരെ കണ്ടിട്ടു മോഹിക്കുകയോ ചെയ്യുന്നില്ല. രാജനീതിയിൽ അവർക്കു വലിയ രസവും ഇല്ല. ബാപു എന്തു ഭക്ഷിച്ചു, എന്തു പാനം ചെയ്തു, എപ്പോൾ എഴുന്നേറ്റു, എപ്പോൾ ഉറങ്ങി, ഇന്നാളോടു് എന്തുപറഞ്ഞു, എന്തു കേട്ടു, ഈ സംഗതികളിൽ ആണു് അവർക്കു അധികം രസം. ഗാന്ധിജിയും ആശ്രമത്തിലെ ചെറിയ ചെറിയ കാര്യങ്ങളിൽ ആവശ്യത്തിലധികം ഔത്സുക്യം പ്രദർശിപ്പിക്കുന്നു.

ആശ്രമം എന്താണു്, ഒരു അന്തേവാസിമണ്ഡലമാണു്. അതിനെ ശിവന്റെ കല്യാണഘോഷയാത്ര എന്നു പറയണം. പലതരത്തിലുള്ള രോഗികളുണ്ടു്. അവരെ ചികിത്സിക്കുന്നതിൽ ഗാന്ധിജി പ്രത്യേകം ഉത്സാഹം കാണിക്കുന്നു. എന്നാൽ എല്ലാവരും ബാപുവിനെക്കുറിച്ചു ഭ്രാന്തന്മാരാണു്. ഒരു രോഗിക്കുവേണ്ടി തണുപ്പുകാലത്തു് പുതയ്ക്കുന്നതിനു പഞ്ഞിനിറച്ച ഒരുതരം പുതപ്പുണ്ടാക്കിക്കുന്നതു ഒരു ദിവസം ഞാൻ കണ്ടു. കസ്തൂരിബായ്ടെ പഴയസാരികൾ കൊണ്ടുവന്നു. ഗാന്ധിജി സ്വന്തം കൈകൊണ്ടുതന്നെ അവ അളന്നു് എത്ര വാര തുണി വേണമെന്നു ഊഹിച്ചു. പുതപ്പിന്റെ ഉള്ളിൽ പഞ്ഞിക്കു പകരം പഴയ വർത്തമാനക്കടലാസ്സുകൾ ഒന്നിനുമീതെ ഒന്നായി വെച്ചു തുണിയോടുകൂടി തുന്നി. ഗാന്ധിജി എല്ലാ പ്രവൃത്തികളും സന്തോഷത്തോടും രസത്തോടും കൂടി ചെയ്തിരുന്നു. കടലാസ്സിനു പഞ്ഞിയെക്കാൾ അധികം മൂടുണ്ടു് എന്നു ഞാൻ പറഞ്ഞു. ഇങ്ങിനെയുള്ള പ്രവൃത്തികളിൽ ഇദ്ദേഹത്തിന്റെ വിലപിടിച്ച സമയം ഉപയോഗിക്കുന്നതു് എന്തിനാണു് എന്നു് എനിക്കു തോന്നി. ഞാൻ നേരംപോക്കിൽ പറഞ്ഞു "അങ്ങയ്ക്കു് ആശ്രമത്തിലെ ഈ പ്രവൃത്തികളിൽ ദേശീയകായ്ങ്ങളേക്കാൾ അധികം രസം ഉണ്ടു്". "അധികം എന്നല്ല, അത്രതന്നെ എന്നു പറയൂ" ഇതായിരുന്നു മറുപടി.

ഞാൻ ആശ്ചര്യപ്പെട്ടുപോയി. എന്തുകൊണ്ടെന്നാൽ ഗാന്ധിജി നേരംപോക്കിലല്ല, ഗാംഭീര്യത്തോടെയാണ് ഉത്തരം തന്നത്. എന്നാൽ കാര്യം ശരിയാണ്. ഗാന്ധിജി രാത്രിയും പകലും ഗംഭീരമായ വിഷയങ്ങളെപ്പറ്റിതന്നെ വിചാരിക്കയാണെങ്കിൽ പിന്നെ അദ്ദേഹത്തിനു ലേശംപോലും വിശ്രമം കിട്ടുകയില്ല. ഒരു പക്ഷേ ആശ്രമം അദ്ദേഹത്തിനു പരോപകാരവും വിനോദവും സമ്മേളിച്ച ഒരു രസായനശാലയാണ്. ആശ്രമം ഗാന്ധിജിയുടെ കുടുംബമത്രെ. മഹാവ്യക്തികൾ കൂടി കൌടുംബിക സുഖത്തെ ആഗ്രഹിക്കുന്നു. ഗാന്ധിജിക്കാകട്ടെ വിശ്വം മുഴുവൻ കുടുംബമാണ്. എന്നാൽ ആശ്രമകുടുംബത്തിൽ അദ്ദേഹത്തിനു വിശേഷിച്ചു ചുമതലയുണ്ട്. ആ ഭാരവാഹിതത്തെ അദ്ദേഹം നിർമ്മോഹനായിട്ടു നിർവ്വഹിക്കുന്നു.

ശിവന്റെ വിവാഹഘോഷയാത്രപോലെ പുറമേയുള്ള പ്രേക്ഷകന്മാരെ ആശ്ചര്യപ്പെടുത്തത്തക്കവണ്ണം ആശ്രമത്തിൽ അതു വിഭിന്ന സ്വഭാവത്തോടും ശക്തിഭേദത്തോടും കൂടിയ ആളുകളെ താമസിപ്പിച്ചിട്ടുണ്ട്. പക്ഷേ ഓരോരുത്തരെ അടുത്തറിഞ്ഞാൽ അവരിൽ ഓരോരുത്തർക്കും പ്രത്യേകം സ്ഥാനമുണ്ടെന്നു മനസ്സിലാകും. മാത്രമല്ല, ചില സംഗതികളിൽ അവരിൽ പലരേയും തനിക്കുമീതെയായിട്ടാണ് ഗാന്ധിജി കരുതുന്നതു. ഏതെങ്കിലും ആധ്യാത്മികമായ സംശയം പരിഹരിക്കാനുണ്ടെങ്കിൽ, അദ്ദേഹം സാധാരണ തന്റെകൂട്ടുകാരായ വിനോബ, കിശോരലാൽ, കാകാസാഹേബ് മുതലായവരെ വിളിക്കും. ഇങ്ങിനെയുള്ള കൂട്ടുകാരെ വെച്ചുകൊണ്ടു തന്നെയാണ് അദ്ദേഹം ഉച്ചനീചഭാവന നശിപ്പിക്കിയതു് എന്നു തോന്നുന്നു. നിസ്സാരമായി കരുതപ്പെടുന്ന പ്രവൃത്തി ചെയ്യുന്നവനും ആശ്രമത്തിൽ ഭക്ഷണംകഴിക്കുന്നതു് മഹിമിച്ചു ഇരുന്നാണ്. അവിടെ എന്നപോലെതന്നെ ഗാന്ധിജിയുടെ മനസ്സിലും അദ്ദേഹത്തിന്റെ ആശ്രമവാസികളുടെ മനസ്സിലും ഭേദഭാവന ഇല്ല.

കുറച്ചു ദിവസം മുമ്പിലത്തെ സംഗതിയാണ്. വൈസ്രോയിയെ കാണുന്നതിനുവേണ്ടി ഗാന്ധിജി ഡൽഹിയിലേക്കു വന്നി

ത്തുന്നു. എന്നാൽ സേവാഗ്രാമത്തിൽ മടങ്ങി എത്തുന്നതിനു് ബദ്ധപ്പാടായിരുന്ന അദ്ദേഹത്തിനു്. അവസാനം ഗാന്ധിജി വേഗം മടങ്ങിപ്പോവാൻ സാധിക്കയില്ലെന്നു കണ്ടപ്പോൾ മഹാദേവഭായിയോടു് സേവാഗ്രാമത്തിലേക്കു്. ഉടനെ തിരിക്കുവാൻ പറഞ്ഞു. പ്രവൃത്തികൾ ധാരാളം ഉണ്ടായിരുന്നു. ഇത്രവലിയ വിഷയങ്ങൾ ഉള്ളപ്പോഴും അദ്ദേഹത്തിനു സ്വയം മടങ്ങിപ്പോകാനുള്ള ഇച്ഛയുണ്ടായിരുന്നതും മഹാദേവഭായിയെ പെട്ടെന്നു മടക്കി അയച്ചിരുന്നതും എങ്ങിനെയാണെന്നു് എനിക്കു മനസ്സിലായില്ല. ഞാൻ പറഞ്ഞു, "ഇത്ര വലിയ പ്രവൃത്തികൾ ഉള്ളപ്പോൾ ആശ്രമത്തിലേയ്ക്കു മടങ്ങാൻ എന്താണിത്ര തിടുക്കം?" "എന്നാൽ എന്റെ ചുമതലയെക്കുറിച്ചു് അന്വേഷിച്ചുനോക്കൂ." ഗാന്ധിജി പറഞ്ഞു, "ആശ്രമത്തിൽ അനേക തരക്കാർ ഉണ്ടു്. രോഗികൾ, ഭ്രാന്തന്മാർ. ഇപ്പോൾ മഹാദേവനെ മാത്രം കൂടെ താമസിപ്പിച്ചിട്ടു മറ്റുള്ളവരെയൊക്കെ പറഞ്ഞയച്ചാലെന്താണു് എന്നു ചിലപ്പോൾ തോന്നാറുണ്ടു്. ബാ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ കൂടെ താമസിച്ചോട്ടെ. എല്ലാവരെയും പറഞ്ഞയയ്ക്കുമ്പോൾ എന്റെ ചുമതലയും തീരും, പക്ഷെ ഈ ആളുകളുടെ ഭാരവാഹിത്വം എട്ടത്തിരിക്കുമ്പോൾ, എനിക്കു് ആ ചുമതല നിർവ്വഹിക്കണം. എന്റെ ശരീരം ദൽഹിയിലും മനസ്സു് സേവാഗ്രാമത്തിലും ആയിരിക്കുന്നതിനു കാരണം ഇതാണു്."

സേവാഗ്രാമത്തിലെ കുടുംബത്തിന്റെ നേരേയുള്ള അദ്ദേഹത്തിന്റെ മനോഭാവം മുകളിൽ പറഞ്ഞതിൽനിന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

18

ഗാന്ധിജി ഒരേ കാര്യം കണക്കാക്കുന്ന ആളാണു്. കുട്ടിക്കാലംമുതല്ക്കുതന്നെ ഗാന്ധിജിക്കു് രൂപ, പൈ കണക്കാക്കുന്നതിൽ ശ്രദ്ധിക്കുന്ന സ്വഭാവം ഉണ്ടായിരുന്നു. ഗാന്ധിജി വ്യവസ്ഥപ്രിയനാണു്. ഇതും കുട്ടിക്കാലം മുതല്ക്കുതന്നെ അദ്ദേഹത്തിനുള്ള

സ്വഭാവമാകുന്നു. അതിനാൽ അദ്ദേഹത്തിന്റെ വീട്ട് സദാ വെടിപ്പും വൃത്തിയും ഉള്ളതായിരിക്കുന്നു; എല്ലാത്തിനും ഒരു ക്രമവും കാണാം. വസ്ത്രധാരണത്തിൽപ്പോലും ഒരു ചിട്ടയുണ്ട്. വൈസ്രോയി പറഞ്ഞു "ഗാന്ധിജി വൃത്തനായിപ്പോയി" പക്ഷേ അദ്ദേഹത്തിന്റെ തൊലിയുടെ മിനുസം യുവാക്കന്മാരുടേതുപോലെയാണ്. ആരോഗ്യം നിലനിർത്തുവാൻ അദ്ദേഹം പൂർണ്ണമായി ശ്രമിക്കുന്നുണ്ടെന്നുള്ളതു വാസ്തവംതന്നെ. എല്ലാത്തിലും മുറുക്കിച്ചിലവു ചെയ്യുന്നു. എഴുത്തുകളിൽ മൊട്ടസൂചി കുത്തിയിട്ടുണ്ടെങ്കിൽ, അതു് എടുത്തു സൂക്ഷിച്ചു വെയ്ക്കുന്നു.

ലണ്ടനിലേയ്ക്കു പോകുന്ന സമയത്തു് കപ്പലിൽ ഒരു വെള്ളക്കാരൻ ഉണ്ടായിരുന്നു. അയാൾ ദിവസേന ഗാന്ധിജിയെ ശകാരിക്കുക പതിവാണ്. ഒരുദിവസം അയാൾ ഗാന്ധിജിയെപ്പറ്റി വ്യംഗ്യപൂർണ്ണമായ കവിത എഴുതുകയും ഗാന്ധിജിയുടെ അടുക്കലേയ്ക്കു് അതുംകൊണ്ടു വരുകയും ചെയ്തു. അദ്ദേഹം ആ എട്ടുകാലിവാങ്ങി ചിന്തിയിട്ടു ചവറുകൊട്ടയിൽ ഇടുകയും അതിൽ ഉണ്ടായിരുന്ന പിൻ ശ്രദ്ധയോടെ എടുത്തു തന്റെ ഡപ്പിയിൽ വെയ്ക്കുകയും ആണുണ്ടായതു്. ആ മനുഷ്യൻ പറഞ്ഞു "ഗാന്ധിജി, വായിക്കൂ, ഇതു നിരർത്ഥകമാണെന്നു വെയ്ക്കേണ്ട." "ശരിയാണു്, സാരമായിട്ടുണ്ടായിരുന്നതു് ഞാൻ എടുത്തു വെച്ചിട്ടുണ്ടു്." ഇതു കേട്ടപ്പോൾ എല്ലാവരും ചിരിച്ചുപോയി. ആ ഇംഗ്ലീഷുകാരൻ കോപാന്ധനായി.

ഉപയോഗമുള്ള ചെറിയ സാധനങ്ങളെക്കൂടി ഗാന്ധിജി ഒരിക്കലും കളയുന്നില്ല. ഒന്നും രണ്ടും വാര നൂലിന്റെ കഷണം സൂക്ഷിച്ചുവെക്കുന്നു, വളരെ മാസങ്ങൾക്കുശേഷം ആവശ്യം വരുമ്പോൾ പുറത്തെടുക്കുന്നു. അദ്ദേഹത്തിന്റെ ചക്കയുടെ മുകളെ വെയ്ക്കുന്ന കറുത്തതുണിയുടെ ഒരു ചെറിയ കഷണം പന്ത്രണ്ടു കൊല്ലം മുമ്പു് കണ്ടിട്ടുള്ളതാണു്; അതു് ഇന്നും കാണുന്നു. ജനങ്ങളുടെ കയ്യുകളിൽ നിന്നു് എഴുതാത്ത വെള്ളക്കടലാസ്സു് എടുത്തിട്ടു കവർ ഉണ്ടാക്കി ഉപയോഗിക്കുന്നു. ഈ കാര്യം ഒരു തരത്തിൽ അങ്ങേ അറ്റത്തുള്ള പിശുക്കനെക്കൂടി കവച്ചുവെയ്ക്കുന്നുണ്ടു്.

ലണ്ടനിൽ വെച്ചാണ്, ഗാന്ധിജിക്ക താമസിക്കുവാൻ നിശ്ചയിച്ചിരുന്ന സ്ഥാനം പട്ടണത്തിൽ നിന്നു കുറെ ദൂരെ പൂവ്വ ഭാഗത്തായിരുന്നു. ആപ്പീസ്സ് പടിഞ്ഞാറു ഭാഗത്തും. രണ്ടിനും തമ്മിൽ ഏഴെട്ടു നാഴിക ദൂരമുണ്ടായിരുന്നു. ഉച്ചയൂണു, ഭക്ഷണം ഒരു സ്നേഹിതന്റെ വീട്ടിലാണ് ഏർപ്പെടുത്തിയിരുന്നതു്. എങ്കിലും ആപ്പീസ്സിൽ വരുത്തി കഴിക്കുകയായിരുന്നു പതിവു്. നിയതസ്ഥാനത്തുനിന്നു ഭക്ഷണസാധനങ്ങളും ദിവസേന ആപ്പീസ്സിൽ കൊണ്ടുവന്നിരുന്നു.

ഭക്ഷണത്തോടൊരുമിച്ചു ഗാന്ധിജി ചിലപ്പോൾ തേനും കഴിക്കും. ഞങ്ങൾ ഇംഗ്ലണ്ടിലേയ്ക്കു പോയതു് ഈജിപ്തിൽക്കൂടിയാണ്. അവിടത്തെ ജനങ്ങൾ ഒരു കുടം നിറച്ചു തേൻ ഗാന്ധിജിക്കു കൊടുത്തിരുന്നു. അതിൽനിന്നു കുറേശ്ശ തേൻ ദിവസേന ഭക്ഷണത്തിനു ഉപയോഗിച്ചിരുന്നു. ഒരു ദിവസം മീരാബെൻ താമസസ്ഥലത്തുനിന്നു് തേൻ കൊണ്ടുവരുവാൻ മറന്നുപോയി. സമയത്തു് ഓർമ്മവന്നപ്പോൾ നാലണ കൊടുത്തു് ഒരു കുപ്പി തേൻ വരുത്തിച്ചു. ഗാന്ധിജി ഭക്ഷണത്തിനു് ഇരുന്നപ്പോൾ ഗ്ലാസ്സു് നോക്കിയിട്ടു ചോദിച്ചു "ഇതെന്താണ്?" അതു വാങ്ങാനുള്ള കാരണം അദ്ദേഹത്തെ അറിയിച്ചു. "ഇങ്ങനെ പൈസ നശിപ്പിക്കുന്നതു് എന്തിനു്? ആളുകൾ തന്നിട്ടുള്ള പണം നാം ഇങ്ങിനെ ഒരുപയോഗപ്പെടുത്താമോ? ഒരു ദിവസം തേൻ ഇല്ലെങ്കിൽ ഞാൻ മരിച്ചുപോകുമോ?"

ഭാരതവർഷത്തിലെ വലിയവലിയ കുഴപ്പമുള്ള വിഷയങ്ങൾ മുമ്പിൽ ഉണ്ടായിരുന്നു. അവയെ മാറ്റി നിർത്തിയിട്ടു് തേനിനെക്കുറിച്ചു വളരെനേരം സംസാരിച്ചു; അന്നായികളെ ശാസിച്ചു. ഇതു് അടുത്തിരുന്നവർക്കു രുചിച്ചില്ല. ഗാന്ധിജിക്കു വലിയ വിഷയങ്ങൾപോലെതന്നെ ചെറിയവിഷയങ്ങളും വിഷമമുള്ളതാണു്. ഇതിൽ ചിലപ്പോൾ ലഘുവായ വിവേകം ഗാന്ധിജിക്കു പോരെന്നു ആളുകൾക്കു തോന്നാറുണ്ടു്. ക്ഷുഭിതയുള്ളവർക്കു കോപവും ഉണ്ടാകാറുണ്ടു്. എന്നാൽ ഗാന്ധിജി ഇതൊന്നും വകവെയ്ക്കാറില്ല.

വസ്ത്രങ്ങൾ നല്ലവണ്ണം സൂക്ഷിച്ചു വെയ്ക്കുന്നു. കുറച്ചു കീറിയാൽ ഉടൻ തുന്നിക്കുത്തും. എല്ലാസാധനങ്ങളേയും വേണ്ടുവോളം സ്വച്ഛതയോടെ വെയ്ക്കുന്നു. വെള്ളംപോലും ആവശ്യത്തിനുമാത്രമേ ചിലവാക്കുകയുള്ളൂ; അതു പിത്തുക്കാണ്. കുടിക്കുന്നതിനു തിളപ്പിച്ചവെള്ളം ഒരു ഗ്ലാസ്സിൽ വയ്ക്കുന്നു. ആവശ്യം വരുമ്പോൾ കുടിക്കുവാനും മുഖം കഴുകുവാനും അതുപയോഗിക്കുന്നു.

19

ഗാന്ധിജിയുടെ ദിനചര്യയും വ്യവസ്ഥിതമാണ്. ഓരോ മിനിറ്റും ഉപയോഗപ്പെടുത്തുന്നു. പുറമേ നിന്നു വളരെ കത്തുകൾ വരുന്നുണ്ട്. അതിനു മറുപടി അയക്കുന്നു. ഇടയ്ക്ക് അദ്ദേഹം ഭക്ഷിക്കുമ്പോഴും വായിക്കുന്നു. ചിലപ്പോൾ ഭക്ഷിച്ചുകൊണ്ടു ചിലരോട് സംഭാഷണം ചെയ്യാറുണ്ട്. ചൂററി നടക്കുമ്പോഴത്തെ സമയവും ഉപയോഗശൂന്യമായി കളയുന്നില്ല.

ഗാന്ധിജി മിക്കവാറും നാലുമണിക്ക് എഴുനേൽക്കുന്നു. ഉടനെ കാലും മുഖവും കഴുകി പ്രാർത്ഥന നടത്തും. പിന്നെ ശൗചാദികൾ നിർവ്വഹിച്ചിട്ട് ഏഴുമണിക്കു കുറച്ചു പ്രാതൽ കഴിക്കും. അതിനുശേഷം നടക്കാൻ പോകയായി. പിന്നെ ജോലിയുടങ്ങും. ഒമ്പതുമണിക്ക് എണ്ണ പുരട്ടി തിരുമ്മിക്കുന്നു; അപ്പോഴും പ്രവൃത്തി ചെയ്തുകൊണ്ടിരിക്കും; കുളിച്ചു പതിനൊന്നു മണിക്കാണ് ഭക്ഷണം. ഒരുമണിവരെ ജോലിചെയ്തിട്ടു കുറച്ചുനേരം മയങ്ങും. ഏകദേശം രണ്ടുമണിക്ക് എഴുനേല്ക്കും. ശൗചാദികൾക്കുശേഷം വയററത്തു മണ്ണുകൊണ്ടുള്ള പട്ടീസു കെട്ടിയിട്ടു കുറച്ചു വിശ്രമിക്കുന്നു. കിടക്കുമ്പോഴും പ്രവൃത്തി ചെയ്യുന്നുണ്ട്. നാലു മണിക്ക് ചക്ക് എട്ടുകയായി. പിന്നെ എഴുത്തുകുത്തുകളാണ്. വൈകുന്നേരം അഞ്ചുമണിക്കാണ് അത്താഴം. അതിനുശേഷം നടക്കൽ. ഏഴുമണിക്കു പ്രാർത്ഥന, പിന്നെ കുറച്ചു പ്രവൃത്തി, ഒമ്പതരമണിക്കു ഉറക്കം.

ആവശ്യം ഉണ്ടാകുമ്പോൾ രാത്രി രണ്ടു മണിക്കൂടി എഴുനേറ്റ് ജോലി ആരംഭിക്കുന്നു. ഗാന്ധിജിയുടെ ഭക്ഷണത്തിനു വലിയ വിഭവങ്ങളൊന്നുമില്ല. ഒന്നുരണ്ടുകൊല്ലമായി ഇടയ്ക്കിടയ്ക്കു ചില മാറ്റങ്ങൾ കാണുന്നുണ്ട്. ശർക്കരയും കപ്പലണ്ടിയും തിന്നുകൊണ്ടിരുന്ന കാലമുണ്ടായിരുന്നു. വളരെ കൊല്ലം മുമ്പ് ഞാൻ കണ്ടിരുന്നു; അദ്ദേഹം പാൽ തീരെ ഉപേക്ഷിച്ചിട്ട് പകരം തൂറിലധികം ബദാം ദിവസവും ഭക്ഷിച്ചിരുന്നതു്. വളരെ കൊല്ലങ്ങൾക്കു മുമ്പ് ഒരിക്കൽ റൊട്ടി തൃജിച്ചിട്ട് തൂറ ഈന്തപ്പഴം തിന്നുന്നതും കണ്ടിട്ടുണ്ട്. ഇതുപോലെതന്നെ ഒരുകാലത്തു റൊട്ടി അധികം ഭക്ഷിച്ചിരുന്നു; ഫലങ്ങൾ കുറച്ചും. ഇപ്രകാരമുള്ള പരീക്ഷണവും മാറ്റവും ഭക്ഷണത്തിൽ നടത്തുകൊണ്ടിരിക്കുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പ് വേപ്പിലകളും പുളിയും ഉപയോഗിച്ചു നോക്കിയിരുന്നു. പിന്നെ അതു ഉപേക്ഷിച്ചു. വേവിക്കാത്ത ആഹാരം സുഖക്കേടുവന്നതിനാൽ വേണ്ടെന്നുവെയ്ക്കേണ്ടിവന്നു.

ഈ പരീക്ഷണങ്ങളെല്ലാം എല്ലാ മനുഷ്യർക്കും അഭിലഷണീയമല്ല. ഈയിടെ ഗാന്ധിജിയുടെ ഭക്ഷണം നല്ലവണ്ണം പൊരിച്ച റൊട്ടി, വേവിച്ച ചീര, ശർക്കര, വെള്ളത്തുള്ളി, ഫലങ്ങൾ ഇവയാണ്. എല്ലാ സാധനങ്ങളിലും കുറച്ചു സോഡ ഇടുന്നു. സോഡ ആരോഗ്യത്തിനു നല്ല സാധനമാണെന്നാണ് ഗാന്ധിജിയുടെ അഭിപ്രായം. ഒരു ദിവസത്തിൽ അഞ്ചിലധികം സാധനങ്ങൾ ഗാന്ധിജി ഭക്ഷിക്കയില്ല. ഈ ഗണനയിൽ ഉപ്പും പെടും.

ഗാന്ധിജി തന്റെ യൗവനത്തിൽ ദിവസം 50 നാഴിക പോലും നടന്നിട്ടുണ്ട്. വാർദ്ധക്യത്തിലും ഇദ്ദേഹം വ്യായാമം എന്ന നിലയിലുള്ള നടപ്പ് ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ഭക്ഷണം ഒരു ദിവസം ഇല്ലെങ്കിൽ സാരമില്ല, ഉറക്കം കുറഞ്ഞാലും തരക്കേടില്ല, പക്ഷേ നടന്നില്ലെങ്കിൽ രോഗം പിടിപെടും എന്നു ചിലപ്പോൾ അദ്ദേഹം പറയാറുണ്ട്. ദിവസേന വയറത്തു് ഒരു മണിക്കൂർവരെ മണ്ണുകൊണ്ടുള്ള പട്ടീസു കെട്ടുന്നു. ഇതിനും ധാരാളം മാഹാത്മ്യമുണ്ടത്രെ.

ഉറങ്ങണമെന്നു വിചാരിച്ചാൽ അപ്പോഴും അദ്ദേഹത്തിനു് ഉറങ്ങാൻ സാധിക്കും. ഗാന്ധി—എർവിൻ ഉടമ്പടിസമയത്തുണ്ടായ ഒരു സംഭവം എനിക്കു് ഓർമ്മയുണ്ടു്. ചില ഇംഗ്ലീഷുകാർ എന്റെ ഗൃഹത്തിൽവന്നു ഗാന്ധിജിയെ കാണാൻ നിശ്ചിച്ചിരുന്നു. നിശ്ചിതസമയത്തിനു പതിനഞ്ചുമിനിറ്റു മുമ്പു് ഗാന്ധിജി എത്തി. "എനിക്കു് കുറച്ചു ഉറങ്ങണം" എന്നു പറഞ്ഞു. "ഉറങ്ങാനുള്ള സമയം എവിടെ? പതിനഞ്ചു മിനിറ്റു മാത്രമെ ഉള്ളൂ" എന്നു ഞാൻ പറഞ്ഞു. "പതിനഞ്ചു മിനിറ്റു ധാരാളം മതി" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഉടനെ കട്ടിലിൽ ചെന്നു കിടക്കുകയും ഒരു മിനിറ്റിനുള്ളിൽ ഗാഢനിദ്ര പ്രാപിക്കുകയും ചെയ്തു. ഇതായിരുന്നു ഏറ്റവും വലിയ ആശ്ചര്യം. പതിനഞ്ചു മിനിറ്റിനുശേഷം തന്നതാൻ എഴുന്നേറ്റു. ഞാൻ ഒരിക്കൽ പറഞ്ഞു "തങ്കൊക്കു ഉറങ്ങാനുള്ള ശക്തി അത്ഭുതകരമാണു്." ഗാന്ധിജി പറഞ്ഞു "ഉറക്കം നിയന്ത്രിക്കാൻ സാധിക്കാതെ വരുന്ന ആ ദിവസം ഞാൻ മരിച്ചതായി കരുതിക്കൊള്ളുക".

ഗാന്ധിജിക്കു രോഗികളെ ശുശ്രൂഷിക്കുന്നതിൽ വലിയ താല്പര്യമാണു്. ഈ സ്വഭാവം കുട്ടിക്കാലംമുതല്ക്കുതന്നെ ഉണ്ടു്. ആഫ്രിക്കയിൽ വെച്ചു് അദ്ദേഹം സേവനാത്മകം പരിചരണം മാത്രമല്ല ചെയ്തിരുന്നതു്, ഇടത്തരത്തിലുള്ള ഒരു ആസ്പത്രിക്കൂടി നടത്തിയിരുന്നു. എങ്കിലും തന്റെ "ഇന്ത്യൻ സ്വരാജ്യം" എന്ന പേരായ ഗ്രന്ഥത്തിൽ അദ്ദേഹം ആസ്പത്രികളെ ഒരു നിലയ്ക്കു നിന്ദിച്ചിട്ടുണ്ടു്. രോഗികളുടെ ശുശ്രൂഷണത്തിലുള്ള താല്പര്യം അദ്ദേഹത്തിൽ ഇന്നും കാണാം. സേവനത്തിൽ മാത്രമല്ല, ചികിത്സയിലും ഗാന്ധിജി തല്പരനാണു്. നിസ്സാരങ്ങളായ സാധനങ്ങൾകൊണ്ടു രോഗികൾക്കു് എന്തു പ്രയോജനമുണ്ടാകാമെന്നുള്ള അന്വേഷണം ഇന്നും തുടർന്നു കൊണ്ടിരിക്കയാണു്.

അത്യന്തം രോഗം പിടിപെട്ടു മരണശയ്യയെ പ്രാപിച്ചിരിക്കുന്ന ആരെങ്കിലും ഗാന്ധിജിയെ കാണാൻ ആഗ്രഹിക്കുകയാണെ

ങ്കിൽ അസൌകര്യവും കഷ്ടപ്പാടും സഹിച്ച് അദ്ദേഹം ചെല്ലുന്നു. വളരെ പ്രാവശ്യം ഞാൻ ഇങ്ങനെ കണ്ടിട്ടുണ്ട്. അദ്ദേഹം ചെല്ലുന്നതുകൊണ്ടു രോഗികൾക്കു പലപ്പോഴും ആശ്വാസം തോന്നുന്നു.

വളരെക്കൊല്ലം മുമ്പാണു്, ൽഹിയിൽ ആസന്നമരണയായ ഒരു രോഗിണിയുണ്ടായിരുന്നു. രോഗവുമായി മല്ലിട്ടു എല്ലുംതൊലിയും ആയിത്തീർന്ന ആ സാധു. ഉൗർദ്ധശ്വാസം വലിച്ചുകൊണ്ടാണു് കിടന്നിരുന്നതു്. തന്റെ ദീർഘയാത്ര വിചാരിച്ചു രാമനാമം ജപിച്ചുകൊണ്ടാണു് ആ സ്ത്രീ ദിവസം കഴിച്ചിരുന്നതു്. രോഗിണി പാഞ്ഞു "ഗാന്ധിജിയുടെ ദർശനം സാധിക്കുമോ? അവസാനത്തിൽ അദ്ദേഹത്തെ ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ!" ഗാന്ധിജി ൽഹിയുടെ അടുത്തുപോലും ഉണ്ടായിരുന്നില്ല; അതുകൊണ്ടു് അദ്ദേഹത്തിന്റെ ദർശനം അസംഭാവ്യമായിരുന്നു; പക്ഷെ മരിക്കുന്ന പ്രാണിയുടെ ആശയിൽ വെള്ളം കഴിക്കുന്നതു ഉചിതമായി ഞാൻ കരുതിയില്ല. അതുകൊണ്ടു് ഞാൻ പറഞ്ഞു "നോക്കാം, നിങ്ങളുടെ ഇച്ഛ ഒരു പക്ഷേ സഫലമാകും."

രണ്ടു ദിവസത്തിനുശേഷം എനിക്കു സൂചന കിട്ടി, ഗാന്ധിജി കാൺപൂരിൽനിന്നു ൽഹിയിൽക്കൂടി അഹമ്മദബാദിലേയ്ക്കു പോകുന്നുണ്ടു് എന്നു്. അദ്ദേഹത്തിന്റെ വണ്ടി രാവിലെ നാലു മണിക്കു ൽഹിയിൽ എത്തി. അഹമ്മദബാദിലേക്കുള്ള വണ്ടി അഞ്ചു മണിക്കായിരുന്നു പിടാവു്. ഒരു മണിക്കൂർ സമയമേ ഉണ്ടായിരുന്നുള്ളൂ. രോഗിണി ൽഹിയിൽ നിന്നു പത്തുനാഴിക ദൂരത്തായിരുന്നു. ഒരു മണിക്കൂർകൊണ്ടു പോയി കാണുകയും മടങ്ങി സ്റ്റേഷനിൽ വരുകയും പ്രയാസമായിരുന്നു.

തണുപ്പുകാലമായിരുന്നു അതു്. കാറ്റു ശക്തിയായി വീശിക്കൊണ്ടിരുന്നു. മോട്ടോർ വണ്ടിയിൽ—അക്കാലത്തു തുറന്ന വണ്ടികളായിരുന്നു—ഗാന്ധിജിയെ ഇരുപതു നാഴിക യാത്ര ചെയ്യിക്കുന്നതു ഭയങ്കരമായിത്തോന്നി. സാധുരോഗിണിക്കു ഗാന്ധിജി വരുന്നുണ്ടെന്നുള്ള വിവരവും ഉണ്ടായിരുന്നില്ല. അവളുടെ തീവ്രമായ മോഹം. ഗാന്ധിജിയെ കാണണമെന്നായിരുന്നു. ബുദ്ധിമു

ട്ടായിരുന്നു അതെന്നു വ്യക്തമാണല്ലൊ. ഗാന്ധിജി വണ്ടിയിൽ നിന്നു് ഇറങ്ങി. ഞാൻ താഴ്ന്ന സ്വരത്തിൽ ചോദിച്ചു: ''താങ്കൾക്കു് ഇന്നു താമസിച്ചു കൂടെ?'' ഗാന്ധിജി പറഞ്ഞു ''പ്രയാസമാണു്.'' ഞാൻ ഹതാശനായി. രോഗിണിക്കു എത്ര നിരാശതയുണ്ടാവുമെന്നു് എനിക്കറിയാമായിരുന്നു.

ഗാന്ധിജി ചോദിച്ചു: ''എന്തിനാണു താമസിക്കുന്നതു?'' ഞാൻ കാരണം പറഞ്ഞുകൊടുത്തു. ''പോവാം, ഇപ്പോഥന്നെ പോവാം'' അദ്ദേഹം സമ്മതിച്ചു. ''പക്ഷേ ഞാൻ താങ്കളെ ഈ തണുപ്പുള്ള പ്രഭാതത്തിൽ മോട്ടോറിൽ എങ്ങിനെയാണു് കൊണ്ടുപോകുക?'' ''അതിനെക്കുറിച്ചു ചിന്തിക്കേണ്ട. മോട്ടോറിൽ കയറാം. സമയം കളയുന്നതുകൊണ്ടു് എന്തു ലാഭമാണു്? പോവുക'' ഗാന്ധിജിയെ മോട്ടോറിൽ ഇരുത്തി. അതിശക്തിയായ തണുപ്പു്; പോരെങ്കിൽ ഉഗ്രമായ കാറ്റും. ഞങ്ങളെ രണ്ടും നല്ല പോലെ വിഷമിപ്പിച്ചിരുന്നു. സൂര്യോദയമായിരുന്നില്ല. ബ്രാഹ്മമുഹൂർത്തത്തിന്റെ ശക്തി സർവ്വത്ര പ്രകാശിച്ചിരുന്നു. രോഗിണി ശയ്യയിൽ രാമനാമം ജപിച്ചുകൊണ്ടു കിടക്കുകയാണു്. ഗാന്ധിജി അവളുടെ കട്ടിലിനടുത്തു എത്തി. ഞാൻ പറഞ്ഞു: ''ഗാന്ധിജി വന്നിട്ടുണ്ടു്.'' അവൾക്കു വിശ്വാസമായില്ല, പരിഭ്രമിച്ചുവശായി. പിടഞ്ഞു എഴുന്നേറ്റിരിക്കുന്നതിനു ശ്രമിച്ചു; എന്നാൽ ശക്തിയുണ്ടായിരുന്നില്ല അതിനു്. അവളുടെ കണ്ണിൽനിന്നു രണ്ടു തുള്ളി അടർന്നു വീണു. എന്റെ കർത്തവ്യം പാലിച്ചു എന്നു ഞാൻ വിചാരിച്ചു.

രോഗിണിയുടെ ആത്മാവിനു് എത്ര സുഖം കിട്ടി എന്നു അവളുടെ കണ്ണുകൾ വ്യക്തമാക്കി.

ഗാന്ധിജിക്കു പോവാനുള്ള വണ്ടി പുറപ്പെട്ടുകഴിഞ്ഞിരുന്നു. കാറിൽ അടുത്ത സ്റ്റേഷനിൽ പോയിട്ടാണു വണ്ടി കയറിയതു്. ഗാന്ധിജിക്കു ബുദ്ധിമുട്ടായി; പക്ഷേ രോഗിണിക്കുണ്ടായ ശാന്തിയുടെ സന്തോഷത്തിൽ അദ്ദേഹം അതു് സാരമാക്കിയില്ല.

കുറച്ചു ദിവസങ്ങൾക്കുശേഷം രോഗിണി ലോകത്തോടു് യാത്ര പറഞ്ഞു; പക്ഷെ മരിക്കുന്നതിനുമുമ്പു ഗാന്ധിജിയുടെ

ദർശനം ഉണ്ടായതുകൊണ്ട് അതിരറ്റ ശാന്തി ആ സ്ത്രീക്ക് ലഭിച്ചിരുന്നു.

നാം വിശക്കുന്നവർക്ക് അന്നം കൊടുക്കുന്നു, മോഹമുള്ളവർക്ക് വെള്ളംകൊടുക്കുന്നു, അതിനു മാഹാത്മ്യമുണ്ട്. രന്തിദേവനും അദ്ദേഹത്തിന്റെ കുട്ടികളും സ്വയം വിശപ്പു സഹിച്ചു വിശക്കുന്നവർക്ക് ഭക്ഷണം കൊടുത്തിട്ടുണ്ട്. ഇതിന്റെ മാഹാത്മ്യം പുരാണം വണ്ണിച്ചിരിക്കുന്നു. എന്നാൽ ഒരു ആസന്നമരണ അവസാന സമയം എണ്ണിക്കൊണ്ടിരിക്കുന്നു, ഒരു പൂജ്യനായ വ്യക്തിയുടെ ദർശനം ആഗ്രഹിക്കുന്നു. ഈ ദർശനംകൊണ്ട് രോഗിണിയുടെ ദുഷ്ണ്ണശമനം ഉണ്ടാകുന്നു; സന്തോഷമുളവാകുന്നു, എത്ര മഹത്തരമാണ് ഈ ദാനം.

20

ഗാന്ധിജിക്ക് എഴുപതെന്നു വയസ്സു കഴിഞ്ഞു! ഇരുപതഞ്ചുകൊല്ലം മുമ്പ് ഞാൻ കണ്ടപ്പോഴും അദ്ദേഹത്തിനു പൂണ്ണയൗവനമാണ്. ഇന്നു വൃദ്ധനായിപ്പോയി. അന്നത്തേയും ഇന്നത്തേയും ആകൃതിയും വസ്ത്രധാരണവും താരതമ്യപ്പെടുത്തി നോക്കുമ്പോഴും വളരെ അന്തരമുണ്ട്. നമുക്കു നിത്യപരിചയമുള്ള ഒരു വസ്തുവിനു പരിവർത്തനം ഉണ്ടാകുന്നതു കാണുവാൻ നമ്മുടെ കണ്ണുകൾക്കു സാധിക്കുന്നില്ല. പരിവർത്തനം കള്ളനെപ്പോലെ വരുന്നു. അതുകൊണ്ട് ഗാന്ധിജിയുടെ ശരീരത്തിൽ, അദ്ദേഹത്തിന്റെ സംഭാഷണരീതിയിൽ, അദ്ദേഹത്തിന്റെ വസ്ത്രധാരണത്തിൽ, എപ്പോഴാണ്, എങ്ങിനെയാണ് മാറ്റം ഉണ്ടായതു് എന്നു് ഇന്നു് ആരും സ്മരിക്കുകയുടി ചെയ്യുന്നില്ല. ഞാൻ ഗാന്ധിജിയെ ആദ്യം കണ്ടപ്പോൾ അദ്ദേഹം ഒരു നീളൻകുപ്പായമാണ് ധരിച്ചിരുന്നതു്. പിന്നീടു് ഷർട്ടും തലപ്പാവിനുപകരം തൊപ്പിയും ധരിക്കാൻ തുടങ്ങി. ഒരു സഭയിൽ പ്രസംഗിച്ചുകൊണ്ടിരിക്കെ അദ്ദേഹം ഷർട്ടു് ഉരിഞ്ഞുകളഞ്ഞു! അപ്പോൾ മുതൽ മുട്ടുവരെയുള്ള ഒരു ധോത്തിയും ഒരു രണ്ടാം മുണ്ടും മാത്രം ധരിച്ചുതുടങ്ങി.

ആദ്യം കുട്ടമ തീരെ ഉണ്ടായിരുന്നില്ല. ഹരിദ്വാരത്തിലെ കുംഭമേളയിൽവെച്ചു ഒരു സന്യാസി പറഞ്ഞു: "ഗാന്ധി, പൂണൂലും ഇല്ല, കുട്ടമയും (ശിഖ) ഇല്ല; ഹിന്ദുവിന്റെ എന്തെങ്കിലും ചിഹ്നം വേണം." അന്നുമുതൽ ഗാന്ധിജി കുട്ടമ വെച്ചു. ഒരു ദിവസം പെട്ടെന്നു തലയുടെ ശിഖ കണ്ടില്ല. മുടിയെല്ലാം കൊഴിഞ്ഞുപോയിരിക്കുന്നു. ശിഖയുടെ അഭാവം എന്നെ ഓർമ്മിപ്പിച്ചു, പഞ്ചഭൂതനിർമ്മിതമായ ശരീരത്തിന്റെ ഓരോ അവയവവും അതിൽ മന്ദം മന്ദം വിലയം പ്രാപിക്കുന്നു. പല്ലു് എല്ലാം പോയി. എപ്പോഴാണു്, എങ്ങനെയാണു് പോയതു് എന്നു കൂടെ താമസിക്കുന്നവർക്കുകൂടി അറിവില്ല.

ജനങ്ങൾക്കു് അവരുടെ ജീവിതത്തിൽ യശസ്സും അപയശസ്സും ഉണ്ടാകാറുണ്ടു്. ചിലപ്പോൾ ലോകപ്രിയത വരുന്നു, ചിലപ്പോൾ പോകുന്നു. ഡ്യൂക് ഓഫ് വെല്ലിംഗ്ടൺ, നെപ്പോളിയൻ, ഡിസ്റേലി മുതലായ രാജനൈതിക നേതാക്കന്മാർക്കു് അവരുടെ ജീവിതത്തിൽ ഉല്ക്ഷ്വാപകഷ്വങ്ങൾ ഉണ്ടായിട്ടുണ്ടു്. പക്ഷെ ഗാന്ധിജി സ്വജീവിതത്തിൽ ഉല്ക്ഷ്വമല്ലാതെ അപകഷ്വം കണ്ടിട്ടില്ല. തന്റെ ജീവിതത്തിൽ വലിയ വലിയ പ്രവൃത്തികൾ ചെയ്തു. എല്ലാ പ്രവൃത്തിരംഗത്തിലും അദ്ദേഹത്തിന്റെ സംഭാവന കുറച്ചുകുറച്ചുണ്ടായിട്ടുണ്ടു്. സാഹിത്യത്തിനും അദ്ദേഹം ദാനം ചെയ്യാതിരുന്നിട്ടില്ല. എത്ര പുതിയ ശബ്ദങ്ങൾ രചിച്ചു, എത്ര പുതിയ പ്രയോഗങ്ങൾ പ്രചരിപ്പിച്ചു, ലേഖനശൈലിയിൽ എത്ര പ്രഭാവം ഉണ്ടാക്കി! ഇതു് ഒരിക്കലും മാഞ്ഞുപോവുകയില്ല.

ഒരാൾ മിസ്സിസ്സ് ബസൻറിനോടു് ചോദിച്ചു, ഹിന്ദുസ്ഥാനത്തിൽ നമുക്കുള്ള എല്ലാത്തിലും വലിയ ദോഷം ഏതാണെന്നു്. മിസ്സിസ്സ് ബസൻറ് പറഞ്ഞു: "ഹിന്ദുസ്ഥാനത്തിൽ ജനങ്ങൾ മറ്റുള്ളവരെ ചവിട്ടി താഴ്ത്തി സ്വയം കേറുവാൻ പരിശ്രമിക്കുന്നു. ഇതാണു് എല്ലാത്തിലും വലിയ ദോഷം." ഇതു എല്ലാത്തിലും വലിയദോഷം ആയിരിക്കട്ടെ, അല്ലാതിരിക്കട്ടെ; പക്ഷെ ഇപ്രകാരമുള്ള ദോഷം രാജനൈതിക ക്ഷേത്രത്തിൽ സാധാരണ കണ്ടുവരു

ണ്ടു്. എന്നാൽ ഗാന്ധിജി–നിലത്തു നിന്നു കിളച്ചിട്ടു രത്നം പുറപ്പെടുവിച്ചു. അദ്ദേഹം ചാരം അരിച്ചിട്ടു സ്വർണ്ണംശേഖരിച്ചു. ഗാന്ധിജി ഇല്ലെങ്കിൽ ഒരു വല്ലഭഭോയി ഉണ്ടാകുമായിരുന്നില്ല. രാജഗോപാലാചാരി, രാജേന്ദ്രബാബു ഈ പുരുഷരത്നങ്ങളുടെ ജീവിതം രൂപവല്ക്കരിച്ചതും അദ്ദേഹംതന്നെ. നൂറുനൂറായിനേതാക്കന്മാരെയും ലക്ഷക്കണക്കായി സൈനികന്മാരെയും ഗാന്ധിജി സൃഷ്ടിച്ചു. മൃതപ്രായരായ അനേകായിരം ദേശവാസികളിൽ അദ്ദേഹം ഒരു പുതിയ ചൈതന്യം ആവേശിപ്പിച്ചു. പല നിസ്സാരന്മാരുടേയും ന്യൂനത പരിഹരിച്ചു അവരുടെ ജീവിതം രൂപപ്പെടുത്തി. "ക്ഷുദ്രപക്ഷികളെക്കൊണ്ടു് പ്രാപ്പിടിയനോടു് യുദ്ധം ചെയ്യിക്കും, ഞാൻ ഗോവിന്ദസിംഹനാണെങ്കിൽ."

ഇൻഡ്യയ്ക്കു ഇങ്ങനെയുള്ള അനേകം സംഭാവനകളും നല്കിയ ഗാന്ധിജി ഇപ്പോഴും വൃദ്ധനായിക്കൊണ്ടിരിയ്ക്കുന്നു. എപ്പോഴാണു് വൃദ്ധനായിത്തീർന്നതു്. ഇതു നമുക്കറിഞ്ഞുകൂടാ.

"ആമകുംഭാംബു സമാനമായുസ്സുടൻ
പോമതേതും നിരൂപിപ്പതില്ലാരുമേ"

ഇങ്ങനെ ആയുസ്സു കഴിഞ്ഞുപോകുന്നു. എന്നാൽ ഗാന്ധിജി എഴുതുന്നു, സംസാരിക്കുന്നു, നമ്മെ നയിക്കുന്നു, പ്രവർത്തിപ്പിക്കുന്നു. അതുകൊണ്ടു് അദ്ദേഹത്തിന്റെ ശാരീരികശൈഥില്യത്തിന്റെ യാതൊരു ബോധവും നമുക്കു് ഇല്ല. ഗാന്ധിജി എന്നും നമ്മുടെകൂടെയാണു് എന്നാണു് നമ്മുടെ വിചാരം. ഈശ്വരൻ അദ്ദേഹത്തെ ചിരായുസ്സാക്കിത്തീർക്കട്ടെ!

ആരെങ്കിലും തന്റെ യൗവനം കൊടുക്കുന്നതുകൊണ്ടു് ഗാന്ധിജിയുടെ ജീവിതം നീണ്ടുകിട്ടുമെങ്കിൽ അനേകായിരം യുവാക്കന്മാർ അതിനു സന്നദ്ധരാവും. എന്നാൽ ഇതു് അസംഭാവ്യമായ വിചാരമാണല്ലൊ.

ഒടുവിൽ വീണ്ടും ഈ ചോദ്യം വരുന്നു: "ഗാന്ധിജിയുടെ ജീവിതചരിത്രം എന്താണു്?" രാമന്റെജീവിതത്തെ ഒരുകവി ജനങ്ങളുടെ മുമ്പിൽ ഒറ്റ ശ്ലോകത്തിൽ സമർപ്പിച്ചിട്ടുണ്ടു്.

"ആദ്യേ രാമതപോവനാദ്ധിഗമനം ഹത്വാ മൃഗം കാഞ്ചനം
വൈദേഹീഹരണം ജടായുമരണം സുഗ്രീവസംഭാഷണം
ബാലീനിഗ്രഹണം സമുദ്രതരണം ലങ്കാപുരീദാഹനം
പശ്ചാദ്രാവണകുംഭകർണ്ണഹനനം ഏതദ്ധി രാമായണം"

ഗാന്ധിജിയുടെ ജീവിതത്തേയും ഒരുപക്ഷേ ഒരു ശ്ലോകത്തിൽ ഒതുക്കാൻ കഴിയും; എന്തുകൊണ്ടെന്നാൽ ആദ്യം മുതൽ അവസാനം വരെ ഒരു സംഗതിയാണു് കാണുന്നതു് — അഹിംസ. അഹിംസ ഖാദിയെന്നോ, ഹരിജനകായ്മെന്നോ പറയൂ, ഇതു് അഹിംസയുടെ അംഗമാണു്. എന്നാൽ ഒരു സംഗതി ഉണ്ടു്, രാമന്റെ ജീവിതത്തെ രേഖപ്പെടുത്തുന്ന ശ്ലോകം അവസാനം പറയുന്ന 'പശ്ചാദ്രാവണകുംഭകർണ്ണഹനനം' എന്നു്. നമുക്കു ഗാന്ധിജിയെ സംബന്ധിച്ചു്

"ആദ്യേ മോഹന ഇംഗല്ണ്ടുഗമനം വിദ്യാവിശേഷാർജ്ജനം
ആഫ്രിക്കാഗമനം ക്രൂനീതിദമനം സത്യാഗ്രഹാന്ദോളനം
ധൃത്വാ ഭാരത മുക്തയേ പ്രയതനം ശസ്ത്രംതഹിംസായയം
അസ്പൃശ്യോദ്ധരണം സ്വതന്ത്രകരണം.....

ഇങ്ങനെ പറഞ്ഞു പറഞ്ഞു് 'സ്വാതന്ത്ര്യസമ്പാദനം' എന്നു് അവസാനിപ്പിക്കുവാൻ കഴിയുമോ?

ആർക്കു പറയുവാൻ സാധിക്കും? ഗാന്ധിജി ഇപ്പോഴും ജീവിച്ചിരിക്കുന്നുണ്ടു്.

കുറച്ചു ദിവസങ്ങൾക്കു മുമ്പു ചീനനിവാസിയായ ഒരു മാന്യൻ അദ്ദേഹത്തോടു ചോദിച്ചു: "താങ്കളും സ്വജീവിതകാലത്തിൽ ഭാരതം സ്വതന്ത്രമാവുമെന്നു് ആശിക്കുന്നുവോ?" "ഉവ്വു ഞാൻ ആഗ്രഹിക്കുന്നുണ്ടു്. ഈശ്വരൻ എന്നെക്കൊണ്ടു് പ്രവർത്തിപ്പിക്കേയാണെങ്കിൽ തീർച്ചയായും എന്റെ ജീവിതകാലത്തിൽ ഭാരതം സ്വതന്ത്രമാകും. ഈശ്വരൻ എന്നെ കാലേ കൊണ്ടു പോകയാണെങ്കിൽ അതുകൊണ്ടും ഒരുടമ എനിക്കു പറവാനില്ല."

എന്നാൽ ഭാവി എന്തായിരിക്കുമെന്നു് ആർക്കു് പറയുവാൻ സാധിക്കും?

"ആർക്കറിയാം നാളത്തെ കഥ?"

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date

DC Library
00003868
LS G15